വാല്യം 29

ഇലന്തൂർ ബ്ലോക്ക്

(പത്തനംതിട്ട ജില്ല)

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

# ജനകീയ ആസൂത്രണം

# ഓമല്ലൂർ ഗ്രാമപഞ്ചായത്ത്



# സമഗ്ര വികസന രേഖ

അധികാരം ജനങ്ങളിലേക്ക്




ഡി.ടി.പി ചിലങ്ക, പന്തളം. ഫോൺ: 0473-452781

കവർ എസ്കാല, പന്തളം.

പ്രിന്റിംഗ് എക്സൽ, ഓമല്ലൂർ. ഫോൺ: 0473-350320

29-1

# ജനകീയ ആസൂത്രണം
# ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

## സമഗ്ര വികസനരേഖ

**വികസന സെമിനാർ**

**1996 ഡിസംബർ 9 തിങ്കളാഴ്ച**

**ഓമല്ലൂർ ഗവ: ഹൈസ്കൂളിൽ**


ത്രിക്കാനം.
പറയനാലി
പുത്തൻപീടിക
മണ്ണാറമല
ദൂരദർശൻ
കേന്ദ്രം
പത്തനംതിട്ട
മൈക്രോവേവ്
ടവർ
ചീക്കനാൽ
ഐമാലി
ഗവ: H. S.
പൈവള്ളി
വലിയപള്ളി
ഓമല്ലൂർ
ക്ഷേത്രം
പന്ന്യാലി
ചന്നീർക്കര
മഞ്ഞിനിക്കര
മാർക്കറ്റ്
പഞ്ചായത്ത്
ആഫീസ്.
വാഴമുട്ടം
താഴൂർ
ക്ഷേത്രം
ആറ്റരികം
കൈപ്പട്ടൂർ
അച്ചൻകോവിലാറ്
വള്ളിക്കോട്

# ഉള്ളടക്കം

പേജ്

1. ആമുഖം .......... 7
2. പൊതുവിവരണം .......... 9
3. സാമൂഹ്യസംസ്കാരിക ചരിത്രം .......... 11
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി .......... 19
5. വികസനമേഖലകളുടെ അവലോകനം .......... 25

5.1 പ്രാഥമിക മേഖല

(A) കൃഷിയും ജലസേചനവും .......... 27
(B) മൃഗസംരക്ഷണവും മത്സ്യബന്ധനവും .......... 35

5.2 ദ്വിതീയ മേഖല

(A) വ്യവസായം .......... 39
(B) ഗതാഗതം .......... 45
(C) ഊർജ്ജം .......... 53
(D) മാർക്കറ്റ് .......... 57
(E) പാർപ്പിടം .......... 59

5.3 ത്രിതീയമേഖല

(A) വിദ്യാഭ്യാസം .......... 63
(B) കുടിവെള്ളം .......... 71
(C) പൊതുജനാരോഗ്യം .......... 75
(D) സാമൂഹ്യക്ഷേമം .......... 79
(E) പട്ടികജാതി/വർഗ്ഗക്ഷേമം .......... 85
(F) സഹകരണമേഖല .......... 93
(G) വനിതാരംഗം .......... 97
(H) സംസ്കാരം .......... 103
(I) വിഭവസമാഹരണം .......... 109

6. ആസൂത്രണ പ്രവർത്തനം........ മുന്നോട്ട് .......... 115
7. പഠനപര്യടനം .......... 116
8. ഉപസംഹാരം .......... 117

# സമഗ്ര വികസന രേഖയുടെ ശില്പികൾ

## എഡിറ്റോറിയൽ ബോർഡ്


അഡ്വ. ഓമല്ലൂർ ശങ്കരൻ - ചീഫ് എഡിറ്റർ
പി.പി. ബാലകൃഷ്ണൻ നായർ
ഡി. കുരുവിള കയ്യാലേത്ത്
പി. ചെല്ലപ്പൻനായർ
കെ.എൻ. രാമകൃഷ്ണൻനായർ
വി.എം. ജോർജ്ജ് വളവിൽ
എ.എൻ. പുരുഷോത്തമൻ നായർ
റ്റി. ജോൺ നടുവിലേത്ത്


## സബ് കമ്മറ്റി അംഗങ്ങൾ

മാത്യു ചെറിയാൻ
ജി. ഗോപിനാഥപിള്ള
കുമാരൻ ഉണ്ണിത്താൻ
നാദകുഴിയിൽ ജനാർദ്ദനൻനായർ
പി. ശ്രീധരൻപിള്ള
എ.കെ. വിശ്വനാഥൻ നായർ
പി.ആർ. പ്രസന്നൻ
ഈ.ജി. സുകുമാരൻ നായർ
ജി. കൃഷ്ണൻനായർ
ഈ.ഐ. ചെറിയാൻ
പി.ആർ. കുട്ടപ്പൻ നായർ
വി.എം. മോഹൻകുമാർ
എം.ജെ. വർഗ്ഗീസ് മാടമ്പിൽ
എം.ജെ. ഫിലിപ്പ് മേലേതിൽ
ജയൻ ഓമല്ലൂർ
വി.ജി. മത്തായി
ലീലാ മോഹൻ
എൻ. ആർ. പൊടിയൻ
പി.ആർ സുമംഗലാമ്മ
ഏലിയാമ്മ ലൂയിസ്
അജയൻ ഉഴുവത്ത്
റ്റി.എസ്സ്. ജോയിക്കുട്ടി
എം.എസ്സ്. സെലിൻ
സുരേഷ് കുമാർ

കെ. കേശവൻ – പഞ്ചായത്ത് സെക്രട്ടറി

## മാർഗ്ഗനിർദ്ദേശം നൽകിയ കീ റിസ്സോഴ്സ് പേഴ്സൺസ്

കെ. ആർ. സുകുമാരൻ നായർ

ജി. ശശികുമാർ

ചെറിയാൻ ചെന്നീർക്കര

എം.കെ പുരുഷോത്തമൻ

# ഓമല്ലൂർ ഗ്രാമപഞ്ചായത്ത്
# ഭരണസമിതി



അഡ്വ. ഓമല്ലൂർ ശങ്കരൻ
(പ്രസിഡന്റ്)



മാത്യു ചെറിയാൻ
(വൈസ് പ്രസിഡന്റ്)



ജി. ഗോപിനാഥപിള്ള
സ്റ്റാൻഡിങ്കമ്മിറ്റി ചെയർമാൻ)



ജയൻ ഓമല്ലൂർ
(മെമ്പർ)



വി.ജി. മത്തായി
(മെമ്പർ)



എൻ. ആർ. പൊടിയൻ
(മെമ്പർ)



ലീലാ മോഹൻ
(മെമ്പർ)



പി.ആർ. സുമംഗലാമ്മ
(മെമ്പർ)



ഏലിയാമ്മ ലൂയീസ്
(മെമ്പർ)



"അടിത്തട്ടിൽ നിന്നും ഉദിച്ചുയരുന്ന സ്വാതന്ത്ര്യം മാത്രമെ സാർത്ഥകവും സമ്പൂർണ്ണവുമാകുകയുള്ളു. ഓരോ ഗ്രാമവും ആഭ്യന്തരകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സ്വതന്ത്രപരമാധികാര റിപ്പബ്ലിക്കായിരിക്കണം. എന്നാൽ പരസ്പര സഹകരണത്തിലും സഹവർത്തിത്വത്തിലും സാഹോദര്യത്തിലും അധിഷ്ടിതമായിരിക്കണം വിവിധ ഗ്രാമങ്ങൾ തമ്മിലുള്ള ബന്ധം. ഓരോ വ്യക്തിയും സമൂഹത്തിനു വേണ്ടി ആത്മസമർപ്പണം ചെയ്യുവാൻ തയ്യാറുള്ളവനായിരിക്കണം. വ്യക്തികളുടെ താല്പര്യങ്ങളെ കണ്ണിലെകൃഷ്ണമണി പോലെ കാത്തു സംരക്ഷിക്കാൻ സമൂഹവും തയ്യാറാവണം".

–മഹാത്മാഗാന്ധി–

# 1

# ആമുഖം

ഏറെക്കാലമായി ജനഹൃദയങ്ങളിൽ നിറഞ്ഞുനിന്ന ഒരു സങ്കല്പം യാഥാർത്ഥ്യമാവുകയാണ്. അതാണ് അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും. ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു എന്ന് കണ്ടെത്തിയ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി മുന്നോട്ടുവച്ച ആശയമാണ് 'ഗ്രാമസ്വരാജ്'. സ്വയം പര്യാപ്തമായ ഗ്രാമങ്ങൾ ഉണ്ടായാൽ മാത്രമേ ഭാരതത്തിന് സാമൂഹ്യ സാമ്പത്തിക പുരോഗതി കൈവരിക്കാൻ കഴിയൂ എന്ന് ദേശീയ നേതാക്കൾ ഉത്ബോധിപ്പിച്ചിരുന്നു. ദശാബ്ദങ്ങൾ പിന്നിട്ടെങ്കിലും ആ സ്വപ്നം സഫലീകരിച്ചിട്ടില്ല.

സ്വാതന്ത്ര്യം കിട്ടി 45 വർഷം പിന്നിട്ടശേഷം 1992ലാണ് അധികാരവികേന്ദ്രീകരണം ഒരു ഭരണഘടനാ ബാദ്ധ്യതയായി പ്രഖ്യാപിച്ചുകൊണ്ട് 73 ഉം 74 ഉം ഭരണഘടനാ ഭേദഗതി നിയമങ്ങൾ പാർലമെന്റ് പാസ്സാക്കിയത്. ഇതേ തുടർന്ന് സംസ്ഥാന നിയമസഭകളും പഞ്ചായത്ത് രാജ് നഗരപാലികാ നിയമങ്ങൾ പാസ്സാക്കുകയുണ്ടായി. ഗ്രാമങ്ങളുടേയും നഗരങ്ങളുടേയും സമഗ്രവികസനമാണ് ഇവയുടെ ലക്ഷ്യം. എന്നാൽ പ്രായോഗിക അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഈ നിയമങ്ങളിൽ ഇനിയും മാറ്റം ആവശ്യമായി തീർന്നിരിക്കുന്നു.

കേരളത്തിൽ ഗ്രാമ-നഗര വ്യത്യാസം തിരിച്ചറിയനാവാത്ത സാഹചര്യം വളർന്നു വരികയാണ്. കേരളത്തിലെ ഗ്രാമങ്ങളിൽ ഉയർന്നുവരുന്ന കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആതുരാലയങ്ങൾ, കടകമ്പോളങ്ങൾ, വാഹനഗതാഗത തിരക്ക് എന്നിവ ഗ്രാമങ്ങളുടെ മുഖഛായതന്നെ മാറ്റിക്കൊണ്ടിരിക്കയാണ്. ഗൾഫ് പണത്തിന്റെ അതിപ്രസരം മൂലം ജനങ്ങളുടെ ജീവിതനിലവാരത്തിന് കാര്യമായ മാറ്റം സംഭവിച്ചിരിക്കുന്നു. വിദ്യാഭ്യാസം, സാക്ഷരത, പൊതുജനാരോഗ്യം, ശുചിത്വം, ജനനനിരക്കിലുള്ള കുറവ് എന്നീ കാര്യങ്ങളിൽ ലോകത്തിലെ വികസിത രാജ്യങ്ങളുടെ നിലവാരം കേരളത്തിലുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്.

എന്നാൽ ഇവയെല്ലാം യഥാർത്ഥ പുരോഗതിയുടെ ലക്ഷണങ്ങളാണെന്ന് വിലയിരുത്തുന്നത് ശരിയാവില്ല. ഉല്പാദന മേഖലയിൽ ഏറ്റവും വലിയ മുരടിപ്പും പിന്നോട്ടടിയും കേരളത്തിൽ ഉണ്ടായി

ക്കൊണ്ടിരിക്കയാണ്. ഭക്ഷ്യസാധനങ്ങൾ ഉൾപ്പടെയുള്ള നിത്യോപയോഗ വസ്തുക്കൾ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യാതെ കേരളീയർക്ക് ജീവിക്കാൻ കഴിയാത്ത സ്ഥിതിയിലെത്തിച്ചേർന്നിരിക്കുന്നു. കാർഷികോല്പാദനത്തോട് കേരളീയർ കാണിക്കുന്ന വിമുഖതമൂലം വൻതോതിൽ ഭക്ഷ്യകമ്മി നേരിട്ടുകൊണ്ടിരിക്കുന്നു. സദ്യ ഉണ്ണാനുള്ള ഇലപോലും തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവരുന്നതിൽ നമ്മുടെ നാട്ടുകാർക്ക് ഒട്ടും സങ്കോചമില്ല. അഭ്യസ്തവിദ്യരായ യുവാക്കൾ തൊഴിൽതേടി അന്യ സംസ്ഥാനങ്ങളിലേക്കും പോകുന്നു. വ്യാവസായിക ഉല്പാദനം തകർച്ചയെ നേരിടുകയാണ്. ഈ നില തുടർന്നാൽ തികച്ചും അപകടകരമായ ഒരു സ്ഥിതിയിലേക്ക് നമ്മുടെ സംസ്ഥാനം എത്തിച്ചേരും!.

കേരളത്തിന്റെ ഈ പ്രതിസന്ധിയിൽ നിന്ന് കര കയറാനുള്ള ശ്രമത്തിന്റെ ഭാഗമായി ഇന്നത്തെ സർക്കാർ ആവിഷ്ക്കരിച്ചതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം. ഒൻപതാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട വികസനപദ്ധതികൾ തയ്യാറാക്കുക എന്നതുമാത്രമല്ല ഇതിന്റെ ഉദ്ദേശം. വിവിധ മേഖലകളിൽ വികസന പദ്ധതികളുടെ നടത്തിപ്പിൽ ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തുകയാണ് പരമപ്രധാനം.

വികസനത്തെ സംബന്ധിക്കുന്ന ജനങ്ങളുടെ പൊതുവായ വീക്ഷണത്തിനു തന്നെ മാറ്റമുണ്ടാവണം.

നാളിതുവരെ നിലവിലിരുന്ന ആസൂത്രണരീതിയിൽ അടിസ്ഥാനപരമായ മാറ്റമുണ്ടാവുകയാണ്. കേന്ദ്രീകൃതമായ ആസൂത്രണവും ഉദ്യോഗസ്ഥവൃന്ദം വഴി അത് നടപ്പാക്കുന്ന രീതിയും യഥാർത്ഥ ലക്ഷ്യം കൈവരിക്കാൻ പര്യാപ്തമല്ലെന്ന് കഴിഞ്ഞകാല അനുഭവങ്ങൾ തെളിയിച്ചിരിക്കുന്നു. പ്രദേശപരമായ സാദ്ധ്യതകൾ കണക്കിലെടുക്കാതെയും വിഭവങ്ങൾ പ്രയോജനപ്പെടുത്താതെയും ആസൂത്രണം നടത്തുന്ന രീതി ശരിയല്ലെന്ന് ബോദ്ധ്യമായിരിക്കുന്നു. വികസന പദ്ധതികളുടെ നടത്തിപ്പിൽ നിന്നും ജനങ്ങളെ അകറ്റി നിർത്താനാവില്ല.

അധികാരം വികേന്ദ്രീകരിച്ചതുകൊണ്ടു മാത്രമായില്ല. അത് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ജനങ്ങളെ പ്രാപ്തരാക്കുകയും വേണം. പ്രാദേശിക ആസുത്രണത്തിനും പദ്ധതി നടത്തിപ്പിനും ജനങ്ങളെ സജ്ജമാക്കുകയാണ് ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ മുഖ്യ കടമകളിലൊന്ന്. ആസൂത്രണം ജനങ്ങൾക്കു വേണ്ടി ആരെങ്കിലും നടത്തിയാൽ പോരാ. അത് ജനങ്ങളുടെ പങ്കാളിത്തത്തോടെ ആവണം.

ഓമല്ലൂർ പഞ്ചായത്തിൽ ജനകീയ ആസൂത്രണം ഫലപ്രദമായി നടപ്പാക്കാൻ ആത്മാർത്ഥമായ പരിശ്രമം നടത്തിയിട്ടുണ്ട്. ഗ്രാമ സഭകൾ പരിശീലനപരിപാടികൾ, പഠനപര്യടനം, ദ്വിതീയ വിവരശേഖരണം, വികസനറിപ്പോർട്ട് തയ്യാറാക്കൽ എന്നിവയിലെല്ലാം സജ്ജീവമായ ബഹുജനപങ്കാളിത്തം ഉണ്ടായിട്ടുണ്ട്. ഈ ഗ്രാമത്തിന്റെ ചരിത്രം പഠിക്കാനും വിഭവങ്ങളെയും ജനസമൂഹത്തെയും സംബന്ധിക്കുന്ന സ്ഥിതിവിവരം ശേഖരിക്കാനും പുതിയ നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കാനും കഴിഞ്ഞിട്ടുണ്ട്.

ഈ വികസനരേഖ നമ്മുടെ പഞ്ചായത്തിനെ സംബന്ധിക്കുന്ന സമഗ്രമായ ഒരു റിപ്പോർട്ടാണ്. സമയച്ചുരുക്കം മൂലം ഇതിൽ ഉൾപ്പെടുത്തേണ്ട നിരവധി കാര്യങ്ങൾ ചേർക്കാൻ കഴിയാതെ വന്നിട്ടുണ്ട്. ഈ ഗ്രാമത്തിന്റെ ചരിത്രം, ഭൂമിശാസ്ത്രം, സാമൂഹ്യഘടന, വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തനം എന്നീ കാര്യങ്ങൾ ഉൾക്കൊള്ളിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. വികസന സെമിനാറിൽ ഉയർന്നു വരുന്ന ചർച്ചകളും നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിനെ പുഷ്ടിപ്പെടുത്താൻ സഹായകരമാവണം.

നമ്മുടെ ഗ്രാമത്തെ സമ്പൽസമൃദ്ധിയിലേക്ക് നയിക്കാനും ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കാനും ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്ന് പ്രത്യാശിക്കാം.

അഭിമാനത്തോടെ....... പ്രതീക്ഷകളോടെ....... ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ വികസന റിപ്പോർട്ട് ജനങ്ങളുടെ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

2

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്ത് ആഫീസ് സ്ഥാപനം | : | മാർക്കറ്റ് ജംഗ്ഷൻ |
| ഉൾപ്പെടുന്ന വില്ലേജ് | : | ഓമല്ലൂർ വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് | : | ഇലന്തൂർ ബ്ലോക്കുപഞ്ചായത്ത് |
| താലൂക്ക് | : | കോഴഞ്ചേരി താലൂക്ക് |
| അസംബ്ലി മണ്ഡലം | : | പത്തനംതിട്ട |
| ലോക്സഭാമണ്ഡലം | : | ഇടുക്കി |
| വിസ്തീർണ്ണം | : | 14.54 ച: കി.മി. |
| വാർഡ് | : | 9 |
| അതിരുകൾ | : | വടക്ക് – ചെന്നീർക്കര പഞ്ചായത്ത്<br>കിഴക്ക് – പത്ത്നംതിട്ട മുൻസിപ്പാലിറ്റി<br>തെക്ക് – വള്ളിക്കോട് പഞ്ചായത്ത്<br>പടിഞ്ഞാറ് – ചെന്നീർക്കര പഞ്ചായത്ത് |
| ജനസംഖ്യ | : | 16460 |
| പുരുഷന്മാർ | : | 7897 |
| സ്ത്രീകൾ | : | 8563 |
| ജനസാന്ദ്രത | : | 1132 |
| ആകെ കെട്ടിടങ്ങൾ | : | 5053 |

| | | |
|---|---|---|
| ഭവനങ്ങൾ | : | 4420 |
| പ്രസിഡന്റിന്റെ പേര് | : | അഡ്വ. ഓമല്ലൂർ ശങ്കരൻ |
| വൈസ്പ്രസിഡന്റിന്റെ പേര് | : | മാത്യു ചെറിയാൻ |
| സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ | : | ജി. ഗോപിനാഥപിള്ള |

## സ്ഥാപനങ്ങൾ

| | | |
|---|---|---|
| പോസ്റ്റോഫീസ് | – | 1 |
| സബ്ബ് പോസ്റ്റോഫീസ് | – | 1 |
| മൃഗാശുപത്രി | – | 1 |
| ICDP സെന്റർ | – | 1 |
| കൃഷിഭവൻ | – | 1 |
| ഗ്രാമവികസന ആഫീസുകൾ (VEO) | - | 2 |
| ദേവസ്വം ആഫീസ് | – | 1 |

### ആശുപത്രികൾ

| | | |
|---|---|---|
| അലോപ്പതി | – | 2 |
| P.H. സബ്ബ്സെന്റർ | – | 4 |

### ഡിസ്പെൻസറികൾ

| | | |
|---|---|---|
| അലോപ്പതി | – | 2 |
| ഹോമിയോ | – | 3 |
| ആയുർവ്വേദം | – | 1 |
| ഡന്റൽക്ലിനിക്ക് | – | 2 |

### കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ

| | | |
|---|---|---|
| ദൂരദർശ്ശൻ റിലെകേന്ദ്രം | – | 1 |
| മൈക്രോവേവ് ടവർ | – | 1 |

### വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| | | |
|---|---|---|
| ഹൈസ്കൂൾ | – | 2 |
| യു.പി. സ്കൂൾ | – | 2 |
| എൽ.പി. സ്കൂൾ | – | 5 |
| സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം (ITC) | – | 2 |
| നഴ്സറി സ്കൂളുകൾ | – | 4 |
| ബാലവാടി | – | 1 |
| ലൈബ്രറികൾ | – | 4 |

### പൊതു വിതരണ കേന്ദ്രം

| | | |
|---|---|---|
| റേഷൻ കടകൾ | – | 12 |
| മാവേലിസ്റ്റോർ | – | 1 |

### ധനകാര്യസ്ഥാപനങ്ങൾ

| | | |
|---|---|---|
| വാണിജ്യബാങ്ക് | – | 1 |
| സഹകരണബാങ്ക് | – | 1 |
| വായ്പാസംഘങ്ങൾ | – | 1 |

# 3

# സാമൂഹിക സാംസ്ക്കാരിക ചരിത്രം

ഐതീഹ്യപ്രസിദ്ധമായ ഓമല്ലൂർ ഗ്രാമത്തിന് മദ്ധ്യ തിരുവിതാംകൂറിന്റെ സാമൂഹ്യ സാംസ്കാരിക ചരിത്രത്തിൽ നിർണ്ണായകമായ ഒരു സ്ഥാനമുണ്ട്. അച്ചൻകോവിലാറിന്റെ വടക്കേ തീരത്ത് മനോഹരങ്ങളായ കുന്നുകളും വിശാലമായ നെൽപ്പാടങ്ങളും ഫലഭൂയിഷ്ഠമായ സമതലപ്രദേശങ്ങളും ഉൾപ്പെടുന്നതാണ് ഈ ഗ്രാമം. വിശാലമായ നെൽവയലുകൾ ഉള്ളതിനാൽ ''ഓമനനെല്ലൂര്'' എന്നും മനോഹരമായ പ്രദേശം എന്ന അർത്ഥത്തിൽ ''ഓമൽ ഊര്'' എന്നും ഈ ഗ്രാമത്തെ വിശേഷിപ്പിച്ചത് കാലാന്തരത്തിൽ ഓമല്ലൂരായി രൂപാന്തരപ്പെട്ടതാണെന്ന് കരുതപ്പെടുന്നു. ഇവിടെ മനുഷ്യവാസം തുടങ്ങിയിട്ട് ആയിരത്തിൽപ്പരം വർഷങ്ങളായിട്ടുണ്ടെന്നാണ് വിശ്വാസം.

നൂറ്റാണ്ടുകൾക്ക് മുമ്പ് നിലനിന്നിരുന്ന നാടുവാഴി ജന്മിവ്യവസ്ഥയുടെ പശ്ചാത്തലത്തിൽ ഈ ഗ്രാമത്തിന്റെ പൊതുസ്ഥിതി നമുക്ക് പരിശോധിക്കാം. മദ്ധ്യതിരുവിതാംകൂർ പ്രദേശം ചെറിയ നാട്ടുരാജ്യങ്ങളായി തിരിച്ച് ക്ഷത്രിയരാജാക്കന്മാർ ഭരണം നടത്തിയിരുന്നു. ഇതിൽ പ്രധാനപ്പെട്ടവ കായംകുളം, പന്തളം, ചെമ്പകശ്ശേരി, തെക്കുംകൂർ, വടക്കുംകൂർ എന്നീ രാജ്യങ്ങൾ ആണ്. പന്തളം മുതൽ കിഴക്കോട്ടുള്ള പ്രദേശങ്ങൾ പന്തളം രാജാവിന്റെ ഭരണത്തിൻ കീഴിലായിരുന്നു. ഈ നാട്ടുരാജ്യത്തിന്റെ ഭാഗമായിരുന്നു ഓമല്ലൂർ ഗ്രാമം. പന്തളം രാജാവിന്റെ കീഴിൽ സാമന്തന്മാരായി പ്രവർത്തിച്ചിരുന്ന തമ്പുരാക്കന്മാർ ആണ് ഓമല്ലൂരിന്റെ സാമൂഹ്യവ്യവസ്ഥയുടെ നിയന്ത്രണം കൈയ്യടക്കിയിരുന്നത്. ഇവരുടെ ആസ്ഥാനത്തിന് കോയിക്കൽ എന്നാണ് പേര് വിളിക്കുന്നത്. ഓമല്ലൂരിൽ നിലവിലിരുന്ന പ്രധാനപ്പെട്ട കോയിക്കലുകൾ മഞ്ഞിനിക്കര വാക്കയിൽ കോയിക്കൽ, മഞ്ഞിനിക്കര വലിയകോയിക്കൽ, മുള്ളനിക്കാട് മടിപ്പറമ്പ്കോയിക്കൽ, പറയനാലി ഇലഞ്ഞിമന്ത്രകോയിക്കൽ, ഐമാലി തുളിശാലകോയിക്കൽ, എന്നിവയാണ്. ഈ ഗ്രാമത്തിലെ ഭൂമിയാകെത്തന്നെ കോയിക്കൽ തമ്പുരാക്കന്മാരുടെ നിയന്ത്രണത്തിലും അധീനതയിലും ആയിരുന്നു. എ.ഡി. 1740–50 കാലയളവിൽ

മാർത്താണ്ഡവർമ്മ മഹാരാജാവ് കൊല്ലം മുതൽ വടക്കോട്ട് കൊച്ചിരാജ്യത്തിന് തെക്കുവരെയുള്ള നാട്ടുരാജ്യങ്ങൾ പിടിച്ചടക്കി തിരുവിതാംകൂർ രാജ്യം സ്ഥാപിച്ചു. ഈക്കൂട്ടത്തിൽ പന്തളം രാജ്യവും അതിന്റെ ഭാഗമായ ഓമല്ലൂരും ഉൾപ്പെടുന്നു.

## ഓമല്ലൂർ വയൽവാണിഭം

ചരിത്രപ്രസിദ്ധമായ ഓമല്ലൂർ വയൽ വാണിഭം പഴയ തിരുവിതാംകൂർ പ്രദേശത്തെ ഏറ്റവും വലിയ കാർഷിക വ്യാപാരമേളയാണ്. ഇതിന്റെ ആരംഭം എന്നാണെന്ന് കൃത്യമായി കണ്ടുപിടിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. എന്നാൽ നൂറ്റാണ്ടുകൾക്കു മുമ്പ് തുടങ്ങിവച്ച ഈ മേളയെപ്പറ്റി പല ഐതീഹ്യങ്ങളും പ്രചാരത്തിലുണ്ട്. തെക്കൻ തിരുവിതാംകൂറിലെ വെളിനല്ലൂർ വയൽ വാണിഭസ്ഥലത്തു നിന്നും ഒരു കാളകൂറ്റൻ ഹാലിളകി വടക്കോട്ടോടി ഓമല്ലൂർ വയലിൽ എത്തിയെന്നും ഇവിടെയുള്ള ഒരു കർഷക കാരണവർ ആ കാളകൂറ്റനെ വയലിന്റെ മധ്യത്തിൽ ഒരു പാലക്കുറ്റിയിൽ ബന്ധിച്ചെന്നുമാണ് കഥ. ഈ പാലക്കുറ്റി കിളിച്ചു വളർന്ന് ഒരു പാലമരമായി വയൽ വാണിഭത്തിന്റെ ശതകാല സ്മരണകൾ ഉയർത്തിക്കൊണ്ട് ഒരു സ്മാരകം എന്നവണ്ണം ഓമല്ലൂർ വയലിൽ ഇന്നും നിലനിൽക്കുന്നു. ഈ സംഭവത്തെ ആസ്പദമാക്കി എല്ലാ വർഷവും മീനമാസം ഒന്നാം തീയതി മുതൽ വയൽ വാണിഭം കൊണ്ടാടിവരുന്നു. ആദ്യകാലങ്ങളിൽ ഒരാഴ്ചയിലധികം നീണ്ടുനിൽക്കുന്ന കാളവാണിഭവും ഒരു മാസക്കാലത്തെ മാറ്റിനങ്ങളുടെ വ്യാപാരമേളയും നടന്നു വന്നിരുന്നു. പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിന്നും കന്നുകാലികളുമായി കർഷകർ വ്യാപാരത്തിന് എത്തിച്ചേർന്നിരുന്നു. വാണിഭം പ്രമാണിച്ച് ആദ്യകാലത്ത് ചെങ്ങന്നൂരിൽ നിന്നും പിന്നീട് പത്തനംതിട്ടയിൽ നിന്നും തഹസിൽ മജിസ്ട്രേറ്റ് കോടതി ഓമല്ലൂരിൽ സ്പെഷ്യൽ സിറ്റിംഗ് നടത്തി കേസുകൾ കേട്ട് തീർപ്പ് കല്പിച്ചിരുന്നു. സമീപകാലത്തായി കാർഷിക മേഖലയിൽ വന്ന മാറ്റത്തിന്റെ ഫലമായി ഉഴവുകാളകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.

പുരാതനമായ ക്ഷേത്രങ്ങളും, പള്ളികളും ഈ ഗ്രാമത്തിന്റെ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഓമല്ലൂർ ശ്രീരക്തകണ്ഠസ്വാമിക്ഷേത്രവും, താഴൂർ ഭഗവതി ക്ഷേത്രവും ഉൾപ്പെടെ പുരാതനമായ നിരവധി ക്ഷേത്രങ്ങൾ ഇവിടെയുണ്ട്. 800 ലധികം വർഷം പഴക്കമുള്ള ഓമല്ലൂർ ക്ഷേത്രവുമായി ബന്ധപ്പെട്ട് പല ഐതീഹ്യങ്ങളും നിലവിലുണ്ട്. കിഴക്ക് കല്ലേലിദേശത്തു നിന്നും അച്ചൻകോവിലാറിലൂടെ പുഷ്പമായി ഒഴുകി വന്ന ദേവനെ ഒരു സ്ത്രീ കിണ്ണത്തിൽ എടുത്ത് കരയ്ക്ക് വച്ചെന്നും പിന്നീട് ദൈവീകശക്തി ബോധ്യമായപ്പോൾ നാട്ടുകാർ ദേവനെ പ്രതിഷ്ഠിച്ച് ഓമല്ലൂർ ക്ഷേത്രം പണികഴിപ്പിച്ചെന്നുമാണ് ഹിന്ദുക്കൾ വിശ്വസിക്കുന്നത്. പത്തുദിവസം നീണ്ടുനിൽക്കുന്ന ഉത്സവത്തിൽ ഒൻപത് ദിവസവും ആറാട്ടെഴുന്നെള്ളത്ത് നടത്തുന്ന കേരളത്തിലെ അപൂർവ്വം ക്ഷേത്രങ്ങളിൽ ഒന്നാണിത്. ഇവിടെ സൂക്ഷിച്ചിട്ടുള്ള കരിങ്കല്ലിൽ തീർത്ത നാദസ്വരവും ചങ്ങലയും പ്രസിദ്ധമായ പുരാവസ്തുക്കൾ ആണ്.

ഓമല്ലൂർ വലിയ പള്ളിക്ക് 400 വർഷത്തിലധികം പഴക്കമുണ്ട്. ആദ്യം ഈ പള്ളിക്ക് തറക്കല്ലിട്ടത് മഞ്ഞിനിക്കരയിലെ പറയകുന്നിൽ ആണ്. അവിടെ പള്ളി പണിയുന്നതിന് തടസ്സം ഉണ്ടായപ്പോൾ പന്തളം രാജാവിന്റെ അനുവാദത്തോടെ ഓമല്ലൂർക്ഷേത്രത്തിന് അര കിലോമീറ്റർ പടിഞ്ഞാറ് കോയിക്കൽ വക പുരയിടത്തിൽ പള്ളിപണികഴിപ്പിക്കുകയാണ് ഉണ്ടായത്. 1909ൽ ഓമല്ലൂരിൽ ഒരു സ്കൂൾ അനുവദിച്ചപ്പോൾ (ഇന്നത്തെ ഗവ. ഹൈസ്കൂൾ) അത് താൽക്കാലികമായി ഈ പള്ളിയുടെ കെട്ടിടത്തിലാണ് പ്രവർത്തനം ആരംഭിച്ചത്.

ഓമല്ലൂർ ഗ്രാമത്തിലെ പ്രസിദ്ധമായ മറ്റൊരു പള്ളിയാണ് മഞ്ഞിനിക്കര പള്ളി (പഞ്ചായത്ത് വിഭജനത്തെത്തുടർന്ന് ഈ പള്ളി ചെന്നീർക്കര പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു). 1932ൽ അന്ത്യോഖ്യപാത്രിയാർക്കീസ് മൊറാൻ മാർ ഏലിയാസ് തൃതീയൻ ബാവ കബറിടങ്ങിയത് ഈ ദേവാലയത്തിൽ ആണ്. തുടർന്ന് എല്ലാവർഷവും ഫെബ്രുവരി 13ന് (കുംഭം ഒന്ന്) കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ഭക്തജനങ്ങൾ കാൽനടയായി ഈ പള്ളിയിൽ എത്തി തീർത്ഥാടനം നടത്തുന്നു.

പ്രാചീനകാലത്ത് ഓമല്ലൂരിൽ ജീവിച്ചിരുന്ന അതീവബലവാനും ധൈര്യശാലിയുമായ വാളാക്കോട്ട് വല്ല്യാനെപ്പറ്റിയുള്ള കഥകൾ കൗതുകമുയർത്തുന്നവയാണ്. പന്ന്യാലിപ്രദേശത്ത് വാളാക്കോട്ട് കുടുംബത്തിൽ ജീവിച്ചിരുന്ന വല്ല്യാൻ ഒരിക്കൽ തന്റെ അമ്മാവിയോട് കഞ്ഞിചോദിച്ച് ലഭിക്കാതെ വന്നപ്പോൾ വീട്ടിലെ കിണർ ഒരു വലിയ കല്ലെടുത്ത് വച്ച് അടച്ചതും പിന്നീട് ദയതോന്നി ഒരു പാളയിട്ട് വെള്ളം കോരാനാവശ്യമായ സ്ഥലം കിട്ടത്തക്കവിധത്തിൽ കല്ല് നീക്കി സ്ഥാപിച്ചതും എല്ലാവർക്കും സുപരിചിതമായ ഐതീഹ്യമാണ്. ഈ കല്ല് ഇപ്പോഴും നിലവിലുണ്ട്. മറ്റ് പല സാഹസപ്രവർത്തികളും ഇദ്ദേഹം ചെയ്തിട്ടുള്ളതായി കഥകൾ ഉണ്ട്.

## സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ

പത്തൊൻപതാം നൂറ്റാണ്ടിൽ തന്നെ ഓമല്ലൂരിൽ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ പ്രവർത്തനം ആരംഭിച്ചിരുന്നു. ഹിന്ദു വിശ്വാസികൾക്കിടയിൽ സവർണ്ണാവർണ്ണ വ്യത്യാസം കൊടികുത്തിവാണിരുന്ന ഈ പ്രദേശത്ത് അതിനെതിരെ പോരാടാൻ പുരോഗ മന ചിന്താഗതിക്കാരായ ഒരു വിഭാഗം ചെറുപ്പക്കാർ മുന്നോട്ടു വന്നു, കൊല്ലവർഷം1112-ൽ ഉണ്ടായ ക്ഷേത്രപ്രവേശന വിളംബരത്തിന് മുമ്പ് തന്നെ ഈഗ്രാമത്തിൽ സാമൂഹ്യ തിന്മകൾക്കെതിരെ ശക്തമായ ജനമുന്നേറ്റം ഉണ്ടായി. ഹരിജനങ്ങളെ ഒരു നായർഭവനത്തിലെ (പടിഞ്ഞാറ്റേതിൽ വേലുവൈദ്യന്റെ) അടുക്കളയിൽ കയറ്റി ആഹാരം പാകം ചെയ്യിച്ച് സവർണ്ണരും അവർണ്ണരും ചേർന്നിരുന്ന് ഭക്ഷിച്ചതും ഗണക സമുദായത്തിൽപ്പെട്ട ഒരു വീട്ടിൽ നടന്ന വിവാഹ ചടങ്ങിൽ നാനാജാതിമതസ്ഥരായ ആളുകൾ ഒരുമിച്ച് പന്തീഭോജനം നടത്തിയും അക്കാലത്ത് നിലനിന്നിരുന്ന അയിത്തം, തീണ്ടൽ, തൊടീൽ എന്നീ അനാചാരങ്ങൾ ക്കെതിരായ പോരാട്ടത്തിന്റെ ഭാഗമാണ്. സ്വാതന്ത്ര്യസമരസേനാനിയായ കെ. കുമാർജി, കമ്മ്യൂണിസ്റ്റ് നേതാവായ തടിയിൽ രാഘവൻപിള്ള എന്നിവരാണ് മേൽസൂചിപ്പിച്ച പ്രവർത്തനത്തിന് നേതൃത്വം നൽകിയത്.

ആറ്ററികം ചെമ്പകശ്ശേരി ഇല്ലത്തെ ദേവി പർവ്വതിദേവിയുടെ നേതൃത്വത്തിൽ തിരുവിതാംകൂർ അന്തർജ്ജനസമാജം എന്നൊരു സംഘടന പ്രവർത്തിച്ചിരുന്നു. ഹരിജനോദ്ധാരണം, വിധവകളെ ഒറ്റപ്പെടുത്തുന്ന അനീതി അവസാനിപ്പിക്കൽ തുടങ്ങിയ ആശയങ്ങൾ ഉയർത്തിക്കൊണ്ടാണ് ഈ സംഘടന പ്രവർത്തിച്ചത്. ഇവരുടെ നേതൃത്വത്തിൽ കൊല്ലവർഷം 1110-ൽ ഓമല്ലൂർ ആൽത്തറമൈതാനത്ത് സംഘടിപ്പിച്ച പൊതുയോഗത്തിൽ ഹരിജൻ നേതാവായ പി.സി. ആദിച്ചനും ബ്രാഹ്മണ വിഭാഗത്തിൽപ്പെട്ട പ്രമുഖ വ്യക്തികളും പ്രസംഗിക്കുകയുണ്ടായി. ഈ രംഗത്ത് പ്രവർത്തിച്ച മറ്റൊരു പ്രമുഖവനിതയാണ് തടിയിൽ കാർത്ത്യായനിയമ്മ. അനാചാരങ്ങൾക്കെതിരെ പോരാടാൻ സ്ത്രീകളെ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെ കൊല്ലവർഷം 1101-ൽ ഓമല്ലൂരിൽ ഒരു വനിതാസമാജം സ്ഥാപിക്കാൻ മുൻകൈ എടുത്തത് കാർത്ത്യായനിയമ്മയാണ്. ഈ വനിതാസമാജത്തിന് ഓമല്ലൂർ ക്ഷേത്രത്തിനടുത്ത് സ്വന്തമായ സ്ഥലവും കെട്ടിടവും ഉണ്ട്.

റാവുത്തർ എന്നിവർ വിജയിച്ചിട്ടുണ്ട്. പിന്നീട് 1957–ലാണ് പത്തനംതിട്ട അസംബ്ലിമണ്ഡലം രൂപം കൊണ്ടത്.

ഗ്രാമപഞ്ചായത്ത് ഭരണം ഓമല്ലൂരിൽ നിലവിൽ വന്നത് 1941–ൽ ആണ്. ഓമല്ലൂർ, ചെന്നീർക്കര പ്രദേശങ്ങൾ ഉൾപ്പെടുന്ന ഓമല്ലൂർവില്ലേജ് യൂണിയൻ രൂപീകരിക്കപ്പെട്ടു. ഭൂവുടമകളും സാമൂഹ്യ രംഗത്ത് പ്രമാണിമാരുമായ വ്യക്തികളെ സർക്കാർ നോമിനേറ്റ് ചെയ്ത് കമ്മിറ്റി രൂപീകരിച്ച് വില്ലേജ്യൂണിയന്റെ ഭരണച്ചുമതല നൽകിയിരുന്നു. ഓമല്ലൂർ വില്ലേജ് യൂണിയന്റെ പ്രസിഡന്റായി മഞ്ഞിനിക്കര പേഴുംമൂട്ടിൽ അഡ്വ. സി. കൃഷ്ണൻ നായർ, ചെന്നീർക്കര സ്വദേശി ടി.കെ. കുഞ്ഞമ്മൻ എന്നിവർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1950–51 കാലത്ത് ഈ വില്ലേജ് യൂണിയൻ വിഭജിച്ച് ഓമല്ലൂർ, ചെന്നീർക്കര എന്നീ വില്ലേജ് പഞ്ചായത്തുകൾ രൂപീകരിച്ചു.

തിരു–കൊച്ചി സംസ്ഥാനത്തു നടന്ന ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ (1953 ആഗസ്റ്റ്) ഓമല്ലൂർ പഞ്ചായത്തിൽ മഞ്ഞിനിക്കര വെളിയത്തുമുറിക്കോയിക്കൽ വീരകേരളവർമ്മ രാജാ പ്രസിഡന്റായി ഒരു കമ്മിറ്റി നിലവിൽ വന്നു. കേരളസംസ്ഥാനം രൂപം കൊണ്ടതിനു ശേഷം 1963–ൽ നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ഓമല്ലൂർ പഞ്ചായത്തിൽ ഏഴ് അംഗങ്ങൾ ഉള്ള കമ്മിറ്റി നിലവിൽ വന്നു. ടി.എൻ. പാപ്പി (പ്രസിഡന്റ്), എം.ജെ. വർഗ്ഗീസ് (വൈസ് പ്രസിഡന്റ്), ശാസ്ത്രി ദാമോദരൻ, തടിയിൽ രാഘവൻപിള്ള, ഗോപി കോട്ടുരേത്ത്, ഇടനാട്ട് രാഘവൻനായർ, എ.കെ. അയ്യപ്പൻ എന്നിവർ ഈ കമ്മിറ്റിയിൽ ഉൾപ്പെടുന്നു. ഗോപി കോട്ടുരേത്ത് മെമ്പർ സ്ഥാനം രാജിവച്ചതിനേതുടർന്ന് നടന്ന ഉപതെരുഞ്ഞെടുപ്പിൽ കെ. കുഞ്ഞുകുഞ്ഞ് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു. ഈ കമ്മിറ്റിയുടെ കാലാവധി നീട്ടിയതിനേത്തുടർന്ന് 14 വർഷക്കാലം അധികാരത്തിലിരുന്നു. ഇടക്കാലത്തുള്ള ഉദ്യോഗസ്ഥാഭരണത്തിനു ശേഷം 1979–ൽ നടന്ന തെരഞ്ഞെടുപ്പിൽ 9 അംഗ കമ്മിറ്റി നിലവിൽ വന്നു. ഡോ. രാമചന്ദ്രൻ നായർ (പ്രസിഡന്റ്) കെ.ജി. ഈശോ (വൈസ് പ്രസിഡന്റ്), കെപി. നായർ, കെ.എം. ദിവാകരൻ, തമ്പിക്കുടി ജോഷ്വാ, നാദകുഴിയിൽ ജനാർദ്ദനൻനായർ, എ.കെ. അയ്യപ്പൻ, കുറുങ്ങാട്ട് കെ.എം. വർഗ്ഗീസ്, പാറുക്കുട്ടി അമ്മ എന്നിവർ ഉൾപ്പെട്ട ഈ കമ്മിറ്റി 1985 വരെ അധികാരത്തിൽ ഇരുന്നു. പിന്നീട് 1988 ജനുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ അഡ്വ. ഓമല്ലൂർ ശങ്കരൻ (പ്രസിഡന്റ്), അലക്സ് ആമ്പശ്ശേരി (വൈസ് പ്രസിഡന്റ്), ജി. ഗോപിനാഥപിള്ള, കെ.ജി. ജോസ്, വാഴമുട്ടം മോഹനൻ, ജനാർദ്ദനൻ നായർ, കെ.കെ. കൃഷ്ണൻ, ഒ.എസ്. കുഞ്ഞമ്മ, സാറാമ്മ ജോൺ എന്നിവരടങ്ങുന്ന കമ്മിറ്റി നിലവിൽ വന്നു. കെ.ജി. ജോസ് ഇടക്കാലത്ത് നിര്യാതനായി. 1995 വരെ ഈ കമ്മിറ്റി അധികാരത്തിൽ ഇരുന്നു. 1995 സെപ്റ്റംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ ഒരു വാർഡിലെ സ്ഥാനാർത്ഥിയുടെ മരണം മൂലം തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കുകയും 8 അംഗ കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു. മൂന്നുമാസക്കാലം പ്രസിഡന്റായി ജി. ഗോവിന്ദപ്പിള്ള പ്രവർത്തിച്ചു. പിന്നീട് പറയനാലി വാർഡിൽ നടന്ന ഉപതെരഞ്ഞെടുപ്പിനെത്തുടർന്ന് 1996 ജനുവരിയിൽ അഡ്വ. ഓമല്ലൂർ ശങ്കരൻ വീണ്ടും പഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. മാത്യു ചെറിയാൻ (വൈസ് പ്രസിഡന്റ്), ജി. ഗോപിനാഥപിള്ള (സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ) വി.ജി. മത്തായി, എൻ.ആർ. പൊടിയൻ, ജയൻ ഓമല്ലൂർ, പി.ആർ. സുമംഗലാമ്മ, ലീലാ മോഹൻ, ഏലിയാമ്മ ലൂയിസ് എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്.

ഓമല്ലൂർ വില്ലേജ് യൂണിയൻ ആഫീസ് പ്രവർത്തിച്ചിരുന്നത് ഓമല്ലൂർ മാർക്കറ്റിലുള്ള വാടക കെട്ടിടത്തിലാണ്. ഓമല്ലൂർ വില്ലേജ് പഞ്ചായത്ത് നിലവിൽ വന്നശേഷം ആദ്യനാളുകളിൽ ഓമല്ലൂർ

ക്ഷേത്രത്തിന് സമീപമുള്ള വനിതാസമാജ മന്ദിരത്തിലാണ് ആഫീസ് പ്രവർത്തിച്ചത്. പിന്നീട് ഓമല്ലൂർ ക്ഷേത്രത്തിന് കിഴക്കുഭാഗത്ത് നാദകുഴിയിൽ കുടുംബത്തിൽ നിന്നും സൗജന്യമായി ലഭിച്ച സ്ഥലത്ത് പണികഴിപ്പിച്ച പഞ്ചായത്താഫീസ് കെട്ടിടത്തിലാണ് പ്രവർത്തനം നടത്തി വന്നത്. 1968 ലാണ് ഓമല്ലൂർ മാർക്കറ്റിൽ പഞ്ചായത്തു വക സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിലേക്ക് ആഫീസ് മാറ്റിസ്ഥാപിച്ചത്.

### സന്നദ്ധപ്രവർത്തനങ്ങൾ

ഓമല്ലൂരിന്റെ വികസനത്തിന് വ്യക്തികളും സന്നദ്ധസംഘടനകളും നൽകിയ സേവനപ്രവർത്തനങ്ങൾ വിലപ്പെട്ടതാണ്. ഓമല്ലൂരിലെ പ്രധാനപ്പെട്ട എല്ലാ സ്കൂളുകളും നാട്ടുകാരുടെ കൂട്ടായ പരിശ്രമത്തിൽ നിർമ്മിക്കപ്പെട്ടവയാണ്. പണവും തടികളും അദ്ധ്വാനവും സംഭാവനയായി നൽകിയ നാട്ടുകാർ സേവന മേഖലയിൽ നിർവഹിച്ച പങ്ക് വിലപ്പെട്ടതാണ്. ഈ ഗ്രാമത്തിലെ ഭൂരിപക്ഷം റോഡുകളും ആദ്യം നിർമ്മിച്ചത് നാട്ടുകാരുടെ സന്നദ്ധപ്രവർത്തനത്തിലൂടെയാണ്. ക്ഷേത്രങ്ങളും, പള്ളികളും പണികഴിപ്പിച്ചതും ഇപ്രകാരമായിരുന്നു. നമ്മുടെ പൂർവ്വികന്മാരുടെ സേവന സന്നദ്ധതയും ത്യാഗമനോഭാവവുമാണ് ഈ ഗ്രാമത്തിന് ഉണ്ടായിട്ടുള്ള സാമൂഹ്യ സാമ്പത്തിക പുരോഗതിക്ക് അടിസ്ഥാനമായിട്ടുള്ളത്. സമീപകാലത്തായി മഹത്തായ ഈ ഗുണവിശേഷങ്ങൾ സമൂഹത്തിൽ നിന്നും അന്യമായിക്കൊണ്ടിരിക്കയാണ്. പൂർവ്വികന്മാർ നമുക്ക് കാട്ടിത്തന്ന സേവന സന്നദ്ധതയുടേയും ത്യാഗത്തിന്റേയും സംസ്കാരം പുനഃസ്ഥാപിക്കാൻ ജനകീയാസൂത്രണ പ്രസ്ഥാനം വഴിതെളിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.





**ശരിയായ ഭാരതീയ പരിഷ്കാരം**
**ഭാരതീയ ഗ്രാമങ്ങളിലാണ്.**

4

# ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ പത്തനംതിട്ട ജില്ലാ കേന്ദ്രത്തിനു സമീപത്തായി ഓമല്ലൂർ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. പശ്ചിമഘട്ടത്തിലെ അച്ചൻകോവിൽ മലകളിൽ നിന്ന് ഉത്ഭവിച്ച് ഉദ്ദേശം 90 കി.മീറ്റർ ഒഴുകി പമ്പയോടു ചേർന്ന് വേമ്പനാട്ടുകായലിൽ പതിക്കുന്ന അച്ചൻകോവിലാറിന്റെ വടക്കേതീരത്താണ് ഈ ഗ്രാമത്തിന്റെ സ്ഥാനം. 1982 വരെ കൊല്ലം ജില്ലയുടെ ഭാഗമായിരുന്ന പത്തനംതിട്ട താലൂക്കിൽ 1941 ലാണ് ഓമല്ലൂരിൽ ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ഉയർന്ന നിലവാരം പുലർത്തുന്ന ഈ പഞ്ചായത്ത് ഗ്രാമത്തിന്റെ സ്വഭാവത്തിൽ നിന്ന് മാറി ത്വരിതഗതിയിൽ നഗരവല്ക്കരണം നടന്നുകൊണ്ടിരിക്കുകയാണ്.

ഈ പഞ്ചായത്തിന്റെ തെക്കും തെക്കുകിഴക്കും തെക്കുപടിഞ്ഞാറും ഭാഗങ്ങളെ ചുറ്റി അച്ചൻകോവിലാറ് ഒഴുകുന്നു. കിഴക്ക് പത്തനംതിട്ട മുൻസിപ്പാലിറ്റിയും വടക്കും പടിഞ്ഞാറും ചെന്നീർക്കര ഗ്രാമപഞ്ചായത്തുമാണ് അതിരുകൾ തീർത്തിട്ടുള്ളത്. നദിയുടെ തെക്കേകരയിൽ വള്ളിക്കോട് ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. വളഞ്ഞുപുളഞ്ഞൊഴുകുന്ന അച്ചൻകോവിലാറിന് ഓമല്ലൂർ പഞ്ചായത്തിൽ ഉദ്ദേശം 12 കി. മീറ്റർ നീളത്തിൽ തീരമുണ്ട്.

ഭൂപ്രകൃതിയനുസരിച്ച് ഓമല്ലൂർ പഞ്ചായത്തിനെ ഏഴ് വ്യത്യസ്ത മേഖലകളായി തിരിക്കാം.

പട്ടിക – 1

| നമ്പർ | മേഖല | വിസ്തൃതി | ശതമാന കണക്കിൽ |
|---|---|---|---|
| 1 | കുന്നുകൾ | 225 ഹെക്ടർ | 15% |
| 2 | കുന്നിൻപുറത്തുള്ള സമതലം | 75 ഹെക്ടർ | 5% |
| 3 | വലിയ ചരിവുപ്രദേശം | 180 ഹെക്ടർ | 12% |
| 4 | ചെറിയ ചരിവുതലങ്ങൾ | 300 ഹെക്ടർ | 23% |
| 5 | നദീതീരസമതലം | 375 ഹെക്ടർ | 25% |
| 6 | പാടങ്ങൾ | 225 ഹെക്ടർ | 15% |
| 7 | വെള്ളക്കെട്ടുകൾ | 30 ഹെക്ടർ | 2% |
| | ആകെ | 1410 ഹെക്ടർ | 97% |

ശേഷിക്കുന്ന 3% വരുന്ന സ്ഥലം റോഡുകളും നീരൊഴുക്കു തോടുകളുമായി കാണപ്പെടുന്നു. ഇത് എല്ലാ പ്രദേശത്തുമായി വ്യാപിച്ചുകിടക്കുന്നു.

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തിന്റെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിന്റെ പ്രദേശങ്ങളെ തരംതിരിച്ചാൽ 50 മീറ്റർവരെ ഉയരമുള്ള നദീതീര പ്രദേശങ്ങളും പാടങ്ങളും ചേർന്ന ഒരു മേഖലയും, 50 മീറ്റർ മുതൽ 100 മീറ്റർ വരെ ഉയരം വരുന്ന ചരിവുതലങ്ങളും, 100 മീറ്റർ മുതൽ 200 മീറ്റർ വരെ ഉയരമുള്ള കുന്നുകളും ഉൾപ്പെടുന്ന മേഖലകൾ കാണാം. ഏറ്റവും ഉയരംകൂടിയ കുന്ന് മണ്ണാറമലയും ഉയരംകുറഞ്ഞത് മുള്ളനിക്കാട് മുരുപ്പുമാണ്. ഒൻപത് വാർഡുകളുള്ള ഈ പഞ്ചായത്തിൽ കുന്നുകളില്ലാത്ത ഒരു വാർഡും ഇല്ലെന്ന പ്രത്യേകതയുണ്ട്.

| വാർഡ് | കുന്നുകൾ | ഉയരം |
|---|---|---|
| മഞ്ഞിനിക്കര | പറയക്കുന്ന്, കോയിക്കൽക്കുന്ന് | 100-130 മീറ്റർ |
| ചീക്കനാൽ | നെടുമ്പാറമുരുപ്പ് | 150-160 മീറ്റർ |
| പറയനാലി | മലങ്കാവ് | 150-175 മീറ്റർ |
| പുത്തൻ പീടിക | മണ്ണാറമല, കോച്ചുമുറി | 150-200 മീറ്റർ |
| ഐമാലി | ശാന്തിനഗർ മുരുപ്പ് | 140-170 മീറ്റർ |
| പൈവള്ളി | പുലിപ്പാറമല, കുഴിക്കാട്ടിൽ ഭാഗം | 140-180 മീ: |
| പന്ന്യാലി | നെല്ലിക്കാട്ടിൽ ഭാഗം, പൈവള്ളിഭാഗം | 140-180 മീ: |
| വാഴമുട്ടം | വാഴമുട്ടം മുരുപ്പ് | 120-140 മീ: |
| ആറ്റരികം | മുള്ളനിക്കാട് മുരുപ്പ് | 100-125 മീ. |

പ്രധാനമായും മൂന്നുതരം മണ്ണാണ് ഈ പഞ്ചായത്തിൽ കാണപ്പെടുന്നത്. തീരസമതലങ്ങളിൽ എക്കൽ കലർന്ന മണലും, പാടങ്ങളിൽ പശിമരാശി മണ്ണും, കുന്നുകൾ ചരിവുകൾ പീഠഭൂമികൾ എന്നിവിടങ്ങളിൽ ചരൽകലർന്ന ചെമ്മണ്ണുമാണുള്ളത്. മൂന്നോ നാലോ അടിമുതൽ 25 അടി വരെ ആഴത്തിൽ വെട്ടുകല്ലും സുലഭമായികിട്ടുന്ന പ്രദേശങ്ങൾ ഇവിടെയുണ്ട്. ഏതെങ്കിലും ധാതുസമ്പത്ത് ധാരാളമായുള്ള മണ്ണ് ഈ പഞ്ചായത്തിൽ കാണപ്പെടുന്നില്ല.

പ്രധാന മൺതരങ്ങളും അവ ഉൾപ്പെടുന്ന പ്രദേശ വിസ്തൃതിയും താഴെ പട്ടികയിൽ ചേർക്കുന്നു.

| മൺതരങ്ങൾ | വിസ്തൃതി | ശതമാന കണക്കിൽ |
|---|---|---|
| എക്കൽ കലർന്ന മണൽ | 375 ഹെക്ടർ | 25% |
| പശിമരാശി മണ്ണ് | 225 ഹെക്ടർ | 15% |
| ചരൽ കലർന്ന ചെമ്മണ്ണ് | 800 ഹെക്ടർ | 55% |
| പാറക്കെട്ടുകൾ | 30 ഹെക്ടർ | 2% |

ശേഷിക്കുന്ന പ്രദേശം റോഡുകളും വഴികളും നീരൊഴുക്കു തോടുകളാണ്.

മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടാവുമ്പോൾ വാഴമുട്ടം, ആറ്റരികം, മഞ്ഞിനിക്കര വാർഡുകളിലെ പകുതിയോളം പ്രദേശങ്ങളും മുണ്ടകൻ, താണാമുട്ടം, ചേറ്റൂർ, ചെമ്മുണ്ടകം ഏലാകളും വെള്ളപ്പൊക്ക കെടുതിക്കിരയാവുന്നുണ്ട്.

# ജനപ്രകൃതി

ജനസാന്ദ്രതയുടെ കാര്യത്തിൽ കോഴഞ്ചേരി താലൂക്കിൽ കോഴഞ്ചേരി പഞ്ചായത്തു കഴിഞ്ഞാൽ രണ്ടാം സ്ഥാനം ഓമല്ലൂർ പഞ്ചായത്തിനാണുള്ളത് (ച: കി.മീറ്ററിന് 1132). ജില്ലാ ആസ്ഥാനത്തോടുള്ള സാമീപ്യം, ഗതാഗതസൗകര്യം, ഫലഭൂയിഷ്ടത എന്നിവ ഇതിനു കാരണമായിട്ടുണ്ട്. സ്ഥലവാസികൾ ഭൂരിപക്ഷവും കാർഷികവൃത്തിയിൽ ഏർപ്പെട്ട് ജീവിക്കുന്നു. വ്യാപാരത്തിലേർപ്പെട്ടിരിക്കുന്നവരും സർക്കാർ ജീവനക്കാരും അദ്ധ്യാപകരും ധാരാളമുണ്ട്.

കഴിഞ്ഞ സെൻസസ് പ്രകാരം (1991) ഈ പഞ്ചായത്തിലെ ജനസംഖ്യയും മറ്റുവിവരങ്ങളും താഴെ പട്ടികയിൽ ചേർക്കുന്നു.

**വാർഡ്തല ജനസംഖ്യാവിവര പട്ടിക**

| വാർഡ് | പുരു. | സ്ത്രീ. | ആകെ | പട്ടിക ജാതി പട്ടിക വർഗ്ഗം | വോട്ടർമാരുടെ എണ്ണം | ഭവനങ്ങൾ |
|---|---|---|---|---|---|---|
| 1 | 900 | 931 | 1831 | 125 | 1477 | 829 |
| 2 | 554 | 589 | 1143 | 147 | 957 | 349 |
| 3 | 784 | 814 | 1598 | 668 | 917 | 394 |
| 4 | 736 | 846 | 1582 | 130 | 1357 | 536 |
| 5 | 912 | 990 | 1902 | 241 + 22 | 1399 | 536 |
| 6 | 698 | 750 | 1448 | 131 | 1024 | 464 |
| 7 | 1194 | 1465 | 2659 | 321 | 1755 | 755 |
| 8 | 1207 | 1273 | 2480 | 185 | 1832 | 696 |
| 9 | 912 | 905 | 1817 | 91 | 1343 | 494 |
| ആകെ | 7897 | 8563 | 16460 | 2061 | 12061 | 5053 |

മേൽ പട്ടികയിൽ 6-ാം കോളത്തിൽ വോട്ടർമാരുടെ എണ്ണം പഞ്ചായത്ത് വോട്ടർപട്ടികയുടെ അടിസ്ഥാനത്തിലുള്ള കണക്കാണ് ചേർത്തിട്ടുള്ളത്. എന്നാൽ നിയമസഭാ വോട്ടർ പട്ടികപ്രകാരം കൂടുതൽ വോട്ടർമാരുണ്ട്. ഭവനങ്ങളുടെ എണ്ണം കണക്കാക്കിയിരിക്കുന്നത് പഞ്ചായത്ത് കെട്ടിടനികുതി രജിസ്റ്റർ പ്രകാരമാണ്. വ്യാപാരത്തിനുപയോഗിക്കുന്ന കടകെട്ടിടങ്ങളും ഇതിൽ ഉൾപ്പെടുന്നു.

ആരോഗ്യവകുപ്പിന്റെ ചുമതലയിൽ 1996ൽ നടത്തിയ എലിജിബിൾ കപ്പിൾ സർവ്വെപ്രകാരം പഞ്ചായത്തിലെ ഇപ്പോഴത്തെ ജനസംഖ്യ 21089 ആണ്. ദൂരെസ്ഥലങ്ങളിലും ഗൾഫ്രാജ്യങ്ങളിലും തൊഴിൽ ചെയ്ത് താല്ക്കാലികമായി അവിടെ താമസിച്ചു വരുന്നവരെകൂടി ഉൾപ്പെടുത്തിയാണ് ഈ കണക്ക് തയ്യാറാക്കിയിട്ടുള്ളത്.

ഹിന്ദുക്കളും ക്രിസ്ത്യാനികളും മാത്രമാണ് ഈ പഞ്ചായത്തിൽ അധിവസിക്കുന്നത്. ഇസ്ലാം മതത്തിൽപ്പെട്ട ആരും തന്നെയില്ല. ജനസംഖ്യയിൽ 60% ഹിന്ദുക്കളും 40% ക്രിസ്ത്യാനികളുമാണ്. 12.58% പട്ടികജാതി/വർഗ്ഗത്തിൽപ്പെട്ടവരാണ്. സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം ലഭിക്കുന്നുണ്ട്. ജാതിപരമായ ഉച്ചനീചത്വങ്ങൾ ഉള്ളതായികാണുന്നില്ല.

# ജലപ്രകൃതി

ഒരു വർഷത്തിൽ ശരാശരി 3098 മില്ലീ മീറ്റർ മഴ ഈ പഞ്ചായത്തിൽ ലഭിക്കുന്നതായി കണക്കാക്കപ്പെടുന്നു. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴലഭിക്കുന്നത്. ഇടവപ്പാതിയിലും (കാലവർഷം) തുലാവർഷത്തിലുമായി രണ്ടുസമയങ്ങളിൽ കൂടുതൽ മഴ ലഭിക്കുന്നു. വർഷപാതങ്ങൾ മുൻകാലത്തെപ്പോലെ കൃത്യസമയത്ത് ലഭി

ക്കുന്നില്ല. ഒറ്റപ്പെട്ട മഴക്കാലങ്ങൾ ഉണ്ടാവുന്നത് കാർഷികവൃത്തിക്കും മറ്റും അസൗകര്യങ്ങളുണ്ടാക്കുന്നുണ്ട്.

പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും ജല ഉപഭോഗത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. ഓമല്ലൂർ ശുദ്ധജല പദ്ധതിയുടെ പൈപ്പ്ലൈനിൽ നിന്നും ധാരാളം ആളുകൾ ജലം ഉപയോഗിക്കുന്നുണ്ട്. എന്നാൽ കുന്നിൻ പ്രദേശങ്ങളിലും ഉയർന്ന ചരിവുപ്രദേശങ്ങളിലും ആണ്ടിൽ നാലഞ്ചുമാസം കടുത്ത ജലക്ഷാമം അനുഭവിക്കുന്നുണ്ട്. കൂടാതെ സമീപകാലത്തായി അച്ചൻകോവിലാറിന്റെ തീരത്തുള്ള കിണറുകളിലും വേനൽക്കാലത്ത് ജലക്ഷാമം ഉണ്ടാവുന്നുണ്ട്. പഞ്ചായത്തിൽ 21 കുഴൽകിണറുകൾ ഉണ്ടെങ്കിലും ഭൂരിപക്ഷവും പ്രവർത്തനരഹിതമാണ്.

കൃഷിഭൂമിയിലെ ജലലഭ്യത ഉല്പാദനക്ഷമതയെ ബാധിക്കുന്നപ്രധാന പ്രശ്നമാണ്. വൻകിട ജലസേചനപദ്ധതികൾ ഈ പഞ്ചായത്തിൽ ഇല്ല. ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിലുണ്ടെങ്കിലും വേണ്ടത്ര കാര്യക്ഷമമല്ല. ജലസംഭരണികളായ കുളങ്ങളും ചാലുകളും ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. എന്നാൽ അവ സംരക്ഷിക്കാനും ജലസേചനത്തിന് ഉപയോഗിക്കാനും കഴിയാതെ വരുന്നുണ്ട്. ഇത്തരം ജലാശയങ്ങൾ കൈയ്യേറി നികത്തി കരഭൂമിയാക്കിയ അനുഭവം നിരവിയാണ്.

**പഞ്ചായത്തിലെ ജലാശയങ്ങളുടെ സ്ഥിതിവിവരം**

| നമ്പർ | പേര് | വാർഡ് | ജലസ്ഥിതി | ഉപയോഗ ക്ഷമത | നിജസ്ഥിതി |
|---|---|---|---|---|---|
| 1 | കറുഞ്ചാൽ | 1,2,5 | വർഷം മുഴുവൻ | ഉപയോഗയോഗ്യം | സംരക്ഷണമില്ല |
| 2 | ഇണ്ടത്തുചാൽ | 9 | വർഷം മുഴുവൻ | ഉപയോഗയോഗ്യം | സംരക്ഷണമില്ല |
| 3 | തെക്കേച്ചാൽ | 9 | വർഷം മുഴുവൻ | ഉപയോഗയോഗ്യം | സംരക്ഷണമില്ല |
| 4 | വെൺമേലിൽ ചാൽ | 1 | വർഷം മുഴുവൻ | ഉപയോഗയോഗ്യം | സംരക്ഷണമില്ല |
| 5 | പൂവെള്ളയിൽ ചാൽ | 7 | – | ഉപയോഗശൂന്യം | നികത്തി |
| 6 | പാരിപ്പള്ളിൽ കുളം | 1 | വർഷം മുഴുവൻ | ഉപയോഗശൂന്യം | സംരക്ഷണമില്ല |
| 7 | വെമ്പനാട്ടുകുളം | 1 | ഭാഗികം | ഉപയോഗയോഗ്യം | ഭിത്തിനിർമ്മിച്ചിട്ടുണ്ട് |
| 8 | കോയിക്കൽകുളം | 1 | വർഷം മുഴുവൻ | ഉപയോഗയോഗ്യം | സംരക്ഷണമില്ല |
| 9 | പായിക്കാട്ടു കുളം | 1 | – | ഉപയോഗശൂന്യം | നികത്തി |
| 10 | ചേനങ്ങാട്ടു കുളം | 7 | വർഷം മുഴുവൻ | ഉപയോഗശൂന്യം | ഭിത്തികെട്ടിയിട്ടുണ്ട് |
| 11 | ഗണപതികുളം | 7 | വർഷം മുഴുവൻ | ഉപയോഗയോഗ്യം | ഭിത്തികെട്ടിയിട്ടുണ്ട് |
| 12 | മടന്തക്കുളം | 6 | – | ഉപയോഗശൂന്യം | നികത്തി |
| 13 | രണ്ടുകുളം | 6 | – | ഉപയോഗശൂന്യം | നികത്തി |
| 14 | ക്ഷേത്രക്കുളം | 6 | വർഷം മുഴുവൻ | ഉപയോഗശൂന്യം | സംരക്ഷണം ഉണ്ട് |
| 15 | വഴിയമ്പലക്കുളം | 5 | വർഷം മുഴുവൻ | ഉപയോഗയോഗ്യം | ഭിത്തികെട്ടിയിട്ടുണ്ട് |

ചെറുതും വലുതുമായ നീരൊഴുക്കുതോടുകൾ ഈ പഞ്ചായത്തിൽ നിരവധിയുണ്ട്. കൃഷിഭൂമിയുടെ സംരക്ഷണത്തിന് ഈ തോടുകൾ അനിവാര്യമാണ്. എന്നാൽ പല നീരൊഴുക്കുതോടുകളും കയ്യേറി നികത്തി സ്വന്തം ഭൂമിയോടു ചേർക്കാൻ നാട്ടുകാരിൽ ചിലർ തയ്യാറായത് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും കൃഷിയെ ദോഷകരമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്.

### പ്രധാന നീരൊഴുക്കുതോടുകൾ

| പേര് | | വാർഡ് | നീളം |
|---|---|---|---|
| 1 | കുരിശുംമൂട്-കല്ലുപാലം-കറുഞ്ചാൽ തോട് | 1 | 1500 മീറ്റർ |
| 2 | കുറുഞ്ചാൽ-താണാമുട്ടം ഏലാതോട്ട് | 1 | 585 മീറ്റർ |
| 3 | ചോതിക്കുളം-പുറ്റിൽപാട് തോട് | 2 | 760 മീറ്റർ |
| 4 | കിടാരത്തിൽ പ്പടി-കല്ലൂരേത്ത് പടി തോട് | 4 | 1500 മീറ്റർ |
| 5 | കൊമ്പുക്കൽ ഏലാ-എഴിയത്ത് തോട് | 9 | 760 മീറ്റർ |
| 6 | കൊമ്പുക്കൽ കലുങ്ക്-എഴിയത്ത് തോട് | 9 | 720 മീറ്റർ |





# മരങ്ങൾ നാടിന്റെ സമ്പത്ത്




# 5

# വികസനമേഖലകളുടെ അവലോകനം

# 5-1.A

# കൃഷിയും ജലസേചനവും

അച്ചൻകോവിലാറിന്റെ വടക്കേതീരത്ത് സ്ഥിതിചെയ്യുന്ന കുന്നുകളും താഴ്വരകളും സമതലങ്ങളും വിശാലമായ നെൽവയലുകളും ഉൾച്ചേർന്ന ഒരു ഭൂപ്രദേശമാണ് ഓമല്ലൂർ പഞ്ചായത്ത്. ഭൂരിപക്ഷം ആളുകളും കാർഷിക വൃത്തിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. പൊതുവെ ഫലഭൂയിഷ്ടമായ ഭൂപ്രദേശമാണ് ഇവിടെയുള്ളത്. നദീജലവും നീരൊഴുക്കുതോടുകളും ധാരാളമായുണ്ടെങ്കിലും വേനൽക്കാലത്ത് അവയെ ആശ്രയിക്കാനില്ല.

ഭൂഉടമസ്ഥരായ ഭൂരിപക്ഷമാളുകളും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ഇതിൽതന്നെ ഏറിയപങ്കും 50 സെന്റിൽ താഴെ ഭൂമിയുള്ള ചെറുകിട-നാമമാത്ര കർഷകരാണ്. ഭൂഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ പട്ടിക-1ൽ ചേർക്കുന്നു.

പട്ടിക 1

| നമ്പർ | ഭൂപരിധി | ഭൂഉടമകളുടെ എണ്ണം |
|---|---|---|
| 1 | 10 സെന്റിനു താഴെ ഭൂമിയുള്ളവർ | 1088 |
| 2 | 10-25 സെന്റിന് മദ്ധ്യേ | 2580 |
| 3 | 25-50 സെന്റിന് മദ്ധ്യേ | 2142 |
| 4 | 50-1 ഏക്കറിനു മദ്ധ്യേ | 1086 |
| 5 | 1-2 ഏക്കറിനു മദ്ധ്യേ | 447 |
| 6 | 2-5 ഏക്കറിന് മദ്ധ്യേ | 240 |
| 7 | 5 ഏക്കറിനു മേൽ | 5 |

വഴികൾ, നീരൊഴുക്കുതോടുകൾ, വെള്ളക്കെട്ടുകൾ, പാറക്കെട്ടുകൾ തുടങ്ങിയവ ഒഴിവാക്കിയാൽ 95% ഭൂമിയും കൃഷിക്ക് ഉപയുക്തമാണ്. വീടുകൾ, തൊഴുത്ത്, ദേവാലയങ്ങൾ, വിദ്യാലയ

## വളപ്രയോഗം, സംരക്ഷണം

ഈ പഞ്ചായത്തിലെ കർഷകർ വ്യാപകമായി രാസവളങ്ങളും ജൈവവളങ്ങളും ഉപയോഗിച്ചുവരുന്നു. ഫാക്ടംഫോസ്, പൊട്ടാഷ്, യൂറിയാ, മിക്സ്ച്ചറുകൾ തുടങ്ങിയ രാസവളങ്ങൾ ഏജൻസികൾ വഴിയും സഹകരണ ഡിപ്പോകളിലൂടെയും പഞ്ചായത്തിലൊട്ടാകെ ലഭ്യമാണ്. എല്ലുപൊടി, കൊഞ്ചുപൊടി തുടങ്ങിയ ജൈവവളങ്ങളുടെ ഉപഭോഗം കുറഞ്ഞുകൊണ്ടിരിക്കയാണ്. ചാണകവും ചാരവും കുറയൊക്കെ ഉപയോഗിക്കുന്നുണ്ട്. പച്ചിലവളങ്ങളുടെ ഉപയോഗം നാമമാത്രമാണ്.

എല്ലാത്തരം കൃഷികൾക്കും രോഗബാധ സർവ്വസാധാരണമാണ്. വിത്തിൽ തുടങ്ങി വിളയിൽവരെ ഇത് എത്തി നിൽക്കുന്നു. കീടബാധയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധകാണിക്കാതെ കൃഷി ഉപേക്ഷിച്ചുപോകുന്ന പ്രവണതയാണ് കർഷകർ കാണിക്കുന്നത്. നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് കീടബാധ കൂടുതലായി കണ്ടുവരുന്നത്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലോ ശാസ്ത്രീയ രീതിയോ പരിഗണിക്കാൻ കർഷകർ തയ്യാറാവുന്നില്ല.

രാസവളങ്ങളും കീടനാശിനികളും കൂടുതലായി പ്രയോഗിക്കുന്നതു മൂലമുണ്ടാകുന്ന പരിസ്ഥിതിപ്രശ്നം വളരെ ഗൗരവതരമാണ്. മണ്ണുപരിശോധനാ സംവിധാനം വേണ്ടത്ര ഇല്ലാത്തതിനാൽ ഈ ദോഷഫലങ്ങൾ വെളിപ്പെടുത്താൻ കഴിയുന്നില്ല. മണ്ണിന്റെ ഗുണനിലവാരത്തെ മാത്രമല്ല മനുഷ്യന്റെ ആരോഗ്യത്തെയും ഇത് സാരമായി ബാധിക്കുന്നു. ഇതിന്റെ ഭാഗമായി ഭക്ഷ്യവസ്തുക്കളിൽ കലരുന്ന വിഷാംശം ആരോഗ്യരംഗത്ത് കടുത്ത ഭീഷണി ഉയർത്തുന്നുണ്ട്.

## കൃഷിഭവൻ

1987 അവസാനമാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. ഒരു കൃഷി ആഫീസറും കൃഷി അസിസ്റ്റന്റുമാരും മറ്റു ജീവനക്കാരുമുള്ള കൃഷിഭവന്റെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമാണെന്ന് പറയാൻ വയ്യ. സർക്കാർ ആവിഷ്കരിക്കുന്ന സ്കീമുകൾ നടപ്പിലാക്കുക എന്ന യാന്ത്രികമായ ജോലിയാണ് ഇന്ന് കൃഷിഭവൻ വഴി നടക്കുന്നത്. 1987–90 കാലത്ത് നടപ്പാക്കിയ ഗ്രൂപ്പ്ഫാമിങ്ങ് കാർഷികരംഗത്ത് ഗുണപരമായ മാറ്റങ്ങൾ വരുത്തിയിരുന്നു. പിന്നീട് ഈ പരിപാടി തുടരാൻ കഴിഞ്ഞിട്ടില്ല. കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന വിവിധ ഇനം വിത്തിനങ്ങളും തൈകളും വേണ്ടത്ര ഗുണനിലവാരം പുലർത്താതിരിക്കുന്നതിന്റെ കാരണം കണ്ടുപിടിക്കേണ്ടതാണ്. കർഷകപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും ഉൾപ്പെടുന്ന കാർഷികവികസനസമിതി ഫലപ്രദമായി പ്രവർത്തിക്കാൻ കഴിഞ്ഞ നാളുകളിൽ സർക്കാർ ശ്രദ്ധിച്ചിട്ടില്ല. ഇപ്പോൾ ഈ സമിതി പുനസംഘടിപ്പിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പുതിയ പഞ്ചായത്ത് രാജ് നിയമത്തിൽ കൃഷിഭവന്റെ മേൽനോട്ടം പഞ്ചയാത്തിനെ അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രായോഗിക രംഗത്ത് ഇനിയും അത് നടപ്പിലാവേണ്ടിയിരിക്കുന്നു.

## തൊഴിൽ ലഭ്യത

കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. തൊഴിലവസരങ്ങൾ ഇല്ലാത്തതുമൂലമല്ല ഇപ്രകാരം സംഭവിക്കുന്നത്. കൂടുതൽ ആദായകരമായ ജോലി മറ്റു രംഗങ്ങളിൽ ഉള്ളതു കാരണം തൊഴിലാളികൾ അവിടേക്ക് കൂടുതൽ ശ്രദ്ധിക്കുന്നു. കെട്ടിട നിർമ്മാണം, തടിലോഡിങ്, റോഡ് നിർമ്മാണം

തുടങ്ങിയ മേഖലകളിൽ കൂടുതൽ കൂലി ലഭിക്കുന്നുണ്ട്. പരമ്പരാഗതമായി പാടത്തും പറമ്പിലും പണിയെടുത്തുവന്നിരുന്ന തൊഴിലാളി കുടുംബങ്ങളിലെ പുതിയ തലമുറയിൽപ്പെട്ടവർ കാർഷിക തൊഴിലാളികളാവാൻ വിമുഖത കാട്ടുന്നതായും അനുഭവപ്പെടുന്നുണ്ട്. തൊഴിലാളികളുടെ ദൗർലഭ്യം കൃഷിപ്പണിയെ സാരമായി ബാധിക്കുന്നുണ്ട്.

ഈ കുറവു പരിഹരിക്കാൻ യന്ത്രവല്ക്കരണം ഒരു പരിധിവരെ ആവശ്യമാണ്. ട്രാക്ടർ, ടില്ലർ തുടങ്ങിയവ കുറഞ്ഞ ചെലവിൽ കർഷകർക്ക് ലഭ്യമാക്കാൻ കഴിയണം.

പട്ടിക – 3

**തൊഴിലാളികളുടെ ലഭ്യത വാർഡുതലത്തിൽ**

| വാർഡ് | I | II | III | IV | V | VI | VII | VIII | IX |
|---|---|---|---|---|---|---|---|---|---|
| പുരുഷൻ | 40 | 25 | 140 | 40 | 40 | 30 | 80 | 30 | 20 |
| സ്ത്രീ | 20 | 10 | 80 | 20 | 20 | 15 | 40 | 15 | 10 |

പട്ടിക – 4

**ഉരുക്കളും ഉപകരണങ്ങളും**

| ഉഴവുകാള/പോത്ത് | ട്രാക്ടർ | ടില്ലർ | സ്പ്രെയർ | പമ്പുസെറ്റ് |
|---|---|---|---|---|
| 40 | 1 | 2 | 15 | 83 |

ട്രാക്ടർ, ടില്ലർ, സ്പ്രെയർ, പമ്പുസെറ്റ് തുടങ്ങിയവ വാങ്ങാൻ കൃഷിഭവൻ വഴി ധനസഹായം നല്കുന്നുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്താൻ ഭൂരുപക്ഷം കർഷകരും തയ്യാറാവുന്നില്ല.

## പാടശേഖര – കേരകർഷക സമിതികൾ

കൃഷിഭവന്റെ മേൽനോട്ടത്തിൽ ഈ പഞ്ചായത്തിൽ 6 പാടശേഖര സമിതികൾ പ്രവർത്തിക്കുന്നു. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ കൂട്ടായി കൈകാര്യം ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം. എന്നാൽ പല സമിതികളും വേണ്ടത്ര കാര്യക്ഷമമല്ല. എല്ലാ സമിതികളിലും കൂടി ആകെ 452 മെമ്പർമാരുണ്ട്. ഓമല്ലൂരിലെ ഭൂരിപക്ഷം വരുന്ന കേരകർഷകരും അംഗങ്ങളായുള്ള ഒരു കേരകർഷക സമിതി രൂപീകരിച്ച് 1993 മുതൽ പ്രവർത്തനം നടത്തിവരുന്നുണ്ട്. കർഷകർക്കുള്ള ആനുകൂല്യങ്ങൾ ഫലപ്രദമായി വിതരണം ചെയ്യാനും അവരുടെ പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരകളുടെ ശ്രദ്ധയിൽപ്പെടുത്താനും ഈ സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

പട്ടിക – 5

**പാടശേഖരങ്ങളും വിളക്രമങ്ങളും**

| നമ്പർ | പാടശേഖരത്തിന്റെ പേര് | വിസ്തീർണ്ണം | വിളകൾ |
|---|---|---|---|
| 1 | പടിഞ്ഞാറേമുണ്ടകൻ ഏലാ | 40 ഹെക്ടർ | നെല്ല് പച്ചക്കറി |
| 2 | കിഴക്കേമുണ്ടകൻ ഏലാ | 30 ഹെക്ടർ | നെല്ല് പയർവർഗ്ഗങ്ങൾ |
| 3 | ചേറ്റൂർ ഏലാ | 10 ഹെക്ടർ | നെല്ല് കരിമ്പ് |
| 4 | മണ്ണാറമല ഏലാ | 30 ഹെക്ടർ | നെല്ല് വാഴ, പച്ചക്കറി |
| 5 | പള്ളം പുത്തൻപീടിക | 10 ഹെക്ടർ | നെല്ല്, വാഴ പയർവർഗ്ഗങ്ങൾ |
| 6 | കുളക്കട ഏലാ | 30 ഹെക്ടർ | നെല്ല്, വാഴ പച്ചക്കറി |

## പ്രശ്നങ്ങൾ

ഭക്ഷ്യവിളകൾ കൃഷിചെയ്തുവന്നിരുന്ന ഭൂമി നാണ്യവിളകൾ കൈയ്യടക്കിയതിനാൽ ഭക്ഷ്യോ

ല്പാദനം കുറഞ്ഞു. വയലുകൾ നികത്തുന്നതു കാരണം നെല്ലുല്പാദനവും കുറഞ്ഞു.

വർഷകാലത്തു മാത്രം വെള്ളം കിട്ടുന്ന ഭൂമിയാണ് ഏറിയകൂറും ഈ പഞ്ചായത്തിലുള്ളത്. 25 വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ച ഓമല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി താറുമാറായിക്കിടക്കുന്നതു മൂലം കരഭൂമിയിലും പാടത്തും കൃഷിപ്പണിക്ക് സമയത്ത് വെള്ളം ലഭിക്കുന്നില്ല. ഈ പദ്ധതിയാണെങ്കിൽ ആറ്ററികം, പന്ന്യാലിയുടെ പടിഞ്ഞാറു ഭാഗം, കിഴക്കേമുണ്ടകൻ ഏലാ എന്നിവിടങ്ങളിൽ മാത്രം പ്രയോജനം ചെയ്യുന്നതാണ്.

മണ്ണുപരിശോധിച്ച് ഫലം കർഷകരെ അറിയിക്കാത്തതിനാൽ അശാസ്ത്രീയമായി നടത്തുന്ന വളം--കീടനാശിനി പ്രയോഗങ്ങൾ മണ്ണിന്റെ ഗുണത്തെയും പരിസ്ഥിതിയെയും പ്രതികൂലമായി ബാധിക്കുന്നു.

തൊഴിൽ മേഖലയിൽ കൂടുതൽ വരുമാനമുള്ള ജോലികൾ തേടി കർഷകതൊഴിലാളികൾ പോകുന്നതിനാൽ കൃഷിപ്പണിക്ക് തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നു. കർഷകതൊഴിലാളികളുടെ ഇടയിൽ കൃഷിയോട് ആഭിമുഖ്യം കുറഞ്ഞുവരുന്നു.

രാസവളങ്ങളുടെ വിലവർദ്ധനവ് കർഷകർക്ക് കൂടുതൽ സാമ്പത്തികഭാരം വരുത്തിവയ്ക്കുന്നു. സമീപകാലത്ത് കേന്ദ്രസർക്കാർ ചില ഇനം വളങ്ങളുടെ വില കുറച്ചത് ആശ്വാസകരമാണ്.

കൃഷി ആദായകരമാവുന്നില്ല എന്നത് കൃഷിയോടുള്ള ആഭിമുഖ്യം കുറയാൻ കാരണമാകുന്നുണ്ട്. വിളകൾ വിറ്റഴിക്കുന്നതിൽ കർഷകനെക്കാൾ ആദായമുണ്ടാക്കുന്നത് ഇടനിലക്കാരാണ്. കാർഷികോല്പന്നങ്ങളുടെ സംഭരണത്തിന് സംവിധാനമില്ലാത്തതും പ്രശ്നമാണ്.

ജലാശയങ്ങൾ, കുളങ്ങൾ, നീരൊഴുക്കുകൾ എന്നിവ നികത്തുന്ന പ്രവണത കാർഷികമേഖലയിൽ അപകടകരമായ സ്ഥിതി വരുത്തിവയ്ക്കുന്നുണ്ട്. ഇതിനെതിരെ കർശനമായ നടപടി ഉണ്ടാവണം.

### നിർദ്ദേശങ്ങൾ

1. അച്ചൻകോവിലാറ്റിൽ നാലോ അഞ്ചോ തടയണകൾ (ചെക്ക് ഡാം) നിർമ്മിച്ച് ജല ലഭ്യത ഉറപ്പുവരുത്തുക.
2. പമ്പാ ഇറിഗേഷൻ പദ്ധതിയുടെയോ കല്ലട പദ്ധതിയുടെയോ കനാലുകൾ ഈ പഞ്ചായത്തു പ്രദേശത്തു കൂടി സ്ഥാപിക്കുക.
3. ഓമല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അറ്റകുറ്റപ്പണികൾ നടത്തി കാര്യക്ഷമമാക്കുക.
4. നിലവിലുള്ള കുളങ്ങൾ, ചാലുകൾ എന്നിവ ഭിത്തികെട്ടി സംരക്ഷിക്കുകയും അവയോടനുബന്ധിച്ച് പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കുകയും ചെയ്യുക.
5. അച്ചൻകോവിലാറിന്റെ തീരങ്ങളിൽ തിട്ടയിടിച്ചിൽ ഏറ്റവും രൂക്ഷമായ ചിലഭാഗങ്ങളെങ്കിലും ഭിത്തികെട്ടി സംരക്ഷിക്കുക.
6. കുന്നിൻ പ്രദേശങ്ങളിൽ പ്രകൃതിജലം സംരക്ഷിക്കാൻ സംഭരണികൾ നിർമ്മിക്കുക.
7. മണ്ണൊലിപ്പു തടയാൻ ഈടി കയ്യാലകൾ നിർമ്മിക്കുക. ഓരോ പുരയിടങ്ങളിലും പ്രകൃതിജലം സംഭരിക്കാൻ സംവിധാനമുണ്ടാക്കുക.
8. ശാസ്ത്രീയമായ മണ്ണുഗവേഷണത്തിന്റെ ഫലങ്ങളെപ്പറ്റി കർഷകരെ ബോധവല്ക്കരിക്കുക.

9. അശാസ്ത്രീയമായ വളം – കീടനാശിനി പ്രയോഗങ്ങളുടെ ദോഷത്തെപ്പറ്റി കർഷകരെ പഠിപ്പിക്കുക.

10. പച്ചില – കമ്പോസ്റ്റ് വളങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുക.

11. നിലം നികത്തലിനും വെള്ളക്കെട്ടുകൾ സൃഷ്ടിക്കുന്നതിനുമെതിരെ കർശനമായ നടപടി സ്വീകരിക്കുക.

12. ഗ്രൂപ്പ്ഫാമിങ് നെല്ലിനും തെങ്ങിനും വ്യാപകമായി നടപ്പാക്കുക.

13. നഴ്സറികൾ എല്ലാ കർഷിക വിളകൾക്കും വ്യാപകമായി സ്ഥാപിക്കുക.

14. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും വിവിധ ഇനം തൈകളും കാലാകാലങ്ങളിൽ കർഷകർക്ക് വിതരണം ചെയ്യുക. ഇവ ഉല്പാദിപ്പിക്കാനുള്ള നഴ്സറികൾ കർഷക സമിതികളുടെ മേൽനോട്ടത്തിൽ പ്രവർത്തിപ്പിക്കുക.

15. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാനാവശ്യമായ വിപണന സംവിധാനം ഉണ്ടാക്കുക.

16. പച്ചക്കറികൃഷിക്ക് ഈ പഞ്ചായത്തിൽ വമ്പിച്ച സാദ്ധ്യതകളുണ്ട്. ഇതിനാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുക.

17. വിള ഇൻഷുറൻസ് പദ്ധതി വ്യാപകമായും കാര്യക്ഷമമായും നടപ്പാക്കുക.

18. കർഷകരെ പ്രോത്സാഹിപ്പിക്കാൻ അവാർഡുകളും സ്വീകരണങ്ങളും ഏർപ്പെടുത്തുക. കൃഷി അഭിമാനകരമായ തൊഴിലാണെന്നുള്ള ബോധം പുതിയ തലമുറക്ക് ലഭിക്കാനാവശ്യമായ ബോധവൽക്കരണം നടത്തുക.





5-1.B

# മൃഗസംരക്ഷണം മൽസ്യബന്ധനം

## മൃഗസംരക്ഷണം

ഓമല്ലൂർ പഞ്ചായത്തിൽ 80% വീടുകളിലും ജന്തുസംരക്ഷണം ചെറിയതോതിലെങ്കിലും നടത്തപ്പെടുന്നതായി സർവ്വെയിൽ കണ്ടെത്തിയിട്ടുണ്ട്. പശു, എരുമ, ആട് എന്നിവയാണ് കൂടുതലായി വളർത്തുന്നത്. മുൻകാലങ്ങളിൽ ഉഴവുകാളകളെയും പോത്തുകളെയും ധാരാളമായി നമ്മുടെ നാട്ടുകാർ വളർത്തിയിരുന്നു. ഇപ്പോൾ ഇവയുടെ സംരക്ഷണം നാമമാത്രമാണ്. കോഴിവളർത്തൽ സംഘടിതമായി നടത്തുന്ന യൂണിറ്റുകൾ കുറവാണെങ്കിലും നാടൻ ഇനത്തിൽപ്പെട്ട കോഴികൾ മിക്ക വീടുകളിലും നാലഞ്ചെണ്ണമെങ്കിലും ഉണ്ടെന്നു കാണാം. പന്നിവളർത്തൽ യൂണിറ്റ് ഒരെണ്ണം പ്രവർത്തിക്കുന്നുണ്ട്.

കാർഷികരംഗത്ത് യന്ത്രവൽക്കരണം നടപ്പായിതുടങ്ങിയതോടെ ഉഴവുകാളകൾ, പോത്തുകൾ എന്നിവയുടെ എണ്ണത്തിൽ കുറവു സംഭവിച്ചു. ഇതേകാരണത്താൽ തന്നെ കാളവണ്ടികളുടെയും കാളകളുടെയും എണ്ണവും കുറഞ്ഞു. മുൻകാലങ്ങളിൽ താറാവ് വളർത്തൽ ഉണ്ടായിരുന്നെങ്കിലും ഇന്ന് അത് തീരെ ഇല്ലാത്ത് സ്ഥിതിയാണ്. നായ്, പൂച്ച, വിനോദത്തിനായുള്ള പക്ഷികൾ മുതലായവയും വളർത്തപ്പെടുന്നുണ്ട്.

വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും എണ്ണത്തിൽ കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ വന്ന വ്യത്യാസം ചുവടെ ചേർക്കുന്നു.

പട്ടിക –1

| മൃഗങ്ങളുടെ ഇനം | വർഷം | |
|---|---|---|
| | 1990 | 1995 |
| കറവമാടുകൾ (പശു/എരുമ) | 1250 | 1600 |
| ഉഴവ്/വണ്ടി മാടുകൾ | 300 | 40 |
| ആട് | 1700 | 2250 |
| നാടൻ കോഴികൾ | 8000 | 12000 |
| താറാവ് | – | – |
| കോഴിവളർത്തൽ യൂണിറ്റുകൾ | ലഭ്യമല്ല | 4 |
| മറ്റ് ജന്തുക്കൾ (നായ്, പൂച്ച, പക്ഷികൾ) | 6000 | 8000 |
| പന്നിവളർത്തൽ യൂണിറ്റ് | 2 | 1 |

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി 1993ൽ ഉത്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ചു. മിനി സ്റ്റേഡിയത്തിന് സമീപത്ത് സ്വന്തം സ്ഥലത്ത് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിക്കുന്നത്. സീനിയർ വെറ്ററിനറി സർജൻ–1, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ–1, അറ്റന്റർ–1, പാർട്ട് ടൈം സ്വീപ്പർ–1 എന്നിവരാണ് ഇവിടെ പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും ധാരാളം പേർ കന്നുകാലി ചികിത്സയ്ക്കായി ഈ സ്ഥാപനത്തെ പ്രയോജനപ്പെടുത്തുന്നുണ്ട്. ഈ പഞ്ചായത്തിൽ വാഴമുട്ടത്ത് പത്തനംതിട്ട മേഖലാ ബീജസങ്കലന കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ഉപകേന്ദ്രം (ICDP സബ്സെന്റർ) ഉണ്ട്.

ഓമല്ലൂർ മൃഗാശുപത്രിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിൽ 1995 വർഷത്തിൽ 550 പശുക്കൾക്കും 8 എരുമകൾക്കും ക്രിതൃമബീജസങ്കലനം നടത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിൽ 1995ൽ പേവിഷബാധയ്ക്കെതിരായ കുത്തിവയ്പ് 125 വളർത്തുനായ്ക്കൾക്ക് നല്കിയിട്ടുണ്ട്. നായുടെ കടി ഏറ്റ 15 പശുക്കൾക്കും കുത്തിവയ്പ് നടത്തി. ഈ പഞ്ചായത്തിൽ വളർത്തുന്നതും അല്ലാത്തതുമായ ഭൂരിപക്ഷം നായ്ക്കൾക്കും പേ വിഷബാധയ്ക്കെതിരായ കുത്തിവയ്പ് നടത്താൻ കഴിയാത്തതിനെ ഗൗരവമായി കാണണം. നായ്ക്കളെ രജിസ്റ്റർ ചെയ്യാനും കുത്തിവയ്പ് നടത്താനും ഉടമസ്ഥരായ നാട്ടുകാർ തയ്യാറാവാതിരിക്കുന്നത് പ്രധാനകാരണമാണ്.

ഉപജീവനത്തിനുവേണ്ടി പൂർണ്ണമായും ആശ്രയിക്കാവുന്ന ഒരു തൊഴിലായി മൃഗസംരക്ഷണം വളർന്നിട്ടില്ല. ഭക്ഷ്യാവശ്യം നിറവേറ്റാൻ വേണ്ടി പാലും മുട്ടയും ഉല്പാദിപ്പിക്കണമെന്നും കൃഷിഭൂമിയിൽ ചാണകം ലഭിക്കണമെന്നും മാത്രം ചിന്തിച്ച് പശുവിനെയും കോഴികളെയും മറ്റും വളർത്തുന്നവരാണ് നാട്ടുകാരിൽ ഭൂരിപക്ഷവും. പാല്, മുട്ട തുടങ്ങിയ ഉല്പന്നങ്ങളുടെ വിപണനം, ഇവ ഉപയോഗിച്ചുള്ള ചെറുകിട വ്യവസായങ്ങൾ എന്നീ രംഗങ്ങളിലേക്ക് കടന്നു ചിന്തിക്കുന്നില്ല. മൃഗസംരക്ഷണ ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ ഉല്പന്നങ്ങൾ വേണ്ടത്ര ലാഭകരമല്ലെന്ന അഭിപ്രായക്കാരുമുണ്ട്.

ശാസ്ത്രീയ കന്നുകാലി വളർത്തൽ ഊർജ്ജ പ്രതിസന്ധിക്കു പരിഹാരം കാണാൻ സഹായകമാണ്. ഗോബാർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പാചകഗ്യാസ് ഉല്പാദിപ്പിച്ച് ഗാർഹികാവശ്യം നിറവേറ്റാൻ കഴിയും. കുറെയൊക്കെ വെളിച്ചവും ലഭ്യമാവുന്നതാണ്. ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കാൻ സബ്സിഡി ഉണ്ടായിട്ടും ഈ പഞ്ചായത്തിൽ ആകെ 24 പ്ലാന്റുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്.

പന്നിവളർത്തൽ ലാഭകരമായി നടത്താൻ കഴിയുന്നതാണ്. എന്നാൽ ഈ പഞ്ചായത്തിൽ സം

ഘടിതമായി പന്നികളെ വളർത്തുന്ന രണ്ടു യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നതിൽ ഒരെണ്ണം മാത്രമെ ഇപ്പോൾ നിലവിലുള്ളു. പരിസ്ഥിതിപ്രശ്നങ്ങൾ ഉണ്ടാവാത്ത രീതിയിൽ ശാസ്ത്രീയമായി ഈ യൂണിറ്റുകൾ നടത്താൻ കഴിയണം. കാറ്ററിംഗ് വ്യവസായം വളർന്നുവരുന്ന ഈ പഞ്ചായത്തിൽ ആട്, മാട്, കോഴി എന്നിവയുടെ മാംസ്യം കൂടുതൽ ഉല്പാദിപ്പിക്കാൻ 'ശ്രമം' നടന്നില്ല.

### സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

1. മൃഗാശുപത്രിയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുക, വാർഡടിസ്ഥാനത്തിൽ സബ് സെന്ററുകൾ സ്ഥാപിക്കുക, മൃഗാശുപത്രിയിൽ കൂടുതൽ മരുന്നുകൾ ലഭ്യമാക്കുക.
2. ക്ഷീരവികസനത്തിന് നല്ല സാദ്ധ്യതകൾ ഓമല്ലൂരിലുണ്ട്. നിലവിലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ വിപണനം മെച്ചപ്പെടുത്താം. ഇപ്പോൾ ക്ഷീരസംഘങ്ങളില്ലാത്ത മുള്ളനിക്കാട്, വാഴമുട്ടം, പുത്തൻപീടിക, ചീക്കനാൽ പ്രദേശങ്ങളിൽ പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
3. പ്രാദേശികവിഭവങ്ങൾകൊണ്ട് ഉല്പാദനം നടത്താൻ കഴിയുന്ന ഒരു കാലിത്തീറ്റ വ്യവസായ യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കണം. സഹകരണമേഖലയിലാണെങ്കിൽ ഏറ്റവും നല്ലത്.
4. തീറ്റപ്പുൽ കൃഷി വ്യാപകമായ തോതിൽ പ്രചരിപ്പിക്കുക. ആദായകരമായ ഈ കൃഷി ചെയ്യാൻ കൃഷിഭവൻ വഴിയുള്ള ധനസഹായം വർദ്ധിപ്പിക്കുക.
5. വാർഡുകൾ തോറും കോഴിക്കുഞ്ഞുങ്ങളെ വളർത്താൻ പൗൾട്രീഫാമുകൾ ആരംഭിക്കുക.
6. കൃത്രിമബീജസങ്കലന കേന്ദ്രങ്ങൾ എല്ലാ വാർഡിലും സ്ഥാപിക്കുക.
7. ആധുനികരീതിയിലുള്ള അറവുശാല സ്ഥാപിച്ച് ശുദ്ധമായ മാംസവിപണന സൗകര്യം ഉറപ്പാക്കുക.
8. കാലിവളർത്തലിനും കോഴിവളർത്തലിനും കൂടുതൽ ഉദാരമായ വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്തുത.
9. പഞ്ചായത്തുതലത്തിൽ പക്ഷി മൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക.
10. കർഷകപ്രതിനിധികൾ പഞ്ചായത്തു മെമ്പർമാർ തുടങ്ങിയവരെ ഉൾക്കൊള്ളിച്ച് മൃഗാശുപത്രി വികസനസമിതി രൂപീകരിച്ച് പ്രവർത്തിക്കുക.

## മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ സംഘടിത മത്സ്യവളർത്തൽ ഇപ്പോൾ നടക്കുന്നില്ല. ഏതാനും വർഷങ്ങൾക്കുമുമ്പ് പഞ്ചായത്തു വകയായ രണ്ട് കുളങ്ങൾ മത്സ്യവളർത്തലിന് പാട്ടത്തിന് കൊടുത്തിരുന്നു. സമുദ്രം, കായൽ, വിശാലമായ ജലാശയം എന്നിവയുടെ അഭാവമാണ് മത്സ്യബന്ധന രംഗത്തെ പിന്നോക്കാവസ്ഥയുടെ കാരണം. മത്സ്യവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന വിരലിൽ എണ്ണാവുന്ന ആളുകൾ ഈ പഞ്ചായത്തിലുണ്ട്.

പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്ന നദിയിലും തോടുകളിലും ചെറിയ ജലാശയങ്ങളിലും വളരുന്ന മത്സ്യം പിടിച്ച് നാട്ടുകാർ ഭക്ഷ്യാവശ്യത്തിന് ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തു വക ജലാശയങ്ങളിലെ മത്സ്യം പിടിച്ച് നാട്ടുകാർ ഭക്ഷ്യാവശ്യത്തിന് ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തു വക ജലാശയങ്ങളിലെ മത്സ്യം പിടിക്കാനുള്ള അവകാശം വർഷം തോറും ലേലത്തിൽ നല്കുക പതിവാണ്. ഇതിൽ നിന്നും ചെറിയ വരുമാനം പഞ്ചായത്തിന് ലഭിക്കുന്നുണ്ട്.

**ജലാശയങ്ങളിൽ നിന്നുള്ള വരുമാനം**

| ജലാശയങ്ങൾ | 1992 | 1993 | 1994 | 1995 | 1996 |
|---|---|---|---|---|---|
| കറുഞ്ചാൽ | 561-00 | 1010-00 | 1300-00 | 2001.00 | 4000-00 |
| ഇണ്ടത്തുചാൽ | 260-00 | 801-00 | 365-00 | 1551.00 | 1651-00 |
| തെക്കേച്ചാൽ | 25-00 | - | - | - | - |
| വെൺമേലിൽകുളം | - | 120-00 | 130-00 | 55-00 | 230-00 |
| വെമ്പനാട്ടുകുളം | 70-00 | - | - | - | - |

വർഷംതോറും ഉണ്ടാവാറുള്ള വെള്ളപ്പൊക്കങ്ങൾ മത്സ്യം വളർത്തലിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. പഞ്ചായത്തുവക ജലാശയങ്ങൾ കൂടുതലും നെൽപാടങ്ങളോടു ചേർന്നാണ്. കൃഷിവിളകൾക്ക് നല്കുന്ന അമിതമായ കീടനാശിനി പ്രയോഗം മൂലം വെള്ളത്തിൽ കലരുന്ന വിഷാംശം മത്സ്യങ്ങളുടെ വളർച്ചയ്ക്ക് ഹാനികരമാവുന്നുണ്ട്.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തുവക പൊതു ജലാശയങ്ങൾ ഭിത്തികെട്ടി സംരക്ഷിച്ച് അവയിൽ ശാസ്ത്രീയമായ മത്സ്യകൃഷി നടത്തുക.

2. മത്സ്യകൃഷി ഏറ്റെടുക്കാൻ വ്യക്തികൾക്കും സഹകരണസംഘങ്ങൾക്കും പ്രോത്സാഹനം നല്കുക. വ്യക്തികൾക്കാവശ്യമായ ധനസഹായം ലഭ്യമാക്കുക.

3. മത്സ്യരോഗങ്ങൾ സംബന്ധിച്ച് കൂടുതൽ പഠനം നടത്തി കർഷകരെ ബോധവല്ക്കരിക്കുക.

4. മത്സ്യവിപണനത്തിന് കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുക.



5-2.A

# വ്യവസായം

വ്യാവസായികമായി പിന്നോക്കം നില്ക്കുന്ന ഒരു പ്രദേശമാണ് ഓമല്ലൂർ. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ നിലവിലില്ല. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ നിരവധിയുണ്ട്. വൻകിടവ്യവസായമെന്നു പറയാവുന്നവ ഒരെണ്ണം മാത്രമാണ് ഇവിടെയുള്ളത്. വളരെ വർഷങ്ങൾക്കു മുമ്പു തന്നെ തുടക്കം കുറിക്കാൻ കഴിഞ്ഞെങ്കിലും വ്യവസായിക രംഗത്ത് കാര്യമായ നേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

1956-ൽ സ്ഥാപിതമായ ഓമല്ലൂർ ഖാദിഗ്രാമ വ്യവസായ സംഘം ഈ പഞ്ചായത്തിലെ ആദ്യത്തെ വ്യവസായ സ്ഥാപനമാണ്. നെയ്ത്ത്, നൂൽ നൂൽപ്പ്, തുകൽ ഉൽപ്പന്ന നിർമ്മാണം, സോപ്പുനിർമ്മാണം, ഗ്രാമീണ എണ്ണയാട്ട്, ബേക്കറിയൂണിറ്റ്, തേനീച്ചവളർത്തൽ എന്നീ മേഖലകളിലായി 200-ൽ പരം തൊഴിലാളികൾ ഒരു കാലത്ത് ഈ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്നു. സ്വന്തമായ മൂന്നര ഏക്കർ സ്ഥലവും കെട്ടിടങ്ങളുമുള്ള ഈ വ്യവസായ സ്ഥാപനം ഇന്ന് പ്രവർത്തന രഹിതമാണ്. പുത്തൻപീടികയിൽ പ്രവർത്തിച്ചു വന്നിരുന്ന ഒരു ഗ്ലൂക്കോസ് ഫാക്ടറിയും സ്പൈസസ് ഫാക്ടറിയും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

ചീക്കനാൽ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ജയ്ഹിന്ദ് ടെക്സ്റ്റൈൽസ് & ഓയിൽമിൽസ് എന്ന സ്ഥാപനമാണ് ഈ പഞ്ചായത്തിലെ പ്രധാന വ്യവസായ സ്ഥാപനം. ചീക്കനാൽ ഇൻഡസ്ട്രീസ് & ട്രേഡിങ് കമ്പിനി, റേച്ചൽ പവർലൂം ഫാക്ടറി എന്നിവയും ഈ സ്ഥാപനത്തിന്റെ ഭാഗമാണ്. 49 തൊഴിലാളികൾ ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ ഇല്ലാത്ത നിരവധി തൊഴിലാളികൾ ഇവിടെ ദിവസക്കൂലിക്ക് പണിയെടുക്കുന്നു. വിവിധ ഇനം തുണിത്തരങ്ങളും വെളിച്ചെണ്ണയും ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നു.

ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്ന റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ, പി.വി.സി. പൈപ്പു നിർമ്മാണയൂണിറ്റ്, ഓഫ്സെറ്റ് പ്രിന്റിങ് പ്രസ്സ്, സ്വിച്ച് ബോർഡ് നിർമ്മാണയൂണിറ്റ് എന്നിവ ഈ പഞ്ചായത്തിലുണ്ട്. പരമ്പരാഗത വ്യവസായങ്ങൾ കാര്യമായി ഈ പഞ്ചായത്തിൽ പ്രവർത്തനമില്ല. കുടിൽ വ്യവസാ

യങ്ങളുടെ കൂട്ടത്തിൽ രണ്ട് മെഴുകുതിരി നിർമ്മാണ യൂണിറ്റുകളും പല വീടുകളിലായി നിലവിലുള്ള പർപ്പടക നിർമ്മാണവുമാണ് നിലവിലുള്ളത്.

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത 'സുബല' എന്ന വനിതാ സൊസൈറ്റി ഒരു ഗാർമന്റ് വ്യവസായ യൂണിറ്റും തയ്യൽ പരിശീലനവും നടത്തുന്നുണ്ട്. കൂടാതെ ഈ പഞ്ചായത്തിൽ 4 തയ്യൽ യൂണിറ്റുകളും 2EPL കറിപൗഡർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്തിൽ 10 റൈസ്മില്ലുകൾ പ്രവർത്തിക്കുന്നു. ഇതിൽ 2 എണ്ണം ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നവയാണ്.

## പ്രധാന തൊഴിൽ മേഖലകൾ

1996-ലെ എലിജിബിൾ കപ്പിൾ സർവ്വെ പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 21089 ആണ്. ഇതിൽ വോട്ടവകാശമില്ലാത്തവർ 8589 പേരാണ്. ബാക്കിയുള്ള 12500 പേരിൽ തൊഴിലിന് അർഹതയുള്ളവരായി 10000 പേരുണ്ട്. വിവിധ മേഖലകളിലായി 7082 പേർ തൊഴിലെടുക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ നല്ല പങ്ക് സ്ത്രീകളാണ്.

ചെറുകിട ഇടത്തരം വ്യവസായങ്ങളിലും ഒരു വൻകിട വ്യവസായത്തിലുമായി ഉദ്ദേശം 500 പേർ മാത്രമാണ് തൊഴിലെടുക്കുന്നത്. കാർഷികമേഖലയിലും സർക്കാർ ആഫീസുകളിലും വിദ്യാലയങ്ങളിലുമാണ് ഭൂരിപക്ഷം പേരും ജോലിചെയ്യുന്നത്. കടകമ്പോളങ്ങളിൽ പണിയെടുക്കുന്ന ഒരു ചെറിയ വിഭാഗവുമുണ്ട്. കെട്ടിട നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന നൂറോളം കുടുംബങ്ങൾ ഉണ്ട്.

ഈ പഞ്ചായത്തിലെ പ്രധാന തൊഴിൽ മേഖലകളിൽ ഒന്നാണ് കാറ്ററിംഗ്. വിവാഹസദ്യകൾ, ടീപ്പാർട്ടികൾ എന്നിവ നടത്തുന്ന 50-ൽപ്പരം യൂണിറ്റുകളുമായി ബന്ധപ്പെട്ട് 500-ലധികം ആളുകൾ പണിയെടുക്കുന്നു. വിവാഹ സദ്യകൾ ഒരുക്കുന്നതിന് പേരുകേട്ട സ്ഥലമാണ് ഓമല്ലൂർ. ഒരാളിന്റെയോ ഒന്നിലധികം ആളുകളുടെയോ നേതൃത്വത്തിലും ഉടമസ്ഥതയിലും നടത്തുന്ന ഇത്തരം സ്ഥാപനങ്ങളെയാണ് കാറ്ററിംഗ് യൂണിറ്റുകൾ എന്ന് നിർവ്വചിച്ചിട്ടുള്ളത്. ഓമല്ലൂർ ക്ഷേത്രവും മറ്റ് ദേവാലയങ്ങളുമായി ബന്ധപ്പെട്ടാണ് ഈ യൂണിറ്റുകൾ കൂടുതലായി പ്രവർത്തിക്കുന്നത്.

തൊഴിൽ മേഖലയിൽ പുരുഷന്മാരുടെ എണ്ണം കൂടുതൽ കാണാമെങ്കിലും വ്യവസായ തൊഴിലാളികളിൽ ഏറിയ പങ്കും സ്ത്രീകളാണ്. വൻകിടവ്യവസായ യൂണിറ്റായ ജയ്ഹിന്ദ് ടെക്സ്റ്റൈൽസിലും നെല്ലു പുഴുക്കു വ്യവസായത്തിലും ഗാർമെന്റ് വ്യവസായത്തിലും ഭൂരിപക്ഷവും സ്ത്രീകളാണ് ജോലി ചെയ്യുന്നത്.

രജിസ്റ്റർ ചെയ്ത വ്യവസായ സ്ഥാപനങ്ങളിൽപ്പോലും ആകെ തൊഴിലാളികളുടെയും പുരുഷ-സ്ത്രീ തൊഴിലാളികളുടെയും കൃത്യമായ എണ്ണം വെളിപ്പെടുത്താതിരിക്കുന്ന സ്ഥിതിയാണുള്ളത്. ദ്വിതീയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച കണക്ക് താഴെ പട്ടികയിൽ ചേർക്കുന്നു

പട്ടിക - 1

ചെറുകിട വ്യവസായങ്ങൾ

| വ്യവസായം | യൂണിറ്റിന്റെ എണ്ണം | തൊഴിലാളികൾ | | |
|---|---|---|---|---|
| | | പുരു. | സ്ത്രീ | ആകെ |
| റബ്ബർ അധിഷ്ടിത വ്യവസായം | 2 | 4 | 6 | 10 |
| നെല്ലുപുഴുക്കിക്കുത്ത് വ്യവസായം | 6 | 12 | 30 | 42 |
| റൈസ് മില്ല് | 4 | 4 | 2 | 6 |
| എഞ്ചിനീയറിങ് വ്യവസായം | 5 | 25 | 2 | 27 |
| അലൂമിനിയം ഫേബ്രിക്കേഷൻ | 2 | 6 | - | 6 |
| മൊസേക്ക് ടൈൽസ് | 1 | 4 | - | 4 |
| പ്രിന്റിങ് പ്രസ്സ് | 4 | 5 | 5 | 10 |
| ഓഫ്സെറ്റ് പ്രിന്റിങ് | 1 | 3 | 2 | 5 |
| തടിവ്യവസായം | 2 | 4 | - | 4 |
| സോഡാനിർമ്മാണം | 4 | 4 | - | 4 |
| ബേക്കറി യൂണിറ്റ് | 2 | 3 | - | 3 |
| P.V.C. പൈപ്പ് നിർമ്മാണം | 1 | 5 | - | 5 |
| ഗാർമെന്റ് നിർമ്മാണം | 2 | - | 23 | 23 |
| ടയർ റീട്രേഡിങ് | 2 | 4 | - | 4 |

പട്ടിക – 2

വൻകിട വ്യവസായം

| വ്യവസായം | തൊഴിലാളികൾ | | ആകെ |
|---|---|---|---|
| | പുരു. | സ്ത്രീ | |
| ജയ്ഹിന്ദ് ടെക്സ്റ്റൈൽസ് & ഓയിൽ മിൽസ് | | | 18 |
| ചീക്കനാൽ ഇൻഡസ്ട്രീസ് & ട്രേസിങ് കമ്പിനി | | | 22 |
| റേച്ചൽ പവർലൂം ഫാക്ടറി | | | 9 |

പട്ടിക– 3

പരമ്പരാഗത കുടിൽ വ്യവസായം

| ഇനം | എണ്ണം | തൊഴിലാളികൾ സ്വയംതൊഴിൽ |
|---|---|---|
| പർപ്പടക നിർമ്മാണം | 10 | 10 |
| മെഴുകുതിരി നിർമ്മാണം | 2 | 2 |

## പ്രശ്നങ്ങൾ

ജില്ലാ കേന്ദ്രത്തോട് ചേർന്നു കിടക്കുന്നതും വളരെയേറെ വ്യവസായ സാദ്ധ്യതകളുള്ളതുമായ ഒരു പഞ്ചായത്താണ് ഓമല്ലൂർ. ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ല ഒരു വിപണി ഉണ്ടായിട്ടും വിപണത്തിനാവശ്യമായ ഉല്പന്നങ്ങളിൽ ഒരു ചെറിയ പങ്കെങ്കിലും ഉല്പാദിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല. വ്യവസായ വളർച്ചയ്ക്കാവശ്യമായ അനുകൂല ഘടകങ്ങളായ സാക്ഷരത, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ഉയർന്ന ഉപയോഗ നിലവാരം, സാമ്പത്തികശേഷി എന്നിവയെല്ലാം ഇവിടെയുണ്ടെങ്കിലും വ്യാവസായികരംഗത്ത് വളർച്ച നേടാൻ കഴിയാതിരിക്കുന്നത് താഴെപ്പറയുന്ന കാരണങ്ങളാലാണ്.

1. വ്യവസായം തുടങ്ങാനാവശ്യമായ ഭൂമിയുടെ അമിതമായ വില സംരംഭകരെ പിന്നോട്ടടിക്കുന്നു.
2. വൈദ്യുതി ക്ഷാമവും, വോൾട്ടേജ് കുറവും
3. പൊതുജനങ്ങളിൽ വ്യവസായസംരംഭങ്ങളെക്കുറിച്ചുള്ള സാങ്കേതിക പരിജ്ഞാനക്കുറവ്.
4. പരമ്പരാഗത കുടിൽ വ്യവസായ മേഖലയിൽ പരിചയസമ്പന്നരുണ്ടെങ്കിലും അസംസ്കൃത വസ്തുക്കളുടെ കുറവ്.
5. പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ വേണ്ടിവരുന്ന നിയമനടപടി ക്രമങ്ങളിലെ ഊരാക്കുടുക്ക്. ഇതിനാവശ്യമായ ധനസഹായം ലഭിക്കാനുള്ള പ്രയാസങ്ങൾ.
6. മറ്റു മേഖലകളെ അപേക്ഷിച്ച് ഉയർന്ന കൂലിനിരക്ക്.
7. ഉയർന്ന സാങ്കേതികവിദ്യ ഉപയോഗിക്കുന്നതും പ്രബലരായ വൻകിടക്കാർ ഉല്പാദിപ്പിക്കുന്നതുമായ ഉൽപ്പന്നങ്ങളോട് കിടപിടിക്കാൻ ഇടത്തരക്കാരന്റെ ശേഷി ഇല്ലായ്മ.
8. തയ്യൽരംഗത്ത് റെഡിമെയ്ഡ് ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യതയുടെ കുറവ്.
9. തേനീച്ച വളർത്തൽ രംഗത്ത് വർഷകാലത്ത് തേനീച്ചകളുടെ പലായനം, തീറ്റയുടെ അഭാവം, ഇൻഷുറൻസ് ഇല്ലായ്മ തുടങ്ങിയവ ഈ വ്യവസായത്തെ പിന്നോട്ടടിക്കുന്നു.

### ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോള സാധ്യത ഉള്ള ചെറുകിട വ്യവസായങ്ങൾ

1. ശാസ്ത്രീയമായ കോഴിവളർത്തൽ
2. മരം ഫർണീച്ചർ
3. പ്ലാസ്റ്റിക്ക് കണ്ടയ്നർ, പാത്രങ്ങൾ
4. ഫാൻസി ലതർ ഗുഡ്സ്, ലതർ പ്രോസസിംഗ്
5. സ്കൂൾ ബാഗുകൾ,
6. പ്ലാസ്റ്റിക്ക് ബട്ടൺസ്
7. അലങ്കാരപ്പണിചെയ്ത മരം കൊണ്ടുള്ള വീട്ടുപകരണങ്ങൾ
8. ലിക്വിഡ് സിറ്റർജന്റ്.
9. കുട്ടികളുടെ ഷൂ.

10. സ്വിച്ച് ബോർഡുനിർമ്മാണം.

11. ക്ലീനിംഗ് പൗഡർ

12. ഇലക്ട്രിക്കൽ വർക്ക്ഷോപ്പ്.

13. ഓട്ടോ ഇലക്ട്രിക് ഷോപ്പ്.

14. മത്സ്യ ശീതീകരണ പ്ലാന്റ്.

15. അലക്ക് സോപ്പുനിർമ്മാണം.

16. അച്ചാർ, കറിപൗഡർ യൂണിറ്റ്.

17. ചിപ്സ് നിർമ്മാണം.

18. പേപ്പർ കവർ നിർമ്മാണം.

## പഞ്ചായത്തിൽ സാദ്ധ്യതയുള്ള റബ്ബർ അധിഷ്ഠിത വ്യവസായം

1. ത്രഡ് റബ്ബർ,
2. റബ്ബർപാൽ സംസ്കരണം,
3. റബ്ബർ ഫോംമെത്തകൾ,
4. റബ്ബർ ബാൻഡ്സ്,
5. റബ്ബർ മാറ്റ്സ്,
6. റബ്ബർതടി സംസ്കരണം,
7. റബ്ബർതടി ഫർണീച്ചറുകൾ.

ഈ പഞ്ചായത്തിൽപ്പെട്ടവർ ഉപോയഗിക്കുന്ന ആയരത്തിലധികം വാഹനങ്ങളുണ്ട്. വാഹനങ്ങളുമായി ബന്ധപ്പെട്ട ധാരാളം തൊഴിലവസരങ്ങളുണ്ട്.

## തൊഴിലവസരങ്ങൾ

1 ഓട്ടോ, കാർ, ജീപ്പ്, ടെമ്പോ, ലോറി

2 മോട്ടോർ വാഹന വർക്കഷോപ്പ്

3 സർവ്വീസ് സ്റ്റേഷൻ

4 എഞ്ചിനീയറിങ് ലേത്ത്

5 വെൽഡിങ് വർക്ക്ഷോപ്പ്

ഈ പഞ്ചായത്തിൽ നിന്നും സാങ്കേതിക പരിജ്ഞാനം ലഭിച്ചവരും അല്ലാത്തവരുമായ രണ്ടായിരത്തോളം പേർ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നു. ഇവരിൽ നല്ലൊരു പങ്ക് ആളുകൾ ഈ നാട്ടിൽ അനുകൂല സാഹചര്യം ലഭിച്ചാൽ മുതൽ മുടക്കി ചെറുതും വലുതുമായ വ്യവസായങ്ങൾ ആരംഭിക്കാൻ സന്നദ്ധരാണ്.

## എഞ്ചിനീയറിങ് വ്യവസായത്തിലെ സാദ്ധ്യതകൾ

1 എഞ്ചിനീയറിങ് ലെയിത്ത്

2 ആണി നിർമ്മാണം

3 മുള്ളുകമ്പി നിർമ്മാണം

4 കെട്ടുകമ്പി നിർമ്മാണം

5 ഇരുമ്പു-നാഗ തൊട്ടികൾ

6 നട്ട്, ബോൾട്ട് നിർമ്മാണം

7 എർത്തിങ് കോപ്പർ വയർ

## ജൈവവളം - കാലിത്തീറ്റ വ്യവസായം

കാർഷിക മേഖലയായ ഓമല്ലൂർ പഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് വളരെ സാദ്ധ്യതകളുണ്ട്. അശാസ്ത്രീയമായ രാസവളപ്രയോഗം മൂലം ഉണ്ടായിട്ടുള്ള പരിസ്ഥിതി പ്രശ്നം, രാസവളങ്ങളുടെ വിലക്കയറ്റം മൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ എന്നിവ പരിഹരിക്കാൻ ജൈവവളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതാണ്. ഇതിനുള്ള അസംസ്കൃത വസ്തുക്കൾ ധാരാളമായി ഇവിടെ ലഭ്യമാണ്. ഈ സാഹചര്യത്തിൽ ജൈവവളയൂണിറ്റുകൾ ഈ പഞ്ചായത്തിൽ ഏറ്റവും സാദ്ധ്യതയുള്ള വ്യവസായമാണ്. കാലിത്തീറ്റ വ്യവസായത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളും ഇവിടെ സുലഭമാണ്. വളരെ കൂടുതൽ മുതൽമുടക്ക് ആവശ്യമില്ലാത്ത ഈ വ്യവസായത്തിന് ഈ പഞ്ചായത്തിൽ നല്ല സാദ്ധ്യതയുണ്ട്.

കരകൗശല മേഖലയിൽ സാങ്കേതിക പരിജ്ഞാനം നല്കാൻ കഴിഞ്ഞാൽ വൈക്കോൽ, ചിരട്ട,

വേരുകൾ എന്നിവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന വ്യവസായം തുടങ്ങിയാൽ കൂടുതൽ തൊഴിൽ സാദ്ധ്യതകളുണ്ടാവുന്നതാണ്.

## ഖാദിമേഖല

ഖാദിമേഖലയിൽ വിവിധയിനം ചെറുകിട വ്യവസായങ്ങൾ നിലവിലുണ്ട്. എന്നാൽ ഈ മേഖലയിൽ മറ്റ് നിരവധി ഇനങ്ങളിലുള്ള വ്യവസായ സംരംഭങ്ങൾക്ക് സാദ്ധ്യതുണ്ട്. റബ്ബർകൃഷി വ്യാപകമായതു മൂലം തേനീച്ച വളർത്തലിന് കൂടുതൽ സൗകര്യങ്ങളുണ്ട്.

കെട്ടിടനിർമ്മാണത്തിന് പരമ്പരാഗതമായി ഉപയോഗിച്ചു വരുന്ന മരങ്ങളുടെ അമിതമായ വിലവർദ്ധനയ്ക്ക് പരിഹാരം കാണാൻ കോൺക്രീറ്റിൽ തീർത്ത കെട്ടിടനിർമ്മാണ സാമഗ്രികൾ ഉപയോഗിക്കാവുന്നതാണ്. ഈ രംഗത്തുള്ള സാദ്ധ്യതകൾ കണക്കിലെടുത്ത് ഇത്തരത്തിലുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഒരു വ്യവസായം ആരംഭിക്കണം.

### ഖാദിമേഖലയിൽ ആരംഭിക്കാവുന്ന യൂണിറ്റുകൾ

1 കൊപ്രാ സംസ്കരണം

2 വെളിച്ചെണ്ണ നിർമ്മാണം

3 കന്നുകാലിത്തീറ്റ

4 ചിപ്സ്, അച്ചാർ, കറിപൗഡർ

5 ചിരട്ടക്കരി നിർമ്മാണം

6 പെട്ടിപ്പലക, പാക്കിങ്കേസ്

7 റബ്ബർ ഫോം മെത്തകൾ

8 കോൺക്രീറ്റ് കെട്ടിടനിർമ്മാണ സാധനങ്ങൾ

9 പഴംകൊണ്ടുള്ള ജാമുകൾ

### സഹകരണമേഖലയിൽ ആരംഭിക്കാവുന്ന വ്യവസായങ്ങൾ

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| വനിതാ സഹകരണ സംഘം | 1 | പൂക്കളുടെ വ്യവസായം |
| | 2 | തയ്യൽ, ഗാർമെന്റ്സ് |
| | 3 | കറിപൗഡർ, അച്ചാർ |
| | 4 | ബാഗ്, റെയിൻകോട്ട് നിർമ്മാണം |
| | 5 | കുടിനിർമ്മാണം |
| ജനറൽ | 1 | സിമന്റുകൊണ്ടുള്ള വാതിൽ ജനൽ നിർമ്മാണം |
| | 2 | ഇഷ്ടിക നിർമ്മാണം |
| | 3 | കോഴിവളർത്തൽ |
| | 4 | കന്നുകാലി ഫാം |
| | 5 | തേനീച്ച വളർത്തൽ |
| | 6 | സോളാർ ലെറ്റുകളുടെ പ്ലേറ്റുകളും അനുബന്ധ ഉപകരണങ്ങളും |
| | 7 | കൂടത്തെ ഉല്പാദനം |
| | 8 | ഡി.റ്റി.പി. |
| പട്ടികജാതി-വർഗ്ഗ സഹകരണ സംഘം | 1 | പായ്നെയ്ത്ത് |
| | 2 | കുട്ട, പനമ്പ് നിർമ്മാണം |
| | 3 | ചൂരൽ ഉല്പന്നങ്ങൾ |

## ടൂറിസം വികസനം

ടൂറിസത്തെ ഒരു വ്യവസായമായി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഓമല്ലൂരിലെ ഏറ്റവു മധികം സാദ്ധ്യതയുള്ള മണ്ണാറമല, പുലിപ്പാറമലയിലെ ഗുഹ, കറുഞ്ചാൽ എന്നിവിടങ്ങളിൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്.

## വൈദ്യുതി ഉല്പാദനവും വിതരണവും

വ്യാവസായിക വികസനത്തിന് തടസ്സമായി നില്ക്കുന്ന വൈദ്യുതിക്ഷാമം പരിഹരിക്കാൻ പുതിയ വൈദ്യുതി ഉല്പാദന രീതികൾ അവലംബിക്കാവുന്നതാണ്. ഈ പഞ്ചായത്തിൽ സമുദ്ര നിരപ്പിൽ നിന്നും

പട്ടിക-1
പഞ്ചായത്തിലെ ടാർചെയ്തറോഡുകൾ

| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം k. m | വീതി Metre | ബസ് സർവ്വീസ് |
|---|---|---|---|---|---|
| 1 | കൈപ്പട്ടൂർ- പത്തനംതിട്ട | PWD | 5 | 10 | ഉണ്ട് |
| 2 | ഓമല്ലൂർ-ഇലവുംതിട്ട-കുളനട | PWD | 3 | 8 | ഉണ്ട് |
| 3 | ഓമല്ലൂർ-വാഴമുട്ടം | PWD | 4 | 8 | ഉണ്ട് |
| 4 | പത്തനംതിട്ട-താഴൂർകടവ് | PWD | 2 | 8 | ഉണ്ട് |
| 5 | ഓമല്ലൂർ- പ്രക്കാനം-ഇലന്തൂർ | PWD | 2.5 | 8 | ഉണ്ട് |
| 6 | സന്തോഷ്മുക്ക്-മുട്ടുകുടുക്ക | PWD | 2.5 | 8 | മുടങ്ങി |
| 7 | ഓമല്ലൂർമാർക്കറ്റ് - കൈപ്പകശേരികടവ് | PWD | 1.5 | 7 | ഇല്ല |
| 8 | കൊടുന്തറ-പുത്തൻപീടിക | PWD | 0.750 | 8 | ഇല്ല |
| 9 | കൊടുന്തറ - രണ്ടുകളം | PWD | 0.500 | 8 | ഇല്ല |
| 10 | ഓമല്ലൂർ മാർക്കറ്റ്- പറയക്കുന്ന് | പഞ്ചായത്ത് | 0.731 | 8 | ഉണ്ട് |
| 11 | ചീക്കനാൽ -ഊന്നുകല്ല് | പഞ്ചായത്ത് | 0.806 | 8 | ഇല്ല |
| 12 | ചീക്കനാൽ റീത്ത് പള്ളിപ്പടി - മലങ്കാവ് | പഞ്ചായത്ത് | 0.925 | 8 | ഇല്ല |
| 13 | മാമ്മൂട് - മലങ്കാവ് | പഞ്ചായത്ത് | 1.476 | 8 | ഇല്ല |
| 14 | മേലൂട്ടുഭാഗം-പള്ളം(ഭാഗികം) | പഞ്ചായത്ത് | 1 | 8 | ഇല്ല |
| 15 | മണ്ണാറമല ടി.വി സ്റ്റേഷൻറോഡ് | പഞ്ചായത്ത് | 0.600 | 6 | ഇല്ല |
| 16 | എൻ.എസ്.എസ്. കരയോഗം- മലങ്കാവ് | പഞ്ചായത്ത് | 1.250 | 8 | ഇല്ല |
| 17 | ഓമല്ലൂർക്ഷേത്രം- ആയുർവ്വേദ ആശുപത്രി (ഭാഗികം) | പഞ്ചായത്ത് | 0.800 | 8 | ഇല്ല |
| 18 | ഊപ്പമൺ-കുറുംചാൽ(ഭാഗീകം) | പഞ്ചായത്ത് | 0.200 | 6 | ഇല്ല |

റയിൽവേ ഗതാഗതം നമ്മുടെ പഞ്ചായത്തിൽ ഇല്ല. ജലഗതാഗതവും ഇവിടെയില്ല. ഈ പഞ്ചായത്തിൽ ഓമല്ലൂർ മാർക്കറ്റിംഗ് ഒരു ടാക്സി സ്റ്റാൻറും അമ്പലംമുക്ക്, കുരിശും മൂട്, മാർക്കറ്റ് എന്നീ മൂന്ന് ജംഗ്ഷൻകനുകളിൽ ഓട്ടോറിക്ഷാ സ്റ്റാൻറും നിലവിലുണ്ട്. ഈ സ്റ്റാൻറുകളിലായിഓട്ടോറിക്ഷാ -91, ടാക്സി കാർ -34, ജീപ്പ് -4 , ടെംപോ- 14, ട്രക്കർ-1, എന്നിവ ഉണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും പാർക്കിംഗ് സൗകര്യമുള്ള സ്റ്റാൻറുകൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല.

ഗതാഗതത്തിന് ആവശ്യമായ റോഡുകൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും പല റോഡുകളുടെയും ശോച്യാവസ്ഥകാരണം ഗതാഗതത്തിന് തടസ്സവും യാത്രക്കാർക്ക് ബുദ്ധിമുട്ടും ഉണ്ടാകുന്നുണ്ട്. അറ്റകുറ്റപ്പണികൾ യഥാവസരങ്ങളിൽ നടക്കുന്നില്ല. മഴക്കാലത്ത് മിക്ക റോഡുകളിലും നീർക്കെട്ടും വെള്ളമൊഴുക്കും ഉണ്ടാകുന്നു. ഓടകൾ, കലുങ്ക്, എന്നിവയുടെ അഭാവം അണ് പ്രധാന കാരണം. ഉറവ പൊടിക്കുന്നതും ഉറപ്പുള്ള മണ്ണില്ലാത്തതുമായ റോഡുകളിലാണ് കൂടുതൽ തകരാറുകൾ കണ്ടുവരുന്നത്.

## റോഡുവികസനം: പ്രശ്നങ്ങൾ

റോഡു നിർമ്മാണമാണ് യഥാർത്ഥ വികസനം എന്ന ധാരണ നമ്മുടെ നാട്ടിൽ പൊതുവെ നിലവിലുണ്ട്. ചെറുതും വലുതുമായ എല്ലാ റോഡുകളും ടാർ ചെയ്യണമെന്നാണ് നാട്ടുകാരായ ഓരോരുത്തരുടേയും ആവശ്യം. വികസന മേഖലയിൽ റോഡുകളുടെ പങ്ക് ചെറുതായി കാണാൻ ആവില്ല. എന്നാൽ കാർഷിക-വ്യാവസായിക മേഖലകളിൽ ഉൽപാദന. വ

ർദ്ധനവിലും, ആരോഗ്യ പരിപാലന സ്ഥാപന ങ്ങളുടെ നിർമ്മാണത്തിനും, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും, കുടിവെ ള്ളവിതരണത്തിനും, വൈദ്യുതീകരണത്തിനും മറ്റും ഭീമമായ തുക ചിലവു ചെയ്യേണ്ട അവ സ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഈ സാഹച ര്യത്തിൽ എല്ലാ റോഡുകളും ടാർ ചെയ്യണമെന്ന ആവശ്യം എപ്രകാരം നിറവെറ്റാൻ കഴിയുമെന്ന് ഗൗരവമായി ചിന്തിക്കേണ്ടതാണ്.

റോഡുകളുടെ സംരക്ഷണം ഉറപ്പാക്കാൻ പഞ്ചായത്തിനും സർക്കാരിനുമുള്ളതുപോലെ തന്നെ നാട്ടുകാർക്കും ബാദ്ധ്യതയുണ്ട്. വികസ ന പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ചെലവ ഴിക്കുന്ന തുകയിൽ ഏറിയ പങ്കും റോഡ് സംര ക്ഷണത്തിനും നിർമ്മാണത്തിനുമാണ്. കാലാ കാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താൻ കഴി യാതെ വരുന്നതിൻെറ ഫലമായി നാട്ടുകാർക്ക് യാത്രാ ദുരിതം ഉണ്ടാവുക പതിവാണ്. റോഡി ൻെറ വീതികുറവ്, വെള്ളം ഒഴുകിപ്പോകാനുള്ള ഓടകളുടെ അഭാവം, ലോറികളുടേയും മറ്റും അമിതമായ ഗതാഗതം എന്നിവയും റോഡിൻെ റ രക്ഷയെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. റോ ഡിലേക്ക് കയ്യേറി മതിലും ഭിത്തിയും നി ർമ്മിക്കുന്ന നിരവധി സംഭവങ്ങൾ ഇന്നും ഉണ്ടായിക്കൊണ്ടിരിക്കയാണ്. ഓടകൾ നികത്തി തങ്ങളുടെ വീട്ടിലേക്ക് വഴി നിർമ്മിക്കുന്ന അനുഭവങ്ങളും ധാരാളമുണ്ട്. റോഡിൽ നി ന്നും 3 മീറ്റർ അകലത്തിൽ മാത്രമെ കെട്ടിട നി ർമ്മാണം നടത്താൻ പാടുള്ളു എന്ന നിബന്ധന ലംഘിക്കാൻ ചിലർ തയ്യാറാവുന്നത് ഗൗവരമാ യി കാണേണ്ടതാണ്.

പുതിയ റോഡുകളുടെ നിർമ്മാണവും നിലവിലുള്ളവയുടെ ടാറിങ്ങും മറ്റും പരമാവ ധി നടത്താൻ നമുക്ക കഴിയണം. ലഭ്യമായ എല്ലാ സാദ്ധ്യതകളുമുപയൊഗിച്ച കഴിഞ്ഞ കാല ങ്ങളിൽ പഞ്ചായത്തിൽ നിന്നും പരിശ്ര മിച്ചിട്ടുണ്ട്. ഒരു കി.മീറ്റർ റോഡ് പുതുതായി ടാറിങ് നടത്താൻ ഇന്നത്തെ എസ്റ്റിമേറ്റു പ്രകാ രം 3 പക്ഷം രൂപാ ചെലവാകും. എല്ലാവാർഡു കളിലുമുള്ള പ്രധാനപ്പെട്ട റോഡുകൾ മുഴുവൻ ടാർ ചെയ്യാൻ വേണ്ടിവരുന്ന തുക എത്ര ഭീമമാ ണെന്ന്ഊഹിക്കാവുന്നതേയുള്ളൂ. കേന്ദ്ര-സം സ്ഥാന സർക്കാരുകളുടെ വിവിധ സ്കീമിൽ ഉൾപ്പെടുത്തി പല റോഡുകളുടേയും നി ർമ്മാണം നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ സ്കീമിൽ ചേർക്കാനാവശ്യമായ വീതി റോഡിനുണ്ടായിരിക്കണം. നിലവിലുള്ള റോഡുകളുടെ വീതികൂട്ടാൻ ആവശ്യമായ ഭൂമി വിട്ടു കൊടുക്കാൻ നമ്മുടെ നാട്ടുകാരുടെയിട യിൽ ശക്തമായ ബോധവൽക്കരണം നട ക്കേണ്ടിയിരിക്കുന്നു. നാട്ടുകാർ ചേർന്ന് വീതി കൂട്ടിയ പല റോഡുകളുടേയും ഇരു വശങ്ങളി ൽ സംരക്ഷണ ഭിത്തി കെട്ടി റോഡ് നിർമ്മാണം നടത്താൻ വൻ തുക വേണ്ടിവരും.

റോഡുകളിൽ പതിയിരിക്കുന്ന അപക ടങ്ങളാണ് മറ്റൊരു പ്രശ്നം. ഇതിന് പല കാരണ ങ്ങളുമുണ്ട്. റോഡിൻെറ വീതികുറവ്, ജംഗ്ഷ നുകളിൽ ബമ്പുകളുടെ അഭാവം, കൊടും വള വുകൾ, നിരത്തുവക്കിലെ പാർക്കിങ്, ട്രാഫിക് ചട്ടങ്ങൾ ലംഘിച്ചു കൊണ്ടുള്ള അലക്ഷ്യമായ ഡ്രൈവിങ് തുടങ്ങിയവയാണ് പ്രധാന കാരണ ങ്ങൾ. ഇക്കാര്യത്തിൽ പഞ്ചായത്തും സർക്കാരി ൻെറ ബന്ധപ്പെട്ട വകുപ്പുകളും പ്രത്യേകം ശ്ര ദ്ധിക്കേണ്ടതാണ്. പോസ്റ്റ് & ടെലഗ്രാഫ്, വാ ട്ടർ അതോറിറ്റി എന്നീ വകുപ്പുകളുടെ ചുമതല യിൽ പൈപ്പും മറ്റും സ്ഥാപിക്കാൻ റോഡിൻെ റ സൈഡിൽ കുഴിഎടുക്കുന്നതും അപകടം വ രുത്തി വയ്ക്കുന്നു. ഗതാഗത സുരക്ഷിതത്വം ഒരു സാമൂഹ്യ പ്രശ്നം കൂടിയാണ്.

## പട്ടിക- 2
## 6 മീറ്ററിനു മേൽ വീതിയുള്ള പഞ്ചായത്തു റോഡുകൾ

| നമ്പർ | വാർഡ് | റോഡിൻെറ പേര് | വീതി (മീറ്റർ) | നീളം (മീറ്റർ) |
|---|---|---|---|---|
| 1 | 1 | ഓമല്ലൂർ മാർക്കറ്റ് - പറയക്കുന്ന് | 8 | 0.731 |
| 2 | 2 | ചീക്കനാൽ - ഉന്നുകല്ല് | 8 | 0.806 |
| 3 | 2 | ഊപ്പമൺ - വിളക്കുവേലിപ്പടി | 8 | 0.930 |
| 4 | 2 | റീത്തുപള്ളിപ്പടി- മലങ്കാവ്(ഭാഗീകം) | 8 | 0.425 |
| 5 | 3 | റീത്തുപള്ളിപ്പടി - മലങ്കാവ്(ഭാഗീകം) | 8 | 0.500 |
| 6 | 3 | മാമ്മൂട് - മലങ്കാവ് | 8 | 1.476 |
| 7 | 3 | മേലൂട്ട്ഭാഗം- പള്ളം (ഭാഗീകം) | 8 | 0.650 |
| 8 | 4 | മേലൂട്ട്ഭാഗം- പള്ളം (ഭാഗീകം) | 8 | 1.500 |
| 9 | 4 | തറയിൽപ്പടി-മുട്ടുകുടുക്ക | 8 | 0.810 |
| 10 | 4 | മണ്ണാറമല - ടി വി സ്റ്റേഷൻ | 6 | 0.600 |
| 11 | 5 | എൻ.എസ്.എസ്.കരയോഗം- മലങ്കാവ് | 8 | 1.440 |
| 12 | 6 | ക്ഷേത്രജംഗ്ഷൻ - ആയൂർവ്വേദ ആശുപത്രി | 8 | 1.248 |
| 13 | 6 | മുള്ളനിക്കാട്-പുത്തൻപീടിക(ഭാഗീകം) | 8 | 0.900 |
| 14 | 7 | മുള്ളനിക്കാട്-പുത്തൻപീടിക(ഭാഗീകം) | 8 | 0.711 |
| 15 | 7 | മുള്ളനിക്കാട്പള്ളി- കൊടുംന്തറ | 6 | 1.404 |
| 16 | 8 | പേരുരേത്തുപടി - തുണ്ടിൽപ്പടി | 7 | 1.400 |
| 17 | 8 | കൊടുംന്തറ- കലതികാട്ടിൽ കോളനി റോഡ് | 8 | 0.750 |
| | 9 | ----- | ---- | ---- |

ഗതാഗത സൗകര്യത്തിൻെറ കാര്യത്തിൽ പല പരിമിതികളും ഈ പഞ്ചായത്തിലുണ്ട്. പത്തനംതിട്ട- കൈപ്പട്ടൂർ റോഡിലൂടെ ഏറ്റവുമധികം വാഹനങ്ങൾ ഓടുന്നുണ്ട്. എന്നാൽ ബസ്സ് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന സന്തോഷ് ജംഗ്ഷൻ- മുട്ടുകുടുക്ക, തറയിൽപ്പടി- മുട്ടുകുടുക്ക എന്നീ റോഡുകളിൽ സമീപകാലത്തായി സർവ്വീസ് നിലച്ചിരിക്കയാണ്. ഓമല്ലൂർ- വാഴമുട്ടം റോഡിൽ 4 ബസ്സുകൾ ഓടിയിരുന്നതാണ്. ഇപ്പോൾ ഒന്നോ രണ്ടോ സർവ്വീസുകൾ മാത്രമാണ് നടക്കുന്നത്. ഓമല്ലൂർ മാർക്കറ്റ് - പറയകുന്ന് റോഡിലൂടെ നിരവധി സർവ്വീസുകൾ നടത്താനുള്ള സാദ്ധ്യതയുണ്ടെങ്കിലും ഒരു KSRTC ബസ്സ് മാത്രമെ ഓടിക്കുന്നുള്ളു. താഴൂർക്കടവ് പാലം തുറന്നതോടെ, ഈ പഞ്ചായത്തിൽ ഗതാഗത രംഗത്ത് വമ്പിച്ച മുന്നേറ്റമുണ്ടാവുമെന്ന് പ്രതീക്ഷിച്ചെങ്കിലും ഫലമുണ്ടായിട്ടില്ല. താഴൂർ പാലത്തിലൂടെ കോന്നി- പന്തളം, കോന്നി- ചെങ്ങന്നൂർ എന്നീ റൂട്ടുകളിൽ ബസ്സ് സർവ്വീസുകൾ നടത്താൻ നല്ല സാദ്ധ്യതകളുണ്ട്. MC റോഡിൽ പന്തളം, ചെങ്ങന്നൂർ എന്നീ കേന്ദ്രങ്ങളിൽ നിന്നും രാത്രികാല സർവ്വീസ് ഓമല്ലൂർ വഴി പത്തനംതിട്ടയിലേക്ക് നടത്താൻ ഏർപ്പെടു

ണ്ടാവണം.

അടിയന്തിരാമയി അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതും ടാറിങ് നടത്തേണ്ടതുമായ റോഡുകളുടെ വിവരങ്ങൾ ഗ്രാമസഭാ ചർച്ചകളിൽ ഉന്നയിച്ചിട്ടുണ്ട്. പഞ്ചായത്തിൻെറയോ സർക്കാരിൻേറയോ ശേഷിക്ക് അതീതമായ വിധത്തിലാണ് ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുള്ളത്. ആകയാൽ ഇതു സംബന്ധിച്ച് കൂടുതൽ ചർച്ച നടത്തി മുൻഗണന ലിസ്റ്റ് തയ്യാറാക്കേണ്ടതായുണ്ട്. രണ്ട്PWD റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും, ഒന്നിലധികം വാർഡുകളെ തമ്മിൽ കൂട്ടിയിണക്കുന്നതും, കൂടുതൽ ഗതാഗത പ്രാധാന്യമുള്ളതും, കൂടുതൽ വീതിയുള്ളതുമായ റോഡുകളാണ് ടാറിങ് നടത്താൻ മുൻഗണന നൽകി ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നത്. വിവിധറോഡുകളിൽ കലിങ്ക്, ചപ്പാത്ത്, റാമ്പ് എന്നിവ നിർമ്മിക്കേണ്ട സ്ഥലങ്ങളും പ്രത്യേകം നിശ്ചയിക്കേണ്ടതാണ്.

ജലഗതാഗതത്തിന് ഈ പഞ്ചായത്തിൽ സാദ്ധ്യതകൾ ഇല്ലെങ്കിലും അച്ചൻ കോവിലാറ്റിൽ ചില കടവുകളിൽ ഫെറി സർവ്വീസുകൾ നടത്തേണ്ടത് ആവശ്യമാണ്. വള്ളിക്കോട്, ഓമല്ലൂർ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഇത് സഹായകമാവും. കൈപ്പകശ്ശേരി കടവ്, മണ്ണിൽ തൊട്ടത്തിൽ കടവ്, അരീക്കത്തറ കടവ് എന്നിവിടങ്ങളിലാണ് കടത്തുവള്ളങ്ങളുടെ സർവ്വീസ് ഏറ്റവും ആവശ്യമായുള്ളത്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിൻെറ ഭാഗമായി ഈ പഞ്ചായത്തിൽപ്പെട്ട ചില റോഡുകളുടെ നിർമ്മാണം നടത്താൻ മുൻ വർഷങ്ങളിൽ സർക്കാർ തയ്യാറാക്കിയ ലിസ്റ്റിൽ ,ചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതാണ്. ഇതിൽ ഊപ്പമൺ - കുറുഞ്ചാൽ റോഡ്, ഊപ്പമൺ- വിളക്കുവേലിപ്പടിറോഡ് (2-ാം വാർഡ്) എന്നിവയിൽ കുറെ പണികൾ അനുവദിച്ച് നടത്തിയിട്ടുണ്ട്. എന്നാൽ തുരുത്തുമണ്ണിൽപ്പടി - തണുങ്ങാട്ടിൽപ്പടി റോഡ് (1-ാം വാർഡ്) ഈ ലിസ്റ്റിൽ നിന്നും പിന്നീട് സർക്കാർ നീക്കം ചെയ്യുകയാണുണ്ടായത്. ഈ പദ്ധതിയുടെ നടത്തിപ്പ് പൂർണ്ണമായും റവന്യൂ വകുപ്പിൻെറ മേൽ നോട്ടത്തിലാണ് നടത്തിവന്നിരുന്നത്.

## പഞ്ചായത്തു റോഡുകൾ- ഒരു വിവരണം

പഞ്ചായത്തിൻെറ അധീനതയുലുള്ള റോഡുകളുടെ ഒരു രജിസ്റ്റർ തയ്യാറാക്കി പഞ്ചായത്താഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. കുറഞ്ഞത് 3 മീറ്ററെങ്കിലും വീതിയുള്ള റോഡുകളാണ് ഈ പട്ടികയിൽ ചേർത്തിട്ടുള്ളത്. പുതിയ റോഡുകൾ നിർമ്മിക്കുമ്പോഴും നിലവിലുള്ളതിൻെറ വീതി കൂട്ടുമ്പോഴും അതിനുവേണ്ടി ഭൂമി വിട്ടുകൊടുത്ത വിവരം കാണിക്കുന്ന സറണ്ടർ ഫോറം ഭൂഉടമസ്ഥർ ഒപ്പിട്ട് പഞ്ചായത്തിൽ നൽകണമെന്നാണ് വ്യവസ്ഥ. വില്ലേജാഫീസിലെ റവന്യൂ പൊറമ്പോക്ക് ലിസ്റ്റിൽ ചേർത്തിട്ടുള്ള ഇടവഴികളും നടവഴികളും മറ്റും പഞ്ചായത്ത് റോഡ് രജിസ്റ്ററിൽ ചേർക്കാൻ കഴിയുന്നതല്ല. റോഡു രജിസ്റ്റർ ഭേദഗതിചെയ്ത് കാലാകാലങ്ങളിൽ ക്ലിപ്തപ്പെടുത്താൻ പഞ്ചായത്തിന് അധികാരമുണ്ട്. ഈ രജിസ്റ്ററിൽ നിന്നും ഓരോ സാമ്പത്തിക വർഷവും തെരഞ്ഞെടുത്ത് മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തുന്ന റോഡുകൾ മാത്രമെ നിർമ്മാണ ജോലി നടത്താൻ സാധിക്കുകയുള്ളു.

നിലവിലുള്ള റോഡുകളുടെ സമഗ്രമായ പട്ടിക ഇനിമേലിൽ തയ്യാറാക്കുമ്പോൾ താഴെ പറയും പ്രകാരമുള്ള വിവരങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തുന്നത് റോഡു വികസനത്തിന് സഹായകമാണ്.

പട്ടിക- 3

| |
|---|
| 1. വാർഡ് |
| 2. കോഡ് |
| 3. പേര് (വിവരണം വ്യക്തമാവണം) |
| 4. ദൂരം |
| 5. വീതി |
| 6. ടാർ ചെയ്ത ദൂരം |
| 7. മെറ്റിൽ ചെയ്ത ദൂരം |
| 8. ടാർ ചെയ്യേണ്ട ദൂരം |
| 9. ഓടകൾ നിലവിലുള്ളതിൻെറ നീളം |
| 10. ഇനി ഓടകൾ ആവശ്യമായ നീളം |
| 11. പാർശ്വ സംരക്ഷണ ഭിത്തിനിലവിലുള്ള ദൂരം |
| 12. പാർശ്വ ഭിത്തി ആവശ്യമായ ദൂരം |
| 13. നിലവിലുള്ള കലുങ്കിൻെറ എണ്ണം |
| 14. ആവശ്യമുള്ള കലുങ്കിൻെറ എണ്ണം |
| 15. തന്നാണ്ടിൽ ചെലവഴിച്ച ഫണ്ട് |
| 16. ഒരു വർഷത്തെ ശ്രമദാനം(പണം,ശ്രമദാന ദിനങ്ങൾ) |

ഈ പഞ്ചായത്തിൻെറ റോഡു രജിസ്റ്ററിൽ ചേർത്തിട്ടുള്ളത് ചെറുതും വലുതുമായ 157 റോഡുകളാണ്. PWD റോഡുകൾ ഇതിൽ ഉൾപ്പെടുന്നില്ല. എല്ലാ റോഡുകളെയും സംബന്ധിപ്പിക്കുന്ന വിശദാംശങ്ങൾ ഈ റിപ്പോർട്ടിൽ ചേർക്കാൻ ബുദ്ധിമുട്ടുണ്ട്. ആകയാൽ പ്രസ്തുത റോഡുകളുടെ വാർഡ് തിരിച്ചുള്ള കണക്ക് താഴെ പട്ടികയിൽ ചേർക്കുന്നു. 75 മീറ്റർ മുതൽ 2.160 കി.മീ: വരെ നീളമുള്ള റോഡുകൾ ഈ പട്ടികയുലുണ്ട്.

പട്ടിക- 4

| നമ്പർ | വാർഡിൻെറ പേര് | എണ്ണം |
|---|---|---|
| 1 | മഞ്ഞിനിക്കര | 30 |
| 2 | ചീക്കനാൽ | 12 |
| 3 | പറയനാലി | 12 |
| 4 | പുത്തൻപീടിക | 21 |
| 5 | ഐമാലി | 10 |
| 6 | പൈവള്ളി | 11 |
| 7 | പന്ന്യാലി | 22 |
| 8 | വാഴമുട്ടം | 16 |
| 9 | ആറ്ററികം | 23 |

## ജനകീയ ആസൂത്രണവും ജനശക്തിയും

പഞ്ചായത്തിൻെറയോ സർക്കാറിൻെറയോ ഫണ്ട് മാത്രം ഉപയോഗിച്ച് കരാറുകാരെക്കൊണ്ട് റോഡ് നിർമ്മാണം നടത്തിക്കുന്ന രീതിയാണ് പൊതുവിൽ നിലവിലുള്ളത്. തൻമൂലം നിരവധി പോരായ്മകളും പരാതികളും ഉണ്ടായിട്ടുണ്ട്. റോഡുകളുടെ വികസനത്തിന് ബഹുജന ശക്തിസമാഹരിക്കുക എന്നതാണ് ഇതിനുള്ള പരിഹാരമാർഗ്ഗം. ആദ്യകാലത്ത് നമ്മുടെ പൂർവ്വീകൻമാർ ചെയ്തതും ഇതു തന്നെയാണ്.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ കാതലായ ഒരു ഭാഗമാണ് വികസന പ്രവർത്തനങ്ങളിൽ ജനങ്ങൾക്ക് നേരിട്ടുള്ള പങ്കാളിത്തം. ഗ്രാമസഭകളുടെ നേതൃത്വത്തിൽ ജനകീയ കമ്മറ്റികൾ ഉണ്ടാക്കി റോഡു നിർമ്മാണം ഏറ്റെടുക്കണം. റോഡു നിർമ്മാണത്തിന് ആവശ്യമായിവരുന്ന എസ്റ്റിമേറ്റു തുകയുടെ മൂന്നിലൊന്ന് ഭാഗമെങ്കിലും ജനങ്ങളുടെ ശ്രമദാനവും സംഭാവനയും ചേർന്നതാവണം. പണത്തിൻെറ ദുർവിനിയോഗവും അഴിമതിയും ഒഴിവാക്കാനും ഇതുകൊണ്ട് സാധിക്കും. വികസന പ്രവർത്തന രംഗത്ത് സേവന സന്നദ്ധതയുടേയും ജനപങ്കാളിത്തത്തിൻെറതുമായ ഒരു പുതിയ വികസന സംസ്ക്കാരം ഉയർത്തിക്കൊണ്ടുവരാൻ നമുക്ക് കഴിയും.

5-2.C

# ഊർജ്ജം

ഓമല്ലൂർ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി കടന്നുവന്നത് 1949-ലാണ്. തിരുവിതാംകൂർ ഇലക്ട്രിസിറ്റി ബോർഡിന്റെ മാവേലിക്കര സബ്സ്റ്റേഷനിൽനിന്ന് ഈ പഞ്ചായത്തിൽ പെട്ട കൈപ്പട്ടൂർ-പത്തനംതിട്ട റോഡിലൂടെ ഒരു വൈദ്യുതിലൈൻ സ്ഥാപിച്ചതോടെ ആധുനികമായ പുരോഗതിയ്ക്ക് നാന്ദി കുറിച്ചു. അരനൂറ്റാണ്ട് പിന്നിട്ടതിനുശേഷവും പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ ഗ്രാമത്തിൽ ആദ്യമായി ഏതാനും വീടുകളിൽ വൈദ്യുതി പ്രകാശിപ്പിച്ചത് 1951ലാണ്. ആദ്യകാലങ്ങളിൽ മെയിൻ റോഡിന് സമീപത്ത് താമസിക്കുന്നവരുടെയും സാമ്പത്തികശേഷി ഉള്ളവരുടെയും മാത്രം വീടുകളാണ് വൈദ്യുതീകരിച്ചിരുന്നത്. 1995-96ലെ പഞ്ചായത്ത് റിക്കാർഡുകൾ പ്രകാരം അയ്യായിരത്തോളം വീടുകളുള്ളതിൽ ഉദ്ദേശം ആയിരത്തോളം വീടുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല.

ഈ പഞ്ചായത്തിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസുകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. വാഴമുട്ടത്ത് ഒരു കളക്ഷൻ സെന്റർ മാസത്തിലൊരിക്കൽ പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്ത് പ്രദേശത്തെ വൈദ്യുതി വിതരണത്തിന് മേൽനോട്ടം വഹിക്കുന്നത് കൈപ്പട്ടൂർ മേജർ സെക്ഷൻ, പത്തനംതിട്ട മേജർസെക്ഷൻ എന്നീ ഓഫീസുകളാണ്. പഞ്ചായത്തിലെ 75 % പ്രദേശങ്ങളും കൈപ്പട്ടൂർ മേജർ സെക്ഷന്റെ കീഴിലാണ്.

ഈ പഞ്ചായത്ത് പരിധിയിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് പ്രവർത്തനം ആരംഭിക്കേണ്ടത് അനിവാര്യമാണ്.

ഓമല്ലൂർ പഞ്ചായത്തിൽ 4000-ത്തോളം ഉപഭോക്താക്കളുള്ളതിൽ 90 % പേരും ഗാർഹിക ഉപഭോക്താക്കളാണ്. 6 % വ്യാപാരഉപഭോക്താക്കളും 2% വ്യാവസായിക ഉപഭോക്താക്കളും ബാക്കി നാമമാത്രമായ കാർഷിക ഉപഭോക്താക്കളുമാണുള്ളത്. ഈ ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ സംബന്ധിച്ച് പരാതിയുള്ളവരാണ്. ഉപഭോഗം വർദ്ധിക്കുന്നതനുസരിച്ച് വൈദ്യുതി പ്രസരണം നടത്താൻ ശേഷി ഇല്ലാത്തതാണ് മുഖ്യകാരണം.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി 18 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ പലതും അധികഭാരം വഹിക്കുന്നവയാണ്. തൻമൂലം യന്ത്രത്തകരാറ് ഉണ്ടാകയും വൈദ്യുതിവിതരണത്തിന് തടസം നേരിടുകയും ചെയ്യുന്നുണ്ട്. ഈ പഞ്ചായത്ത് പ്രദേശത്ത് ആകെ 18.5 കീ. മീറ്റർ നീളത്തിൽ 11 KV ലൈനും 38 കി.മീറ്റർ നീളത്തിൽ 3 ഫേസ് ലൈനുകളും 75 കി.മീറ്റർ സിംഗിൾ ഫേസ് ലൈനുകളും ഉണ്ട്. പൊതുസ്ഥലങ്ങളിലും റോഡുകളിലുമായി 61 ട്യൂബ് ലൈറ്റുകളും 397 ലൈറ്റുകളും (ബൾബ്) സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ 262 എണ്ണം മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. പ്രവർത്തിക്കാത്തവ ഉൾപ്പടെയുള്ള എല്ലാ വഴിവിളക്കുകൾക്കും കൂടി 1995-96 വർഷം 1,18,944 രൂപയാണ് വൈദ്യുതിചാർജായി പഞ്ചായത്തിൽനിന്നും അടച്ചിട്ടുള്ളത്.

പട്ടിക – 1
ട്രാൻസ്ഫോർമറുകളുടെ വിവരണം

| നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|
| 1 | 100 KVA | PHED |
| 2 | 100 KVA | മഞ്ഞിനിക്കര |
| 3 | 100 KVA | PHED II |
| 4 | 100 KVA | ആറ്റരികം |
| 5 | 100 KVA | ഉഴുവത്ത് |
| 6 | 100 KVA | മൈക്രോവേവ് |
| 7 | 150 KVA | ഓമല്ലൂർ മാർക്കറ്റ് |
| 8 | 150 KVA | ഓമല്ലൂർ I |
| 9 | 150 KVA | ചീക്കനാൽ I |
| 10 | 100 KVA | ഊപ്പമൺ |
| 11 | 100 KVA | ചീക്കനാൽ II |
| 12 | 100 KVA | ചീക്കനാൽ III |
| 13 | 100 KVA | പറയനാലി |
| 14 | 100 KVA | മുള്ളനിക്കാട് |
| 15 | 100 KVA | പുത്തൻപീടിക |
| 16 | 100 KVA | സന്തോഷ്ജംഗ്ഷൻ |
| 17 | 100 KVA | പള്ളം |
| 18 | 100 KVA | വാഴമുട്ടം |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 4 വാർഡുകളിൽ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടുണ്ട്. എന്നാൽ ചീക്കനാൽ, പറയനാലി, പുത്തൻപീടിക, പൈവള്ളി, പന്ന്യാലി എന്നീ വാർഡുകളിൽ വൈദ്യുതി എത്താത്ത ചില പ്രദേശങ്ങളുണ്ട്.

2. വൈദ്യുതിബോർഡിന്റെ രണ്ട് വ്യത്യസ്ത സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്ത് പ്രദേശത്തുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി ഓഫീസുകളുമായി ബന്ധപ്പെടുവാൻ ബുദ്ധിമുട്ടാകുന്നുണ്ട്. കൈപ്പട്ടൂർ സെക്ഷന്റെ പരിധിയിലുള്ള ഉപഭോക്താക്കൾ പല ആവശ്യങ്ങൾക്കും അടൂർ എക്സി: എൻജിനീയർ ആഫീസിലാണ് ബന്ധപ്പെടേണ്ടത്.

3. ഈ പഞ്ചായത്തിലെ ചില കോളനികളിൽ ഇനിയും വൈദ്യുതീകരണം നടക്കാനുണ്ട്. പഞ്ചായത്തിൽനിന്നും 4 വർഷം മുൻപ് സൗജന്യമായി വയറിംഗ് നടത്തിക്കൊടുത്ത പട്ടികജാതി/വർഗ്ഗ ഭവനങ്ങളിൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. ഇതിൽതന്നെ 26 എണ്ണത്തിന്റെ ഡെപ്പോസിറ്റുതുക പഞ്ചായത്തിൽനിന്നും ബോർഡിൽ അടച്ചിട്ടുള്ളതാണ്.

4. പൊതു സ്ഥലങ്ങളിലും റോഡുകളിലും സ്ഥാപിച്ചിട്ടുള്ള വഴിവിളക്കുകളിൽ പകുതിയോളം പ്രകാശിക്കുന്നില്ല. ഇത് കാലാകാലങ്ങളിൽ പരിശോധിക്കാനോ ബൾബ് മാറിയിടാനോ വൈദ്യുതി ബോർഡിന് കഴിയുന്നില്ല. മുൻകാലത്ത് ബോർഡിന്റെയും പഞ്ചായത്തിന്റെയും പ്രതിനിധികൾ ചേർന്ന് സംയുക്ത പരിശോധന നടത്തി ഇതിന് പരിഹാരം കാണണമെന്ന് സർക്കാരിൽനിന്നും നിർദ്ദേശം ഉണ്ടായിരുന്നു. ഇതു നടക്കാതിരിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടും പഞ്ചായത്തിന് സാമ്പത്തികനഷ്ടവും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

5. കൈപ്പട്ടൂർ സെക്ഷൻ ആഫീസിന്റെ പരിധിക്കുള്ളിൽ പന്തളം 11 KV ഫീഡറിന് പുറമെ ഒരു ഫീഡർ ലൈൻകൂടി നൽകാത്ത പക്ഷം പ്രസ്തുത പരിധിക്കുള്ളിൽ പുതിയ ട്രാൻഫോർമർ സ്ഥാപിച്ചാൽ തന്നെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ പ്രയാസമാണ്.

6. K.S.E.B രജിസ്റ്ററിൽ കാണുന്നതിനേക്കാൾ വളരെക്കൂടുതൽ വൈദ്യുതി യഥാർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇത് കണ്ടുപിടിക്കാൻ ഇന്ന് അവലംബിക്കുന്ന മാർഗ്ഗങ്ങൾ ഫലപ്രദമല്ല.

7. പ്രേക്ഷണ–വിതരണ രംഗങ്ങളിൽ താഴെപറയുന്ന കാരണങ്ങൾമൂലം കൂടുതൽ നഷ്ടം സംഭവിക്കുന്നു.

a) പഴക്കം ചെന്ന 11 KV കമ്പികൾ

b) സബ്ബ് സ്റ്റേഷനുകളിൽ നിന്നുള്ള വിതരണലൈനുകളിൽ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കാതിരിക്കുന്നത്.

c) ബോർഡിന്റെ ഓഫീസുകളിൽ അറ്റകുറ്റപ്പണികൾ ചെയ്യിക്കുന്നതിനും ലൈൻ ദീർഘിപ്പിക്കുന്നതിനും മറ്റും സ്ഥിരം സംവിധാനം ഇല്ലാത്തത്.

8. ഏറ്റവുമധികം വൈദ്യുതി ഉപയോഗിക്കുന്ന സമയങ്ങളിൽ (peak hours. 6 PM–9PM) ചെറുകിട ഇടത്തരം വ്യവസായയൂണിറ്റുകൾ പ്രവർത്തിക്കുന്നത് മൂലം ഗാർഹിക ഉപയോഗത്തിന് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

9. ബോർഡ് ജീവനക്കാരുടെ അനാസ്ഥ, ഈ രംഗത്ത് നിലവിലുള്ള നടപടിക്രമങ്ങളിലെ കുരുക്കുകൾ, അഴിമതി എന്നിവയും പ്രശ്നങ്ങളാണ്.

10. വൈദ്യുതി ബോർഡിന്റെ ആവശ്യങ്ങൾക്കായി വാങ്ങി ഉപയോഗിക്കുന്ന പല ഉപകരണങ്ങളും ഗുണനിലവാരം

ഇല്ലാത്തവയാണ്. എത്രയുംവേഗം ഫ്യൂസ് ആയിപ്പോകുന്ന ബൾബുകൾ, സ്ഥാപിക്കുമ്പോൾതന്നെ പൊട്ടിപ്പൊളിയുന്ന കോൺക്രീറ്റ് പോസ്റ്റുകൾ എന്നിവ ഇതിന് ഉദാഹരണങ്ങ ളാണ്.

## സാദ്ധ്യതകളും - നിർദ്ദേശങ്ങളും

1. പ്രേക്ഷണ–വിതരണരംഗങ്ങളിലെ തകരാറുകൾ പരി ഹരിക്കുന്നപക്ഷം വലിയ അളവിൽ വൈദ്യുതി ലാഭി ക്കാനും വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും കഴിയും. പൊതുജനങ്ങളുടെ സഹകരണത്തോടെ ഈ പ്രശ്നത്തിന് പരിഹാരം കാണാനുള്ള സാദ്ധ്യതകൾ ആരായേണ്ടതുണ്ട്.

2. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ ഏകദേശം 2 കി.മീറ്റർ 11 KVലൈനും 2.250 കി.മീറ്റർ 3 ഫേസ് ലൈനുകളും 2.5 കി.മീറ്റർ സിംഗിൾ ഫേസ് ലൈനുകളും സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

3. എല്ലാ ഭാഗത്തും വൈദ്യുതി എത്തിക്കുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും 5 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും നിലവിലുള്ളവ യുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും കാലപ്പഴക്കം ചെന്ന L.T. ലൈനുകളും പോസ്റ്റുകളും മാറ്റി പുതിയവ സ്ഥാപി ക്കുകയും വേണം.

4. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളും ഒന്നിച്ചു ചേർത്ത് പ്രവർത്തിപ്പിക്കാൻ ഒരു സെക്ഷൻ ആഫീസ് ഓമ ല്ലൂരിൽ അനുവദിക്കണം.

5. വഴിവിളക്കുകൾ പ്രകാശിപ്പിക്കുന്നതിലും അറ്റകുറ്റപ്പ ണികൾ നടത്തിക്കുന്നതിലും പഞ്ചായത്തിന് കൂടുതൽ അധികാരവും നിയന്ത്രണവും ഉണ്ടാവണം.

6. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വഴിവിളക്കു കൾ പ്രകാശിപ്പിക്കുന്നതിനും ഗാർഹിക ആവശ്യ ങ്ങൾക്കുംവേണ്ടി വൈദ്യുതി ഉൽപാദിപ്പിക്കാൻ സോളാർ സെല്ലുകൾ സ്ഥാപിക്കണം.

7. ഓരോ പഞ്ചായത്തിലും വൈദ്യുതി ബോർഡിന്റെ ഉദ്യോഗസ്ഥൻമാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ/ സാമൂഹ്യ സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെ ടുത്തി വൈദ്യുതി വികസനസമിതികൾ രൂപീകരിക്കാൻ സർക്കാർ തീരുമാനിക്കണം. കൂടാതെ ഈ രംഗത്തെ പ്രശ്നങ്ങളെപ്പറ്റി പൊതുജന ബോധവൽക്കരണം നട ത്താൻ പരിപാടികൾ ആവിഷ്കരിക്കണം.

### പട്ടിക – 2
### വോൾട്ടേജ് ഇംപ്രൂവ്മെന്റ്

| നമ്പർ | ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ദൂരം | ലൈനിന്റെ സ്വഭാവം | ട്രാൻസ് ഫോർമർ | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|---|---|---|
| 1 | മഞ്ഞിനിക്കര ആറാട്ടുപടി ഭാഗം | --- | --- | 100 KVA | 65,000/- |
| 2 | പൈവള്ളിഭാഗം - മുള്ളനിക്കാട് | 1/2 കി.മീ | 11 KV | 100 KVA | 1,80,000/- |
| 3 | വാഴമുട്ടംസ്കൂൾ-താഴൂർകടവ് | 300 മീ | LT 3 | 100 KVA | 95,000/- |
| 4 | വാഴമുട്ടം പടിഞ്ഞാറ്-കലദിക്കാ ട് കോളനിഭാഗം | 1/2കി.മീ | 11 KV | 100 KVA | 2,00,000/- |
| 5 | പ്ലാക്കൽ കോളനി | 300 മീ. | LT. 3 | 100 KVA | 95,000/- |

പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ, ട്രാൻസ്ഫോർമർ, ചെലവ്,

| നമ്പർ | ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ദൂരം | ലൈനിന്റെ സ്വഭാവം | ട്രാൻസ് ഫോർമർ |
|---|---|---|---|---|
| 1 | പള്ളം, കൊച്ചുമുറി കോളനികൾ | 1 കി.മീ | 11 KV1 LT/3 | 100 KVA |
| 2 | 4 സെന്റ് കോളനി മല്ലപ്പള്ളി ക്കോട്ട | 300 മീ | LT 1 | - |
| 3 | പനച്ചക്കുഴി വേലംപറമ്പിൽ കോ ളനി | 1950.മീ | LT 1 | - |
| 4 | ചക്കുളത്ത് ക്ഷേത്രത്തിന് സമീ പം പണയിൽ കോളനി | 300 മീ. | LT 1 | - |
| 5 | തുണ്ടിൽ പടി-പാലേലിൽ പടി | 500 മീ | LT 3 | - |
| 6 | മർത്തോമാ പള്ളി-നെടുംപാറ | 250 മീ. | LT 1 | - |
| 7 | മണ്ണാറമല-ഇലവുംതറ കോളനി | 200 മീ. | LT 1 | - |
| 8 | മഞ്ഞിനിക്കര - കൊച്ചുവീട്ടിൽ പടി-വെളിയതതുമുറി ഭാഗം | 250 മീ. | LT 1 | - |
| 9 | മഞ്ഞിനിക്കര N.S.S. കരയോഗം ചെറിയപാരിപ്പള്ളി ഭാഗം | 125 മീ. | LT 1 | - |

5-2.D

# മാർക്കറ്റ്

പത്തനംതിട്ട ജില്ലയിലെ ഏറ്റവും വലിയ പൊതു ർക്കറ്റുകളിൽ ഒന്നാണ് ഓമല്ലൂർ മാർക്കറ്റ്. പൗരാണിക ാലം മുതൽ വർഷത്തിലൊരിക്കൽ നടന്നുവരുന്ന യൽവാണിഭം ഈ മാർക്കറ്റിന്റെ നിലനിൽപിനും ളർച്ചയ്ക്കും മുഖ്യപങ്കുവഹിച്ചിട്ടുണ്ട്. ആയിരക്കണക്കിന് ന്നുകാലികളുടെ കാളച്ചന്തയും കാർഷികോൽപ്പന്നങ്ങ ുടെ വൻതോതിലുള്ള വ്യാപാരവും ഗാർഹികോപകരണ ങൾ, വെങ്കലപാത്രങ്ങൾ എന്നിവയുടെ ഒരു മാസം നീണ്ടു ൽക്കുന്ന വൻപിച്ച വ്യാപാരമേളയും ഓമല്ലൂർ മാർക്ക ലും പരിസരത്തുമാണ് നടക്കുന്നത്. യന്ത്രവൽക്കരണ ത്തിന്റെയും മറ്റും ഫലമായി സമീപകാലത്ത് വയൽവാ റിഭത്തിന് ക്ഷീണം സംഭവിച്ചിട്ടുണ്ട്.

നൂറ്റാണ്ടുകൾക്കുമുൻപ് ഓമല്ലൂരിലെ വിശാലമായ നൽപാടത്തിന്റെ മദ്ധ്യത്ത് സ്ഥിതിചെയ്യുന്ന ഒരു ചെറിയ ീപിലാണ് ഓമല്ലൂർ മാർക്കറ്റ് ആരംഭിച്ചത്. പച്ചക്കറി, ാർഷികവിളകൾ, മൽസ്യം തുടങ്ങിയവയുടെ വിപണ മാണ് നടന്നു വന്നിരുന്നത്. ചെറിയ ഏറുമാടക്കടകളും, ഷഡ്ഡുകളും മറ്റും സ്ഥാപിച്ച് വ്യാപാരം നടത്തിയിരുന്ന രുകാലം ഉണ്ടായിരുന്നു. കുരുക്കളഴികത്ത് ആശാന്റെ നതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട പരസ്പര സഹായ സഹ രണസംഘത്തിന്റെ വകയായി 1930–ൽ നിർമ്മിച്ച ഇരു ിലമന്ദിരമാണ് ഈ മാർക്കറ്റിലെ ആദ്യത്തെ പ്രധാന കട്ടിടം. ഇന്നും ഇത് കേടുകൂടാതെ നിലനില്ക്കുന്നു. കൈപ്പട്ടൂർ–പത്തനംതിട്ട റോഡിന്റെ ഇരുവശങ്ങളിലായി ഥിതിചെയ്യുന്ന നമ്മുടെ മാർക്കറ്റിൽ പുരാതനമായ രു ആൽമരവും ആൽത്തറയും നിലനിന്നിരുന്നു. ചരിത്രപ്രസിദ്ധമായ പല സമ്മേളനങ്ങൾക്കും ചർച്ച കൾക്കും ഈ ആൽത്തറ വേദി ഒരുക്കിയിട്ടുണ്ട്. ക ക്കംമൂലം ആൽമരത്തിന് കേടുവന്നതിനെത്തു 1968–ൽ ഈ ആൽത്തറ പൊളിച്ചുനീക്കുകയും പി ലത്ത് ഇവിടെ പഞ്ചായത്താഫീസ് കെട്ടിടം നിർമ്മ യുമാണുണ്ടായത്.

കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ ഓമല്ലൂർ മ റ്റിന് വമ്പിച്ച വളർച്ച ഉണ്ടായിട്ടുണ്ട്. നിരവധി പുതി ക്കെട്ടിടങ്ങൾ, ആഫീസുകൾ, മറ്റുസ്ഥാപനങ്ങൾ എ ഇവിടെ നിലവിൽവന്നു. നെൽവയലുകൾ നികത്തി കെട്ടിടങ്ങൾ നിർമ്മിച്ച് വിവിധഇനം വ്യാപാരങ്ങ ത്തുന്ന കടകമ്പോളങ്ങൾ പുതുതായി സ്ഥാപിച്ചുവ ഒരു ചെറിയ പട്ടണമായി ഈ മാർക്കറ്റ് വളർന്നുകെ രിക്കുകയാണ്. മാർക്കറ്റിന്റെ വളർച്ചക്കു തടസ്സ നില്ക്കുന്ന ഒരു പ്രശ്നമാണ് ഭൂമിയുടെ ക്രമാതീ വില.

പഞ്ചായത്തുവക ഒന്നര ഏക്കർ വരുന്ന ത്താണ് മാർക്കറ്റ് പ്രവർത്തിക്കുന്നത്. ഇതിന്റെ വിപ രണത്തിനായി കഴിഞ്ഞവർഷം 45 സെന്റ് സ്ഥലം യത്ത് വിലക്കുവാങ്ങി അവിടെ നിർമ്മാണപ്രവർത്ത ത്തിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തുവക മാ നോടുചേർന്ന് പലഭാഗങ്ങളായി ഉദ്ദേശം 3 സ്ഥലത്ത് സ്വകാര്യവ്യക്തികൾ കടക്കെട്ടിടങ്ങളും തീർത്തിട്ടുണ്ട്. ഈ മാർക്കറ്റിൽ ടാക്സി, ഓട്ടോ, ടെംപോ എന്നിവയുടെ സ്റ്റാന്റുകൾ നിലവിലുണ്ട്.

ആഴ്ചചന്ത ബുധൻ, ശനി ദിവസങ്ങളിലാ ക്കുന്നത്. വൻതോതിൽ വാഴക്കുലകളുടെ വ്യാപാര

ചന്തയിൽ നടക്കുന്നുണ്ട്. ഓമല്ലൂർ ക്ഷേത്രത്തിൽ ധാരാള മായി നടക്കുന്ന വിവാഹസദ്യകൾക്ക് പച്ചക്കറിയും മറ്റും ഈ മാർക്കറ്റിൽനിന്നാണ് വാങ്ങുന്നത്. പച്ചക്കറിവ്യാപാര ത്തിനായി ഓലയിൽ തീർത്ത മേൽക്കൂരയുള്ള താൽക്കാ ലിക ഷെഡ്ഡുകളാണ് നിലവിലുള്ളത്. മൽസ്യം, മാംസം എന്നിവയുടെ വ്യാപാരത്തിന് പ്രത്യേകം സ്റ്റാളുകൾ ഇല്ല. ചന്തസ്ഥലത്ത് കൂടുതൽ സ്ഥലസൗകര്യവും ക്രമീകര ണവും ഉണ്ടാകേണ്ടതാവശ്യമാണ്. ആഴ്ചച്ചന്ത ദിവസങ്ങ ളിൽ നിരത്തുവക്കിൽ നടത്തുന്ന വ്യാപാരങ്ങൾ ഗതാഗത തടസം സൃഷ്ടിക്കുന്നുണ്ട്. മഴക്കാലത്ത് വെള്ളപ്പൊക്കമു ണ്ടാകുമ്പോൾ മാർക്കറ്റും പരിസരവും വെള്ളത്തിനടി യിലാകുന്നതുമൂലം വ്യാപാരത്തിന് ബുദ്ധിമുട്ടുകൾ ഉണ്ടാ കുന്നുണ്ട്.

പഞ്ചായത്തിന്റെ വരുമാനത്തിൽ ഈ മാർക്കറ്റ് നിർണ്ണായകമായ പങ്കുവഹിക്കുന്നു. ഗേറ്റ്ഫീസ് പിരിവി ലൂടെ ഗണ്യമായ വരുമാനം പഞ്ചായത്തിന് ലഭിക്കുന്നുണ്ട്. ഓരോവർഷവും ഗേറ്റ്ഫീസ് പിരിവിനുള്ള അവകാശം ലേലം ചെയ്തു കൊടുക്കുകയാണ് പതിവ്. പഞ്ചായത്തു തീരുമാനിച്ച് പ്രസിദ്ധം ചെയ്തിട്ടുള്ള വിവിധ നിരക്കുകൾ പ്രകാരം ഫീസ് പിരിവ് നടത്തണമെന്നാണ് വ്യവസ്ഥ. എന്നാൽ പിരിവു നടത്തുന്ന കരാറുകാർ അംഗീകൃതനിര ക്കിനേക്കാൾ കൂടുതൽ തുക പിരിച്ചെടുക്കുന്നതിനേപ്പറ്റി പലപ്പോഴും പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. നാട്ടുകാരും പഞ്ചായത്തും ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കാൻ സാധിക്കും.

**1995–96ലെ വരുമാനം**

| | |
|---|---|
| തുറസ്സായ ചന്ത | 2,10,000 |
| ഇറച്ചിസ്റ്റാൾ | 30,201 |
| വയൽവാണിഭം | 37,501 |
| ആകെ | 2,77,702 |

ഈ തുക പ്രസ്തുത വർഷത്തെ പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ 32% ആകുന്നു (JRY, ഉപാധിര ഹിത ഫണ്ട് എന്നിവ ഒഴികെ ഉള്ള വരുമാനത്തിന്റെ). ചന്ത യിലെത്തുന്ന പ്രധാന കാർഷികവിളകൾ വാഴക്കുല, നാളി കേരം, ഇഞ്ചി, കശുവണ്ടി, മരച്ചീനി പച്ചക്കറി, പയറുവർഗ്ഗ ങ്ങൾ, കുരുമുളക് എന്നിവയാണ്. കൂടാതെ മൽസ്യം, മുട്ട, ഇറച്ചി എന്നിവയും ഉണ്ട്. ആഴ്ചച്ചന്ത പ്രഭാതത്തിൽ 5 മണി മുതൽ ആരംഭിച്ച് 10 മണിയോടെ അവസാനിക്കുന്നു. സ്റ്റാളുകളുടെ അപര്യാപ്തതമൂലം വെയിലും മഴയും ഒരു പോലെ സഹിക്കേണ്ടിവരുന്ന വ്യാപാരികളും ഉപഭോക്താ ക്കളും തങ്ങളുടെ ആവശ്യം എത്രയും പെട്ടെന്ന് നിറവേറ്റി സ്ഥലം വിടുന്നു. ചന്തദിവസങ്ങളുടെ തലേന്നാൾതന്നെ വാഴക്കുല വ്യാപാരം ആരംഭിക്കുന്നു.

### പഞ്ചായത്ത് സ്റ്റാളുകൾ

മാർക്കറ്റിൽ പഞ്ചായത്തുവകയായി മൂന്ന് വലിയ കെട്ടിടങ്ങളുണ്ട്. ഇവയുടെ താഴത്തെ നിലയിലുള്ള മുറി കൾ ഒരു ഷോപ്പിംഗ് കോംപ്ലക്സായി പ്രവർത്തിക്കുന്നു. വിവിധയിനം വ്യാപാരങ്ങൾ നടത്താൻവേണ്ടി 24 മുറികൾ വർഷംതോറും വാടകയ്ക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി നിലവിലുള്ളവരും തുടരാൻ താല്പര്യമുള്ളവരുമായ വ്യാപാരികൾക്ക് വർദ്ധിപ്പിച്ച നിര ക്കിൽ വാടകയ്ക്ക് വിട്ടുകൊടുക്കുന്ന രീതിയാണുള്ളത്. കൂടാതെ മത്സ്യമാർക്കറ്റിനു സമീപത്തായി 8 സ്റ്റാൾമുറി കൾ കൂടി ഉണ്ട്. ഈ സ്റ്റാൾ മുറികളിൽനിന്നും വാടകയി നത്തിൽ 1995–96 വർഷം 1,00,748 രൂപാ പഞ്ചായത്തിന് ലഭി ച്ചിട്ടുണ്ട്.

**മാർക്കറ്റിന്റെ സർവ്വതോൻമുഖമായ പുരോഗതി ക്കായി പരിഗണിക്കേണ്ട കാര്യങ്ങൾ താഴെപറയുന്നവ യാണ്.**

1. പുതുതായി പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ സ്ഥലത്ത് എത്രയും വേഗം ആധുനികസംവിധാനങ്ങളുള്ള മാർക്കറ്റ് നിർമ്മിക്കുക.
2. പച്ചക്കറിയുടെയും കാർഷികവിളകളുടെയും വ്യാപാ രത്തിന് പ്രത്യേകം സ്റ്റാളുകൾ നിർമ്മിക്കുക.
3. മൽസ്യച്ചന്തയും പരിസരവും കോൺക്രീറ്റുചെയ്ത് വെടിപ്പായി സൂക്ഷിക്കുക.
4. നിലവിലുള്ള മൂത്രപ്പുര വൃത്തിയായി സൂക്ഷിക്കുക.
5. ഗേറ്റ്ഫീസു പിരിവ് കാലാനുസൃതമായി പരിഷ്കരി ക്കുക.
6. ടാക്സി, ഓട്ടോ എന്നിവക്ക് പാർക്കിംഗ് സ്റ്റാന്റുകൾ നിർമ്മിക്കുക.
7. നിരത്തുവക്കിലെ വ്യാപാരം പൂർണ്ണമായി നിരോധിച്ച് ചന്തക്കുള്ളിലേക്ക് മാറ്റുക.
8. എല്ലാദിവസങ്ങളിലും ചപ്പുചവറുകളും മാലിന്യങ്ങളും നീക്കംചെയ്യുക. ഇതുപയോഗിച്ച് കമ്പോസ്റ്റ് വളനിർമ്മാണ ത്തിനുള്ള സാദ്ധ്യതകൾ ആരായുക.
9. കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ചന്തസ്ഥലത്തുനിന്നും റോഡിൽനിന്നും 3 മീറ്ററിലധികം ദൂരം മാറ്റിനിർമ്മിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.
10. അറവുശാല ചന്തസ്ഥലത്ത് നിർമ്മിക്കുന്നതുമൂലം വള രെയേറെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകാനിടയുണ്ട്. വെള്ളപ്പൊക്ക ബാധിത പ്രദേശമെന്ന നിലയിലും സ്ഥല സൗകര്യത്തിന്റെ പരിമിതിമൂലവും പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ആകയാൽ പഞ്ചായത്തിലെ ജനസാന്ദ്രതകുറഞ്ഞ ഒഴിഞ്ഞപ്രദേശത്ത് അറവുശാല സ്ഥാപിക്കുന്നതാണ് ഉചിതം.
11. മൽസ്യം, മുട്ട, ഇറച്ചി എന്നിവ കേടുകൂടാതെ സൂക്ഷി ക്കുന്നതിന് ഫ്രീസിംഗ് പ്ലാന്റുകൾ സ്ഥാപിക്കേണ്ടത് ആവ ശ്യമാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ പലതും ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നുവന്നിട്ടുള്ളവയാണ്. ഈ നിർദ്ദേശ ങ്ങൾ നടപ്പാക്കാനാവശ്യമായ പ്രായോഗിക നടപടികൾ, ഫണ്ടിന്റെ ലഭ്യത എന്നിവയെപ്പറ്റി ഗൗരവമായ ചർച്ച നട ക്കണം.

5-2.E

# പാർപ്പിടം

ജനാധിപത്യ ഭരണ സമ്പ്രദായത്തിൽ നിയമത്തിന്റെ മുന്നിൽ എല്ലാവരും തുല്യരാണ്. എന്നാൽ ആഹാരം, വസ്ത്രം, പാർപ്പിടം എന്നീ അടിസ്ഥാന സൗകര്യങ്ങൾ പങ്കുവയ്ക്കുന്ന കാര്യത്തിൽ വലിയ ഉച്ചനീചത്വം നിലനില്ക്കുന്നു. നമ്മുടെ രാജ്യത്ത് എട്ട് പഞ്ചവത്സരപദ്ധതികൾ നടപ്പിലാക്കിയെങ്കിലും പാർപ്പിട പ്രശ്നത്തിന് പൂർണ്ണമായ പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. ഒരു ഭാഗത്ത് ആധുനികരീതിയിലുള്ള അംബരചുംബികളായ മണിമാളികകളും മറുഭാഗത്ത് ചെറ്റക്കുടിലുകളും ചേരികളും നമ്മുടെ സാമൂഹ്യവ്യവസ്ഥയുടെ വ്യത്യസ്ത മുഖങ്ങൾ ചിത്രീകരിക്കുന്നു. ഇതിനു പരിഹാരം കാണേണ്ടത് ഒരു ക്ഷേമരാഷ്ട്രത്തിൽ പരമ പ്രധാനമായ കർത്തവ്യമാണ്.

ഓമല്ലൂർ പഞ്ചായത്തിൽ പാർപ്പിടപ്രശ്നം അത്രയേറെ ഗുരുതരമല്ല. പട്ടണപ്രദേശങ്ങളിൽ കണ്ടുവരുന്ന ചേരികൾ ഇവിടെയില്ല. എന്നാൽ സ്വന്തമായി വീടില്ലാത്ത ഒരു ചെറിയ വിഭാഗം ആളുകൾ ഈ പഞ്ചായത്തിലുണ്ട്. കഴിഞ്ഞ കാലങ്ങളിൽ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികൾ മൂലം ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് ഒരു പരിധിപരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. സ്വന്തമായി ഒരു വീട് നിർമ്മിക്കണമെന്ന താല്പര്യവും ലക്ഷ്യബോധവുമുള്ളവർക്കു മാത്രമെ ഈ പദ്ധതികൾ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളു.

സാധാരണക്കാരായ ജനങ്ങൾക്ക് ഭവന നിർമ്മാണം വളരെയേറെ ദുഷ്കരമായിത്തീർന്നിരിക്കുന്ന ചില സാഹചര്യങ്ങൾ ഉണ്ട്. ഇവയ്ക്കു പരിഹാരം കാണാൻ കഴിയുന്നില്ലെങ്കിൽ പാർപ്പിട പ്രശ്നം കൂടുതൽ രൂക്ഷമാവുക തന്നെ ചെയ്യും.

1. കെട്ടിട നിർമ്മാണത്തിനു വേണ്ട അസംസ്കൃത സാധനങ്ങളുടെ അനിയന്ത്രിതമായ വിലവർദ്ധന.

2. വിദഗ്ദ്ധ തൊഴിലാളികളെ ലഭിക്കാനുള്ള ബുദ്ധിമുട്ടും ഒപ്പം വർദ്ധിച്ച കൂലിനിരക്കും.

3. വാസയോഗ്യമായ ഭൂമിയുടെ വിലയിലുണ്ടായ ക്രമാതീതമായ കുതിച്ചുകയറ്റം.

1995–96ലെ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 4950 കെട്ടിടങ്ങളാണുള്ളത്. ഇതിൽ ഉദ്ദേശം അഞ്ഞൂറോളം വരുന്ന കടകെട്ടിടങ്ങൾ ഒഴിവാക്കിയാൽ ബാക്കി താമസമുള്ള വീടുകളാണ്. ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങൾ, കുടിലുകൾ എന്നിവയുടെ വിരങ്ങൾ കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക – 1

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ളത് | മേൽക്കൂരയുടെ സ്വഭാവം | | | ലക്ഷംവീട് |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | |
| I | 787 | 49 | 308 | 405 | 25 | 16 |
| II | 343 | 14 | 127 | 185 | 17 | |
| III | 390 | 2 | 102 | 201 | 85 | |
| IV | 525 | 32 | 216 | 258 | 19 | 17 |
| V | 524 | 15 | 190 | 265 | 54 | 16 |
| VI | 458 | 24 | 117 | 221 | 96 | 34 |
| VII | 748 | 31 | 271 | 364 | 62 | |
| VIII | 685 | 11 | 202 | 403 | 69 | |
| IX | 490 | 24 | 149 | 295 | 22 | 9 |
| ആകെ | 4950 | 202 | 1682 | 2597 | 449 | 92 |

ഇടത്തരം വരുമാനകാർക്കും പാവപ്പെട്ടവർക്കും ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്ന നിരവധി പദ്ധതികൾ നമ്മുടെ രാജ്യത്ത് നിലവിലുണ്ട്. കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്ന ഇന്ദിരാ ആവാസ് യോജന (IAY)ൽ ഉൾപ്പെടുത്തി സൗജന്യമായി ധനസഹായം നൽകി നിരവധി വീടുകൾ ഈ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്.

കൂടാതെ ജവഹർ റോസ്ഗർ യോജന (JRY), മില്യൻ വെൽ സ്കീം എന്നിവയിൽ ഉൾപ്പെടുത്തി പട്ടികജാതി – വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റും വീടുകൾ നിർമ്മിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. കേരളസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പുനരധിവാസ ഭവനനിർമ്മാണ പദ്ധതി, കൈരളി ഭവന നിർമ്മാണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഈ പഞ്ചായത്തിൽ നൂറോളം പേർക്ക്

കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ ഭവന നിർമ്മാണ വായ്പ ലഭിച്ചിട്ടുണ്ട്. ദീർഘകാലം കൊണ്ട് ഗഡുക്കളായിതിരിച്ചടക്കേണ്ട ഈ തുക അടക്കാതെ മുടക്കം വരുത്തിയിട്ടുള്ളവരും ഉണ്ട്. ഹൗസിംഗ് ബോർഡ്, ഹൗസിംഗ് സൊസൈറ്റികൾ എന്നിവയിൽ നിന്ന് വായ്പയെടുത്ത് വീടുവെച്ചിട്ടുള്ളവരുമുണ്ട്. JRY സ്കീമിൽ കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ ഈ പഞ്ചായത്തിൽ ഹരിജൻ വിഭാഗത്തിൽപെട്ടവർക്ക് 45 വീടുകൾ നൽകിയിട്ടുണ്ട്.

1971–72 കാലത്താണ് ലക്ഷം വീടുപദ്ധതി കേരളത്തിൽ നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി ഈ പഞ്ചായത്തിലെ മഞ്ഞിനിക്കര, പുത്തൻപീടിക, ഐമാലി, പൈവള്ളി, ആറ്റരികം എന്നീ വാർഡുകളിലായി 5 കോളനികൾ സ്ഥാപിച്ചു. 1990–91ൽ ലക്ഷം വീടുകൾക്ക് പട്ടയം നൽകാൻ സർക്കാർ തീരുമാനിച്ചു. ഇതേത്തുടർന്ന് പട്ടയം കിട്ടിയ പല ആളുകളും തങ്ങളുടെ ഭൂമി വില്പന നടത്തിയശേഷം താമസം മാറിപ്പോയി. പള്ളം ലക്ഷം വീടുകോളനിയിലെ ഭൂരിപക്ഷം താമസക്കാരും തങ്ങളുടെ ഭൂമി വില്പനനടത്തിപോയതോടെ പ്രസ്തുത കോളനിതന്നെ ഇല്ലാതായി. ഒരുമിച്ച് ഈ ഭൂമികളാകെ വാങ്ങിയവർ വീടുകൾ പൊളിച്ചു കളഞ്ഞശേഷം ഇതു കൃഷിഭൂമിയാക്കി മാറ്റിയത് പിന്നീട് പരാതിക്കിടയാക്കി.

പ്രധാനപ്പെട്ട റോഡുകളുടെ ഇരുവശങ്ങളിലും നിലം നികത്തി കെട്ടിടം നിർമ്മിക്കുന്നത് ഈ പഞ്ചായത്തിൽ സർവ്വസാധാരണമായിത്തീർന്നിരിക്കുന്നു. നെൽകൃഷിക്ക് ഹാനികരമായ വിധത്തിൽ വെള്ളം കെട്ടികിടക്കാനും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാനും ഇതുമൂലം ഇടയായിട്ടുണ്ട്. റോഡിനുസമീപത്തുള്ള ഭൂമിയുടെ വില ക്രമാതീതമായി കുതിച്ചു കയറാനും കാരണമായിട്ടുണ്ട്. നിലം നികത്തലിനെതിരെ കർശനമായ നടപടി ഉണ്ടാകണം.

നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കുറഞ്ഞ ചെലവിൽ കെട്ടിട നിർമ്മാണം നടത്തുന്ന ഒരു പദ്ധതി പ്രചാരത്തിൽ വന്നു. എന്നാൽ ഭവന നിർമ്മാണത്തിന് ലക്ഷോപലക്ഷം രൂപ ചെലവു ചെയ്ത് ധൂർത്തടിക്കാൻ താല്പര്യമുള്ള നമ്മുടെ നാട്ടുകാർ നിർമ്മിതി കേന്ദ്രത്തിന്റെ പദ്ധതി കാര്യമായി പരിഗണിക്കാൻ തയ്യാറായിട്ടില്ല.

### പ്രശ്നങ്ങൾ

1. ഗൾഫ് പണത്തിന്റെ സ്വാധീനം വർദ്ധിച്ചുവരുന്ന ഈ പ്രദേശത്ത് തൊഴിൽ സാദ്ധ്യത ഏറ്റവും കൂടുതലുള്ള ഒരു മേഖലയായി കെട്ടിട നിർമ്മാണം മാറിക്കഴിഞ്ഞു. വിദേശ മലയാളികളുടെ സമ്പത്ത് മുഴുവൻ മണിമാളികകളുടെ നിർമ്മാണത്തിന് വിനിയോഗിക്കുന്ന സ്ഥിതിയാണുള്ളത്. ക്രീയാത്മകമായ മറ്റേതെങ്കിലും മേഖലകളിൽ ഈ പണം വിനിയോഗിക്കാൻ അവർ താല്പര്യം കാണിക്കുന്നില്ല. തന്മൂലം കാർഷിക വ്യവസായിക മേഖലകളിലെ ഉല്പാദനം മുരടിച്ചു വരുന്നു. കേരളം ഒരു ഉപഭോക്തൃസംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നതിന്റെ പ്രധാന കാരണം ഇതുതന്നെയാണ്. അരിയും, പച്ചക്കറികളും തുണിത്തരങ്ങളും മറ്റും അന്യ സംസ്ഥാനങ്ങലിൽ നിന്നും ഇറക്കുമതി ചെയ്തില്ലെങ്കിൽ കേരളക്കാർ പട്ടിണിയിലും ബുദ്ധിമുട്ടിലുമാവും. വിദേശത്തുപോയി ജോലി നോക്കി കിട്ടുന്ന പണം മുഴുവൻ വീടുനിർമ്മാണത്തിനുപയോഗിച്ച ശേഷം നാട്ടിൽ തിരിച്ചെത്തിയ പലരും പിന്നീട് വീടിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ പണമില്ലാതെ വലയുന്ന കാഴ്ചയും കാണാൻ കഴിയും.

2. കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ കെട്ടിട നിർമ്മാണ രംഗത്ത് വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ തൊഴിലാളികളുടെ കൂലിയിൽ വമ്പിച്ച വർദ്ധനവുണ്ടായി. വിദഗ്ദതൊഴി

ലാളിക്ക് പ്രതിദിനം 150 രൂപയും അവിദഗ്ദ തൊഴിലാളിക്ക് 100 രൂപയുമാണ് ഇന്നത്തെ കൂലിനിരക്ക്. കെട്ടിടനിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത സാധനങ്ങളുടെ വിലയും മൂന്നും നാലും ഇരട്ടിയായി വർദ്ധിച്ചു.

3. കെട്ടിടനിർമ്മാണത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾ 1995 അവസാനം വരെ ഈ പഞ്ചായത്തിൽ പ്രാബല്യത്തിൽ ഇല്ലായിരുന്നു. തന്മൂലം യാതൊരു മാനദണ്ഡവും നോക്കാതെ പൊതുസ്ഥലങ്ങൾ കയ്യേറിയും റോഡുകളുടെ സ്ഥലത്തേക്കിറക്കിയും അയൽപക്കകാരന്റെ വസ്തുവിനോടും കെട്ടിടത്തോടും ചേർത്തും കെട്ടിടങ്ങൾ നിർമ്മിച്ച ധാരാളം അനുഭവങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായി. റോഡുഗതാഗതത്തിന് തടസ്സമുണ്ടാക്കാനും വെള്ളമൊഴുക്കു തടയാനും മറ്റു വിധത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാനും ഇത് കാരണമായി. പുതിയ പഞ്ചായത്ത് രാജ്നിയമം പ്രബല്യത്തിൽ വന്നതിനേത്തുടർന്ന് റോഡുകളിൽനിന്നും 3 മീറ്റർ അകലം പാലിച്ച് കെട്ടിടം നിർമ്മിക്കേണ്ടതാണ്.

## പരിഹാര നിർദ്ദേശങ്ങൾ

1. ഭവനനിർമ്മാണത്തിന് ധനസഹായം നല്കുന്ന സഹകരണസ്ഥാപനങ്ങൾ കൂടുതലായി രൂപീകരിച്ച് പ്രവർത്തിക്കുക.

2. പഞ്ചായത്ത് മുഖേന പുതിയ ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക. വായ്പാത്തുകയിൽ വർദ്ധനവ് വരുത്തുക. അനൗദ്യോഗിക ഏജൻസികൾ വഴി സർക്കാരിന്റെ പണം ഭവനനിർമ്മാണ പദ്ധതികൾക്കായി വിതരണം നടത്തുന്ന ഏർപ്പാട് അവസാനിപ്പിക്കുക.

3. ഭവനനിർമ്മാണ വായ്പാപദ്ധതികളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുക. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം പഞ്ചായത്തിനേ ഏൽപിക്കുക. അപേക്ഷകൾ പഞ്ചായത്ത് വഴി സ്വീകരിക്കുക.

4. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിയുടെ തുക വർദ്ധിപ്പിക്കുക.

5. ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് കൂടുതൽ പ്രചാരം നൽകുക. ''നിർമ്മിതി'' പോലെയുള്ള ഏജൻസികളുടെ പ്രവർത്തനം കൂടുതൽ വ്യാപകവും കാര്യക്ഷമവുമാക്കുക.

6. കെട്ടിടനിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളായ പാറ, മണൽ, സിമന്റ് എന്നിവയുടെ അമിതമായ വിലക്കയറ്റം തടഞ്ഞു നിർത്താൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിക്കുക.

7. കെട്ടിടനിർമ്മാണ നിയന്ത്രണ നിയമം ഈ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതാവശ്യമാണ്. ഗ്രാമത്തിന്റെ സ്വഭാവം മാറി നഗരവൽക്കരണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിയന്ത്രണം ഉണ്ടാകണം.

പാർപ്പിട രംഗത്ത് ഇന്നുള്ള പോരായ്മകൾ ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണത്തിന്റെ ഭാഗമായി പരിഹരിക്കപ്പെടുമെന്ന് നമുക്ക് പ്രത്യാശിക്കാം.

## 5.3.C

# വിദ്യാഭ്യാസം

ജില്ലാ കേന്ദ്രമായ പത്തനംതിട്ടയോട് തൊട്ടുരുമ്മിക്കിടക്കുന്ന ഓമല്ലൂർ ഗ്രാമം നൂറുശതമാനം സാക്ഷരതനേടുകയും ഉയർന്ന വിദ്യാഭ്യാസ നിലവാരം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് അഭിമാനകരമായ പൈതൃകം ഈ ഗ്രാമത്തിനുണ്ട്. ആധുനിക വിദ്യാഭ്യാസത്തിന്റെ വെള്ളിവെളിച്ചം ഇവിടെ വ്യാപിച്ചത് നൂറിലധികം വർഷങ്ങൾക്കുമുൻപ് ആദ്യത്തെ പ്രൈമറിസ്ക്കൂൾ സ്ഥാപിച്ചതോടെയാണ്. വിവിധരംഗങ്ങളിൽ പ്രശസ്തമായ സ്ഥാനം നേടിയിട്ടുള്ളവരും ഉന്നത ബിരുദധാരികളുമായ നൂറുകണക്കിന് ആളുകൾ ഈ ഗ്രാമത്തിന്റെ സന്തതികളായുണ്ട്. ഈ പഞ്ചായത്തിൽ 2 ഹൈസ്ക്കൂളുകളും 2 അപ്പർ പ്രൈമറി സ്ക്കൂളുകളും 5 ലോവർ പ്രൈമറി സ്ക്കൂളുകളും 6 നേഴ്സറി സ്ക്കൂളുകളുമാണുള്ളത്.

1875- ൽ ക്രിസ്ത്യൻ മിഷനറിമാർ സ്ഥാപിച്ച മഞ്ഞിനിക്കര CMS LPS ആണ് ഈ ഗ്രാമത്തിലെ ആദ്യത്തെ വിദ്യാലയം. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തെ രണ്ട് ദശകങ്ങളിൽ തന്നെ ഈ ഗ്രാമത്തിൽ 7 സ്ക്കൂളുകൾ സ്ഥാപിക്കപ്പെട്ടു. ചീക്കനാൽ L.P.S, ഓമല്ലൂർ ഗവ: H.S, വാഴമുട്ടം U.P.S., പന്ന്യാലി U.P.S., പുത്തൻ പീടിക M.S.C. L.P.S., മഞ്ഞിനിക്കര L.P.S. ആറ്റരികം L.P.S, എന്നിവയാണ് ഈ സ്ഥാപനങ്ങൾ. പിൽകാലത്ത് ഇവയിൽ ചിലതൊക്കെ സർക്കാരിന് വിട്ടുകൊടുക്കുകയും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ആര്യ ഭാരതി വിദ്യാപീഠം 1932- ൽ സ്ഥാപിതമായി.

ഈ പഞ്ചായത്തിൽപ്പെട്ട വിദ്യാലയങ്ങൾ എല്ലാം തന്നെ നാട്ടുകാരുടെ സംഘടിതമായ പരിശ്രമത്തിന്റെ ഫലമായി സ്ഥാപിച്ചിട്ടുള്ളവയാണ്. കെട്ടിട നിർമ്മാണത്തിനാവശ്യമായ തടിയും മറ്റ് നിർമ്മാണ വസ്തുക്കളും അധ്വാനവും ജനങ്ങൾ സംഭാവനയായി നൽകിയിട്ടുണ്ട്. വിദ്യാലയങ്ങൾ സ്ഥാപിക്കാൻ വേണ്ടി മുൻകൈ പ്രവർത്തനം നടത്തിയ ചില പ്രമുഖ വ്യക്തികളെപ്പറ്റി എടുത്തു പറയേണ്ടതാവശ്യമാണ്. ചീക്കനാൽ ഇടയിൽ ചെറിയാൻ, വടക്കെടത്ത് വല്യവീട്ടിൽ ഗീവർഗ്ഗിസ്, മഞ്ഞിനിക്കര കടുവിനാൽ സി.ആർ. പാച്ചുനായർ, പുലിത്തിട്ട കേശവൻനായർ, ആറ്റരികം കാര്യത്തിൽ നാരായണപിള്ള തുടങ്ങിയവരുടെ പേരുകൾ വിസ്മരിക്കാനാവില്ല. ഈ പഞ്ചായത്തിൽപ്പെട്ട 4 സ്കൂളുകൾ ( ചീക്കനാൽ LPS, വാഴമുട്ടം UPS, പുത്തൻപീടിക MSCLPS പന്ന്യാലി UPS) സ്ഥാപിക്കാൻ നേതൃത്വം നല്കിയ ബഹുഭാഷാപണ്ഡിതനും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്നു ഇടയിൽ ചെറിയാൻ.

## പട്ടിക-1
## സ്കൂളിന്റെ ആരംഭം മാനേജുമെന്റ് കൈമാറ്റം

| നമ്പർ | സ്കൂളിന്റെ പേര് | തുടങ്ങിയ വർഷം | മാനേജ്മെന്റ് കൈമാറ്റം |
|---|---|---|---|
| 1 | മഞ്ഞിനിക്കര C M S L P S | 1875 | ------- |
| 2 | ചീക്കനാൽ L P S | 1902 | 1947-ൽ സർക്കാരിന് കൊടുത്തു |
| 3 | ഗവ: ഹൈസ്കൂൾ | 1909 | --------- |
| 4 | മഞ്ഞിനിക്കര GLPS | 1914 | ----------- |
| 5 | വാഴമുട്ടം U P S | 1915 | 1947 ൽ സർക്കാരിന് കൊടുത്തു |
| 6 | പുത്തൻ പീടിക L P S | 1915 | MSC മാനേജ്മെൻറിന് നൽകി |
| 7 | ആറ്ററികം L P S | 1916 | 1948 ൽ സർക്കാരിന് കൊടുത്തു |
| 8 | പന്ന്യാലി U P S | 1917 | 1948 ൽ സർക്കാരിന് കൊടുത്തു |
| 9 | ആര്യഭാരതി H. S | 1932 | 1962 MSC, മാനേജ് മെൻറിന് കൈമാറി |

## പട്ടിക- 2
## വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| നമ്പർ | സ്കൂളിന്റെ പേര് | വിഭാഗം | വിദ്യാർത്ഥികളുടെ എണ്ണം | | | പട്ടിക ജാതി/വർഗ്ഗ കുട്ടികൾ | അദ്ധ്യാപകർ |
|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | | |
| 1 | ഓമല്ലൂർ ഗവ:H.S | L.P<br>U.P | 96<br>97 | 89<br>86 | 185<br>183 | 37<br>59 | 29 |
| 2 | ആര്യഭാരതി H.S | H.S<br>U.P<br>H.S | 133<br>132<br>220 | 136<br>108<br>247 | 269<br>240<br>467 | 86<br>34<br>76 | 30 |
| 3 | വാഴമുട്ടം G.U.P.S | L.P<br>U.P | 38<br>39 | 43<br>33 | 81<br>72 | 02<br>03 | 8 |
| 4 | പന്ന്യാലി G.U.P.S | L.P<br>U.P | 52<br>48 | 66<br>54 | 118<br>102 | 22<br>19 | 9 |
| 5 | മഞ്ഞിനിക്കര C.M.S. L.P.S | L.P | 48 | 42 | 90 | 12 | 3 |
| 6 | മഞ്ഞനിക്കര G.L.P.S | L.P | 44 | 35 | 79 | 05 | 3 |
| 7 | ചീക്കനാൽ G.L.P.S | L.P | 57 | 53 | 110 | 31 | 4 |
| 8 | ആറ്ററികം L.P.S | L.P | 25 | 31 | 56 | 02 | 3 |
| 9 | പുത്തൻ പീടിക L.P.SMSC LPS | L.P | 58 | 65 | 123 | 43 | 4 |

സംസ്കൃത പഠനത്തിൻെറ കാര്യത്തിൽ ഓമല്ലൂരിൻെറ പാരമ്പര്യം എടുത്തു പറയേണ്ടതാണ്. ഈ ഗ്രാമത്തിലെ ഏറ്റവും പ്രശസ്തനായ സംസ്കൃത പണ്ഡിതൻ പറയനാലി കണി പറമ്പിൽ കേശവഗണകനായിരുന്നു. കൊല്ലവർഷം 985- ൽ പടിഞ്ഞാറെ മുണ്ടകൻ ഏലായുടെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ദ്വീപിൽ സ്ഥാപിച്ച വിജ്ഞാന സന്ദായനി സംസ്കൃത വിദ്യാലയം 1108 ൽ ആര്യഭാരതി വിദ്യാ പീഠമായി പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു. കടുവിനാൽ സി. ആർ പാച്ചുനായർ, എഴുമണ്ണൂർ രാമൻനായർ എന്നിവരുടെ നേതൃത്വത്തിലാണ് സംസ്കൃത പഠനം നടത്തിയിരുന്നത്. മദ്ധ്യതിരുവിതാം കൂറിൻെറ വിവിധ ഭാഗങ്ങളിൽ നിന്ന് സംസ്കൃതം അഭ്യസിക്കാൻ നൂറുകണക്കിന് വിദ്യാർത്ഥികൾ ഈ സരസ്വതീ ക്ഷേത്രത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. 1950-ൽ ഇത് മലയാളം മീഡിയം ഹൈസ്ക്കൂളായി.

ഈ പഞ്ചായത്തിൽ അംഗീകൃതവും അല്ലാത്തതുമായ പ്രീ പ്രൈമറി വിദ്യാലയങ്ങളും നഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ ഫീസ് ഈടാക്കി നടത്തുന്ന വിദ്യാലയങ്ങളും ഇക്കൂട്ടത്തിലുണ്ട്. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളോടുള്ള നാട്ടുകാരുടെ അമിതമായ ഭ്രമവും മാതൃഭാഷാ പഠനത്തോടുള്ള അവഗണനയും നമ്മുടെ സംസ്കാരത്തെ തന്നെ പുറകോട്ടടിക്കാൻ കാരണമായിട്ടുണ്ട്.

പട്ടിക- 3

പ്രീ പ്രൈമറി- നേഴ്സറി

| നമ്പർ | സ്ക്കൂളിൻെറ പേര് | വിഭാഗം | കുട്ടികൾ | അദ്ധ്യാപകർ | സ്ഥലം |
|---|---|---|---|---|---|
| 1 | പന്ന്യാലി ഗവ: U.P.S | പ്രീപ്രൈമറി | 26 | 1 | പന്ന്യാലി |
| 2 | ചീക്കനാൽ ഗവ: L.P.S | പ്രീപ്രൈമറി | 17 | 1 | ചീക്കനാൽ |
| 3 | സെൻറ്മേരിസ് Eng.Md.Sl | നേഴ്സറി | 93 | 2 | മഞ്ഞിനിക്കര |
| 4 | ഇൻഫൻറ് Jesus Ny Sl | നേഴ്സറി | 22 | 1 | പുത്തൻപീടിക |
| 5 | വനിതാസമാജം Ny Sl | നേഴ്സറി | 30 | 1 | ഐമാലിമേക്ക് |
| 6 | MGM ഇംഗ്ലീഷ്മീഡിയം | നേഴ്സറി | 40 | 4 | വാഴമുട്ടം |

നിലത്തെഴുത്ത് ആശാൻമാരുടെ മേൽ നോട്ടത്തിൽ നടക്കുന്ന പള്ളിക്കൂടങ്ങൾ ഈ പഞ്ചായത്തിൽ 8 എണ്ണം പ്രവർത്തിക്കുന്നു. അംഗീകൃത നിലത്തെഴുത്താശാൻമാർക്ക് പഞ്ചായത്തിൽ നിന്നും പ്രതിമാസം 100 രൂപാ വീതം പെൻഷൻ നൽകുന്നുണ്ട്.

വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നുണ്ടെങ്കിലും വിജയശതമാനത്തിൻെറ കാര്യത്തിൽ വളരെ മുന്നിലെത്താൻ ഈ പഞ്ചായത്തിലെ സ്കൂളുകൾക്ക് കഴിയുന്നില്ല.

പട്ടിക- 4

S.S.L.C വിജയശതമാനം

| നമ്പർ | സ്കൂളിൻെറ പേര് | വർഷം | | | |
|---|---|---|---|---|---|
| | | 1992 | 94 | 95 | 96 |
| 1 | ഓമല്ലൂർ ഗവ: H.S. | 40 % | 34 % | 28 % | 60 % |
| 2 | ആര്യഭാരതി H.S. | 54 % | 75 % | 72 % | 75 % |

സാമൂഹ്യ സാമ്പത്തിക കാരണങ്ങളാൽ വളരെ ചെറിയൊരു ശതമാനം കുട്ടികൾ ഇടയ്ക്ക് വെച്ച് പഠിത്തം നിർത്തിപോകുന്നുണ്ട്. ഇപ്രകാരം കൊഴിഞ്ഞു പോകുന്ന വരെ തുടർന്ന് പഠിപ്പിക്കാൻ രക്ഷകർത്താക്കളുടെയും അദ്ധ്യാപകരുടെയും ഭാഗത്തുനിന്ന് കാര്യമായ പരിശ്രമം ഉണ്ടാകണം.

പട്ടിക- 5

1995-96 ൽ പഠനം നിർത്തി പോയവർ

| സ്ക്കൂളിൻെറ പേര് | കുട്ടികളുടെ എണ്ണം |
|---|---|
| ഗവ: ഹൈസ്കൂൾ | 17 |
| ആര്യഭാരതി H.S | 20 |
| വാഴമുട്ടം G.U.P.S | --- |
| പന്ന്യാലി G.U.P.S | --- |
| മഞ്ഞനിക്കര L.P.S | 16 |
| മഞ്ഞനിക്കര C.M.S.L.P.S | --- |
| ചീക്കനാൽ L.P.S | 2 |
| ആറ്ററികം L.P.S | 5 |
| പുത്തൻപീടിക M.S.C.L.P.S | 2 |
| ആകെ | 62 |

ഉന്നത- പ്രൊഫഷണൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ നിലവിലില്ല. കമ്പ്യൂട്ടർ സങ്കേതിക വിദ്യ പഠിപ്പിക്കുന്ന ശ്രീവർഷാ I.T.C എന്ന ഒരു സ്ഥാപനം പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ 4 ടൈപ്പ്റൈറ്റിംഗ് സ്ഥാപനത്തിലായി 50 ലധികം വിദ്യാർത്ഥികൾ ടൈപ്പ് റൈറ്റിംഗ് പരിശീലനം നടത്തുന്നു. ഫോട്ടോ സ്റ്റാറ്റ് സംവിധാനം വ്യാപകമായി പ്രചരിച്ചതോടെ ടൈപ്പ് റൈറ്റിംഗ് പരിശീലനം നേടിയവരുടെ സാധ്യതകൾ കുറഞ്ഞുവരികയാണ്. ഈ പഞ്ചായത്തിൽ രണ്ട് ഫോട്ടോസ്റ്റാറ്റ് (സെറോക്സ്) സ്ഥാപനങ്ങൾ നിലവിലുണ്ട്.

വിദ്യാർത്ഥികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ വേണ്ടി സ്ക്കൂളുകളിൽ ഓരോ വർഷവും വിജ്ഞാനനോൽസവം സംഘടിപ്പിക്കുന്നുണ്ട്. എന്നാൽ ഈ പഞ്ചായത്തിലെ ചില പ്രധാന സ്വകാര്യ സ്ക്കൂളുകൾ ഇക്കാര്യത്തിൽ അശേഷം താൽപര്യം കാണിക്കുന്നില്ല. ടാലൻറ് ടെസ്റ്റുകളും ചർച്ചാ ക്ലാസ്സുകളും മറ്റും നടത്തി കുട്ടികളുടെ ശാസ്ത്ര ബോധവും പൊതു വിജ്ഞാനവും വർദ്ധിപ്പിക്കേണ്ടതാണ്.

കലാകായികരംഗങ്ങളിൽ നമ്മുടെ സ്ക്കുളുകൾ വേണ്ടത്ര ഉയർന്ന നിലവാരം പുലർത്തുന്നില്ല. എന്നാൽ ഓമല്ലൂർ ഗവ: ഹൈസ്ക്കൂൾ, വിദ്യാഭ്യാസ ജില്ലാ തല കലോൽസവത്തിൽ സമ്മാനങ്ങൾ നേടി മുൻപന്തിയിൽ എത്തിയിട്ടുണ്ട്. കായികരംഗത്ത് മുന്നോട്ടു വരാൻ നമ്മുടെ സ്ക്കൂളുക

ൾക്ക് കഴിയാതിരിക്കുന്നത് ഗൗരവമായി കാണണം. പഞ്ചായത്ത് വക മിനി സ്റ്റേഡിയം ഗവ: ഹൈസ്ക്കൂളിനുകൂടി അവകാശപ്പെട്ടതാണ്. ആര്യഭാരതി ഹൈസ്ക്കൂളിന് സ്വന്തമായികളി സ്ഥലമുണ്ട്. എന്നാൽ കാലാകായിക രംഗത്ത് ഈ സ്ക്കൂൾ വളരെ പിന്നിലാണ്.

സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകാൻ നമ്മുടെ വിദ്യാലയങ്ങളിൽ നിരവധി എൻഡോവ്മെൻറുകളും കാഷ് അവാർഡുകളും നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്തിൻെറ വകയായി ഓരോ വർഷവും 10, 7, 4 എന്നീ ക്ലാസ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് കാഷ് അവാർഡ് നൽകി വരുന്നുണ്ട്. വ്യക്തികളുടെ വകയായും നിരവധി എൻഡോവുമെൻറുകൾ ഓരോ സ്ക്കൂളിലും നൽകിവരുന്നു. പഞ്ചായത്തിൻെറ വകയായി ഈ വർഷം നിർദ്ധനരായ 50 കുട്ടികൾക്ക് യൂണിഫോറവും 50 കുട്ടികൾക്ക് കുടകളും സൗജന്യമായി നൽകിയിരുന്നു.

ഈ പഞ്ചായത്തിൽ പെട്ട സ്കൂളുകളിൽ അക്കാഡമിക് സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം ലൈബ്രറി, ലബോട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ- ശ്രവണ ഉപകരണങ്ങൾ നല്ല ബോർഡുകൾ ഫർണിച്ചറുകൾ തുടങ്ങിയവ ഒരു വിദ്യാലയത്തിന് ഉണ്ടാവേണ്ട മാതൃകാപരമായ സൗകര്യങ്ങളാണ്. ഇവയൊന്നു മില്ലാതെ സ്ക്കൂളുകൾ നടത്തുന്നത് കുട്ടികളുടെ അറിയാനുള്ള അവകാശത്തെ നിഷേധിക്കുന്നതിന് തുല്യമാണ്.

വിദ്യാലയങ്ങളിൽ ഭൗതീക സൗകര്യങ്ങളുടെ അപര്യാപ്തത ഈ മേഖലയിലെ ഏറ്റവും വലിയ പോരായ്മയാണ്. ഈ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ക്ലാസ്സുകൾ നടത്താനാവശ്യമായ കെട്ടിടങ്ങൾ ഉണ്ട്. എന്നാൽ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കാത്തതുമൂലം കെട്ടിടങ്ങൾക്ക് ബലക്ഷയം ഉണ്ടാകുന്നു. മൂത്രപ്പുര, കക്കൂസ്, വൈദ്യുതി, കുടിവെള്ളം എന്നിവയുടെ അപര്യാപ്തത ചില സ്കൂളുകളിൽ അദ്ധ്യയനത്തിന് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്.

പുതിയ പഞ്ചായത്ത് രാജ് നിയമപ്രകാരം L.P. സ്കൂളുകളുടെ അധികാരം ഗ്രാമപഞ്ചായത്തുകൾക്കും L.P, H.S എന്നിവയുടെ അധികാരം ജില്ലാ പഞ്ചായത്തിനുമാണ് നൽകിയിട്ടുള്ളത്. സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്ക് അത്യാവശ്യമായ തുക ഈ വർഷം സർക്കാരിൽ നിന്നും പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഈ രംഗത്ത് കൂടുതൽ പണവും അധികാരവും ലഭിച്ചാൽ മാത്രമേ ഇന്നുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ.

ഗ്രാമസഭാ റിപ്പോർട്ടുകളുടേയും ദ്വിതീയ വിവര ശേഖരത്തിൻെറയും അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ഈ പഞ്ചായത്തിൽ ഒരു പോളിടെക്നിക്ക്, വൊക്കേഷണൽ ഹയർസെക്കൻററി സ്ക്കൂൾ, പാരാമെഡിക്കൽ സ്കൂൾ, കമ്പ്യൂട്ടർ കോഴ്സുകൾ എന്നിവ ആരംഭിക്കണം.

(2) ഓമല്ലൂർ ഗവ: ഹൈസ്കൂളിൽ പ്ലസ് ടൂ (+2) കോഴ്സ് ആരംഭിക്കണം.

പട്ടിക- 6
ഭൗതിക സാഹചര്യങ്ങൾ

| നമ്പർ | സ്കൂളിന്റെ പേര് | സ്ഥലത്തിന്റെ വിസ്തീർണ്ണം | കളിസ്ഥലം | മൂത്രപ്പുര | കക്കൂസ് | വൈദ്യുതി | കുടിവെള്ളം | അത്യാവശ്യം വേണ്ടത് |
|---|---|---|---|---|---|---|---|---|
| 1 | ഗവ: ഹൈസ്ക്കൂൾ | 1.5 ഏക്കർ | ----- | 2 | 2 | ഉണ്ട് | ഉണ്ട് | ചുറ്റുമതിൽ, ഗേറ്റ്, ടി.വി.യും, ലാബറട്ടറി നവീകരണവും |
| 2 | ആര്യഭാരതി H.S. | 2.65 ഏക്കർ | 1.5 ഏക്കർ | 2 | 2 | ഉണ്ട് | ഉണ്ട് | ടി.വി. ലാബറട്ടറി, ലൈബ്രറി |
| 3 | വാഴമുട്ടം U.P.S | .5 | 0.20 | 1 | 1 | ഉണ്ട് | ഇല്ല | ലൈബ്രറി, ലാബറട്ടറി |
| 4 | പന്ന്യാലി ഗവ: U.P.S. | 0.88 | 0.50 | 1 | 2 | ഇല്ല | ഉണ്ട് | ഗേറ്റ്, വാട്ടർ ടാങ്ക്, ലൈബ്രറി, ലാബറട്ടറി |
| 5 | മഞ്ഞനിക്കര C.M.S. LPS | 1 ഏക്കർ | -------- | 1 | ഇല്ല | ഇല്ല | ഇല്ല | ചുറ്റുമതിൽ, കക്കൂസ്, വൈദ്യുതി, പൈപ്പ്, ഓഫീസ് മുറി |
| 6 | മഞ്ഞനിക്കര ഗവ: LPS | 0.33 | :10 | 1 | 1 | ഇല്ല | ഇല്ല | ഗേറ്റ്, വൈദ്യുതി, വെള്ളം |
| 7 | ആറ്ററികം ഗവ: LPS | 0.07 | -------- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ചുറ്റുമതിൽ, കക്കൂസ്, മൂത്രപ്പുര, വൈദ്യുതി, വെള്ളം |
| 8 | ചീക്കനാൽ ഗവ: LPS | 1 ഏക്കർ | 0.50 | 1 | ഇല്ല | ഇല്ല | ഇല്ല | ചുറ്റുമതിൽ, കക്കൂസ്, പൈപ്പ്, വൈദ്യുതി, |
| 9 | പുത്തൻ പീടിക MSC LPS | 0.12 | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല | കക്കൂസ്, ഫർണീച്ചർ, വൈദ്യുതി, വെള്ളം |

(3) സ്കൂളുകളുടെഅറ്റകുറ്റപ്പണികൾവെക്കേഷൻ കാലത്തു തന്നെ കൃത്യമായി നടത്തിത്തീർക്കുക.

(4) ലൈബ്രറി,ലാബോർട്ടറി, T.V. എന്നിവ ഇല്ലാത്ത U.P ,H.S. എന്നിവയിൽ അവസ്ഥാപിക്കുക .നിലവിലുള്ളവ നവീകരിക്കുക.

(5) വൈദ്യുതി, കുടിവെള്ളം എന്നിവ എല്ലാ സ്കൂളുകളിലും ലഭ്യമാക്കുക. മൂത്രപ്പുര, കക്കൂസ്, എന്നിവ ഇല്ലാത്ത സ്കൂളുകളിൽ അവ പുതുതായിനിർമ്മിക്കുക.

(6) കേടായ ഫർണീച്ചറുകൾ നന്നാക്കിയും പുതിയത്നിർമ്മിച്ചും എല്ലാ സ്കൂളുകളിലും ആവശ്യത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുക.

(7) സ്കൂളുകളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുക. വിദ്യാർത്ഥികൾക്ക് കൃഷിയിൽ താൽപര്യം ജനിപ്പിക്കാൻ ബോധവൽക്കരണ ക്ലാസ്സുകൾ നട

ത്തുക.

(8) പ്രീ പ്രൈമറിക്ലാസ്സുകൾ L.P. സ്കൂളുകളോടനുബന്ധിച്ച് തുടങ്ങുക. അംഗീകൃതം അല്ലാത്ത ഇംഗ്ലീഷ് മീഡിയം സ്കൂളുകളെ നിരുൽസാഹപ്പെടുത്തുക. മലയാള ഭാഷാ പഠനം പരമ പ്രധാനമായി കണ്ട് നടപ്പിലാക്കുക. ഇംഗ്ലീഷ് മീഡിയത്തോടുള്ള നാട്ടുകാരുടെ ഭ്രമം ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുക.

(9) N.C.C., സ്കൗട്ട്, ഗൈഡ്സ് എന്നിവ ഹൈസ്കൂളുകളിൽ നടപ്പിലാക്കുക.

(10) കലാകായികമൽസരങ്ങൾ എല്ലാ സ്കൂളുകളിലും മെച്ചപ്പെട്ട രീതിയിൽ നടത്തുക.

(11) അദ്ധ്യാപക-രക്ഷാ കർതൃസംഘടന എല്ലാ സ്കൂളുകളിലും കാര്യക്ഷമമാക്കുക. നിർമ്മാണ പ്രവർത്തനങ്ങളിൽ പൊതു ജന പങ്കാളിത്തം ലഭിക്കാൻ വേണ്ടത് ചെയ്യുക. മാതൃസംഘത്തിന്റെ പ്രവർത്തനം എല്ലാ സ്ക്കൂളുകളിലും ആരംഭിക്കുക.

(12) വിദ്യാർത്ഥികൾക്ക് ശാസ്ത്രബോധവും പൊതുവിജ്ഞാനവും വർദ്ധിക്കാൻ ആവശ്യമായ ചർച്ചാ ക്ലാസ്സുകളും ടെസ്റ്റുകളും 3 മാസത്തിലൊരിക്കൽ നടത്തുക.

(13) വിദ്യാർത്ഥികളിൽ സേവനമനോഭാവം വർദ്ധിക്കാൻ ശ്രമദാനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക. ഈ വിഷയം സ്കൂൾ ടൈംടേബിളിൽ ഉൾപ്പെടുത്തി ഒരു മണിക്കൂർ സമയം നിശ്ചയിച്ച് പ്രാവർത്തികമാക്കണം.

(14) സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം പി.റ്റി.എയും പഞ്ചായത്തും കൂടി ഏറ്റെടുത്ത് ഫലപ്രദമായി നടത്തുക.

5–3.B

# കുടിവെള്ളം

ആധുനികയുഗത്തിൽ കുടിവെള്ളലഭ്യത ഒരു സാമൂഹ്യ പ്രശ്നമായി മാറിയിരിക്കയാണ്. ശുദ്ധവായുവും ശുദ്ധജലവും ശുചിത്വമുള്ള പരിസരവും ജനങ്ങളുടെ ആരോഗ്യത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളാണ്. കുന്നിൻ പ്രദേശങ്ങളും, താഴ്വരകളും, സമതലങ്ങളും, പാടശേഖരങ്ങളും ഒത്തുചേരുന്ന ഈ പഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളത്തിന്റെ ലഭ്യതയിൽ ഏറ്റക്കുറച്ചിലുണ്ട്. കുന്നിൻ പ്രദേശങ്ങളിൽ വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമാണ്. അച്ചൻകോവിലാറിന്റെ സാമിപ്യം ഒരു കാലത്ത് ഈ പ്രദേശത്ത് കുടിവെള്ളം ലഭ്യമാകാൻ സഹായകമായ ഘടകമായിരുന്നു. എന്നാൽ സമീപകാലത്ത് ആറിന്റെ തീരത്തുള്ള കിണറുകളിൽ ജലക്ഷാമം കൂടുതലായി കാണപ്പെടുന്നു.

പഞ്ചായത്തിലെ 85% ജനങ്ങളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. ബാക്കിയുള്ളവർ ഓമല്ലൂർ വാട്ടർ സപ്ലേ സ്കീമിന്റെ പൈപ്പുലൈനിലെ വെള്ളമാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ ആകെ 3055 കിണറുകളാണുള്ളത്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഉദ്ദേശം 25% കിണറുകൾ വറ്റിപ്പോകുന്നവയാണ്. എല്ലാ കുടുംബങ്ങൾക്കും ഒരു വർഷത്തിൽ എല്ലാ സമയത്തും കുടിവെള്ളം ലഭിക്കാൻ സൗകര്യം ഇല്ലാത്തത് പഞ്ചായത്തിലെ ഒരു പ്രധാന പ്രശ്നമായി നിലനില്ക്കുന്നു. എല്ലാ കിണറുകളും സംരക്ഷണഭിത്തി കെട്ടിയിട്ടുള്ളതല്ല. ഭിത്തി കെട്ടാത്ത തുറസ്സായ കിണറുകൾ ജലമലിനീകരണത്തിന് കാരണമാകുന്നു.

പട്ടിക –1

ജലസ്രോതസ്സുകൾ

| കെട്ടിയകിണർ | കെട്ടാത്ത കിണർ | ആകെ കിണർ | കിണർ ഇല്ലാത്തവർ | കുഴൽകിണർ | വാട്ടർടാപ്പുകൾ |
|---|---|---|---|---|---|
| 2248 | 807 | 3055 | 1291 | 8 | 225 |

ജലലഭ്യതയുടെ അടിസ്ഥാനം ഭൂഗർഭജലത്തിന്റെ അളവാണ്. വേനൽകാലത്ത് ഭൂഗർഭജലം വളരെയധികം താഴ്ന്നു പോകുന്നു. മരങ്ങൾ വെട്ടിനശിപ്പിക്കുന്നതും ചെറിയ ജലസംഭരണികൾ നികത്തുന്നതും കോൺക്രീറ്റുകെട്ടിടങ്ങൾ ധാരാളമായി നിർമ്മിക്കുന്നതും ഓലികൾ നികത്തുന്നതും മറ്റും ഭൂഗർഭജലത്തിന്റെ അളവ് കുറയാൻ കാരണമാകുന്നു. അച്ചൻകോവിലാറിന്റെ അടിത്തട്ട് ആഴം കൂടുന്നതും മറ്റൊരു കാരണമാണ്. ഈ പ്രദേശങ്ങളിൽ വളരെകൂടുതലായി കൃഷി ചെയ്തിട്ടുള്ള റബ്ബർ മരങ്ങൾ ഭൂഗർഭജലത്തെ വലിച്ചെടുക്കുമെന്നാണ് ശാസ്ത്രീയമായ കണ്ടെത്തൽ. എന്തായാലും ഭൂമിയിൽ പ്രകൃതിയിലെ ജലം പരമാവധി സംഭരിച്ചു നിർത്തുന്നതുവഴി മാത്രമെ ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കാൻ കഴികയുള്ളു.

## വാട്ടർസപ്ലേ സ്കീം

ഓമല്ലൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി 1978-ൽ കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ആദ്യകാലത്ത് പഞ്ചായത്തിലെ പകുതി പ്രദേശത്തു മാത്രമെ ഇതിന്റെ പൈപ്പുലൈനുകൾ സ്ഥാപിച്ചിരുന്നുള്ളു. എന്നാൽ ഇന്ന് ഈ പഞ്ചായത്തിലെ എല്ലാ വാർഡിലും, കൂടാതെ ചെന്നീർക്കര പഞ്ചായത്തിലെ പ്രക്കാനത്തും ഇലന്തൂർ പഞ്ചായത്തിലും ഈ പദ്ധതിയുടെ പൈപ്പുലൈനുകൾ സ്ഥാപിച്ചിരിക്കയാണ്. പൈപ്പുലൈനുകൾ ഉണ്ടെങ്കിലും വാഴമുട്ടം, ചീക്കനാൽ വാർഡുകളിൽ ജലവിതരണം നടക്കുന്നില്ല.

ഈ ജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 37,000 മീറ്റർ നീളത്തിൽ പൈപ്പുലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. 225 വാട്ടർ ടാപ്പുകൾ വിവിധ ദ്രേശങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. 641 വീടുകളിൽ ഹൗസ് കണക്ഷൻ എടുത്തിട്ടുണ്ട്. ഈ പഞ്ചായത്തിൽപ്പെട്ട പതിനായിരത്തോളം ആളുകൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. അച്ചൻകോവിലാറ്റിൽ കൈപ്പട്ടൂരിൽ സ്ഥാപിച്ചിട്ടുള്ള കിണറ്റിൽ നിന്നും വെള്ളം പമ്പുചെയ്ത് ഓമല്ലൂർ ക്ഷേത്രത്തിനു സമീപമുള്ള ബൂസ്റ്റർ ടാങ്കിൽ എത്തിക്കുന്നു. അവിടെനിന്നും വീണ്ടും പമ്പുചെയ്ത് ആയൂർവ്വേദാശുപത്രിക്ക് സമീപത്തും പറയനാലിയിലും, ഐമാലിയിലുമുള്ള ടാങ്കുകളിൽ സംഭരിച്ചശേഷം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുലൈനുകളിലേക്ക് തുറന്നുവിടുന്നു. പറയനാലി ടാങ്കിൽ നിന്നാണ് പ്രക്കാനം, ഇലന്തൂർ പ്രദേശങ്ങളിലേക്ക് വെള്ളം കൊണ്ടുപോകുന്നത്.

ജലസംഭരണികളുടെ ശേഷിക്കുറവ്, പമ്പുസെറ്റുകളുടെ (മോട്ടോർ) ശേഷിക്കുറവും പഴക്കവും എന്നീ കാരണങ്ങളാൽ പദ്ധതിയിൽ ഉടനീളം ആവശ്യമായ ജലം എത്തിക്കാൻ പലപ്പോഴും കഴിയാതെ വരുന്നു. പഴക്കം മൂലം കേടായ പൈപ്പുകൾ മാറിയിടാനുള്ള സംവിധാനം വേണ്ടത്രയില്ല. കൈപ്പട്ടൂരിൽ വേനൽക്കാലത്ത് ജലനിരപ്പ് താഴുമ്പോൾ ആറ്റിലുള്ള കിണറ്റിൽ ആവശ്യത്തിന് വെള്ളമില്ലാതെ വരുന്നതു മൂലം പമ്പിംഗിന് തടസ്സമുണ്ടാകുന്നു. വോൾട്ടേജ് ക്ഷാമം പമ്പിംഗിനെ സാരമായി ബാധിക്കുന്നു. ഉപഭോഗം ക്രമാതീതമായി വർദ്ധിക്കുന്നതനുസരിച്ച് കൂടുതൽ വെള്ളം പമ്പു ചെയ്യാനുള്ള ശേഷി ഈ പദ്ധതിക്കില്ല.

പഞ്ചായത്തിന്റെ ചുമതലയിൽ കേരള സംസ്ഥാന ഗ്രാമവികസന ബോർഡിൽ നിന്നും ലക്ഷക്കണക്കിന് രൂപാ വായ്പയെടുത്താണ് ഈ പദ്ധതിയുടെ നിർമ്മാണം ആദ്യകാലത്ത് നടത്തിയത്. പിന്നീട് 1991-ൽ പഞ്ചായത്തിൽ നിന്നും ഈ പദ്ധതി വാട്ടർ അതോററ്റി ഏറ്റെടുത്തു. ഇപ്പോൾ ഇതിന്റെ പൂർണ്ണനിയന്ത്രണം വാട്ടർ അതോറിറ്റിയാണ് നടത്തുന്നത്. അറ്റകുറ്റപ്പണി നടത്താനോ പുതിയ ലൈൻ സ്ഥാപിക്കാനോ പഞ്ചായത്തിന് അധികാരമില്ല. ഇപ്രകാരം ഏതെങ്കിലും പണികൾ നടത്തണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടാൽ അതിനുവേണ്ടി ചെലവാകുന്നതുക പഞ്ചായത്തിൽ

നിന്നും വാട്ടർ അതോററ്റിയിൽ കെട്ടിവെക്കണം. പ്രവർത്തിക്കുന്നതും കേടായതുമായ ആകെ ടാപ്പുകളുടെ വാടകയിനത്തിൽ ടാപ്പൊന്നിന് 875 രൂപാക്രമത്തിൽ 225 ടാപ്പുകളുടെ തുക കണക്കാക്കി പഞ്ചായത്ത് പണമടക്കേണ്ട സ്ഥിതിയാണ്. പമ്പിംഗിന്റെ കറണ്ടുചാർജ്ജ് മെയിന്റനൻസ് ചാർജ്ജ്, തുടങ്ങിയവ ഉൾപ്പെടെ പ്രതിമാസം പതിനായിരത്തോളം രൂപായ്ക്കുള്ള ബില്ലാണ് വാട്ടർ അതോററ്റി പഞ്ചായത്തിന് നൽകി വരുന്നത്. ഇപ്രകാരമുള്ള 20 ലക്ഷത്തിലധികം രൂപാ ഈ പഞ്ചായത്തിൽ നിന്നും കുടിശ്ശിക അടയ്ക്കാനുണ്ടെന്നാണ് വാട്ടർ അതോററ്റിയുടെ കണക്ക്.

പട്ടിക – 2

ഓമല്ലൂർ ശുദ്ധജല പദ്ധതി – പൊതുവിവരണം

| പൈപ്പ്ലൈൻ ആകെ ദൂരം | പൊതു ടാപ്പുകൾ | ഹൗസ് കണക്ഷൻ | വാട്ടർ ടാങ്കുകൾ | കപ്പാസിറ്റി (ലിറ്റർ) | പമ്പുസെറ്റ് കപ്പാസിറ്റി |
|---|---|---|---|---|---|
| 37,000 മീറ്റർ | 225 | 641 | ബൂസ്റ്റർ അമ്പലമുക്ക് | 1,20,000 | 25 H.P. |
| | | | ആയ്യൂർവ്വേദ ടാങ്ക് | 1,50,000 | – |
| | | | ശാന്തി നഗർ ടാങ്ക് | 30,000 | – |
| | | | പറയനാലി ടാങ്ക് | 75,000 | – |

കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതിയ പൈപ്പുലൈനുകൾ സ്ഥാപിക്കുകയും പഴയത് മാറിയിടുകയും ചെയ്തിട്ടുണ്ട്. ഇതെപ്പറ്റിയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ചീക്കനാൽ വാർഡിന്റെ വിവിധ ഭാഗങ്ങളിൽ.
2. പൈവള്ളി ഭാഗം കലതിക്കാട്ടിൽ കോളനി, കൊടുന്തറ ഭാഗങ്ങളിൽ
3. പറയനാലി മലങ്കാവ് – പള്ളം റോഡിൽ.
4. മേലൂട്ടുഭാഗം – പള്ളംറോഡിൽ.
5. ഐമാലി ലക്ഷംവീട് കോളനി റോഡ്, കയ്യാലേത്തുപടി – താന്നിക്കൽ പടി റോഡ്, നീലിയത്തുപടി – ചാപ്പൽറോഡ്

## മണ്ണാറമല ശുദ്ധജലപദ്ധതി

ഈ പഞ്ചായത്തിലെ 3,4 വാർഡുകളിൽ പെട്ട മണ്ണാറമല, ഇലവുംതറ, കൊച്ചുമുറി എന്നി കോളനികളിലും പരിസരപ്രദേശങ്ങളിലും കുടിവെള്ളം ലഭ്യമാക്കാൻ മണ്ണാറമല ശുദ്ധജലവിതരണ പദ്ധതിക്ക് കഴിയും. മണ്ണാറമലയിൽ ദൂരദർശൻ റിലേ കേന്ദ്രത്തിന് സമീപത്ത് നിർമ്മിച്ചിട്ടുള്ള ജലസംഭരണിയിൽ ശേഖരിക്കാനുള്ള വെള്ളം പത്തനംതിട്ട മുൻസിപ്പാലിറ്റിയിലെ കരിമ്പിനാക്കുഴി ഭാഗത്ത് ഒരു

ജലാശയത്തിൽ നിന്നാണ് പമ്പുചെയ്യുന്നത്. ഈ പദ്ധതിയുടെ നിർമ്മാണം പൂർത്തിയായെങ്കിലും ഇതുവരെ കമ്മീഷൻ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടില്ല. ഈ പഞ്ചായത്തിലെ കടുത്ത ജലക്ഷാമം അനുഭവിക്കുന്ന മേൽപറഞ്ഞ പ്രദേശങ്ങളിൽ ഈ പദ്ധിമൂലം കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷ. വാട്ടർ അതോറിറ്റിയുടെ മേൽ നോട്ടത്തിലാണ് ഇതിന്റെ പ്രവർത്തനം നടക്കുന്നത്.

### പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കാൻ സഹായകമായ പദ്ധതികൾ ആവിഷ്കരിക്കുക. മഴക്കാലത്ത് ലഭിക്കുന്ന പ്രകൃതിജലം സംഭരിച്ചു നിർത്താൻ എല്ലാ പുരയിടങ്ങളിലും ചെറിയ ജലസംഭരണികൾ നിർമ്മിക്കണം. ധാരാളമായി മരങ്ങൾ വച്ചു പിടിപ്പിക്കണം.

2. അച്ചൻകോവിലാറ്റിൽ ഈ പഞ്ചായത്തിന്റെ തീരത്തുള്ള 12 കി. മീറ്ററിന് ഇടയിൽ നാലഞ്ച് തടയണകളെങ്കിലും നിർമ്മിക്കണം.

3. പൊതുകുളങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കണം.

4. ശുദ്ധജലപദ്ധതിയുടെ കേടായ പൈപ്പുകൾ ഉദ്ദേശം 15000 മീറ്റർ നീളത്തിൽ ഇപ്പോൾ നിലവിലുണ്ട്. ഇത് മാറ്റി സ്ഥാപിക്കണം.

5. ഈ പദ്ധതിയിൽ കൈപ്പട്ടൂരിലുള്ള പമ്പു ഹൗസിലും ഓമല്ലൂർ ക്ഷേത്രത്തിന് സമീപമുള്ള ബൂസ്റ്റർ പമ്പിംഗ് സ്റ്റേഷനിലും കൂടുതൽ ശക്തിയുള്ള പുതിയ പമ്പുസെറ്റുകൾ (മോട്ടോർ) സ്ഥാപിക്കണം.

6. നിലവിലുള്ള വാട്ടർ ടാങ്കുകളുടെ അറ്റകുറ്റപ്പണിനടത്തണം, കപ്പാസിറ്റി വർദ്ധിപ്പിക്കണം.

7. പൈവള്ളിഭാഗം നെല്ലിക്കാട്ടിൽ കോളനി ഭാഗത്ത് പുതിയ ഒരു വാട്ടർടാങ്ക് നിർമ്മിച്ച് മുള്ളനിക്കാട്, വാഴമുട്ടം എന്നീ പ്രദേശങ്ങളിലെ പൈപ്പുലൈനുകളിൽ വെള്ളമെത്തിക്കുക.

8. കൈപ്പട്ടൂരിലെ പമ്പു ഹൗസിനോടു ചേർന്നുള്ള കിണറ്റിലും ക്ഷേത്രത്തിനു സമീപമുള്ള ബൂസ്റ്ററിലും വെള്ളം ശുദ്ധീകരിക്കാനുള്ള സംവിധാനം മെച്ചപ്പെടുത്തണം. ഇപ്പോൾ വേണ്ടത്ര ശുദ്ധീകരണം നടക്കുന്നില്ലെന്ന് പരാതിയുണ്ട്.

9. അറ്റകുറ്റപ്പണികൾക്കും പമ്പിംഗിനും കൂടുതൽ ജീവനക്കാരെ നിയമിക്കുകയും നിലവിലുള്ളവരുടെ ജോലി കൂടുതൽ കാര്യക്ഷമമാക്കുകയും വേണം.

10. പ്രക്കാനം – ഇലന്തൂർ ഭാഗങ്ങളിലേക്ക് വെള്ളം പമ്പുചെയ്യാൻ ബൂസ്റ്റർ പമ്പു ഹൗസിൽ പ്രത്യേകം മോട്ടോർ സ്ഥാപിക്കുക.

5–3.C

# പൊതുജനാരോഗ്യം

ആരോഗ്യമെന്നാൽ ശാരീരികമായും മാനസികമായും സാമൂഹ്യമായും ജനങ്ങൾക്കുള്ള സമ്പൂർണ്ണ സുസ്തിരതയാണല്ലോ? ആരോഗ്യരംഗത്ത് കാര്യമായ മുന്നേറ്റം ഉണ്ടായിട്ടുള്ള ഒരു പഞ്ചായത്താണ് ഓമല്ലൂർ. ശാരീരിക ആരോഗ്യത്തിന്റെ ഭാഗമാണ് മാനസികമായ ആരോഗ്യവും. മാനസികമായ ഉല്ലാസം ലഭിക്കാൻ കലാസാംസ്കാരിക പ്രവർത്തനങ്ങൾ, ദേവാലയങ്ങളിലെ ഉത്സവങ്ങൾ, വിനോദയാത്രകൾ എന്നിവ സഹായിക്കും. ആരോഗ്യസംരക്ഷണത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ വളർത്തിയെടുക്കുകയാണ് ഈ രംഗത്തേ പ്രവർത്തനത്തിന്റെ മുഖ്യകടമ. ശരിയായ ഭക്ഷണാക്രമം, കൃത്യമായ വ്യായാമം, ശുചിത്വം എന്നിവ നടപ്പാക്കാൻ കഴിഞ്ഞാൽ ആരോഗ്യ പ്രശ്നത്തിന് പരിഹാരം ഉണ്ടാകും.

ചികിത്സാരംഗത്ത് ഈ പഞ്ചായത്തിൽ പാരമ്പര്യ വൈദ്യന്മാർ ഉണ്ടായിരുന്നു. എന്നാൽ ഭൂരിപക്ഷം ആളുകളും ആധുനിക ചികിത്സാസമ്പ്രദായത്തെയാണ് ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിൽ രണ്ട് അലോപ്പതി ആശുപത്രികളും ഒരു ആയൂർവ്വേദ ആശുപത്രിയും മൂന്ന് ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിക്കുന്നു.

1994 –ൽ പ്രവർത്തനം ആരംഭിച്ച പ്രൈമറി ഹെൽത്ത് സെന്റർ 7–ാം വാർഡിൽ (ഓമല്ലൂർ ക്ഷേത്രത്തിനു സമീപം) ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു ഡോക്ടറും 6 ജീവനക്കാരും ഈ സ്ഥാപനത്തിൽ ഉണ്ട്. ഈ പഞ്ചായത്തിലെ പന്ന്യാലി, ആറ്ററികം, ചീക്കനാൽ, പുത്തൻ പീടിക എന്നീ സ്ഥലങ്ങളിൽ ഓരോ സബ്സെന്ററുകൾ നിലവിലുണ്ട്. ഇതിൽ പുത്തൻപീടിക, ആറ്ററികം സബ്സെന്ററുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വേദാ നഴ്സിങ് ഹോമാണ് മറ്റൊരു പ്രധാന സ്ഥാപനം.

ഓമല്ലൂർ ആയൂർവ്വേദ ആശുപത്രി 1972–ൽ പ്രവർത്തനമാരംഭിച്ചു. പഴയ പഞ്ചായത്താഫീസ്

കെട്ടിടത്തിലാണ് നാളിതുവരെ പ്രവർത്തിച്ചുവരുന്നത്. ഇതിനു വേണ്ടി എസ്. രാമചന്ദ്രൻപിള്ള എം.പി. യുടെ എം.പി. ഫണ്ടിൽ നിന്നും അനുവദിച്ച മൂന്നേകാൽ ലക്ഷം രൂപാ ഉപയോഗിച്ച് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടത്തിക്കൊണ്ടിരിക്കയാണ്. ഒരു ഡോക്ടറും 7 ജീവനക്കാരും ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു.

ഹോമിയോ ക്ലിനിക്കുകൾ 3 എണ്ണം സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഈ പഞ്ചായത്തിൽ 4 ഇംഗ്ലീഷ് മെഡിക്കൽസ്റ്റോറുകളും 3 ആയുർവ്വേദമരുന്നു വില്പനശാലകളും നിലവിലുണ്ട്.

## രോഗവും ചികിത്സയും

1996 ജൂലൈ മാസത്തിൽ ആരോഗ്യവകുപ്പിന്റെ ചുമതലയിൽ നടത്തിയ സർവ്വേപ്രകാരം ഈ പഞ്ചായത്തിലെ രേഗ-ചികിത്സ രംഗത്തെ സംബന്ധിക്കുന്ന പല വിവരങ്ങളും ലഭിച്ചിട്ടുണ്ട്. ഓമല്ലൂർ പ്രൈമറി ഹെൽത്ത് സെന്ററിലെയും ആയൂർവ്വേദ ആശുപത്രിയിലെയും OP രജിസ്റ്ററുകൾ പരിശോധിച്ചതിൽ 1992-93 വർഷത്തിൽ 4365-ഉം, 93-94 വർഷത്തിൽ 6365-ഉം, 94-95 വർഷത്തിൽ 6167-ഉം രോഗികളാണ് ചികിത്സയ്ക്കു വിധേയമായിട്ടുള്ളത്. ഈ പഞ്ചായത്തിൽ താമസക്കാരായ രോഗികൾ പഞ്ചായത്തിൽ തന്നെയുള്ള സ്വകാര്യ സ്ഥാപനങ്ങളിലും പഞ്ചായത്തിനു വെളിയിലുള്ള ആശുപത്രികളിലും ചികിത്സിച്ചതിന്റെ കണക്കുകൾ ലഭ്യമല്ല.

പകർച്ച വ്യാധികൾ ഒന്നും തന്നെ കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ ഈ പഞ്ചായത്തിൽ പടർന്നു പിടിച്ചതായി റിപ്പോർട്ടില്ല. പനിയും, കണ്ണു ചുവക്കുന്ന രോഗവും മാത്രമാണ് ചെറിയതോതിൽ ബാധിച്ചതായി പറയാവുന്നത്. 1993-94 വർഷത്തിൽ 93 ജലജന്യരോഗങ്ങളും (വയറുകടി, മഞ്ഞപ്പിത്തം, ടൈഫോയിഡ് തുടങ്ങിയവ) 94-95ൽ 38 ജലജന്യരോഗങ്ങളും 14 പ്രാണിജന്യരോഗങ്ങളും 95-96ൽ 41 ജലജന്യരോഗങ്ങളും 4 പ്രാണിജന്യരോഗങ്ങളും മാത്രമാണ് ഉണ്ടായിട്ടുള്ളത്. പ്രാണിജന്യരോഗത്തിൽ ഉണ്ടായ മലേറിയ അന്യസംസ്ഥാനത്തു നിന്നും വന്നവരിൽ മാത്രമാണ് കാണപ്പെട്ടത്. ജന്തുജന്യരോഗങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. പേപ്പട്ടി കടിച്ചതിന് ചുരുക്കം ചില ആളുകൾ കുത്തിവയ്പ് നടത്തിയിട്ടുണ്ട്.

വായുജന്യരോഗങ്ങളിൽ പനിയാണ് കൂടുതൽ. അതും മഴക്കാലം, വേനൽക്കാലം, മഞ്ഞുകാലം എന്നീ കാലഭേദങ്ങൾക്കനുസൃതമായി ഉണ്ടാകുന്നവയാണ്. ഈ പഞ്ചായത്തിൽ 320 രക്തസമ്മർദ്ദരോഗികളും 215 പ്രമേഹരോഗികളും 4 കാൻസർ രോഗികളും ചികിത്സിച്ചു ഭേദമായ 17 ക്ഷയരോഗികളും (3 പേർ ചികിത്സയിലുണ്ട്) 85 ഹൃദ്രോഗികളും വിവിധ ആശുപത്രികളിൽ ചികിത്സിച്ചതായി കാണുന്നു. ആസ്മാരോഗികളും, വാതരോഗികളും നിരവധി ഉണ്ടെങ്കിലും കണക്കുകൾ ലഭ്യമല്ല. ചുരുക്കം ചിലരിൽ മാത്രം ചർമ്മരോഗങ്ങൾ കാണപ്പെടുന്നു. പ്രായമായവരിൽ ഒരു നല്ല വിഭാഗത്തിന് തിമിരരോഗങ്ങൾ ഉണ്ടാകുന്നുണ്ട്.

## പരിസര ശുചിത്വം

പരിസര മലിനീകരണം കൊണ്ട് ഉണ്ടാവുന്ന പകർച്ചവ്യാധികൾ ഈ പഞ്ചായത്തിൽ താരതമ്യേന കുറവാണ്. എന്നാൽ ചില പ്രദേശങ്ങളിൽ മലനീകരണം നടക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. ചന്തസ്ഥലത്തും ഹോട്ടൽ ഉൾപ്പടെയുള്ള കടകമ്പോളങ്ങളുടെ പരിസരത്തും കോളനികളിലുമാണ് പരിസര മലിനീകരണം ഏറ്റവും കൂടുതലായി കാണപ്പെടുന്നത്. ഓമല്ലൂർ ക്ഷേത്രത്തിലെ സദ്യാലയത്തിൽ വെച്ചു നടക്കുന്ന വിവാഹ സദ്യകളുടെ അവശിഷ്ടങ്ങളും എച്ചിലിലയും ക്ഷേത്രപരിസരത്ത് കൂടിക്കിടന്ന് ദുർഗന്ധം വമിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണ്. പഞ്ചായത്തിന്റെ ചില

ഭാഗങ്ങളിൽ നടക്കുന്ന അനധികൃതമായ അറവു ശാലകൾ പരിസരമലിനീകരണം സൃഷ്ടിക്കുന്നുണ്ട്. ഓമല്ലൂർ മാർക്കറ്റിൽ ചപ്പുചവറുകളും മറ്റും യഥാവസരങ്ങളിൽ നിർമ്മാർജ്ജനം ചെയ്യാതിരിക്കുന്നത് മലിനീകരണത്തിന് കാരണമാണ്.

**ഈ പഞ്ചായത്തിൽപ്പെട്ട വീടുകളിലെ കക്കൂസ്സുകളുടെയും എരുത്തിലുകളുടെയും സ്ഥിതി വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.**

പട്ടിക – 1

| സെപ്റ്റിക്ക ടാങ്ക് കക്കൂസ് | ഈ എസ് പി കക്കൂസ് | സാനിട്ടറി പിറ്റ് | വീടിനോട് ചേർന്ന എരുത്തിൽ | പ്രത്യേകം എരുത്തിൽ |
|---|---|---|---|---|
| 2093 | 1113 | 1119 | 1360 | 1225 |

ഹോട്ടലുകൾ, ശീതളപാനീയ കടകൾ, ബേക്കറികൾ എന്നീ സ്ഥാപനങ്ങൾ പൊതുജനാരോഗ്യ നിയമത്തിന് അനുസൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കേണ്ടതാണ്. പഴകിയ ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുക, ഭക്ഷണസാധനങ്ങൾ തുറന്നു വയ്ക്കുക, സാംക്രമിക രോഗികളെക്കൊണ്ട് ജോലി ചെയ്യിക്കുക, ഈച്ചകളെ നശിപ്പിക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ നടക്കുന്നത് തികച്ചും കുറ്റകരമാണ്. സോഡാഫാക്ടറി, ശീതളപാനിയകടകൾ എന്നിവിടങ്ങളിൽ ശുദ്ധജലം ഉപയോഗിക്കുന്നില്ലെന്ന പരാതി ഉണ്ടാവുന്നുണ്ട്. അച്ചൻകോവിൽ ആറിൽ സ്ഫോടക വസ്തുക്കൾ, വിഷപദാർത്ഥങ്ങൾ എന്നിവഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് കർശ്ശനമായി നിരോധിക്കണം. വിടുകളോടു ചേർന്ന് തൊഴുത്തുകൾ സ്ഥാപിക്കുന്നതും കക്കൂസ്, ചാണകക്കുഴി, എന്നിവ കിണറിന്റെ സമീപത്ത് സ്ഥാപിക്കുന്നതും ആരോഗ്യത്തിന് ഹാനികരമാണ്. നിലവിലുള്ള പൊതുജനാരോഗ്യനിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ കർശ്ശനമായി നടപ്പാക്കാൻ ബന്ധപ്പെട്ട അധികാരികളും പഞ്ചായത്തും ഗൗരവമായി ശ്രദ്ധിക്കണം.

## മാതൃശിശുസംരക്ഷണം

ഈ പഞ്ചായത്തിൽ താമസക്കാരായ 2313 ദമ്പതികളിൽ 1103 പേർ കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചിട്ടുള്ളവരാണ്. ഇതിൽ 1370 പേർ ഒരു കുട്ടി മാത്രമുള്ളവരും 654 പേർ രണ്ടുകുട്ടികൾ വീതമുള്ളവരും 259 പേർ രണ്ടിൽ കൂടുതൽ കുട്ടികളുള്ളവരുമാണ്. ബാക്കിയുള്ളവർ കുട്ടികളില്ലാത്തവരാണ്. ഈ പഞ്ചായത്ത് മാതൃശിശുസംരക്ഷണത്തിൽ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു. പോഷകാഹാരക്കുറവ് കാര്യമായി ഇവിടെ അനുഭവപ്പെടുന്നില്ല. പൈവള്ളിഭാഗം പ്രദേശത്ത് ഒരു കുട്ടി ഒഴിച്ച് ബാക്കി കുട്ടികൾ എല്ലാംതന്നെ പ്രതിരോധ കുത്തിവയ്പിന് വിധേയരായിട്ടുണ്ട്.

കഴിഞ്ഞ 3 വർഷത്തെ ജനനമരമ നിരക്കുകൾ താഴെ പട്ടികയിൽ പറയും പ്രകാരമാണ്.

പട്ടിക – 2

| വർഷം | ജനനം | മരണം | ജനസംഖ്യാ നിരക്ക് | മരണനിരക്ക് |
|---|---|---|---|---|
| 1993-94 | 180 | 87 | | |
| 1994-95 | 172 | 92 | 0.8% | 0.4% |
| 1995-96 | 161 | 82 | | |

ജനനനിരക്കും മരണനിരക്കും കണക്കാക്കിയിരിക്കുന്നത് പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ്.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. പരിസരമലനീകരണം ഒഴിവാക്കാൻ ശുചീകരണ പ്രവർത്തനം കൃത്യമായി നടത്തണം.

പൊതുസ്ഥലങ്ങൾ, നിരത്തുകൾ, കോളനികൾ എന്നിവിടങ്ങളിൽ ശുചിത്വം പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

2. ഓമല്ലൂർ മാർക്കറ്റിൽ ആധുനിക രീതിയിലുള്ള മത്സ്യചന്ത, ഇറച്ചിസ്റ്റാൾ, മറ്റ് സ്റ്റാളുകൾ എന്നിവ നിർമ്മിക്കുക. മത്സ്യ ചന്ത കോൺക്രീറ്റ് ചെയ്ത് വെടിപ്പായി സൂക്ഷിക്കുക. ചന്തയിലുള്ള മൂത്രപ്പുരയും കക്കൂസ്സും എല്ലാ ദിവസങ്ങളിലും കഴുകി വൃത്തിയാക്കാൻ സംവിധാനമുണ്ടാക്കുക.

3. സദ്യാലയങ്ങളുടെ സമീപത്ത് ഭക്ഷണത്തിന്റെ അവശിഷ്ടങ്ങളും എച്ചിൽ ഇലയും നിക്ഷേപിക്കുന്നത് തടയുക. ഈ സാധനങ്ങൾ ഉടനെതന്നെ നീക്കം ചെയ്ത് കമ്പോസ്റ്റ് വളം നിർമ്മാണത്തിന് ഉപയോഗിക്കുക.

4. ഹോട്ടലുകളിൽ പഴകിയ ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നത് കർശ്ശനമായി തടയുക. ഹോട്ടലുകൾ വൃത്തിയായി സൂക്ഷിക്കുക.

5. പൈപ്പുവെള്ളം, ശുദ്ധീകരിക്കാതെ കുടിക്കാവുന്നതല്ല. സോഡാഫാക്ടറി, ശീതളപാനീയ നിർമ്മാണ ശാലകൾ എന്നിവിടങ്ങളിൽ ശുദ്ധജലം ഉപോയഗിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുക.

6. മലിനവസ്തുക്കൾ, ഭക്ഷണത്തിന്റെ അവശിഷ്ടം, ചപ്പുചവറുകൾ എന്നിവ ഉപയോഗിച്ച് കമ്പോസ്റ്റ് വളം നിർമ്മിക്കാൻ പ്രചരണം നടത്തണം.

7. അച്ചൻകോവിലാറിൽ മത്സ്യബന്ധനത്തിന് സ്ഫോടക വസ്തുക്കളും വിഷപദാർത്ഥങ്ങളും ഉപയോഗിക്കുന്നത് നിരോധിക്കണം.

8. കുട്ടികൾക്ക് പോളിയോ വാക്സിൻ, മറ്റ് വാക്സിനുകൾ എന്നിവ കൃത്യമായി നല്കുക.

9. കൊതുകു നിവാരണത്തിന് വ്യാപകമായ നടപടികൾ സ്വീകരിക്കുക. ഓടകളിലും ജലം കെട്ടി നില്ക്കുന്ന സ്ഥലങ്ങളിലും കീടനാശിനികൾ തളിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

10. ഓമല്ലൂർ പ്രൈമറി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം നിർമ്മിച്ച് അവിടേക്ക് മാറ്റി സ്ഥാപിക്കുക. ഈ സ്ഥാപനത്തിൽ ആവശ്യമായ മരുന്ന് എത്തിക്കാൻ സംവിധാനമുണ്ടാക്കുക.

11. ഇപ്പോൾ സബ്ബ് സെന്ററുകൾ ഇല്ലാത്ത വാർഡുകളിൽ ഓരോ സബ്ബ്സെന്ററുകൾ നിർമ്മിക്കുക.

12. ആയുർവ്വേദ ആശുപത്രിയിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ ഏർപ്പാടുണ്ടാക്കുക. ഈ ആശുപത്രിയിൽ പാചകപ്പുര, വാട്ടർടാങ്ക് തുടങ്ങിയവ നിർമ്മിക്കുക.

13. പഞ്ചായത്തിൽ എവിടെയെങ്കിലും അനുയോജ്യമായ സ്ഥലത്ത് പൊതുസ്മശാനം നിർമ്മിക്കുക.

5-3.D

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് കേന്ദ്രസംസ്ഥാന സർക്കാരുകൾ നേരിട്ടും, പട്ടികജാതി-വർഗ്ഗ വികസന കോർപ്പറേഷൻ, വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ എന്നിവയുടെ ആഭിമുഖ്യത്തിലും നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. താഴ്ന്ന വരുമാനക്കാരുടെയും ദുർബലജനവിഭാഗങ്ങളുടെയും ജീവിത നിലവാരം ഉയർത്താനുള്ള വിവിധപരിപാടികളാണ് സാമൂഹ്യക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിവിധ സന്നദ്ധ സംഘടനകളുടെ സേവനവും ഈ രംഗത്ത് ലഭ്യമാകുന്നുണ്ട്.

ഗ്രാമവികസന വകുപ്പിൽ നിന്നും കഴിഞ്ഞ വർഷം നടത്തിയ I.R.D.P. സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ 9 വാർഡുകളിലായി പട്ടികജാതി/വർഗ്ഗക്കാർ ഉൾപ്പടെ ദാരിദ്ര്യ രേഖക്കു താഴെ 920 കുടുംബങ്ങൾ ഉള്ളതായി കാണുന്നു. ഇതിൽ 198 കുടുംബങ്ങൾക്ക് മാത്രമെ വിവിധ ഇനത്തിലുള്ള ധനസഹായങ്ങൾ ലഭിച്ചിട്ടുള്ളു.

ഇതേ സംബന്ധിച്ച് വാർഡു തിരിച്ചുള്ള കണക്ക് താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക – 1

| വാർഡ് | ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങൾ | പട്ടികജാതി വർഗ്ഗ വിഭാഗം | സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | പട്ടിതകജാതി പട്ടികവർഗ്ഗ വിഭാഗം | സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയവർ |
|---|---|---|---|---|---|
| I | 91 | 7 | 20 | 7 | 20 |
| II | 61 | 7 | 19 | 8 | 19 |
| III | 120 | 46 | 18 | 24 | 22 |
| IV | 58 | 20 | 23 | 8 | 8 |
| V | 100 | 23 | 26 | 4 | 4 |
| VI | 70 | 20 | 22 | 5 | 6 |
| VII | 144 | 41 | 32 | 13 | 14 |
| VIII | 155 | 43 | 12 | 7 | 6 |
| IX | 121 | 13 | 26 | 13 | 5 |
| ആകെ | 920 | 320 | 198 | 89 | 104 |

IRDP പദ്ധതി ഇന്നത്തെ നിലയിൽ ലക്ഷ്യം നേടണമെങ്കിൽ സമൂലമായ അഴിച്ചുപണി അനിവാര്യമായിരിക്കും.

അശാസ്ത്രീയമായ മാനദണ്ഡങ്ങൾക്ക് വിധേയമായി വരുമാനം നിശ്ചയിച്ചും ബാഹ്യ സമ്മർദ്ദങ്ങൾക്ക് വിധേയമായും ഗുണഭോക്താക്കളെ കണ്ടെത്തുന്ന സമ്പ്രദായം അവസാനിപ്പിക്കണം. പദ്ധതികളെപ്പറ്റിയുള്ള അജ്ഞത, സങ്കീർണ്ണമായ നടപടിക്രമങ്ങൾ ഉദ്യോഗസ്ഥ തലത്തിലുള്ള അനാസ്ഥ ബാഹ്യസമ്മർദ്ദങ്ങൾ ഇവയെല്ലാം പദ്ധതിയുടെ പരാജയത്തിന് കാരണമായി ഭവിച്ചു. ബോധവൽക്കരണത്തിന്റെ അഭാവം മൂലം ധനസഹായം ലഭിച്ചവർ തന്നെ അത് ദുരുപയോഗപ്പെടുത്തുകയും ധനകാര്യസ്ഥാപനങ്ങളുടെ കടക്കെണിയിൽപെട്ടു പോവുകയും ചെയ്തു.

## ട്രൈസം

ഗ്രാമവികസന വകുപ്പിൽ നിന്നും 18–നും 35 –നും മദ്ധ്യേ പ്രായമുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പൂർണ്ണമായും കേന്ദ്ര സഹകരണത്തോടു കൂടി നടപ്പിൽ വരുത്തുന്ന പരിശീലന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ പരിശീലനം നേടിയവരുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക – 2

| നമ്പർ | തൊഴിൽ | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം | ഇതരതൊഴിലു കളിൽ ഏർപ്പെട്ടി രിക്കുന്നവർ |
|---|---|---|---|---|
| 1 | തയ്യൽ | 2 | 1 | 1 |
| 2 | റേഡിയോ, T.V. | 2 | 2 | |
| 3 | ഇലക്ട്രിക്കൽ | 4 | – | 4 |
| 4 | പ്രിന്റിങ് | 1 | – | 1 |
| 5 | സൈക്കിൾ റിപ്പയറിങ് | 3 | – | 3 |
| 6 | പ്ലംപിങ് | 1 | – | 1 |
| 7 | കമ്പോസിങ് | 2 | – | 2 |
| 8 | വീവിങ് | 2 | 2 | – |

മേൽ സൂചിപ്പിച്ച കണക്കിൽ നിന്നും വ്യക്തമാവുന്നത് പരിശീലനം ലഭിക്കുന്നവർ അതേ തൊഴിലിൽ ഏർപ്പെടാൻ താല്പര്യം കാണിക്കാതെ മറ്റ് തൊഴിലുകളിൽ ഏർപ്പെ'ടുന്നു എന്നതാണ്. ഇതിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടതാണ്.

ട്രൈസം പോലെയുള്ള ചില പരിപാടികൾ പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്നുണ്ട്. ഇതും വേണ്ടത്ര വിജയിക്കുന്നില്ല. അഭിരുചിക്കനുസരിച്ച് പരിശീലനം ലഭിക്കേണ്ടവരെ തെരഞ്ഞെടുക്കാത്തതുകൊണ്ടും പരിശീലനാനന്തരം സ്വയം തൊഴിൽ കണ്ടെത്താൻ ആവശ്യമായ മൂലധന സഹായം നൽകാത്തതുകൊണ്ടും പരിശീലനം പ്രയോജനരഹിതമായിത്തീരുന്നു. പരിശീലന കാലത്തെ വേതനം മാത്രം ലക്ഷ്യമാക്കി പരിശീലനത്തിന് വരുന്ന ആളുകളുമുണ്ട്. ഈ ദൗർബല്യങ്ങൾ പരിഹരിക്കാൻ കഴിഞ്ഞാൽ ഇത്തരം പദ്ധതികൾ പാവപ്പെട്ടവർക്ക് പ്രയോജനപ്പെടുത്താം.

## R.A.P. (ടൂൾ കിറ്റ്)

ഗ്രാമവികസന വകുപ്പിൽ നിന്നും ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതിയാണിത്. ഇതിൽ ഉൾപ്പെടുത്തി ഈ പഞ്ചായത്തിൽ 6 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ സഹായംലഭിക്കേണ്ട നിരവധിയാളുകൾ ഇനിയും ബാക്കിയുണ്ട്. വ്യാപകമായ സർവ്വേ നടത്തി അർഹരായവരെ കണ്ടെത്തി എല്ലാവർക്കും സഹായം ലഭിക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലാളി – തൊഴിലുടമ സഹകരണത്തോടെ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ വഴി നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കെട്ടിടനിർമ്മാണം, മദ്യ വ്യവസായം തുടങ്ങിയ ചില മേഖലകളിൽ മാത്രമാണ് ഇത്തരം ക്ഷേമപദ്ധതികൾ കുറേയെങ്കിലും നടക്കുന്നത്. ഇതരതൊഴിൽ മേഖലകളിലും ക്ഷേമപദ്ധതികളുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.



428

പട്ടികജാതി വികസന കോർപ്പറേഷൻ വഴി ഭവനനിർമ്മാണത്തിനും തൊഴിൽ സംരഭങ്ങൾക്കും മറ്റും ആനുകൂല്യങ്ങൾ നൽകുന്ന ചില പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനം തൃശൂരിൽ സ്ഥിതി ചെയ്യുന്നതു മൂലം വളരെയേറെ അസൗകര്യങ്ഹൾ ഉണ്ടാകുന്നുണ്ട്. കേരളത്തിന്റെ എല്ലാ പ്രദേശത്തുമുള്ള ഗുണഭോക്താക്കൾക്ക് ബന്ധപ്പെടാൻ സൗകര്യപ്രദമായ വിധത്തിൽ ജില്ലാ കേന്ദ്രങ്ങളിലേക്ക് ആഫീസ് പ്രവർത്തനം വികേന്ദ്രീകരിക്കണം.

വനിതാ വികസന കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്താകയാൽ എല്ലാവർക്കും ബന്ധപ്പെടാൻ കഴിയുന്നില്ല. ഇതിന്റെ പ്രവർത്തനവും വിവിധ മേഖലകളിലേക്ക് വ്യാപിപ്പിക്കണം. ഈ കോർപ്പറേഷൻ വഴി നടപ്പാക്കാൻ പുതിയ ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്കരിക്കണം.

## ക്ഷേമപദ്ധതികൾ

1. **വാർദ്ധക്യകാലപെൻഷൻ:–** 65 വയസ്സ് പൂർത്തിയാക്കിയവരും പ്രായപൂർത്തിയായ ആൺ മക്കളില്ലാത്തവരും താഴ്ന്ന വരുമാനക്കാരുമായ ആളുകൾക്കാണ് ഈ ആനുകൂല്യം നൽകുന്നത്. പ്രതിമാസം 100 രൂപയാണ് പെൻഷൻ. അർഹത നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും പദ്ധതി കാലോചിതമായി പരിഷ്കരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഈ പഞ്ചായത്തിൽ 41 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്.

2. **വിധവാപെൻഷൻ:–** വൈധവ്യം സംഭവിച്ചവർക്കും ഭർത്താവുപേക്ഷിച്ചവർക്കും നിയമാനുസൃതം വിവാഹമോചനം നേടിയവർക്കും നൽകുന്ന അനുകൂല്യമാണിത്. പെൻഷൻ തുക ഇപ്പോൾ 100 രൂപയാണ്. ആൺമക്കൾക്ക് 20 വയസ്സ് പൂർത്തിയാകുന്നതുവരെ മാത്രമെ വിധവകൾക്ക് പെൻഷന് അർഹതയുള്ളു. ഈ പഞ്ചായത്തിൽ 64 വിധവകൾക്ക് പെൻഷൻ ലഭിച്ചുവരുന്നതായി കണക്കാക്കുന്നു.

3. **വികലാംഗപെൻഷൻ :–** ശാരീരികമായി അംഗവൈകല്യമുള്ളവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകുന്ന പെൻഷനാണിത്. പെൻഷൻ തുക പ്രതിമാസം 100 രൂപയാണ്. അംഗവൈകല്യ സർട്ടിഫിക്കറ്റ് ഡോക്ടർമാരിൽ നിന്ന് ലഭിക്കാൻ വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ട്. ഈ പഞ്ചായത്തിൽ 27 പേർക്ക് വികലാംഗ പെൻഷൻ ലഭിക്കുന്നു.

4. **തൊഴിലില്ലായ്മ വേതനം:–** 35 വയസ്സിന് താഴെയുള്ള തൊഴിലില്ലാത്തവർക്ക് നൽകി വരുന്ന ആനുകൂല്യമാണിത്. പ്രതിമാസം 70 രൂപയാണ് ഇപ്പോൾ വേതനം നൽകുന്നത്. ഈ പഞ്ചായത്തിൽ വേതനം ലഭിക്കുന്ന 225 പേരുണ്ട്. പ്രതിശീർഷ വേതനം തുച്ഛമായാണെങ്കിലും വലിയൊരു സംഖ്യ സർക്കാർ ഇതിനുവേണ്ടി ചെലവാക്കുന്നുണ്ട്.

5. **കർഷകത്തൊഴിലാളി പെൻഷൻ:–** തൊഴിൽവകുപ്പു മുഖേന 60 വയസ്സിനുമേൽ പ്രായമുള്ള കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകുന്ന പദ്ധതിയാണിത്. ഇപ്പോൾ പെൻഷൻ തുക പ്രതിമാസം 70 രൂപയാണ്. അർഹതയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് എല്ലാ കർഷകത്തൊഴിലാളികൾക്കും ആനുകൂല്യം ലഭിക്കാൻ സംവിധാനം ഉണ്ടാക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ 113 പേർക്ക് ഈ ആനുകൂല്യം ലഭിക്കുന്നു.

അവശത അനുഭവിക്കുന്ന കലാ–സാഹിത്യകാരന്മാർക്ക് നൽകിവരുന്ന ഒരു പെൻഷൻ നിലവിലുണ്ട്. പെൻഷൻതുക പ്രതിമാസം 300 രൂപ

യാണ്. ഈ പദ്ധതിയെപ്പറ്റി അറിവില്ലായ്മ മൂലവും നടപടിക്രമങ്ങളുടെ സങ്കീർണ്ണത മൂലവും അർഹരായ പലർക്കും ഈ ആനുകൂല്യം ലഭിക്കുന്നില്ല.

മാരകമായ രോഗങ്ങൾ ബാധിച്ചവർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്ന ചില പദ്ധതികളുണ്ട്. ക്ഷയരോഗബാധിതർക്ക് പ്രതിമാസം 50 രൂപാ വീതം ഒരു വർഷത്തേക്ക് നൽകുന്ന പദ്ധതി നിലവിലുണ്ട്. കുഷ്ടം, ക്യാൻസർ എന്നീ രോഗം ബാധിച്ചവർക്ക് രോഗം ഭേദമാകുന്നതുവരെയോ മരണംവരെയോ പ്രതിമാസം 115 രൂപാ ധനസഹായം നൽകുന്ന പദ്ധതിയുണ്ട്. ബന്ധപ്പെട്ട രോഗത്തിന് ചികിത്സ നടത്തുന്ന ഡോക്ടറുടെ മെഡിക്കൽസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ധന സഹായം അനുവദിക്കുന്നത്. ഈ പഞ്ചായത്തിൽ 2 ക്യാൻസർ രോഗികൾക്ക് ധനസഹായം ലഭിക്കുന്നുണ്ട്.

വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 2000/– രൂപാ ധനസഹായം അനുവദിക്കുന്ന ഒരു പദ്ധതി നിലവിലുണ്ട്. വിവാഹത്തിന് ഒരു മാസം മുമ്പ് അപേക്ഷ തഹസീൽദാർക്ക് നൽകേണ്ടതാണ്. തക്കതായ കാരണംകൊണ്ട് സമയത്തിനുള്ളിൽ അപേക്ഷിക്കാതിരുന്നാൽ അതിലേക്ക് കാരണങ്ങൾ കാണിച്ച് മാപ്പപേക്ഷനൽകിയാൽ ആവശ്യമായ അന്വേഷണങ്ങൾക്കു ശേഷം ധനസഹായം അനുവദിക്കാൻ തഹസീൽദാർക്ക് അധികാരമുണ്ട്. ഈ പദ്ധതിയേപ്പറ്റിയുള്ള അറിവില്ലായ്മ മൂലം അർഹരായ പലരും അവസരം വിനിയോഗിക്കുന്നില്ല.

പട്ടികജാതി വികസന വകുപ്പിൽ നിന്നും മാരകമായ രോഗങ്ങൾക്ക് ചികിത്സിക്കുവാനും വിധവകളുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനും ധനസഹായം അനുവദിക്കുന്നുണ്ട്. മിശ്രവിവാഹിതർക്ക്, അവരിൽ ഒരാൾ പട്ടികജാതിയിൽപ്പെട്ടതാണെങ്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതികളെപ്പറ്റിയുള്ള അറിവില്ലായ്മ മൂലം അർഹരായ പലരും ആനുകൂല്യം നേടിയെടുക്കുന്നില്ല.

ഈ പഞ്ചായത്തിൽ പെൻഷൻ മറ്റു ധനസഹായങ്ങളും ലഭിക്കുന്നവരുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക – 3

| വാർദ്ധക്യ കാല പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | അവശ കലാകാര പെൻഷൻ | അവശ കായിക താര പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം | ക്ഷയ രോഗ ധന സഹായം | കാൻസർ രോഗ ധന സഹായം | കുഷ്ട രോഗ സഹായം |
|---|---|---|---|---|---|---|---|---|---|
| 41 | 64 | 27 | 1 | – | 113 | 220 | 1 | 2 | – |

## അംഗൻ വാടികൾ

സാമൂഹ്യക്ഷേമരംഗത്ത് വിലപ്പെട്ട സേവനങ്ങൾ കാഴ്ചവെക്കാൻ കഴിയുന്ന സ്ഥാപനങ്ങളാണ് അംഗൻവാടികൾ. ഈ പഞ്ചായത്തിൽ അംഗൻവാടികൾ നിലവിലില്ല. ആറ്ററികം വാർഡിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ഒരു ബാലവാടി പ്രവർത്തിക്കുന്നുണ്ട്. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ ICDS പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി ഈ പഞ്ചായത്ത് പരിധിയിൽ 16 അംഗൻവാടികൾ ആരംഭിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇവയ്ക്ക് സ്ഥലവും കെട്ടിടവും കണ്ടുപിടിക്കുന്നത് ഇന്നത്തെ സാഹചര്യത്തിൽ വളരെ ശ്രമകരമാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി പുത്തൻ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് വ്യാപകമായ തോതിൽ ആരംഭിച്ചിട്ടുള്ള ഇംഗ്ലീഷ് മീഡിയം നഴ്സറികളും സ്കൂളുകളും നമ്മുടെ സംസ്കാരത്തിനുതന്നെ അപകടം വരുത്തിവയ്ക്കുന്ന നിലയിലുള്ള പ്രവർത്തനശൈലിയാണ് നടപ്പാക്കിവരുന്നത്. താഴ്ന്ന വരുമാനക്കാർക്കും ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്നവർക്കും തികച്ചും അപ്രാപ്യമാണ് ഇത്തരം സ്ഥാപനങ്ങൾ. ഈ സാഹചര്യത്തിൽ ഓരോ വാർഡിലും ഒന്നോ അതിലധികമോ അംഗൻവാടികൾ സ്ഥാപിച്ച് കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാവശ്യമാണ്.

## റേഷൻഷാപ്പ് (പൊതു വിതരണകേന്ദ്രം)

റേഷൻഷാപ്പുകളുടെ പേരുമാറ്റി പൊതുവിതരണകേന്ദ്രം എന്നാക്കിയതിനു ശേഷം ഈ സ്ഥാപനത്തെ അവഗണിക്കാനാണ് സർക്കാർ തയ്യാറായത്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കി വരുന്നത് 1996-ലെ റേഷനിംഗ് ആക്ട് പ്രകാരമാണ്. ഓരോ പൗരനേയും സംബന്ധിക്കുന്ന ആധികാരികരേഖയായി ഇന്ന് റേഷൻകാർഡിനെ അംഗീകരിക്കുന്നുണ്ട്. എന്നാൽ റേഷനിംഗ് സമ്പ്രദായം കഴിഞ്ഞ കാലങ്ങളിൽ ദുർബലപ്പെട്ടുവരുന്ന കാഴ്ചയാണ് നാം കണ്ടത്. പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായി സബ്സിഡികൾ വെട്ടിച്ചുരുക്കാനുള്ള നീക്കം പൊതു വിതരണ സമ്പ്രദായത്തെ സാരമായി ബാധിച്ചു. കേരള സർക്കാർ ഇപ്പോൾ വീണ്ടും റേഷനിംഗ് സമ്പ്രദായം മെച്ചപ്പെടുത്തിക്കൊണ്ടുവരാൻ പരിശ്രമിച്ചുകൊണ്ടിരിക്കയാണ്.

ഈ പഞ്ചായത്തിൽ സിവിൽ സപ്ലയ്സ് കോർപ്പറേഷന്റെ ചുമതലയിൽ ഒരു മാവേലിസ്റ്റോർ സജീവമായി പ്രവർത്തിക്കുന്നു. റേഷൻകടകൾ 12 എണ്ണം ഈ പഞ്ചായത്ത് പ്രദേശത്ത് നിലവിലുണ്ട്.

### നിർദ്ദേശങ്ങൾ

1. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ കണ്ടുപിടിക്കാൻ ഇന്നുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ശാസ്ത്രീയമായ സർവ്വെ നടത്തുക.
2. IRDP ധനസഹായം ഗുണഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് തെരഞ്ഞെടുക്കാൻ ആവശ്യമായ ബോധവല്ക്കരണം നടത്തുക.
3. ട്രൈസം പദ്ധതിയുടെ നടപടിക്രമങ്ങൾ പരിഷ്കരിക്കുക. പരിശീലകരെ തെരഞ്ഞെടുക്കൽ, പരിശീലനം ലഭിച്ചവർക്ക് തൊഴിൽ കണ്ടെത്തൽ എന്നീ കാര്യങ്ങളിൽ പഞ്ചായത്തുമായി ബന്ധപ്പെട്ട് പ്രായോഗിക പരിപാടികൾ നടപ്പാക്കുക.
4. തൊഴിലാളി ക്ഷേമ പദ്ധതികൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും ഈ പദ്ധതികളെ പഞ്ചായത്തുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.
5. പട്ടികജാതി വികസന കോർപ്പറേഷൻ, വനിതാകോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുക. ഇതിന്റെ പ്രവർത്തന പരിപാടികളെക്കുറിച്ച് ജനങ്ങളിൽ ബോധവല്ക്കരണം നടത്തുക.
6. റവന്യൂവകുപ്പ്, പട്ടികജാതി വികസനവകുപ്പ്, തൊഴിൽ വകുപ്പ്, എംപ്ലോയിമെന്റ് എക്സ്ചേയ്ഞ്ച് എന്നിവ വഴി നടപ്പാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളും ധനസഹായങ്ങളും പഞ്ചായത്തുമായി ബന്ധപ്പെടുത്തി നടപ്പിലാക്കുക.
7. നിരാലംബരായ വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന് ചികിത്സാ സൗകര്യങ്ങളോടുകൂടിയ വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കുക.
8. ആൺമക്കൾക്ക് 20 വയസ്സ് പൂർത്തിയാകുന്നതുവരെ മാത്രമെ വിധവകൾക്ക് പെൻഷൻ ലഭിക്കാൻ അർഹതയുള്ളു എന്ന വ്യവസ്ഥയിൽ മാറ്റം വരുത്തുക. ആൺമക്കൾക്ക് സ്വന്തമായി തൊഴിലും വരുമാനവും ഉണ്ടാവുന്നതുവരെ പെൻഷൻ തുടരാൻ വ്യവസ്ഥയുണ്ടാവണം.
9. മാവേലിസ്റ്റോർ, റേഷൻകടകൾ, എന്നിവ വഴിയുള്ള പൊതുവിതരണ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുക. ഭക്ഷ്യസാധനങ്ങളും പലവ്യഞ്ജനവും കുറഞ്ഞവിലക്ക് ലഭിക്കാൻ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തണം.

5-3.E

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ ഒരു കാലത്ത് കൊടിയ ചൂഷണത്തിന് വിധേയരായവരാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ. ചാതുർവർണ്ണ്യ വ്യവസ്ഥയുടെ അവശിഷ്ടമെന്നവണ്ണം ഈ രാജ്യത്ത് നിലനിന്നു വന്ന അയിത്തം, തീണ്ടൽ, തൊടീൽ എന്നിവ മൂലം ദുരിതം അനുഭവിക്കാൻ ഇവർ വിധിക്കപ്പെട്ടിരുന്നു. സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ, തൊഴിലാളി വർഗ്ഗ സംഘടനകൾ എന്നിവയുടെ പ്രവർത്തനത്തിന്റെ ഫലമായി ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സമൂഹത്തിൽ മാന്യമായ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂപരിഷ്കരണ നിയമം, സംവരണം, വിവിധ ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കിയതുമൂലം ഇവരുടെ സാമൂഹ്യ സാമ്പത്തിക നിലയിൽ മാറ്റമുണ്ടായി.

ഈ പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 12.5% പട്ടികജാതി/വർഗ്ഗ വിഭാഗമാണ്. 1991ലെ സെൻസസ്സ് പ്രകാരം 2039 പട്ടികജാതിക്കാരും 22 പട്ടികവർഗ്ഗക്കാരുമുണ്ട്. (ആകെ 2061). കൂടുതൽ പേരും അംഗീകൃത കോളനികളിലാണ് താമസിക്കുന്നത്. ബാക്കിയുള്ളവർ മറ്റുഭാഗങ്ങളിൽ ഇടകലർന്ന് താമസിക്കുന്നു. പട്ടികവർഗ്ഗ കോളനികൾ ഈ പഞ്ചായത്തിലില്ല. വിവിധ കോളനികളുടെ പേര്, കുടുംബങ്ങളുടെ എണ്ണം, അംഗസംഖ്യ എന്നീ വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക – 1

| നമ്പർ | കോളനി | വാർഡ് | കുടുംബങ്ങളുടെ എണ്ണം | അംഗസംഖ്യ |
|---|---|---|---|---|
| 1 | പറയനാലി കോളനി | III | 38 | 188 |
| 2 | പ്ലാക്കൽ | III | 20 | 88 |
| 3 | പള്ളം പുതുവാ | III | 16 | 80 |
| 4 | ഇലവുന്തറ | IV | 13 | 71 |
| 5 | കൊച്ചുമുറി | IV | 10 | 51 |
| 6 | നടുവത്തുകാവ് | IV | 14 | 71 |
| 7 | മച്ചിക്കാട് | VI | 17 | 85 |
| 8 | കലതിക്കാട് പടിഞ്ഞാറെവിള | VIII | 32 | 142 |
| 9 | പന്ന്യാലി പനവേലികിഴക്ക് | VII | 11 | 58 |
| 10 | നെല്ലിക്കാട്ടിൽ | VII | 10 | 48 |
| 11 | പൈവള്ളിഭാഗം | VII | 10 | 54 |
| 12 | ഐമാലി | V | 40 | 160 |
| 13 | മഞ്ഞിനിക്കര കോയിക്കുന്നിൽ | I | 13 | 58 |
| 14 | ആറ്ററികം പാർവ്വതിമെമ്മോറിയൽ | IX | 12 | 51 |
| | ആകെ | | 256 | 1205 |

മേൽ പട്ടികയിൽ വന്നിട്ടില്ലാത്തവർ അംഗീകൃതമല്ലാത്ത കോളനികളിലും മറ്റു ഭാഗങ്ങളിലും താമസക്കാരാണ്.

വിദ്യാഭ്യാസ, സാമൂഹ്യ സാമ്പത്തിക മേഖലകളിൽ പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് ഒരു പരിധിവരെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നേടിയെടുക്കാൻ സഹായകമായ ഒട്ടേറെ പദ്ധതികൾ ഉണ്ടെങ്കിലും അവയെല്ലാം വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

## വിദ്യാഭ്യാസം

സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലമായി പട്ടികജാതി/വർഗ്ഗ വിഭാഗക്കാരിൽ നിരക്ഷരത തുടച്ചുമാറ്റാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും തുടർവിദ്യാഭ്യാസത്തിന്റെ അഭാവം മൂലം ലക്ഷ്യം കൈവരിക്കാൻ കഴിയാതെ വന്നിട്ടുണ്ട്. വിദ്യാർത്ഥികളിൽ ഹൈ

സ്കൂൾ വിദ്യാഭ്യാസം നടത്തിയതിന് ശേഷം പഠനം തുടരാൻ ഭൂരിപക്ഷം പേരും തയ്യാറാവുന്നില്ല. കോളേജ് വിദ്യാഭ്യാസം ചെയ്ത് ബിരുദം നേടിയിട്ടുള്ളവർ വളരെ ചുരുക്കമാണ്. കുടുംബത്തിന്റെ സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാലും രക്ഷകർത്താക്കളുടെ സമ്മർദ്ദവും പ്രേരണയും ഇല്ലാത്തതുകൊണ്ടുമാണ് ഇത് സംഭവിക്കുന്നത്. സാങ്കേതിക പരിശീലനം നൽകുന്നതിന് ഗ്രാമവികസന വകുപ്പും പട്ടികജാതി വികസനവകുപ്പും പല സ്കീമുകൾ നടപ്പിലാക്കുന്നുണ്ട്. തയ്യൽ, പ്രിന്റിംഗ്, ബുക്ക് ബയന്റിംഗ്, ടയർ റീ ട്രേഡിംങ്, ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്, ഡ്രൈവിംഗ് പരിശീലനം എന്നിവയിൽ സ്റ്റൈഫന്റോടുകൂടി പരിശീലനം നടത്തുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ലംപ്സംഗ്രാന്റും മറ്റ് നിരവധി ആനുകൂല്യങ്ങളും നല്കിവരുന്നു. പൊതു വിദ്യാഭ്യാസരംഗത്തും സാങ്കേതിക വിദ്യാഭ്യാസരംഗത്തും ലഭിക്കുന്ന അവസരങ്ങൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെയിടയിൽ ശക്തിയായ ബോധവൽക്കരണം ആവശ്യമാണ്.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങൾ ഭൂരിപക്ഷം കാർഷിക മേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. എന്നാൽ മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി കൂടുതൽ വരുമാനമുള്ള മറ്റു മേഖലകളിലെ തൊഴിൽ ചെയ്യാൻ ഇവരുടെയിടയിൽ താല്പര്യം ഏറിവരികയാണ്. കെട്ടിടനിർമ്മാണം, തടി ലോഡിംഗ്, റോഡു നിർമ്മാണം തുടങ്ങിയ മേഖലകളിൽ തൊഴിൽ തേടി ഈ വിഭാഗത്തിൽപ്പെട്ടവർ പോവുന്നത് മൂലം കാർഷിക മേഖലയിൽ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. കെട്ടിടനിർമ്മാണ മേഖലയിൽ മേസ്തിരിപ്പണിക്ക് 150, മൈക്കാട് 100 എന്നീനിരക്കിലാണ് കൂലി നിലവിൽ ഉള്ളത്. തടി ലോഡിംഗ് മേഖലയിൽ ഇതിൽ കൂടുതൽ കൂലി ലഭിക്കുന്നുണ്ട്. കാർഷിക മേഖലയിൽ പുരുഷന് 100 സ്ത്രീക്ക് 75 എന്നീക്രമത്തിൽ കൂലി ലഭിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന "സുബല" തയ്യൽ പരിശീലനയൂണിറ്റ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിരവധി സ്ത്രീകൾക്ക് പരിശീലനവും തൊഴിലും നൽകുന്നുണ്ട്. സർക്കാർ സർവ്വീസുകളിൽ സംവരണം നിലവിലുള്ളതിന്റെ ഫലമായി വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക് തൊഴിൽ ലഭിക്കാൻ സാദ്ധ്യതകാളാണുള്ളത്.

## പാർപ്പിടം

സർക്കാർ തലത്തിലും സാമൂഹ്യ സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം മൂലവും പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിൽ ഒരളവുവരെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ വീടില്ലാത്ത നിരവധി കുടുംബങ്ങൾ ഇനിയും അവശേഷിക്കുന്നു. മുമ്പ് നിലവിലിരുന്ന N.R.E.P., R.L.E.G.P. സ്കീമിലും പിന്നീട് നിലവിൽ വന്ന JRY പദ്ധതിയിലും ഉൾപ്പെടുത്തി ധാരാളം വീടുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഇപ്പോൾ നിലവിലുള്ള IAY, മില്യൻവെൽ, പട്ടികജാതി വകുപ്പിലൂടെ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതി എന്നിവയിൽ നിരവധി പേർക്ക് വീടുകൾ നിർമ്മിക്കാൻ ധനസഹായം ലഭിച്ചിട്ടുണ്ട്. വളരെ നാളുകൾക്ക് മുമ്പ് നടപ്പിലാക്കിയ ലക്ഷം വീടു പദ്ധതിയിൽ വീടുലഭിച്ചവരിൽ ഭൂരിപക്ഷം പേരും ഈ വിഭാഗത്തിൽപ്പെട്ടവരാണ്.

പാർപ്പിടത്തിന് അനുയോജ്യമായ സ്ഥലത്തിന്റെ വിലവർദ്ധനവ്, കെട്ടിട നിർമ്മാണത്തിന് വേണ്ട അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം എന്നിവ മൂലം താഴ്ന്ന വരുമാനക്കാരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണം ദുഷ്ക്കരമായിത്തീർന്നിരിക്കയാണ്. സർക്കാരിൽ നിന്നും ധനസഹായവും വായ്പകളും കൂടുതൽ നൽകിയാൽ

മാത്രമെ ഇതിന് പരിഹാരമുണ്ടാവുകയുള്ളു. അംഗീകൃത കോളനികളിൽ ഭവനം, കക്കൂസ് എന്നിവ നിർമ്മിക്കാനുള്ള പദ്ധതികൾ നിലവിലുണ്ട്. കോളനികൾ സൗജന്യമായി വൈദ്യുതികരിക്കാനും വയറിംഗ് നടത്തികൊടുക്കാനും പദ്ധതികൾ ഉണ്ട്. എന്നാൽ ഈ പദ്ധതികൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

## ആരോഗ്യം

പട്ടികജാതി വിഭാഗക്കാരുടെയിടയിൽ ആരോഗ്യപരിപാലനത്തിന് കൂടുതൽ ശ്രദ്ധ ആവശ്യമാണ്. പോഷകാഹാരക്കുറവ്, പരിസരശുചിത്വമില്ലായ്മ, അലക്ഷ്യമായ ജീവിതം എന്നിവ മൂലം ആരോഗ്യ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വീടുകളോടനുബന്ധിച്ച് കക്കൂസ് ഇല്ലാത്തതും നിലവിലുള്ള കക്കൂസ് ബന്തവസ്സാക്കി പരിരക്ഷിക്കാത്തതും ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്ന പ്രശ്നമാണ്. കോളനികളിൽ പൊതു കക്കൂസ് നിർമ്മിച്ചാൽ തന്നെയും അത് ശുചിയായി സൂക്ഷിക്കാൻ ആളുകൾക്ക് താല്പര്യമില്ല. കുടുംബാസൂത്രണം, പ്രതിരോധകുത്തിവയ്പുകൾ എന്നിവ ഈ വിഭാഗക്കാർക്കിടയിൽ ഏറക്കുറെ നടപ്പായി വരുന്നുണ്ട്. ഇവർക്ക് സൗജന്യചികിത്സ ലഭ്യമാക്കാൻ കഴിയേണ്ടതാണ്.

കുടിവെള്ളം ലഭ്യമാക്കേണ്ടത് ആരോഗ്യ പരിപാലനത്തിന് അനിവാര്യമാണ്. ഓമല്ലൂർ ശുദ്ധജല പദ്ധതിയുടെ പൈപ്പുലൈനുകൾ മിക്ക കോളനികളിലും സ്ഥാപിച്ചിട്ടുണ്ട്. മുട്ടോള (ചീക്കനാൽ), പള്ളം, കൊച്ചുമുറി, ഇലവുംതറ, നെല്ലിക്കാട്ടിൽ എന്നീ കോളനികളിൽ പൈപ്പുലൈൻ സ്ഥാപിക്കേണ്ടതാണ്. വെള്ളം കിട്ടുന്ന കിണറുകളുള്ള കോളനികളിൽ പ്രത്യേകം പമ്പു സെറ്റും ജലസംഭരണിയും നിർമ്മിച്ച് ജലവിതരണം നടത്താൻ കഴിയും.

## തീവ്ര സങ്കേത വികസന പരിപാടി (I. H. D.P)

സർക്കാരിന്റെ ആഭിമുഖ്യത്തിൽ പട്ടികജാതി/വർഗ്ഗ കോളനികളുടെ സമഗ്രമായ വികസനം ലക്ഷ്യം വച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഭവനനിർമ്മാണം, സാനിട്ടേഷൻ, ശുദ്ധജല വിതരണം, വൈദ്യുതീകരണം, മണ്ണുസംരക്ഷണം, കാർഷികവികസനം എന്നീ മേഖലകളിൽ സമഗ്ര പദ്ധതികൾ നടപ്പിലാക്കാൻ ഇതുമൂലം കഴിയും. 1992– 93 വർഷത്തിൽ ഈ പഞ്ചായത്തിൽപെട്ട പ്ലാക്കൽ കോളനിയിൽ ഈ പദ്ധതി നടപ്പിലാക്കി. 1996 –97 വർഷത്തെ പദ്ധതിയിൽ പറയനാലികോളനി ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

## പട്ടികജാതി സഹകരണസംഘം

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന Q-861-ാം നമ്പർ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം ഈ രംഗത്ത് വളരെയധികം കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന ഒരു സ്ഥാപനമാണ്. എന്നാൽ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. സർക്കാരിൽ നിന്നും ഈ സംഘത്തിന് സൗജന്യമായി നല്കിയ ട്രാക്ടർ പ്രവർത്തിപ്പിക്കാതെ ഇട്ടിരിക്കുന്നതു മൂലം അതിന് കേടുവന്നുകൊണ്ടിരിക്കയാണ്. പട്ടികജാതി വിഭാഗക്കാർക്ക് തൊഴിൽ നൽകാനും ഭവന നിർമ്മാണത്തിനും മറ്റും വായ്പ നൽകാനും ഈ സ്ഥാപനം പ്രയോജനപ്പെടുത്താവുന്നതാണ്.

അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കാത്ത കുടുംബങ്ങൾ ഈ പഞ്ചായത്തിൽ നിരവധിയുണ്ട്. ഇവരുടെയിടയിൽ സമഗ്രമായ സർവ്വേ നടത്തി അർഹതയുള്ളവരെ കണ്ടെത്തി മുൻഗണനാക്രമത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതിയുണ്ടാവണം. കോളനികളിലും അല്ലാതെയും താമസിക്കുന്ന പട്ടികജാതി/വർഗ്ഗ വിഭാഗക്കാരുടെ ആവശ്യങ്ങൾ ക്രോഡീകരിച്ച് താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക – 2

| വാർഡ് | ആകെ കുടുംബങ്ങൾ | വീട് ആവശ്യമുള്ള കുടുംബങ്ങൾ | വീടിന് സ്ഥലം ആവശ്യ മുള്ളവർ | കക്കൂസ് ആവശ്യ മുള്ളവർ | വൈദ്യുതീ കരണം ലഭിക്കേണ്ട വർ |
|---|---|---|---|---|---|
| I | 33 | 12 | 6 | 18 | 10 |
| II | 35 | 15 | 6 | 22 | 23 |
| III | 128 | 22 | 18 | 55 | 40 |
| IV | 40 | 17 | 5 | 21 | 12 |
| V | 48 | 10 | 10 | 35 | 13 |
| VI | 50 | 14 | 3 | 15 | 14 |
| VII | 69 | 20 | 5 | 58 | 32 |
| VIII | 50 | 15 | 5 | 45 | 15 |
| IX | 20 | 5 | 2 | 10 | 3 |
| ആകെ | 473 | 130 | 60 | 279 | 162 |

## കോളനിറോഡുകൾ

ഈ പഞ്ചായത്തിലെ വിവിധ കോളനികളിലൂടെ കടന്നുപോകുന്ന റോഡുകൾക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനം നടത്തേണ്ടതാണ്. ഗതാഗതയോഗ്യമായ റോഡുകളില്ലാത്ത കോളനികളും ഇവിടെയുണ്ട്. വിവിധ തരത്തിലുള്ള റോഡുകൾ താഴെ പട്ടികയിൽ ചേർക്കുന്നു.

## പട്ടിക – 3

| നമ്പർ | റോഡിന്റെ പേര് | വാർഡ് | നിലവിലുള്ള സ്വഭാവം വീതി | ആവശ്യം |
|---|---|---|---|---|
| 1 | കോയിക്കുന്നിൽ കോളനിറോഡ് | I | മണ്ണ്റോഡ് 3 മീറ്റർ | സംരക്ഷണ ഭിത്തി കെട്ടി അറ്റകുറ്റ പ്പണികൾ നടത്തുക |
| 2 | മുട്ടോള കോളനിറോഡ് | II | വീതികുറഞ്ഞ ഇടവഴി 1 മീറ്റർ | വീതികൂട്ടി സഞ്ചാ രയോഗ്യമാക്കണം |
| 3 | റീത്തുപള്ളിപ്പടി – മലങ്കാവ്റോഡ് (പ്ലാക്കൽ കോളനി) | III | ടാർ ചെയ്തത് 8 മീറ്റർ | റീടാറിംഗ് നടത്തണം |
| 4 | പ്ലാക്കൽപ്പടി-പട്ടാഴിക്കാട്ടുപടി റോഡ് | III | നിർമ്മാണം പൂർത്തിയായിട്ടില്ല 5 മീറ്റർ | ഡൈഡ് കെട്ടി നിർമ്മാണം പൂർത്തി യാക്കണം |
| 5 | മാംമൂട്-മലങ്കാവ്റോഡ് (പറയനാലി കോളനി) | III | ടാർ ചെയ്തത് 8 മീറ്റർ | റീടാറിംഗ് നടത്തണം |
| 6 | കപ്പമാവുനില്ക്കുന്നതിൽപ്പടി-മലങ്കോട്ട റോഡ് (പറയനാലി കോളനി) | III | നിർമ്മാണം ഭാഗികം 4 മീറ്റർ | നിർമ്മാണം പൂർത്തിയാക്കണം |
| 7 | നെടിയകാലാപടി-പള്ളംകോളനി റോഡ് | III | ഗതാഗതയോഗ്യമല്ല 5 മീറ്റർ | സംരക്ഷണഭിത്തി കെട്ടി ഗതാഗത യോഗ്യമാക്കണം |
| 8 | തറയിൽപടി-മുട്ടുകുടുക്ക റോഡ് (കൊച്ചുമുറി കോളനി) | IV,III | മണ്ണുറോഡ് ഗതാഗതയോഗ്യ മാണ് 8 മീറ്റർ | ടാറിംഗ് നടത്തണം |
| 9 | പുത്തൻപറമ്പിൽപടി-പറയനാലി ലക്ഷംവീട് കോളനിറോഡ് | V | മണ്ണുറോഡ് 4 മീറ്റർ | അറ്റകുറ്റപ്പണി നടത്തണം |
| 10 | മുള്ളനിക്കാട്ട്പള്ളി-നെല്ലിക്കാട്ടിൽ കോളനി റോഡ് | VII | ഗതാഗതയോഗ്യമല്ല 6 മീറ്റർ | ടാർ ചെയ്യണം |
| 11 | വാഴമുട്ടം കലതിക്കാട്ടിൽ കോളനിറോഡ് | VIII | മണ്ണുറോഡ് 8 മീറ്റർ | ടാർ ചെയ്യണം |
| 12 | നെടുംപള്ളി കോളനി റോഡ് | IX | മണ്ണുറോഡ് 4 മീറ്റർ | അറ്റകുറ്റപ്പണി നടത്തണം |

## നിർദ്ദേശങ്ങൾ

1. കാർഷിക മേഖലയിൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ പദ്ധതികളാവിഷ്കരിക്കണം.

2. വിവിധ കോളനികളിൽ അടിസ്ഥാനസൗകര്യങ്ങളെപ്പറ്റിയുള്ള സർവ്വേനടത്തി റിപ്പോർട്ട് തയ്യാറാക്കണം.

3. പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗക്കാർക്ക് വീടുവെയ്ക്കാൻ ധനസഹായം നൽകണം.

4. ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് 4 സെന്റ് ഭൂമിനൽകാൻ ആവശ്യമായ ഭൂമിവിലക്കെടുക്കണം. ഭൂമിയുടെ വിലയിനത്തിൽ സർക്കാർ നിശ്ചയിക്കുന്ന കമ്പോളവില വർദ്ധിപ്പിക്കണം.

5. സാങ്കേതിക തൊഴിൽ പരിശീലനം നല്കുകയും അവർക്ക് തൊഴിൽ ലഭിക്കാനാവശ്യമായ പരിപാടികൾ നടപ്പാക്കുകയും വേണം.

6. കൂടുതൽ ആനുകൂല്യം നൽകിയും ബോധവൽക്കരണത്തിലൂടെയും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം.

7. നിലവിലുള്ള പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ട്രാക്ടറിന്റെ കേടുപാടുകൾ നീക്കി പ്രവർത്തന ക്ഷമമാക്കണം.

8. വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് പട്ടികജാതിസ്ത്രീകൾക്ക് തൊഴിൽ പരിശീലനവും തൊഴിലും നൽകണം.

9. ഓമല്ലൂർ ശുദ്ധജലവിതരണപദ്ധതി, മണ്ണാറമല ജലവിതരണപദ്ധതി എന്നിവയുടെ പൈപ്പുലൈനുകൾ വിവിധ കോളനികളിലേക്ക് നീട്ടി സ്ഥാപിക്കണം.

10. പഞ്ചായത്തിൽ നിന്നും പണം അടക്കാതെ തന്നെ എല്ലാ കോളനികളിലും ഇലക്ട്രിസിറ്റി ബോർഡിന്റെ ചുമതലയിൽ വൈദ്യുതീകരണം നടത്തണം.

11. എല്ലാ കോളനികളിലും കുട്ടികൾക്ക് സൗജന്യമായി പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കണം.

12. എല്ലാ കോളനികളിലും പൊതു സ്മശാനം നിർമ്മിക്കുക.

13. വായനശാലകൾ, ക്ലബ്ബുകൾ, ജനവിദ്യാകേന്ദ്രങ്ങൾ എന്നിവ എല്ലാ കോളനികളിലും സ്ഥാപിക്കുക.

14. പായനെയ്ത്ത്, കൊട്ട, പനമ്പ് എന്നിവയുടെ നെയ്ത്ത്, തവി, ചൂൽ തുടങ്ങിയവയുടെ നിർമ്മാണം, ഇവയെല്ലാം വ്യവസായടിസ്ഥാനത്തിൽ നടത്താനുള്ള യൂണിറ്റുകൾ രൂപീകരിക്കുക.



**5–3.F**

# സഹകരണം

സഹകരണപ്രസ്ഥാനത്തിന് ഓമല്ലൂരിൽ ഏകദേശം മുക്കാൽ നൂറ്റാണ്ടു കാലത്തെ ചരിത്രമുണ്ട്. 1930–ൽ കുരുക്കളഴികത്ത് ആശാന്റെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട 114–ാം നമ്പർ പരസ്പര സഹായസഹകരണസംഘം തിരുവിതാംകൂറിലെ ആദ്യകാല സഹകരണസംഘങ്ങളിൽ ഒന്നാണ്. സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും രക്ഷനേടാനും പരസ്പരം സഹായിക്കാനും ലക്ഷ്യം വച്ചുകൊണ്ട് രൂപീകരിച്ച ഈ സ്ഥാപനം അക്കാലത്ത് സമൂഹത്തിനാകെ മാതൃകയായിരുന്നു. എന്നാൽ പിൽക്കാലത്ത് ഇതിന്റെ പ്രവർത്തനം നിലച്ചു പോകുകയുണ്ടായത്. ഈ സ്ഥാപനത്തിന്റെ വകകെട്ടിടം ഇപ്പോഴും ഓമല്ലൂർ മാർക്കറ്റിൽ നിലകൊള്ളുന്നു. മറ്റൊരു സഹകരണസ്ഥാപനം വാഴമുട്ടം പ്രദേശത്തും രൂപീകരിച്ചിരുന്നു. 913–ാം നമ്പർ പരസ്പര സഹായസഹകരണ സംഘം എന്ന പേരിൽ രജിസ്റ്റർ ചെയ്ത ഈ സ്ഥാപനത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടായിരുന്നു. കാലാന്തരത്തിൽ ഇതും പ്രവർത്തനരഹിതമാകുകയും ലിക്വിഡേറ്റു ചെയ്യപ്പെടുകയുമുണ്ടായി.

ഈ പഞ്ചായത്തിൽ ഇപ്പോൾ വിവിധതരത്തിലുള്ള 11 സഹകരണസ്ഥാപനങ്ങൾ നിലവിലുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓമല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം, നമ്പർ ക്യൂ 228.
2. ഓമല്ലൂർ പഞ്ചായത്ത് കൺസ്യൂമർ സഹകരണസംഘം, നമ്പർ പി.റ്റി. 55.
3. പട്ടികജാതി – പട്ടികവർഗ്ഗ സഹകരണ സംഘം നമ്പർ ക്യൂ 861.
4. വനിതാസഹകരണസംഘം, നമ്പർ പി.റ്റി. 22.
5. വാഴമുട്ടം ശൂർഖണ്ഡസാരി ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റി, നമ്പർ ക്യൂ 225.

6. ഐമാലി മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നമ്പർ പി.റ്റി. 62.

7. ഓമല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘം, നമ്പർ Q. 79.D

8. പന്ന്യാലി KUCS Ltd No. 63 (D) Apcos

9. ഓമല്ലൂർ ഗവ. ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

10. ആര്യഭാരതി ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

11. പത്തനംതിട്ട താലൂക്ക് റൂറൽ ഹൗസിംഗ് സൊസൈറ്റി.

ഇവയെകൂടാതെ പത്തനംതിട്ട കേന്ദ്രമായി പ്രവർത്തിക്കുന്ന കാർഷിക വികസന ബാങ്കിന്റെ പ്രവർത്തന പരിധിയിൽപെട്ടതാണ് ഈ പഞ്ചായത്ത്.

## സഹകരണസംഘങ്ങളുടെ ഇന്നത്തെ സ്ഥിതി: -

### ഓമല്ലൂർ സർവ്വീസ് സഹകരണബാങ്ക് Q 228

1962 ലാണ് ഈ സഹകരണസ്ഥാപനം പ്രവർത്തനമാരംഭിച്ചത്. ഇന്ന് 6506 അംഗങ്ങളുള്ള ഈ സംഘത്തിന്റെ ഓഹരി മൂലധനം 21 ലക്ഷം രൂപയാണ്. നാലരകോടി രൂപാ സ്ഥിരനിക്ഷേപമായും ഒരു കോടി രൂപാ ഹ്രസ്വാകാലനിക്ഷേപമായും ഈ ബാങ്കിലുണ്ട്. കാർഷിക വായ്പയായി 9939340/- രൂപായും മറ്റ് വായ്പകളായി 12,779,156/- രൂപായും പ്രത്യേക വായ്പകളായി 5679630/- രൂപയും നല്കിയിട്ടുണ്ട്. അംഗങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപാ വരെ വായ്പ അനുവദിക്കുന്നുണ്ട്. ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകളും ഹയർപർച്ചേസും 16 നമ്പർ ചിട്ടികളും നിലവിലുണ്ട്. വളം, കീടനാശിനികൾ, റബ്ബർ ടെക്സ്റ്റൈൽസ് ഹാൻഡ്ലൂം നിത്യോപയോഗ സാധനങ്ങൾ എന്നിവയുടെ വ്യാപാരം നല്ലനിലയിൽ നടക്കുന്നുണ്ട്.

ഈ ബാങ്കിന് വാഴമുട്ടത്ത് ഒരു ബ്രാഞ്ച് 23.10.96 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ഏറ്റവും നല്ല പ്രവർത്തനമുള്ള ബാങ്കിന് നല്കിവരുന്ന സംസ്ഥാനതല ട്രോഫി കഴിഞ്ഞവർഷം ഈ ബാങ്കിനാണ് ലഭിച്ചത്.

### ഓമല്ലൂർ പഞ്ചായത്ത് കൺസ്യൂമർ സഹകരണ KWL P.T. 55.

1989ൽ പ്രവർത്തനമാരംഭിച്ചു. ഓമല്ലൂർ മാർക്കറ്റ് കേന്ദ്രമാക്കി സാമാന്യം നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു. നിത്യോപയോഗസാധനങ്ങൾ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്ന പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്താൻ സാദ്ധ്യതകളുണ്ട്. പഞ്ചായത്തു വക സ്റ്റാൾ മുറിയിലാണ് ഇത് പ്രവർത്തിക്കുന്നത്.

### പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം Q-861

ഈ പഞ്ചായത്തിലെ 5-ാം വാർഡിൽ (ഐമാലി) പ്രവർത്തിച്ചുവരുന്ന ഈ സംഘത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. പഞ്ചായത്തിലെ എല്ലാ പട്ടികജാതി കുടുംബങ്ങളും അംഗങ്ങളല്ല. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. സർക്കാരിൽ നിന്നും ഈ സംഘത്തിന് നല്കിയ ഒരു ട്രാക്ടർ ആർക്കും പ്രയോജനമി

ല്ലാത്ത സ്ഥിതിയിൽ ഉപയോഗിക്കാതെ കിടക്കുന്നു. കാര്യക്ഷമമായി പ്രവർത്തിച്ചാൽ നല്ല സാദ്ധ്യതകളുള്ള ഒരു സ്ഥാപനമാണിത്.

### വനിതാ സഹകരണസംഘം P.T. 22.

1985ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. ഇലന്തൂർ ബ്ലോക്കാണ് പ്രവർത്തനപരിധി. ഒരു വ്യവസായയൂണിറ്റ് എന്ന നിലയിലാണ് ഇതിന്റെ ഘടന. ഓമല്ലൂർ മാർക്കറ്റിൽ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നീർമ്മാണവും പരിശീലനവും നടത്തിവരുന്നു. പ്രവർത്തനമൂലധനത്തിന്റെ അഭാവം ഈ സ്ഥാപനത്തിന്റെ ഒരു പോരായ്മയാണ്.

### വാഴമുട്ടം ശൂർഖണ്ഡസാരി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി Q. 225

കരിമ്പുകർഷകരുടെ ഉന്നമനത്തിനായി 1961-ൽ ഖാദിഗ്രാമ വ്യവസായ ബോർഡിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിക്കപ്പെട്ടു. വാഴമുട്ടം പ്രദേശത്ത് കരിമ്പുകൃഷി വൻതോതിൽ കുറഞ്ഞതിനെ തുടർന്ന് ഈ സംഘത്തിന്റെ പ്രവർത്തനം താറുമാറായി. ആദ്യകാലത്ത് നല്ലനിലയിൽ ശർക്കര ഉല്പാദനം നടത്തിയിട്ടുള്ള സ്ഥാപനമാണിത്. സ്വന്തമായി സ്ഥലവും കെട്ടിടവും യന്ത്രസാമഗ്രികളും ഇവിടെയുണ്ട്.

### ഹൗസിങ് സൊസൈറ്റി

ഇടത്തരവും താഴ്ന്ന വാരുമാനക്കാരുമായവരുടെ പാർപ്പിട പ്രശ്നത്തിനു പരിഹാരം കാണാൻ ഉദ്ദേശിച്ചുകൊണ്ട് സ്ഥാപിച്ചതാണ് ഈ സംഘം. കുറെപേർക്ക് ഭവനനിർമ്മാണ വായ്പ നല്കിയിരുന്നു. പിന്നീട് പ്രവർത്തന രഹിതമായി. 5 സെന്റ് സ്ഥലം സ്വന്തമായുണ്ട്. നിരുത്തരവാദപരമായ പ്രവർത്തന ശൈലിമൂലം തകർച്ചയിലേക്ക് നീങ്ങിയ സ്ഥാപനമാണിത്. പുനരുദ്ധരിച്ചാൽ ഭവനനിർമ്മാണ രംഗത്ത് പൊതു ജനങ്ങൾക്ക് വളരെയേറെ പ്രയോജനം ചെയ്യാൻ കഴിയുന്ന ഒരു സ്ഥാപനമാണ്.

### ഓമല്ലൂർ ക്ഷീരോല്പാദക സഹകരണസംഘം , നമ്പർ Q. 79.D.

ഓമല്ലൂർ മാർക്കറ്റിൽ ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മഞ്ഞിനിക്കര, ആറ്ററികം, വാഴമുട്ടം, വാർഡുകളിലെ ക്ഷീര കർഷകരെ ഉദ്ദേശിച്ച് രജിസ്റ്റർ ചെയ്ത ഈ സംഘത്തിന് പ്രലർത്തിക്കാൻ വലിയ സാദ്ധ്യതകളാണുള്ളത്. പ്രവർത്തനം കാര്യക്ഷമമാക്കണം.

### ഐമാലി മിൽക്ക് പ്രോഡ്യൂസേഴ്സ് സഹകരണ സംഘം, നമ്പർ. PT. 62 (D) APCOS.

ഐമാലി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ സംഘത്തിന്റെ പ്രവർത്തന മേഖല ഐമാലി, ചീക്കനാൽ, പറയനാലി വാർഡുകളാണ്. മിൽമയുമായി ബന്ധപ്പെട്ടാണ് പാൽ വില്പന നടത്തുന്നത്. ഇതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയണം.

### പന്ന്യാലി ക്ഷീരോല്പാദക സഹകരണസംഘം, നമ്പർ 63 (D) APCOS.

പന്ന്യാലി കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. പ്രവർത്തനം പുനരുദ്ധരിച്ച് കാര്യക്ഷമമാക്കാൻ കഴിയണം.

## സ്കൂൾ സഹകരണ സംഘങ്ങൾ

ഓമല്ലൂർ ഗവ. ഹൈസ്കൂളിലും ആര്യഭാരതി ഹൈസ്കൂളിലും സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തിവരുന്നു. പാഠപുസ്തകങ്ങൾ വിതരണം ചെയ്യുകയാണ് ഇവയുടെ മുഖ്യജോലി. സ്കൂളിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും കുട്ടികൾക്കും ആവശ്യമായ വിവിധയിനം സാധനങ്ങൾ വിപണനം ചെയ്യത്തക്ക രീതിയിൽ ഇതിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ കഴിയണം.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. വാഴമുട്ടം ഗൂർഖണ്ഡസാരി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒരു വെളിച്ചെണ്ണ-കൊപ്രാ വ്യവസായ യൂണിറ്റായി പുനസംഘടുപ്പിച്ചാൽ 5 പേർക്ക് നേരിട്ടും കുറെ പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും. തന്മൂലം തെങ്ങുകൃഷി വികസനത്തിന് സാദ്ധ്യത വർദ്ധിക്കും.

2. വനിതകൾക്ക് സാദ്ധ്യതയുള്ള കറിപൗഡർ, അച്ചാർ, ഗാർമെന്റ്സ്, ബേക്കറി സാധനങ്ങൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ സഹകരണമെഖലയിൽ പ്രവർത്തനമാരംഭിക്കണം. ഇതിനായി പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യണം.

3. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു പാൽ സംസ്കരണ യൂണിറ്റ് ആരംഭിക്കണം. പാൽ ഉല്പന്നങ്ങൾക്ക് നല്ല വിപണന സാദ്ധ്യതയുണ്ട്.

4. കാർഷികോല്പന്നങ്ങളായ റബ്ബർ, മരച്ചീനി, നാളീകേരം, പഴവർഗ്ഗങ്ങൾ എന്നിവ ഉപയോഗിച്ച് വിവിധയിനം ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ സഹരണ മേഖലയിൽ ആരംഭിക്കണം.

5. പുത്തൻപീടിക വാർഡിൽ പ്രവർത്തിച്ചു വന്നിരുന്നതും ലികിഡേറ്റ് ചെയ്യപ്പെട്ടതുമായ സഹകരണസംഘം പുനരുജ്ജീവിപ്പിക്കുകയോ അല്ലത്ത പക്ഷം അതിന്റെ സ്വത്തുക്കൾ ഓമല്ലൂർ സർവ്വീസ് സഹകരണബാങ്ക് ഏറ്റെടുക്കുകയോ ചെയ്യണം. പുത്തൻപീടികയിൽ ഒരു ബ്രാഞ്ച് ആരംഭിക്കാവുന്നതാണ്.



5-3.G

# വനിത

ഓമല്ലൂരിൽ വളരെനാളുകൾക്ക് മുൻപുതന്നെ സാമൂഹ്യപ്രവർത്തനരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് ഈ ഗ്രാമത്തിൽ ഒരു നൂറ്റാണ്ടു കാലത്തെ ചരിത്രമുണ്ട്. ഇതിൽ നിർണ്ണായകമായ പങ്കു വഹിക്കാൻ സ്ത്രീകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ന് ജീവിതത്തിന്റെ നാനാമേഖലകളിലും പുരുഷന്മാരോടൊപ്പം സ്ത്രീകൾക്ക് തുല്യ പങ്കാളിത്തം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്.

സ്ത്രീകളോട് കടുത്ത അനീതികാട്ടിയിരുന്ന ഒരു സാമൂഹ്യ വ്യവസ്ഥ നമ്മുടെ രാജ്യത്തിന്റെ പൂർവ്വചരിത്രത്തിൽ നിന്നും ഒരിക്കലും മായ്ക്കാനാവില്ല. ആർഷഭാരതത്തിലെ മഹത് കൃതികളിലൊന്നായ ''മനുസ്മൃതി''യിൽ ''ന സ്ത്രീ സ്വാതന്ത്ര്യമർഹതി'' എന്നു പ്രസ്താവിച്ചത് അക്കാലത്തെ സാമൂഹ്യ നീതിയുടെ പ്രതിഫലനമാണെന്ന് നമുക്ക് അനുമാനിക്കാം. സവർണ്ണമേധാവിത്വവും ഉച്ചനീചത്വവും കൊടികുത്തി വാണിരുന്ന ഒരു പൂർവ്വകാലം നമുക്കുണ്ടായിരുന്നു.

ഫ്യൂഡൽ നാടുവാഴി സാമൂഹ്യവ്യവസ്ഥയുടെ പശ്ചാത്തലത്തിൽ പുരുഷമേധാവിത്വവും സ്ത്രീകളോടുള്ള അനീതിയും നിലനിന്നിരുന്നു. ഇതിനെതിരായ പോരാട്ടം നമ്മുടെ രാജ്യത്ത് 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടു. അക്കാലത്ത് നിലനിന്നിരുന്ന സ്ത്രീകൾക്കെതിരായ അനീതികൾ വർണ്ണനാതീതമാണ്. ബാല്യവിവാഹം, ബഹുഭാര്യാത്വം, വിധവകളെ ഒറ്റപ്പെടുത്തൽ എന്നിവമൂലം സ്ത്രീകൾക്ക് അടിമത്വം അനുഭവിക്കേണ്ടിവന്നു. വിദ്യാഭ്യാസം ചെയ്യാനുള്ള അവകാശവും സ്ത്രീകൾക്ക് നിഷേധിച്ചിരുന്നു. മരിച്ച ഭർത്താവിന്റെ ചിതയിൽ ചാടി ഭാര്യ വെന്തുരുകി മരിക്കണമെന്നായിരുന്നു പ്രാചീന ഭാരതത്തിലെ കിരാതമായ നിയമം.

മേൽപറഞ്ഞ അനീതികൾക്കെതിരെ പോരാട്ടത്തിന് നേതൃത്വം നൽകിയ നവോത്ഥാന

പ്രസ്ഥാന നേതാക്കളായ രാജാറാം മോഹൻ റോയി, ഈശ്വരചന്ദ്ര വിദ്യാസാഗർ തുടങ്ങിയവരുടെ സംഭാവനകൾ വിലപ്പെട്ടതാണ്. യാഥാസ്ഥിതികരായ മതവിശ്വാസികളുടെയും നാടുവാഴി –ഭൂപ്രഭുവിഭാഗങ്ങളുടെയും കടുത്ത എതിർപ്പിനെ നേരിട്ടുകൊണ്ടാണ് ഇത്തരം പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചത്. സ്ത്രീകൾക്കെതിരായ അനീതി അവസാനിപ്പിക്കാൻ ബ്രട്ടീഷ് ഇന്ത്യയുടെ ഭരണാധികാരികൾ പലനടപടികളും സ്വീകരിച്ചു. ഇതിൽ പ്രധാനപ്പെട്ടവയാണ് 1827–ൽ പാസ്സാക്കിയ സതി നിരോധന നിയമവും 1856–ൽ പാസ്സാക്കിയ വിധവാ വിവാഹനിയമവും. പിന്നീട് സ്ത്രീകൾക്ക് വോട്ടവകാശം നൽകിക്കൊണ്ട് 1920–29 കാലയളവിൽ ബ്രിട്ടീഷ് ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും നിയമങ്ങൾ നടപ്പാക്കി.

ദേശീയസ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് നിരവധി പോരാട്ടങ്ങൾ നടത്തിയ പ്രമുഖ വനിതകൾ ചരിത്രത്തിൽ സ്ഥാനം നേടിയിട്ടുണ്ട്. ജാൻസി റാണി ലക്ഷ്മീഭായി ബ്രിട്ടീഷ് പട്ടാളത്തിനെതിരെ അടർക്കളത്തിൽ പോരാടി വീരമൃത്യുവരിച്ചത് എക്കാലവും സ്മരിക്കപ്പെടുന്നു. സ്വാതന്ത്ര്യ സമരസേനാനികളായ സരോജിനി നായിഡു, ആനിബസന്റ്, ക്യാപ്റ്റൻ ലക്ഷ്മി തുടങ്ങി നൂറുകണക്കിന് മഹിളാ നേതാക്കൾ ഇൻഡ്യൻ സ്ത്രീ സമൂഹത്തിന് ഇന്നും മാതൃകയാണ്.

ഓമല്ലൂർ പഞ്ചായത്തിൽ 19–ാം നൂറ്റാണ്ടിൽ തന്നെ സ്ത്രീകൾ സാമൂഹ്യപ്രവർത്തനത്തിൽ സജീവമായി രംഗത്തിറങ്ങി. ആധുനിക വിദ്യാലയങ്ങൾ ആരംഭിച്ചത് സ്ത്രീ വിദ്യാഭ്യാസത്തിന് വളരെയേറെ സഹായകമായി. ഈ ഗ്രാമത്തിലെ ആദ്യത്തെ വിദ്യാലയം 1875–ൽ ക്രിസ്ത്യൻ മിഷനറിമാരുടെ നേതൃത്വത്തിൽ മഞ്ഞിനിക്കരയിൽ പ്രവർത്തനം തുടങ്ങി. പിന്നീട് 1902– നും 1917–നും മദ്ധ്യേ പുതുതായി 6 വിദ്യാലയങ്ങൾക്കൂടി നിലവിൽ വന്നു. നൂറുകണക്കിന് പെൺകുട്ടികൾ ഈ വിദ്യാലയങ്ങളിൽ പഠനം ആരംഭിച്ചത് വമ്പിച്ച സാമൂഹ്യമാറ്റത്തിന് കാരണമായിത്തീർന്നു.

ഈ നൂറ്റാണ്ടിന്റെ ആദ്യ കാലത്ത് ഓമല്ലൂരിന്റെ സാമൂഹ്യരംഗത്ത് പ്രശോഭിച്ച തടിയിൽ കാർത്ത്യായനി അമ്മയെ ഒരിക്കലും വസ്മരിക്കാനാവില്ല. സ്ത്രീകളോടുള്ള അവഗണനക്കെതിരെയും ഹരിജനോദ്ധാരണത്തിനു വേണ്ടിയും പ്രവർത്തിച്ച ഈ മഹതിയുടെ നേതൃത്വത്തിൽ ഒരു വനിതാസമാജം സ്ഥാപിച്ചു. പെൺകുട്ടികളെ നാടകം അഭിനയിക്കാൻ പഠിപ്പിച്ച് 'സന്താനഗോപാലം' എന്ന നാടകം പലവേദികളിലും അവതരിപ്പിച്ചു. കൊല്ലവർഷം 1101–ൽ ഈ വനിതാ സമാജത്തിനുവേണ്ടി ഓമല്ലൂർ ക്ഷേത്രത്തിന് സമീപം സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ചു. നിരവധി യഥാസ്ഥിതിക കുടുംബങ്ങളിലെ സ്ത്രീകളെ സാമൂഹ്യപ്രവർത്തനവുമായി ബന്ധപ്പെടുത്താനും ഈ ഗ്രാമത്തിൽ സ്ത്രീകൾക്കിടയിൽ പുതിയ അവബോധം സൃഷ്ടിക്കാനും കാർത്ത്യായനിഅമ്മയുടെ പ്രവർത്തനം മൂലം കഴിഞ്ഞിട്ടുണ്ട്. 90 വർഷക്കാലം ജീവിച്ചിരുന്ന ഈ മഹതി 1973–ൽ നിര്യാതയായി.

ആറ്ററികം ചെമ്പകശ്ശേരിഇല്ലത്തെ ദേവി പാർവ്വതീദേവിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട തിരുവിതാംകൂർ അന്തർജന സമാജം സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടിയ പ്രമുഖ സംഘടനയായിരുന്നു. വിധവകളെ സമൂഹത്തിൽ ഒറ്റപ്പെടുത്തുന്ന അനീതി അവസാനിപ്പിക്കാനും ഹരിജനോദ്ധാരണത്തിനും വേണ്ടി നല്ല നിലയിൽ പ്രവർത്തിക്കാൻ പാർവ്വതീദേവിക്ക് കഴിഞ്ഞിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിൽ കൊല്ലവർഷം 1010–ൽ ഓമല്ലൂർ ചന്തയിലുള്ള ആൽത്തറയിൽ ഹരിജനങ്ങളേയും ബ്രാഹ്മണരേയും ഒരുമിച്ച് അണിനിരത്തി വമ്പിച്ച പൊതു സമ്മേളനം നടത്തിയിരുന്നു. അടുക്കളയിലും അറപ്പുരയിലും ഏകാന്തവാസമനുഷ്ടിച്ച് ജീവിതം പുലർത്തിയിരുന്ന അന്തർജനങ്ങളെ സാമൂഹ്യ പ്രവർത്തനത്തിന്റെ വെളിച്ചം കാണിക്കാൻ ദേവി പാർവ്വതീദേവിയുടെ പ്രവർത്തനങ്ങൾ സഹായകമായിരുന്നു.

മലയാള ചലച്ചിത്രരംഗത്ത് ആദ്യകാല നായികമാരിൽ ഒരാളായിരുന്നു ഓമല്ലൂർചെല്ലമ്മ. ശ്രീമതി ചെല്ലമ്മയും ഓമല്ലൂർ ഭവാനിയും നാടകവേദിയിലൂടെയാണ് അഭിനയം തുടങ്ങി വച്ചത്. സ്വാതി തിരുനാൾ സംഗീത കോളേജിലെ പ്രിൻസിപ്പാളായിരുന്ന പാലയ്ക്കത്തറയിൽ കല്യാണിക്കുട്ടിയമ്മ ഭാഗവതർ സംഗീതരംഗത്ത് വളരെയേറെ പ്രശോഭിച്ച മഹതിയാണ്. ഓമല്ലൂരിൽ ആദ്യാമയി 1955–ൽ ഒരു വനിതാഹോസ്റ്റൽ ആരംഭിച്ച തെക്കേതിൽ ദീനാമ്മകൊച്ചാണ്ടി ഈ ഗ്രാമത്തിലെ ഒരു സാമൂഹ്യ പ്രവർത്തകയായിരുന്നു. ഉദ്യോഗസ്ഥകളായും വിദ്യാർത്ഥികളായും പത്തനംതിട്ടയിലും പരിസരത്തും എത്തിച്ചേർന്ന വനിതകൾക്ക് സുരക്ഷിതമായി താമസിക്കാൻ ഇവർ സൗകര്യം ഒരുക്കി. ആറ്ററികം അംബുജ മംഗലത്തുവീട്ടിൽ അമ്മുക്കുട്ടിയമ്മ വനിതാ പഞ്ചായത്തു മെമ്പറും സാമൂഹ്യപ്രവർത്തകയും ആയിരുന്നു.

ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തും ആതുര സേവന രംഗത്തും വനിതകൾ പ്രമുഖസ്ഥാനം നേടിക്കഴിഞ്ഞു. പഞ്ചായത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. സ്കൂളുകളിലെ അദ്ധ്യപകരുടെ ഇടയിൽ വനിതകളുടെ മുൻതൂക്കം എടുത്തു പറയേണ്ടതാണ്. എന്നാൽ വിദ്യാസമ്പന്നരായ ധാരാളം സ്ത്രീകൾ തൊഴിലില്ലായ്മ മൂലം ബുദ്ധിമുട്ടുന്നവരായുണ്ട്. വ്യാപാര വ്യവസായരംഗത്തും സ്ത്രീകളുടെ എണ്ണം കാര്യമായി വർദ്ധിച്ചു വരികയാണ്.

1991–ലെ സെൻസസ് കണക്ക് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യയിൽ വ്യക്തമായ മുൻതൂക്കം സ്ത്രീകൾക്കുണ്ട്. തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം സൂചിപ്പിക്കുന്ന കണക്കുകൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക – 1

| നമ്പർ | വിവരണം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | ജനസംഖ്യ | 7897 | 8563 | 16,460 |
| 2 | കർഷകർ | 1203 | 42 | 1245 |
| 3 | സ്ഥിരം ജോലിക്കാർ | 3498 | 746 | 4244 |
| 4 | ഭാഗികമായി തൊഴിലുള്ളവർ | 201 | 98 | 299 |
| 5 | കർഷകത്തൊഴിലാളി | 799 | 230 | 1029 |
| 6 | വ്യാപാരികൾ | 374 | 39 | 413 |
| 7 | കൈത്തൊഴിൽ | 295 | 65 | 360 |
| 8 | മറ്റുള്ളവർ | 594 | 365 | 959 |
| 9 | തൊഴിലില്ലാത്തവർ | 933 | 6978 | 7911 |

## പരിഹാര നിർദ്ദേശങ്ങൾ

1. സമൂഹത്തിൽ സ്ത്രീകളുടെ പങ്കിനേക്കുറിച്ച് ഇന്ന് നിലവിലുള്ള വികലമായ ധാരണകൾക്ക് മാറ്റം വരാനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

2. സർക്കാരിന്റെ ചുമതലയിൽ ഇന്നു നിലവിലുള്ള വനിതാക്ഷേമ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുകയും ചിലത് പുനസംഘടിപ്പിക്കുകയും വേണം.

3. വനിതകളുടെ അഭിരുചിക്കും സാഹചര്യങ്ങൾക്കും അനുസൃതമായ തൊഴിൽ സംരംഭങ്ങൾ കണ്ടുപിടിക്കാൻ ആവശ്യമായ സാങ്കേതിക പരിശീലനവും പ്രചരണവും സംഘടിപ്പിക്കണം.

4. അംഗൺവാടികൾ, ബാലവാടികൾ, ശിശുക്ഷേമ കേന്ദ്രങ്ങൾ എന്നിവ കൂടുതലായി ആരംഭിക്കണം.

5. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവയുടെ തുക വർദ്ധിപ്പിക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വേണം.

6. സർവ്വീസ് ബസുകളിലും പൊതുസ്ഥാപനങ്ങളിലും വനിതകൾക്കായി റിസർവ്വ് ചെയ്തിട്ടുള്ള സ്ഥലങ്ങൾ പുരുഷന്മാർ കയ്യടക്കുന്നതിനെതിരെ കർശന നടപടിയുണ്ടാകണം. ബസ്സുകളിൽ യാത്രചെയ്യുന്ന സ്ത്രീകൾക്ക് പുരുഷന്മാരുടെ ഭാഗത്തുനിന്നും പീഡനങ്ങൾ ഉണ്ടാകുന്നതായി പൊതുവെ പരാതിയുണ്ട്. സർക്കാരിന്റെ നടപടികളോടൊപ്പം സ്ത്രീകൾ സ്വയം സംഘടിച്ച് ഇത്തരം രംഗങ്ങളിൽ തങ്ങളുടെ അവകാശം സ്ഥാപിക്കാൻ ശ്രമിക്കണം.

7. വനിതാ സഹകരണസംഘങ്ങൾ പരമാവധി എല്ലാ മേഖലകളിലും രൂപീകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ശ്രദ്ധിക്കണം.



5–3.H

# സംസ്കാരം

ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ ഓമല്ലൂർ ഗ്രാമത്തിന് അഭിമാനകരമായ ഒരു സാംസ്കാരിക പാരമ്പര്യമുണ്ട്. സാമൂഹ്യജീവിതത്തിന് ഈ ഗ്രാമത്തിൽ ഉദ്ദേശം 1000 വർഷത്തെ പഴക്കമുണ്ടെന്ന് കണക്കാക്കുന്നു. നാടുവാഴി–ജന്മി സാമൂഹ്യ വ്യവസ്ഥയിൽ നിന്ന് ജനാധിപത്യക്രമത്തിലേക്കുള്ള മാറ്റത്തോടൊപ്പം സാംസ്കാരികരംഗത്തും പുരോഗതിയുണ്ടായി. ഗ്രാമത്തിന്റെ സ്വഭാവത്തിൽ നിന്നും മാറി നഗരവൽക്കരണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു പ്രദേശമാണിത്.

ഓമല്ലൂർ നിവാസികൾ പൊതുവെ ശാന്തശീലരാണ്. കലാപങ്ങളും സംഘട്ടനങ്ങളും നടത്തിയ ചരിത്രം നമുക്കില്ല. മതസൗഹാർദ്ദത്തിന്റെ സന്ദേശം വിളിച്ചറിയിക്കുന്ന നിരവധി അനുഭവങ്ങൾ ഈ നാടിന്റെ സാമൂഹ്യചരിത്രത്തിൽ എടുത്ത് കാണിക്കാനുണ്ട്.

ചരിത്രപ്രസിദ്ധമായ ഓമല്ലൂർ വയൽവാണിഭവും, ഓമല്ലൂർ ക്ഷേത്രത്തിലെ ഉത്സവവും, പതിനായിരക്കണക്കിന് തീർത്ഥാടകർ പങ്കെടുക്കുന്ന മഞ്ഞിനിക്കരപള്ളിയിലെ പെരുന്നാളും ഈ ഗ്രാമത്തിന്റെ സാംസ്കാരിക പാരമ്പര്യം വിളിച്ചറിയിക്കുന്നു. ഓമല്ലൂരിലെ സംയുക്ത ക്രിസ്തുമസ്സ് ആഘോഷം 66 വർഷത്തെ പഴക്കമുള്ള ഒരു സാംസ്കാരിക പരിപാടിയാണ്.

സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളും ദേശിയ സ്വാതന്ത്ര്യസമര പ്രസ്ഥാനവും ഈ ഗ്രാമത്തിൽ സജീവമായി പ്രവർത്തിച്ചിരുന്നു. സാമൂഹ്യ ഉച്ചനീചത്വങ്ങൾക്കും സവർണ്ണമേധാവിത്വത്തിനുമെതിരായ സംഘടിത പ്രവർത്തനം ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ ഓമല്ലൂരിൽ നടന്നിരുന്നു. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി, വിനോബാഭാവെ, ജയപ്രകാശ് നാരായണൻ എന്നിവർക്ക് ഇന്നാട്ടുകാർ വമ്പിച്ച സ്വീകരണം നൽകി ആദരിച്ചിട്ടുണ്ട്. 1940 കളിൽ തന്നെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രവർത്തനം ഇവിടെ ആരംഭിച്ചുകഴിഞ്ഞിരുന്നു. കേരളത്തിലെ കമ്മ്യൂണിസ്റ്റുപ്രസ്ഥാന

ത്തിന്റെ ആദ്യകാല നേതാക്കളായ നിരവധി ആളുകൾ ഓമല്ലൂരിൽ ഒളിവിൽ കഴിഞ്ഞിട്ടുണ്ട്. ഇവരുടെ പ്രവർത്തനം ഈ ഗ്രാമത്തിൽ പുരോഗമന പ്രസ്ഥാനത്തിന് ശക്തിപകരാൻ സഹായകമായി.

കലാ-സാഹിത്യരംഗങ്ങളിൽ ഓമല്ലൂരിന്റെ പാരമ്പര്യം എടുത്തു പറയേണ്ടതാണ്. വാസ്തുശില്പ കലയിൽ പ്രാവിണ്യം നേടിയ ഒരു വിഭാഗം ആളുകൾ ഇവിടെ ജീവിച്ചിരുന്നു. ഇവരുടെ കരവിരുതിന്റെ സ്മാരകമെന്നവണ്ണം ഓമല്ലൂർ ക്ഷേത്രത്തിലെ കല്ലുനാദസ്വരവും, കൽച്ചങ്ങലയും പുരാവസ്തുക്കളായി നിലനില്ക്കുന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് ജീവിച്ചിരുന്ന നാടക നടനും ഹാസ്യകലാകാരനുമായ തടിയിൽ കേശവപിള്ള, മലയാളചലച്ചിത്ര വേദിയിലെ ആദ്യകാല നായികമാരിൽ ഒരാളായ ഓമല്ലൂർ ചെല്ലമ്മ, പ്രമുഖ നാടകനടി ഓമല്ലൂർ ഭവാനി, സ്വാതിതിരുനാൾ സംഗീതകോളേജിലെ പ്രിൻസിപ്പാളായിരുന്ന കല്യാണിക്കുട്ടി ഭാഗവതർ കലാകാരനും കവിയുമായിരുന്ന താന്നിമൂട്ടിൽ കുഞ്ഞുകുഞ്ഞാശാരി എന്നിവർ ഈ നാടിന്റെ പാരമ്പര്യം വിളിച്ചറിയിക്കുന്നവരാണ്.

ഈ രംഗങ്ങളിൽ പ്രശോഭിച്ച മറ്റു ചില പ്രമുഖവ്യക്തികളെപ്പറ്റി എടുത്തു പറയേണ്ടതാവശ്യമാണ്. പ്രമുഖ ചലച്ചിത്രനടന്മാരായ പ്രതാപചന്ദ്രൻ, ക്യാപ്റ്റൻ രാജു, സാഹിത്യകാരനായ പ്രൊഫ. ഓമല്ലൂർ ഗോപാലകൃഷ്ണൻ, ഓമല്ലൂർ രാജരാജവർമ്മ, നാടകകൃത്തായ ഗോപികോട്ടൂരേത്ത് തുടങ്ങിയവർ നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ ഉത്തമ സന്തതികളാണ്.

വിദ്യാഭ്യാസരംഗത്തും സമ്പന്നമായ ഒരു പൂർവ്വചരിത്രം ഈ ഗ്രാമത്തിനുണ്ട്. ആദ്യത്തെ പ്രൈമറി വിദ്യാലയം ക്രിസ്ത്യൻ മിഷനറിമാരുടെ നേതൃത്വത്തിൽ 1875-ൽ ആരംഭിച്ചു. ഇതേത്തുടർന്ന് രണ്ടു ദശകങ്ങൾക്കുള്ളിൽ നിരവധി പുതിയ സ്കൂളുകൾ സ്ഥാപിതമായി. തിരുവിതാംകൂറിലെ പ്രമുഖ സംസ്കൃത പഠനകേന്ദ്രമായിരുന്നു ആര്യഭാരതി വിദ്യാപീഠം. കൊല്ലവർഷം 985-ൽ കടുവിനാൽ സി.ആർ. പാച്ചുനായരുടെ നേതൃത്വത്തിൽ ആരംഭിച്ച വിജ്ഞാന സന്ദായനി സംസ്കൃത വിദ്യാലയമാണ് 1108-ൽ ആര്യഭാരതി വിദ്യാപീഠമായി മാറിയത്. തിരുവിതാംകൂറിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും ഈ സ്കൂളിലെത്തി സംസ്കൃതപഠനം നടത്തിയ നിരവധി ആളുകൾ പിൽക്കാലത്ത് കേരളത്തിലെ സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ പ്രശോഭിച്ചിട്ടുണ്ട്.

പുരാതനമായ ആരാധനാലയങ്ങൾ സ്ഥിതി ചെയ്യുന്ന ഓമല്ലൂരിൽ ഹിന്ദു, ക്രിസ്ത്യൻ മതവിശ്വാസികൾ മാത്രമാണുള്ളത്. 800 വർഷം പഴക്കമുള്ള ഓമല്ലൂർ ശ്രീ രക്തകണ്ഠസ്വാമിക്ഷേത്രം 400 -വർഷം പഴക്കമുള്ള ഓമല്ലൂർ വലിയപള്ളി എന്നിവ ഉൾപ്പടെയുള്ള ദേവാലയങ്ങൾ ഈ നാടിന്റെ സാംസ്കാരവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. നൂറ്റാണ്ടുകളായി ഈ ദേവാലയങ്ങളിൽ നടത്തിവരാറുള്ള ഉത്സവങ്ങളും പെരുനാളുകളും ഈ ഗ്രാമത്തിന്റെ കലാ-സാംസ്കാരിക വളർച്ചയ്ക്ക് വലിയ സംഭാവനയാണ് നല്കിയിട്ടുള്ളത്. ഒൻപതു ദിവസവും ആറാട്ടെഴുന്നള്ളത്ത് നടത്തുന്ന ഓമല്ലൂർ ക്ഷേത്രത്തിലെ ഉത്സവം കേരളത്തിലെ അപൂർവ്വമായ ക്ഷേത്രോത്സവങ്ങളിലൊന്നാണ്. ഓമല്ലൂരിന്റെ ഹൃദയഭാഗത്തുള്ള പത്തനംതിട്ട-കൈപ്പട്ടൂർ റോഡിലൂടെ ഉദ്ദേശം 2 കിലോമീറ്റർ ദൂരത്തിൽ എല്ലാവിധ ചമയങ്ങളോടും കൂടിയ ഗജവീരന്മാരുടെ അകമ്പടിയോടെ നടക്കുന്ന ആറാട്ടെഴുന്നള്ളത്ത് ഒരു സാംസ്കാരിക ഘോഷയാത്രയുടെ പ്രതീതി ജനിപ്പിക്കുന്നതാണ്. ഉത്സവത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന കഥകളി ഉൾപ്പടെയുള്ള വിവിധ കലാപരിപാടികൾ ജനങ്ങളുടെ കലാ-സാംസ്കാരിക ബോധം ഉയർത്താൻ കാരണമായിട്ടുണ്ട്. നൂറുകണക്കിന് കിലോമീറ്റർ ദൂരം കാൽനടയായി യാത്രചെയ്ത് ഓമല്ലൂർ കുരിശടിയിൽ എത്തി മഞ്ഞിനിക്കരപള്ളിയിലേക്കു പോകുന്ന

തീർത്ഥാട ഘോഷയാത്ര ഭക്തി നിർഭരമായ അനുഭൂതി ഉളവാക്കുന്നതാണ്.

കലാ–സാംസ്കാരിക രംഗത്തെ ഇന്നത്തെ പ്രവർത്തനം ഈ ഗ്രാമത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ തൃപ്തികരമല്ല. സജീവമായി പ്രവർത്തിക്കുന്ന കലാ സാംസ്കാരിക സംഘടനകൾ ഈ പഞ്ചായത്തു പ്രദേശത്ത് വേണ്ടത്ര ഇല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. നിലവിലുള്ള ഗ്രന്ഥശാലകൾ, കലാ–കായിക സമിതികൾ എന്നിവയുടെ വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക – 1

### ഗ്രന്ഥശാലകൾ, വായനശാലകൾ

| നമ്പർ | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ആനുകാലിക പ്രസിദ്ധീകരണങ്ങൾ |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് ലൈബ്രറി സാംസ്കാരിക നിലയം | 1973 | c | 2761 | ദിനപത്രങ്ങൾ – 6<br>വാരികകൾ – 3<br>കേരളാഗസ്റ്റ് – 1 |
| 2 | നവകേരളാ ഗ്രന്ഥശാല ക്ഷേത്രത്തിനു സമീപം | 1971 | c | 4050 | |
| 3 | യൂത്ത്ലീഗ് ലൈബ്രറി പന്ന്യാലി | 1951 | c | 5059<br>വാരികകൾ – 7 | ദിനപത്രം – 6 |
| 4 | സന്തോഷ് വായനശാല പറയനാലി | | | | |

പട്ടിക – 2

### കലാകായിക സമിതികൾ

| നമ്പർ | പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ സംഖ്യ | കെട്ടിടം സ്വന്തമായുണ്ടോ | റേഡിയോ T.V. എന്നിവ | പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| 1 | നവകേരള ആർട്ട്സ് & സ്പോർട്ടസ് ക്ലബ്ബ് | 1971 | 800 | വാടകയ്ക്ക്<br>മിന്റൻ, ചെസ്സ് കളികൾ | T.V. ഉണ്ട് | ഷട്ടിൽ ബാറ്റ് |
| 2 | ചിന്ത ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | 1989 | | വാടകയ്ക്ക്<br>കലാപരിപാടികൾ | – | ഓണാഘോഷം |
| 3 | സൈക്ലോൺ ക്ലബ്ബ് മഞ്ഞിനിക്കര | 1990 | | ആഫീസില്ല<br>ഫുട്ബോൾ | – | ക്രിക്കറ്റ് |
| 4 | വിവേകാനന്ദാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, പന്ന്യാലി | 1988 | | ആഫീസില്ല<br>കലാപരിപാടികൾ | – | ഓണാഘോഷം |
| 5 | തുല്ല്യത ക്ലബ്ബ് പന്ന്യാലി | 1994 | | ആഫീസില്ല<br>കലാപരിപാടികൾ | – | ഓണാഘോഷം |
| 6 | കൈരളി ക്ലബ്ബ് വാഴമുട്ടം | | | | | |
| 7 | എവർഷൈൻ ക്ലബ്ബ്, ചീക്കനാൽ | 1996 | | ആഫീസില്ല | – | സ്പോർട്ട്സ് |

കേരളാ ഗ്രന്ഥാശാലസംഘത്തിൽ രജിസ്റ്റർചെയ്തിട്ടുള്ള ഗ്രന്ഥശാലകൾ ഈ പഞ്ചായത്തിൽ രണ്ടെണ്ണം മാത്രമാണുള്ളത്. സ്വാതന്ത്ര്യസമരസേനാനിയായ കൊട്ടയ്ക്കാട്ടു വടക്കേതിൽ എസ്സ്. കൊച്ചുകൃഷ്ണന്റെ നേതൃത്വത്തിൽ 1950–ൽ ആരംഭിച്ച യൂത്ത്ലീഗ് ലൈബ്രറിയാണ് ഏറ്റവും പഴക്കം ചെന്ന വായനശാല. ഇതിന് ഗ്രന്ഥശാലാ സംഘത്തിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നുണ്ട്. ഓമല്ലൂർ ക്ഷേത്രത്തിനു സമീപമുള്ള വനിതാ സമാജമന്ദിരത്തിൽ കഴിഞ്ഞ 25 വർഷമായി പ്രവർത്തിച്ചു വരുന്ന നവകേരള ഗ്രന്ഥശാലയാണ് മറ്റൊരു പ്രധാനപ്പെട്ട സ്ഥാപനം. പഞ്ചായത്തു സാംസ്കാരികനിലയം 1989–ലാണ് പ്രവർത്തനമാരംഭിച്ചത്. എന്നാൽ 1973 മുതൽ തന്നെ പഞ്ചായത്തു ലൈബ്രറി പ്രവർത്തിച്ചു വന്നിരുന്നു. മഞ്ഞിനിക്കര പേഴമ്മൂട്ടിൽ ജംഗ്ഷനു സമീപം 1951ൽ സ്ഥാപിക്കപ്പെട്ട ഒരു പബ്ലിക് ലൈബ്രറി 1987നു ശേഷം പ്രവർത്തനരഹിതമായി. സ്വന്തം സ്ഥലവും കെട്ടിടവുമുള്ള ഈ സ്ഥാപനം പുനരുജ്ജീവിപ്പിക്കേണ്ടിയിരിക്കുന്നു. പറയനാലി സന്തോഷ് വായനശാല കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കഴിഞ്ഞ ഏതാനും വർഷങ്ങളായി പഞ്ചായത്തിൽ നിന്നും വായനശാലകൾക്ക് ധനസഹായം നല്കി വരുന്നുണ്ട്.

കായികരംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ ഈ പഞ്ചായത്തിൽ കഴിഞ്ഞിട്ടില്ല. പൊതു കളിസ്ഥലത്തിന്റെ പരിമിതികൾ, യുവാക്കളിൽ കാണുന്ന താല്പര്യമില്ലായ്മ എന്നിവയാണ് ഇതിനു കാരണം. ചില സ്കൂളുകളുടെ വക ഗ്രൗണ്ടുകളാണ് ഈ പഞ്ചായത്തിൽ കായികവിനോദങ്ങൾക്ക് ഉപയോഗിച്ചു വരുന്നത്. പഞ്ചായത്തിന്റെ വകയായി ഒരു മിനിസ്റ്റേഡിയം നിർമ്മിച്ചത് 1989–ലാണ്.

ഓമല്ലൂരിന്റെ ഹൃദയഭാഗത്ത് 70 സെന്റ് നിലം വിലയ്ക്കുവാങ്ങി മണ്ണിട്ട് നികത്തി മിനിസ്റ്റേഡിയം നിർമ്മിക്കുകയാണുണ്ടായത്. കായികവിനോദങ്ങൾക്ക് ആവശ്യമുള്ള സ്ഥലസൗകര്യം ഇല്ലെന്ന പോരായ്മ ഈ സ്റ്റേഡിയത്തിനുണ്ട്. ഭൂമിയുടെ ക്രമാതീതമായ വിലക്കയറ്റം മൂലം കൂടുതൽ ഭൂമി വാങ്ങി സ്റ്റേഡിയം വിപുലീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. ആര്യഭാരതി ഹൈസ്കൂൾ വക ഗ്രൗണ്ടിൽ ആവശ്യത്തിന് സ്ഥലസൗകര്യമുണ്ട്. എന്നാൽ കായികവിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൽ ഈ സ്കൂളിന്റെ ചുമതലക്കാർ താല്പര്യം കാണിക്കുന്നില്ല.

ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകളുടെ പ്രവർത്തനം വേണ്ടവിധത്തിൽ നടക്കുന്നില്ല. ഓണം, ക്രിസ്തുമസ്സ് തുടങ്ങിയ ആഘോഷങ്ങളോടനുബന്ധിച്ച് ചില പരിപാടികൾ നടത്തുക മാത്രമാണ് ചെയ്യുന്നത്. സ്ഥിരമായി ആഫീസ് പ്രവർത്തനം, മെമ്പർഷിപ്പ്, പ്രവർത്തനറിപ്പോർട്ട്, കായികവിനോദ ഉപകരണങ്ങൾ ഇവയൊന്നുമില്ലാതെ പ്രവർത്തിക്കുന്ന ക്ലബ്ബുകളുടെ ഇന്നത്തെ ശൈലിയിൽ മാറ്റമുണ്ടാവണം. ഒരു നല്ല വോളിബോൾ ടീം ഈ പഞ്ചായത്തിലില്ല. പുതിയ തലമുറക്ക് ക്രിക്കറ്റിനോട് ഭ്രമമാണെങ്കിലും നല്ല ക്രിക്കറ്റ് ടീമിനെ സംഘടിപ്പിക്കാൻ ഈ പഞ്ചായത്തിൽ കഴിഞ്ഞിട്ടില്ല. പ്രമുഖരായ നടീനടന്മാർ ഈ പഞ്ചായത്തിലുണ്ടെങ്കിലും കലാരംഗത്ത് പുതിയ തലമുറ അശേഷം താല്പര്യം കാണിക്കുന്നില്ല.

ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ നമ്മുടെ സാംസ്കാരിക രംഗത്ത് വമ്പിച്ച സ്വാധീനം ചെലുത്തുന്നുണ്ട്. റ്റി.വി., റേഡിയോ, കേബിൾ റ്റി.വി എന്നിവയിൽ ഏതെങ്കിലും ഒന്നില്ലാത്ത വീടുകൾ അപൂർവ്വമാണ്. കലാകായിക വിനോദങ്ങൾ ആസ്വദിക്കാനും ലോകവർത്തമാനങ്ങൾ അറിയാനും ഇന്ന് ഭൂരിപക്ഷം പേരും ആശ്രയിക്കുന്നത് ഇലക്ട്രോണിക് മാദ്ധ്യമങ്ങളെയാണ്. ഇതിന്റെ അതിപ്രസരം മൂലം ജനങ്ങളുടെ വായനാശീലം തന്നെ നഷ്ടപ്പെട്ടിരിക്കുന്നു.

വർത്തമാനപത്രങ്ങൾ, വാരികകൾ എന്നിവ പോലും വായിക്കാതെ റ്റി.വിയുടെ മുന്നിൽ ഇരുന്ന് സമയം പാഴാക്കുന്ന ഒരു വലിയവിഭാഗം ആളുകളെ നമുക്ക് കാണാൻ കഴിയും. ചെറുകഥ, നോവൽ, കവിതാസമാഹാരങ്ങൾ തുടങ്ങിയ പുസ്തകങ്ങൾ വായിക്കുന്നവരുടെ എണ്ണം തുലോം പരിമിതമാണ്. കേബിൾ റ്റി.വിയുടെ പ്രചാരം സാംസ്കാരിക രംഗത്ത് അപകടം വരുത്തിവയ്ക്കും. ഇതിൽ കാണുന്ന വേഷവിധാനങ്ങളും സ്വഭാവരീതികളും അനുകരിക്കാൻ പുതിയ തലമുറ വ്യഗ്രത കാണിക്കുകയാണ്. ഭീകരത, തരംതാണ സെക്സ്, അവിശ്വസനീയമായ കഥകൾ എന്നിവകൊണ്ട് കുത്തിനിറച്ച സിനിമകളും സീരിയലുകളും റ്റി.വി.യിൽ കണ്ട് യുവതീയുവാക്കൾ വഴിതെറ്റിപ്പോകാനിടയുണ്ട്. ഈ പഞ്ചായത്തിൽ 117 വീടുകളിൽ ഇപ്പോൾ കേബിൾ റ്റി.വി. സ്ഥാപിച്ചിട്ടുണ്ട്. ദൂരദർശൻ ഇന്ന് വൻകിടവ്യവസായികളുടെ ഉല്പന്നങ്ങൾക്ക് പരസ്യം നല്കാൻ വേണ്ടി ഉപയോഗിക്കുന്ന ഉപകരണമായി തരംതാഴുന്ന കാഴ്ചയാണ് നാം കാണുന്നത്.

പുതിയ തലമുറയുടെ ആസ്വാദന നിലവാരം മെച്ചപ്പെട്ടതായി അവകാശപ്പെടാനാവില്ല. കലാമൂല്യമുള്ള കലാപരിപാടികളും, സാഹിത്യമൂല്യമുള്ള കൃതികളും ആസ്വാദിക്കാനുള്ള കഴിവ് ജനങ്ങൾക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പാരമ്പര്യ കലയായ കഥകളിക്ക് അന്തർദ്ദേശീയ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ മഹത്തായ ഈ കലാരൂപം ആസ്വദിക്കാൻ ഇന്നത്തെ ചെറുപ്പക്കാർക്ക് കഴിയുന്നില്ല. പകരം പാശ്ചാത്യരിൽ നിന്നും അനുകരിച്ച റോക്ക് ആന്റ്റോൾ, ഡിസ്കോ തുടങ്ങിയ നൃത്തശൈലിയിൽ ഭ്രമം വർദ്ധിച്ചുവരികയാണ്. ശാസ്ത്രീയ സംഗീതം ആലപിക്കുന്ന സംഗീത കച്ചേരികൾ ശ്രദ്ധിക്കാൻ ഇന്നത്തെ യുവതീയുവാക്കൾ താല്പര്യം കാണിക്കുന്നില്ല. എന്നാൽ മദ്യലഹരിയിൽ മതിമറന്നാടുന്ന മൈക്കൽജാക്സൺ പുതിയ തലമുറയുടെ ഹരമാണ്. ഇത്തരം പ്രവണതകളെ എങ്ങനെ നേരിടാൻ കഴിയുമെന്ന് ഗൗരവപൂർവ്വം ചിന്തിക്കേണ്ടതാണ്.

## ടൂറിസം

എടുത്തപറയത്തക്ക ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. എന്നാൽ ടൂറിസ്റ്റ് സാദ്ധ്യതകൾ വളർത്തിയെടുക്കാനുള്ള ചില ഭൗതിക സാഹചര്യങ്ങൾ ഇവിടെയുണ്ട്. ചരിത്രപ്രസിദ്ധമായ ഓമല്ലൂർ വയൽ വാണിഭത്തോടനുബന്ധിച്ച് നടക്കുന്ന കാളച്ചന്ത കേരളത്തിലെ അപൂർവ്വമായ കാർഷികമേളകളിലൊന്നാണ്. ഇത് വിപുലീകരിച്ച് കൂടുതൽ മെച്ചപ്പെട്ട നിലയിൽ നടത്തിയാൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാദ്ധ്യതയുള്ളതാണ്.

പത്തനംതിട്ട ദൂരദർശൻ റിലെ കേന്ദ്രം സ്ഥാപിച്ചിട്ടുള്ള മണ്ണാറമല ഈ പഞ്ചായത്തിലെ ഏറ്റവും മനോഹരമായ ഒരു പ്രദേശമാണ്. സമുദ്രനിരപ്പിൽ നിന്നും ഇരുന്നൂറോളം മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ മലയുടെ നിറുകയിൽ നിന്നാൽ ജില്ലാകേന്ദ്രത്തിൽ നിന്നും ഉദ്ദേശം 25 കിലോമീറ്റർ ദൂരത്തിലുള്ള പ്രദേശങ്ങൾ കാണാൻ കഴിയും. പ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ കഴിയുന്ന ഈ മലയിൽ ഒരു ചെറുകിട ടൂറിസ്റ്റ്കേന്ദ്രം നിർമ്മിക്കാനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ട്.

ഈ പഞ്ചായത്തിൽപ്പെട്ട ഏറ്റവും വലിയ ജലാശയമായ കറുഞ്ചാൽ പ്രകൃതിരമണിയമായ ഒരു കാഴ്ചയാണ്. വേനൽക്കാലത്തുപോലും ധാരാളം വെള്ളമുള്ള ഒരു ജലാശയമാണിത്. സംരക്ഷണമില്ലാത്തതുമൂലം പായൽ വളർന്നും മാലിന്യങ്ങൾ കലർന്നും താറുമാറായ സ്ഥിതിയാണുള്ളത്. സംരക്ഷണ ഭിത്തി നിർമ്മിച്ച് മാലിന്യങ്ങൾ നീക്കം ചെയ്താൽ ഇത് ഏറ്റവും വലിയ ശുദ്ധജലാശയമാക്കിമാറ്റാം. നീന്തൽക്കുളം, ബോട്ട്ക്ലബ്ബ് എന്നിവയും ഇതിന്റെ കരയ്ക്ക് ഉദ്യാനവും

പാർക്കും നിർമ്മിക്കാൻ കഴിയും. ഇപ്രകാരം ചെയ്യുന്ന പക്ഷം ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. ആറ്റരികം തുണ്ടത്തു ചാലും നീന്തൽ കുളമാക്കി മാറ്റാവുന്നതാണ്. പൈവള്ളി വാർഡിൽപ്പെട്ട പുലിപ്പാറമലയിൽ പുരാതനമായ ഒരു ക്ഷേത്രവും ഗുഹയുമുണ്ട്. ഇവിടെയും ടൂറിസ്റ്റുകളെ ആകർഷിക്കാവുന്നതാണ്.

### നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും കുറഞ്ഞത് ഒരു ഗ്രന്ഥശാലയും വായനശാലയുമെങ്കിലും തുടങ്ങണം. ഇവയ്ക്ക് പഞ്ചായത്തിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. സ്ഥാപനങ്ങൾക്ക് ഗ്രന്ഥശാലാ സംഘത്തിൽ നിന്നും പഞ്ചായത്തിൽ നിന്നും ധനസഹായം ലഭ്യമാക്കുകയും വേണം.
2. എല്ലാ വാർഡുകളിലും കുറഞ്ഞത് ഒരു കലാകായിക സംഘടനയെങ്കിലും പ്രD-വർത്തനമാരംഭിക്കണം. ഇവയ്ക്ക് പഞ്ചായത്തിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
3. നിലവിലുള്ള ഗ്രന്ഥശാലകൾ നവീകരിക്കണം. പുതിയ പുസ്തകങ്ങളും ഫർണീച്ചറുകളും മറ്റും വാങ്ങി സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
4. നിലവിലുള്ള പഞ്ചായത്തു വക സാംസ്കാരികനിലയം കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം. പഞ്ചായത്തു ലൈബ്രറിയിൽ പുതിയ പുസ്തകങ്ങൾ വാങ്ങണം. കൂടുതൽ ആളുകൾ ലൈബ്രറിയിൽ അംഗങ്ങളാവണം.
5. സംഗീതം, നൃത്തം, കഥകളി, ചിത്രകല എന്നിവ പഠിപ്പിക്കാനും പരിശീലിപ്പിക്കാനും ഒരു ആർട്ട്സ് സ്കൂൾ തുടങ്ങണം.
6. ഗ്രന്ഥശാലകളിൽ കഥ, കവിത, ലേഖനം എന്നിവ എഴുതുന്നതിന് കുട്ടികൾക്കും യുവാക്കൾക്കും പരിശീലന മത്സരങ്ങൾ സംഘടിപ്പിക്കണം.
7. പഞ്ചായത്തു തലത്തിൽ കലാകായിക മേളകൾ സംഘടിപ്പിക്കണം. കലാകായിക പ്രതിഭകൾക്ക് പ്രോത്സാഹനം നല്കാൻ പരിപാടികൾ ആവിഷ്കരിക്കണം.
8. വയൽവാണിഭം പുനരുദ്ധരിക്കണം, പശു, ആട് എന്നിവയുടെയും വ്യാപാരം തുടങ്ങണം. വാണിഭത്തോടനുബന്ധിച്ച് പ്രദർശനങ്ങളും മറ്റും സംഘടിപ്പിക്കണം.
9. സാമൂഹ്യ തിന്മകൾക്കെതിരെ ബോധവല്ക്കരണം നടത്താൻ ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കണം.



5-3.1

# വിഭവസമാഹരണം

വികസനപ്രവർത്തനങ്ങൾ വിജയകരമായി നടപ്പാക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന പ്രക്രിയയാണ് വിഭവസമാഹരണം. പ്രകൃതിവിഭവങ്ങൾ, മാനവശേഷി, നികുതി വരുമാനങ്ങൾ, സമ്പാദ്യങ്ങൾ എന്നിവയെല്ലാം വിഭവങ്ങളാണ്. നിലവിലുള്ള സാദ്ധ്യതകൾ ഉപയോഗിച്ച് പരമാവധി വിഭവ സമാഹരണം നടത്തിക്കൊണ്ടു മാത്രമെ സാമൂഹ്യ- സാമ്പത്തിക മേഖലകളിൽ പുരോഗതി നേടാൻ കഴിയുകയുള്ളൂ.

''ആവശ്യങ്ങൾ വളരെ കൂടുതലും അവ നടപ്പാക്കാൻ വിഭവങ്ങൾ വളരെ കുറവും'' എന്നതാണ് ഇന്നത്തെ അവസ്ഥ. വികസനത്തെ സംബന്ധിച്ച കാഴ്ചപ്പാടിനുതന്നെ മാറ്റം ആവശ്യമാണ്. എല്ലാവരുടെയും ആവശ്യങ്ങൾ പരിശോധിച്ചാൽ കാണാവുന്ന ചില പ്രശ്നങ്ങളുണ്ട്. റോഡുകൾ, വൈദ്യുതി, കുടിവെള്ളം എന്നിവയാണിത്. എന്നാൽ കാർഷിക- വ്യവസായിക മേഖലകളിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്യാൻ ഭൂരിപക്ഷമാളുകളും താല്പര്യം കാണിക്കുന്നില്ല. ജലസേചനപദ്ധതികൾ, ചെറുകിട വൻകിട വ്യവസായങ്ങൾ, തൊഴിൽ അധിഷ്ടിത വിദ്യാഭ്യാസം എന്നിവ പരമ പ്രധാനമായ കാര്യങ്ങളാണ്. ഇവയെല്ലാം നടപ്പാക്കണമെങ്കിൽ പഞ്ചായത്തിനും സർക്കാരിനും വൻതോതിൽ വിഭവങ്ങൾ സമാഹരിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ ഫണ്ടു മാത്രം വിനിയോഗിച്ച് വികസന പ്രവർത്തനം നടത്തുന്ന രീതിയാണ് നാളിതുവരെ നടന്നു വന്നത്. സ്വന്തമായ വരുമാനവും സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റും കൂടിച്ചേർന്നതാണ് പഞ്ചായത്തിന്റെ ഫണ്ട്. സ്വന്തവരുമാനത്തിനുള്ള മാർഗ്ഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. തന്മൂലം ഈ രംഗത്തെ വരുമാനം വർദ്ധിക്കുന്നില്ല. സർക്കാരിൽ നിന്ന് ലഭിക്കേണ്ട ഗ്രാന്റുകൾ പലതും കഴിഞ്ഞകാലങ്ങളിൽ യഥാവസരത്തിൽ കിട്ടാതെ കുടിശ്ശിക വന്നതുമൂലം അതിന്റെയും സ്ഥിതി പരിതാ

പകരമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ചില പ്രത്യേക സ്കീമുകളിൽ അനുവദിക്കുന്നപരിമിതമായ തുക അതിലെ നിർദ്ദേശപ്രകാരം മാത്രമെ വിനിയോഗിക്കാൻ സാദിക്കുകയുള്ളു. ഇവയെല്ലാം കൂടി ചേർന്നാലും വികസനരംഗത്ത് ആവശ്യമുള്ള തുകയുടെ ഒരു ചെറിയ പങ്കുമാത്രമാണ് ലഭ്യമാവുന്നത്.

പട്ടിക – 1

പഞ്ചായത്തിന്റെ 1995–96 വർഷത്തെ വരുമാനം

| നമ്പർ | ഇനവിവരം | തുക |
|---|---|---|
| 1 | കെട്ടിടനികുതി | 2,56,697.75 |
| 2 | തൊഴിൽ നികുതി | 69,230.00 |
| 3 | വിനോദ നികുതി | 5,797.00 |
| 4 | PFA, D.O. ലൈസൻസ് | 3,566.00 |
| 5 | ചന്തലേലം | 2,10,000.00 |
| 6 | ഇറച്ചിസ്റ്റാൾ | 31,840.00 |
| 7 | വയൽവാണിഭം | 37,501.00 |
| 8 | സ്റ്റാൾ മുറികളുടെ വാടക | 1,00,748.00 |
| 9 | വസ്തുകൈമാറ്റ നികുതി യുടെ ഗ്രാന്റ് | 51,143.00 |
| 10 | അടിസ്ഥാന നികുതി യുടെ ഗ്രാന്റ് | 35,961.00 |
| 11 | മൈനർ ഇറിഗേഷൻ ഗ്രാന്റ് | 4300.00 |
| 12 | ഢഞങ്ങ ഗ്രാന്റ് | 27,741.00 |
| 13 | വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ | 2,24,934.00 |
| 14 | ആറ്റുമണൽ ലേലം | |
| 15 | ഉപാധിരഹിത ഫണ്ട് | 2,75,000.00 |
| 16 | മറ്റിനങ്ങൾ | 1,09,964.85 |
| | ആകെ | 14,57,336.90 |

പട്ടിക – 2

പഞ്ചായത്തിന്റെ 1995–96 വർഷത്തെ ചെലവ്

| നമ്പർ | ഇനവിവരം | തുക |
|---|---|---|
| 1 | ഭരണമേൽ നോട്ടവും നടത്തിപ്പും (ജീവനക്കാരുടെ ശമ്പളം, ആഫീസ്സ് ചെലവുകൾ, പ്രസിഡന്റിന്റെയും മെമ്പറന്മാരുടെയും അലവൻസ്.....) | 4,27,399.85 |
| 2 | നിർമ്മാണ ജോലികൾ (റോഡുനിർമ്മാണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ) | 3,76,015.00 |
| 3 | പൊതുജനാരോഗ്യം (വാട്ടർ അതോറിറ്റിയ്ക്ക് അടച്ചത്, കുട്ടികളുടെ ഉച്ചഭക്ഷണം, നായ്ക്കളെ നശിപ്പിക്കൽ, മൃഗസംരക്ഷണ പരിപാടികൾ.....) | 54,665.00 |
| 4 | വിദ്യാഭ്യാസം (ലൈബ്രേറിയന്റെ ശമ്പളം, പത്രമാസികകൾ, സ്കൂൾ കുട്ടികൾക്ക് സമ്മാനങ്ങൾ, യൂണിഫോറം, ആശാന്മാർക്ക് ഗ്രാന്റ്....) | 34,475.00 |
| 5 | വൈദ്യുതീകരണം (തെരുവു വിളക്കുകളുടെ ചാർജ്ജ്, പുതിയ ലൈനുകളും ലൈറ്റുകളും സ്ഥാപിക്കൽ) | 1,52,144.00 |
| 6 | സാമൂഹ്യക്ഷേമം (കേരളോത്സവം, വയൽ വാണിഭം, വനവല്ക്കരണം..) | 37,060.00 |
| 7 | മറ്റിനങ്ങൾ | 1,06,170.00 |
| | ആകെ | 11,87,928.00 |

## കെട്ടിട നികുതി

ഒരു കെട്ടിടത്തിന് ലഭിക്കാവുന്ന വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്ന അശാസ്ത്രീയമായ മാനദണ്ഡമാണ് നിലവിലുള്ളത്. ലക്ഷക്കണക്കിന് രൂപാ മുടക്കി അത്യാധുനിക സൗകര്യങ്ങളോടുകൂടി നിർമ്മിക്കുന്ന കെ

ട്ടിടങ്ങൾക്ക് ഈ മാനദണ്ഡം തികച്ചും അശാസ്ത്രീയമാണ്. ഈ നികുതി ഘടനയുടെ ഫലമായി പഞ്ചായത്തിന് ലഭിക്കേണ്ട ന്യായമായ വരുമാനം നഷ്ടപ്പെടാനിടയാവുന്നു. ഇന്നത്തെ നികുതി ഘടനയിൽ സമൂലമായ മാറ്റം ആവശ്യമാണ്. കെട്ടിട നിർമ്മാണച്ചെലവ്, വിസ്തീർണ്ണം, ആധുനിക സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നതാണ് കൂടുതൽ ശാസ്ത്രീയമായുള്ളത്. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും, ആർഭാടകരമായ കെട്ടിടനിർമ്മാണത്തെ നിരുത്സാഹപ്പെടുത്താനും കഴിയുന്ന നിലയിലായിരിക്കണം പുതിയ നിയമ നിർമ്മാണം നടത്തേണ്ടത്. സ്വന്തമായി താമസമുള്ള കെട്ടിടങ്ങൾ ഒഴികെയുള്ള വാടകകെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കാവുന്നതാണ്.

സമീപത്തുള്ള പത്തനംതിട്ട മുൻസിപ്പാലിറ്റിയേയും പഞ്ചായത്തുകളെയും അപേക്ഷിച്ച് ഓമല്ലൂർ പഞ്ചായത്തിൽ കെട്ടിടനികുതി നിരക്കുകൾ വളരെ കുറവായിട്ടാണ് കാണപ്പെടുന്നത്. നികുതി നിരക്കിൽ കാലോചിതമായ പരിഷ്കരണം ആവശ്യമാണ്. നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം കാര്യക്ഷമമാക്കണം.

## തൊഴിൽ നികുതി

സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവിടങ്ങളിലെ ജീവനക്കാരും ഏതാനും വ്യാപാരികളും മാത്രമാണ് ഇപ്പോൾ തൊഴിൽ നികുതി നല്കുന്നത്. ഏതൊരു തൊഴിൽ ചെയ്യുന്ന വ്യക്തിയും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി നല്കാൻ ബാദ്ധ്യസ്ഥനാണ്. നികുതി നല്കുക എന്നത് ഓരോ പൗരന്റേയും കടമമായി കാണേണ്ടതാണ്. ഈ പഞ്ചായത്തിൽ തൊഴിൽ നികുതി വരുമാനം വളരെകുറവാണ്.

## വിനോദ നികുതി

സിനിമാ, നാടകം, സർക്കസ്സ് തുടങ്ങിയ ടിക്കറ്റ്മൂലം പ്രവേശനം നിയന്ത്രിച്ച് വരുമാനമുണ്ടാക്കുന്ന എല്ലാ വിനോദങ്ങൾക്കും വിനോദ നികുതി ഈടാക്കാം. ഈ പഞ്ചായത്തിൽ ഒരു സിനിമാതിയേറ്റർ മാത്രമാണുള്ളത്. വിനോദ നികുതി വരുമാനം ഈ പഞ്ചായത്തിൽ വളരെ കുറവാണ്.

## വസ്തുകൈമാറ്റ നികുതി

ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു വർഷത്തിനിടയിൽ രജിസ്ട്രേഷൻ വകുപ്പു വഴി രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ മുദ്രപത്രവിലയെ അടിസ്ഥാനപ്പെടുത്തിയാണ് ഈ നികുതി നിശ്ചയിക്കുന്നത്. വസ്തുകൈമാറ്റ നികുതിയുടെ 3% കളക്ഷൻ ചാർജ്ജ് കഴിച്ച് ബാക്കിയുള്ളതിന്റെ 75% വരുന്ന തുക ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ വീതിച്ചുകൊടുക്കുകയാണ് ചെയ്തുവരുന്നത്. ബാക്കി 25% തുക പഞ്ചായത്തു ഡയറക്ടറുടെ യുക്തംപോലെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന അർഹതയുള്ള പഞ്ചായത്തുകൾക്ക് വീതിച്ചു നല്കുകയും ചെയ്യുന്നു.

## അടിസ്ഥാന നികുതി ഗ്രാന്റ്

റവന്യൂവകുപ്പ് വഴി പിരിച്ചെടുക്കുന്ന നികുതിയെ അടിസ്ഥാനപ്പെടുത്തിയാണ് ഈ ഗ്രാന്റ് അനുവദിക്കുന്നത്. ഈ തുകയുടെ 3% കളക്ഷൻ ചാർജ്ജ് കഴിച്ച് ബാക്കി വരുന്ന തുകയുടെ 75% പഞ്ചായത്തുകൾക്ക് വീതിച്ചു നല്കുന്നു. ബാക്കി വരുന്ന 25% തുക സർക്കാരിന്റെ നിർദ്ദേശാനുസരണം അർഹതയുള്ള പഞ്ചായത്തുകൾക്ക് നല്കുന്നു.

വില്ലേജ് റോഡ്മെയിന്റനൻസ് ഗ്രാന്റ്, മൈനർ ഇറിഗേഷൻ ഗ്രാന്റ് തുടങ്ങി മറ്റു ചില ഗ്രാന്റു

കളും സർക്കാരിൽ നിന്നും ലഭിക്കുന്നുണ്ട്. എന്നാൽ ഇതിന്റെ തുക വളരെ തുച്ഛമാണ്. മേൽസൂചിപ്പിച്ച പട്ടിക –1ൽ വരുമാനങ്ങളുടെ കണക്ക് വ്യക്തമാക്കിയിട്ടുണ്ട്.

ആറ്റുമണൽ ലേലം ചെയ്ത് കിട്ടുന്ന തുക പഞ്ചായത്തുകളുടെ പ്രധാന വരുമാനമാർഗ്ഗമാണ്. എന്നാൽ കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ ഈ പഞ്ചായത്തിൽ ആറ്റുമണൽ ലേലം ചെയ്തിട്ടില്ല. പരിസ്ഥിതി പ്രശ്നം, കൈപ്പട്ടൂർ പാലത്തിന്റെ സുരക്ഷ തുടങ്ങിയ പ്രശ്നങ്ങൾ മുൻനിർത്തിയാണ് ലേലം ഒഴിവാക്കാൻ പഞ്ചായത്ത് തീരുമാനിച്ചത്. തന്മൂലം പഞ്ചായത്തിന് ഭീമമായ വരുമാന നഷ്ടം ഉണ്ടായിരിക്കയാണ്. ഇക്കാര്യത്തിൽ പുനർചിന്തനം ആവശ്യമാണ്. പരിസ്ഥിതിക്ക് തകരാറു സംഭവിക്കാത്ത വിധത്തിൽ എപ്രകാരം പഞ്ചായത്തിന് വരുമാനമുണ്ടാക്കാൻ കഴിയുമെന്ന് ചിന്തിക്കേണ്ടതാണ്. ആറിന്റെ തീരപ്രദേശങ്ങളിൽ താമസക്കാരായ ജനങ്ങളും പഞ്ചായത്തും പരസ്പരം ബോദ്ധ്യപ്പെട്ട് സഹകരിച്ചാൽ മാത്രമെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളു.

പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്താൻ പഞ്ചായത്തിന് കഴിയുന്ന മാർഗ്ഗങ്ങൾ ആരായേണ്ടതാണ്. പരസ്യനികുതി, പ്ലാന്റേഷൻ നികുതി, നിലം നികുത്തന്നതിന് നിശ്ചയിക്കാവുന്ന ഫീസ് തുടങ്ങിയ വിവിധയിനം നികുതികൾ ഏർപ്പെടുത്തിയാൽ വരുമാനം ഉണ്ടാക്കാൻ കഴിയും. നിലവിലുള്ള നികുതികൾ തന്നെ കാര്യക്ഷമമായി പിരിക്കുകയും കാലോചിതമായി പരിഷ്കരിക്കുകയും വേണം.

സർക്കാരിൽ നിന്നും ആവശ്യമുള്ള ഫണ്ട് മുഴുവൻ ലഭിക്കണമെന്നതാണ് ഭൂരിപക്ഷം ജനങ്ങളും ആഗ്രഹിക്കുന്നത്. ഇത് തികച്ചും അപ്രായോഗികമാണ്. രാജ്യത്തിന്റെ വിഭവങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ശേഷിക്കനുസരിച്ചു മാത്രമെ പഞ്ചായത്തുകൾക്ക് ധനസഹായം നല്കാൻ കഴിയുകയുള്ളു. ഇതിനുള്ള പരിഹാരം പഞ്ചായത്തുകൾ സ്വന്തമായി പരമാവധി വിഭവശേഖരണം നടത്തുകയാണ്.

## മനുഷ്യാദ്ധ്വാനം

വിഭവമെന്നാൽ പണം മാത്രമല്ല. മനുഷ്യന്റെ അദ്ധ്വാനശേഷി വലിയ വിഭവമാണ്. പഞ്ചായത്തിന്റെ വികസനപദ്ധതികൾക്ക് വൻതോതിൽ മനുഷ്യാദ്ധ്വാനം സംഭാവന ചെയ്യാൻ ജനങ്ങൾക്കു കഴിഞ്ഞാൽ മാത്രമെ ജനങ്ങളുടെ ആവശ്യങ്ങൾക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണാൻ കഴിയുകയുള്ളു. ഓരോ നിർമ്മാണ പ്രവർത്തനത്തിലും മനുഷ്യദ്ധ്വാനത്തിന്റെ അളവ് എത്രമാത്രമുണ്ടെന്ന് മനസ്സിലാക്കി അത് സംഭാവനയായി നല്കാൻ സാധിക്കുന്നതാണ്.

## പരിഹാര നിർദ്ദേശങ്ങൾ

1. കെട്ടിട നികുതി ശാസ്ത്രീയമായി പരിഷ്കരിക്കുക. ഇതിന് നിയമത്തിൽ മാറ്റം ആവശ്യമാണ്. ഇതുവഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയണം.

2. തൊഴിലെടുക്കുന്ന മുഴുവൻ ആളുകളെയും സംബന്ധിക്കുന്ന ഒരു സർവ്വെ നടത്തി വിവരങ്ങൾ ശേഖരിച്ച് എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം.

3. ഏറ്റവുമധികം വ്യാപകമായിട്ടുള്ള റബ്ബർ കൃഷിയിൽ നിന്നും പലവിധത്തിലുള്ള വരുമാ

നങ്ങൾ പഞ്ചായത്തിന് ലഭിക്കാൻ വ്യവസ്ഥയുണ്ടാക്കണം. ഒരു ഏക്കറിനുമേൽ റബ്ബർ തോട്ടമുള്ള ഉടമസ്ഥന്മാരിൽ നിന്നും, റബ്ബർ നഴ്സറികൾ നടത്തുന്നവരിൽ നിന്നും നികുതി നിശ്ചയിക്കാവുന്നതാണ്. റബ്ബർ റോളറുകൾക്ക് ലൈസൻസ് ഫീസ് നിർണ്ണയിക്കണം.

4. അച്ചൻകോവിൽ ആറ്റിൽനിന്നും കർശ്ശനമായ നിബന്ധനകളോടുകൂടി മണൽ വരാനുള്ള അവകാശം ലേലം ചെയ്തുകൊടുത്ത് വരുമാനമുണ്ടാക്കണം. ഒരു കടവ് ഉൾപ്പെടുന്ന പ്രദേശം തുടർച്ചയായി എല്ലാ വർഷവും ലേലം ചെയ്തുകൊടുക്കാൻ പാടില്ല. ഒന്നിടവിട്ട വർഷമോ, രണ്ടു വർഷത്തിലൊരിക്കലോ ഒരു കടവ് പ്രദേശം ലേലം ചെയ്താൽ പരിസ്ഥിതി പ്രശ്നം ഒഴിവാക്കാൻ കഴിയും. കൈപ്പട്ടൂർ താഴൂർ പാലങ്ങളിൽ നിന്ന് 500 മീറ്റർ മേലോട്ടും താഴോട്ടും മണൽ വാരാൻ അനുവദിക്കാവുന്നതല്ല. ആറ്റിൽ ചിലഭാഗങ്ങളിൽ തടയണകൾ നിർമ്മിച്ചാൽ ഭൂഗർഭജലനിരപ്പ് ഉയർത്തിക്കൊണ്ടു വരാൻ കഴിയും.

5. ഇന്ദിരാവികാസ്പത്ര പോലെ ദേശീയ സമ്പാദ്യപദ്ധതിയിൽ ഉൾപ്പെട്ട ഡെപ്പോസിറ്റ് സ്കീമുകളിൽ നിക്ഷേപിക്കുന്ന തുകയുടെ 25% പഞ്ചായത്തുകൾക്ക് നല്കണമെന്നാണ് വ്യവസ്ഥ. ഈ പഞ്ചായത്തു പ്രദേശത്തുള്ള പോസ്റ്റോഫീസിൽ പരമാവധി തുക നിക്ഷേപിക്കാൻ കഴിഞ്ഞാൽ അതിന്റെ വിഹിതം പഞ്ചായത്തിന് വരുമാന മാർഗ്ഗമാക്കാം. ഇതിനായി ജനങ്ങളിൽ പ്രചരണം നടത്തണം.

6. ഓമല്ലൂർ മാർക്കറ്റ് വിപുലീകരിച്ച് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പക്ഷം മാർക്കറ്റിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7. പഞ്ചായത്തിൽ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾക്ക് മനുഷ്യാദ്ധ്വാനം സംഭാവനചെയ്ത് പഞ്ചായത്തിന്റെ ചെലവ് കുറയ്ക്കണം. ഇതിനായി ഗ്രാമസഭകളും സന്നദ്ധസംഘടനകളും മുൻകൈ എടുക്കണം.

8. ഈ പഞ്ചായത്തിൽ നിന്നും വിദേശത്തു പോയി ജോലിചെയ്യുന്നവർ തങ്ങളുടെ വരുമാനത്തിന്റെ ഒരു ചെറിയ പങ്ക് ഈ നാട്ടിൽ പൊതു പ്രാധാന്യമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംഭാവന ചെയ്യണം. ആർഭാടങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിച്ച് ലക്ഷക്കണക്കിന് രൂപാ ധൂർത്തടിക്കുന്ന പ്രവണത അവസാനിപ്പിക്കാൻ ശക്തമായ ബോധവല്ക്കരണം ആവശ്യമാണ്.

9. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പഞ്ചായത്തു മുടക്കുന്ന പണം പലപ്പോഴും വേണ്ടവിധത്തിൽ പ്രയോജനപ്പെടുന്നില്ലെന്ന് അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. മഴക്കാലത്ത് എല്ലാ റോഡുകളും താറുമാറാവുന്ന സ്ഥിതിയുണ്ട്. ഇവയെല്ലാം അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കാനുള്ള ഫണ്ട് പഞ്ചായത്തിൽ ഇല്ല. ആകയാൽ ടാറിങ്, മെറ്റലിങ് എന്നിവ ഒഴികെയുള്ള അറ്റകുറ്റപ്പണികൾ പൊതുജനങ്ങൾ സംഘടിച്ച് നടത്തുന്ന രീതി നടപ്പാക്കണം. ഇതിനു വേണ്ടിവരുന്ന ചെലവിന്റെ ഒരുഭാഗം പഞ്ചായത്തിൽ നിന്ന് നല്കേണ്ടതാണ്.

## ബാങ്കിങ് സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിൽ ബാങ്കിങ് രംഗത്ത് പൊതുമേഖലയിലും സഹകരണമേഖലയിലും പ്രവർത്തിക്കുന്ന ഓരോ ബാങ്കുകൾ നിലവിലുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും ഓമല്ലൂർ സർവ്വീസ് സഹകരണ ബാങ്കുമാണിത്. സ്റ്റേറ്റ് ബാങ്കിന്റെ പ്രവർത്തനം ഓമല്ലൂരിൽ ആരംഭിച്ചത് ...............ലാണ്. ഏറെക്കാലം പഞ്ചായത്തുവക കെട്ടിടത്തിൽ പ്രവർത്തിച്ചു. ഇപ്പോൾ മാർക്കറ്റിനു സമീപത്ത് ഒരു വാടകകെട്ടിടത്തിലാണ്. ............................ രൂപയുടെ നിക്ഷേപം നിലവിലുള്ള ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ബാങ്കിങ് സ്ഥാപനമാണിത്. ഓമല്ലൂർ സർവ്വീസ് സഹകരണബാങ്ക് പത്തനംതിട്ട ജില്ലയിലെ ഏറ്റവും കൂടുതൽ ആസ്തിയുള്ള സഹകരണ ബാങ്കുകളിലൊന്നാണ്. ഇതിലെ നിക്ഷേപം അഞ്ചരകോടി രൂപായാണ്. ഇതിന്റെ ഒരു ശാഖ വാഴമുട്ടത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ നിരവധി സ്വകാര്യപണമിടപാടു സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഫൈനാൻസിയേഴ്സ് എന്ന പേരിലാണ് ഇവ അറിയപ്പെടുന്നത്. ഏതാനും വർഷങ്ങൾക്കുമുമ്പ് പേരുകേട്ട ഒരു സ്ഥാപനം തകർന്നതിന്റെ ദുരന്തഫലങ്ങൾ നിരവധി നിക്ഷേപകർ അനുഭവിക്കുകയുണ്ടായി. ഇത്തരം സ്ഥാപനങ്ങളുടെ മേൽ നിയന്ത്രണം ആവശ്യമാണ്.

ബാങ്കിങ് മേഖലയിലെ വമ്പിച്ച നിക്ഷേപം വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനുള്ള സാദ്ധ്യതകൾ ആരായേണ്ടതാണ്. ഈ രംഗത്ത് പുതിയ പരിപാടികൾ ആസൂത്രണം ചെയ്യാൻ സർക്കാരിന്റെ ഭാഗത്തു നിന്നും നടപടികളുണ്ടാവണം.



# ആസൂത്രണ പ്രവർത്തനം.... മുന്നോട്ട്

| | | |
|---|---|---|
| 1996 സെപ്തംബർ 11 | : | ജനകീയ ആസൂത്രണപരിപാടികൾ പഞ്ചായത്തു കമ്മിറ്റി തീരുമാനിച്ചു. |
| സെപ്തംബർ 22 | : | ഒന്നാംഘട്ടം പരിശീലനക്യാമ്പ് നടത്തി. |
| സെപ്തംബർ 25 | : | ഗ്രാമസഭകളുടെ തീയതി പഞ്ചായത്ത് നിശ്ചയിച്ചു. |
| സെപ്തംബർ 27,28,29 | : | ജില്ലാതല പരിശീലനം - ഇലന്തൂർ |
| സെപ്തം. 29, ഒക്ടോ. 2, 6, 12, 13 | : | ഗ്രാമസഭകൾ 9 എണ്ണം നടത്തി. |
| ഒക്ടോബർ 17 | : | വിദഗ്ദ്ധസമിതി രൂപീകരിച്ചു. |
| ഒക്ടോബർ 22 | : | രണ്ടാംഘട്ടം തുടക്കം (വിവരശേഖരണം, പഠനപര്യടനം എന്നിവയ്ക്ക് പരിശീലനക്ലാസ്സ്) |
| ഒക്ടോബർ 25 | : | ദ്വിതീയ വിവരശേഖരണം ആരംഭിച്ചു. |
| നവംബർ 1 | : | പുനരർപ്പണ ദിനാചരണം - റീത്തുപള്ളിപ്പടി - മലങ്കാവ് റോഡ് നിർമ്മാണം, ശ്രമദാനം |
| നവംബർ 2 | : | ജനാധികാരകലാ ജാഥക്ക് സ്വീകരണം |
| നവംബർ 5 | : | പഠനപര്യടനം 2 ബാച്ചുകൾ |
| നവംബർ 7 | : | രണ്ടാംഘട്ടം പരിശീലനക്യാമ്പ് |
| നവംബർ 9-11 | : | ജില്ലാതലപരിശീലനം - രണ്ടാംഘട്ടം |
| നവംബർ 12 | : | സർക്കാർ ഉദ്യോഗസ്ഥന്മാരുടെ യോഗം |
| നവംബർ 16 | : | വിദഗ്ദ്ധസമിതി യോഗം |
| നവം. 12, ഡിസം. 1 | : | വികസനറിപ്പോർട്ട് തയ്യാറാക്കൽ |
| നവംബർ 25 | : | വികസനസെമിനാർ പ്ലാൻചെയ്തു സ്വാഗതസംഘം രൂപീകരണം. |
| ഡിസംബർ 9 | : | പഞ്ചായത്ത് വികസന സെമിനാർ |

# പഠനപര്യടനം

ഗ്രൂപ്പ് I




1. സന്തോഷ് ജംഗ്ഷൻ
2. മണ്ണാറമല
3. പുത്തൻപീടികപള്ളി
4. പള്ളം
5. മാമ്മൂട്
6. മൈക്രോവേവ് ടവ്വർ
7. മലങ്കാവ്
8. 4 സെന്റ് കോളനി
9. എൻ.എസ്സ്.എസ്സ്. കരയോഗമന്ദിരം
10. കുറുഞ്ചാൽ
11. കോയിക്കക്കുന്നിൽ മുരുപ്പ്
12. തൈക്കുറ്റിജംഗ്ഷൻ
13. ഓമല്ലൂർചന്ത

ഗ്രൂപ്പ് II




1. കോഴികുന്നത്തുപടി
2. മച്ചിക്കാട് കോളനി
3. ഓലിയിൽ ഭാഗം
4. സൊസൈറ്റിമുക്ക്
5. വാഴമുട്ടംമുരുപ്പ്
6. വാഴമുട്ടം U.P. സ്കൂൾ
7. മുള്ളനിക്കാട് ജംഗ്ഷൻ
8. പൈവള്ളിഭാഗം മല
9. ഗണപതിക്കുളം
10. പന്ന്യാലി U.P.S.
11. ആറ്ററികം ബാലവാടി
12. ഉഴുവത്ത് ജംഗ്ഷൻ

# ഉപസംഹാരം

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാംഘട്ടം പ്രവർത്തനം പഞ്ചായത്തു വികസന സെമിനാർ നടക്കുന്നതോടുകൂടി സമാപിക്കുകയാണ്. കഴിഞ്ഞ നാലുമാസക്കാലമായി നടന്നുവരുന്ന ആസൂത്രണ പ്രവർത്തനങ്ങൾ ഈ ഗ്രാമത്തിന്റെ സാമൂഹ്യരംഗത്ത് ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അധികാരവികേന്ദ്രീകരണം, വികേന്ദ്രീകൃത ആസൂത്രണം എന്നിവ സംബന്ധിച്ച് സാധാരണ ജനങ്ങളിൽ പുതിയ അവബോധം ജനിപ്പിക്കാൻ ഈ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്ത് രാജ് നിയമപ്രകാരം നടന്ന തെരഞ്ഞെടുപ്പിനെതുടർന്ന് 1996 ഒക്ടോബർ 4 ന് പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. പുതിയ ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് വമ്പിച്ച പ്രതീക്ഷയാണുള്ളത്. ഗ്രാമപഞ്ചായത്ത് ഭരണ സംവിധാനത്തിനു തന്നെ പല മാറ്റങ്ങളുമുണ്ടായി. ഭരണസമിതിയിൽ മുന്നിൽ ഒരു ഭാഗം വനിതകൾ വന്നത് സ്ത്രീകൾക്ക് ലഭിച്ച അംഗീകാരത്തിന്റെ പ്രതീകമായിരുന്നു. സ്റ്റാൻഡിങ് കമ്മിറ്റിയേയും അതിന്റെ ചെയർമാനേയും തെരഞ്ഞെടുത്തത് പുതിയ ഒരു അനുഭവമായിരുന്നു എക്സിക്യൂട്ടീവ് ആഫീസർ സെക്രട്ടറി ആയതും പ്രസിഡന്റിന് പരിമിതമായ തോതിലാണെങ്കിലും എക്സിക്യൂട്ടീവ് അധികാരം ലഭിച്ചതും നിയമത്തിന്റെ സവിശേഷതകളാണ്. വിദ്യാലയങ്ങൾ, ആശുപത്രികൾ, കൃഷിഭവൻ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ പഞ്ചായത്തിന് ചില നിയന്ത്രണാധികാരങ്ങൾ ലഭ്യമായി. ആകെക്കൂടി പരിശോധിക്കുമ്പോൾ എന്തോ ചില മാറ്റങ്ങളുടെ പ്രതീതി ജനിപ്പിക്കാൻ പഞ്ചായത്ത് രാജ് സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട്.

എന്നാൽ ജനങ്ങളുട പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ തുടർന്നുള്ള നാളുകളിൽ പഞ്ചായത്തുകൾക്ക് കഴിഞ്ഞു എന്ന് അവകാശപ്പെടാനാവില്ല. മുഖ്യമായും രണ്ട് പ്രശ്നങ്ങളാണ് ഇതിന് വിഘാതമായി നില്ക്കുന്നതെന്ന് പിന്നീട് ബോദ്ധ്യപ്പെട്ടു. ഒന്നാമതായി അധികാരങ്ങൾ താഴേക്ക് പങ്കിട്ടുകൊടുക്കാനും വികസനപ്രവർത്തനങ്ങൾ വേഗതയിൽ നടത്താനും തടസ്സമായി നില്ക്കുന്ന നിയമത്തിലെ ചില വ്യവസ്ഥകളും ചട്ടങ്ങളും. ഇതിന്റെ ഭാഗമായുള്ള ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ സമീപനവും. രണ്ടാമതായി, വികസനപ്രവർത്തനങ്ങൾ നടത്തിക്കാനാവശ്യമായ സമ്പത്ത് പഞ്ചായത്തുകൾക്ക് വീതിച്ചു നല്കാൻ സർക്കാരിന് കഴിയാതെ വന്നത്. ഗ്രാന്റുകളും മറ്റും ലഭിക്കാത്തതുമൂലം പഞ്ചായത്തുകളുടെ സാമ്പത്തികനില താറുമാറായത്. ഇക്കാരണങ്ങളാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് പ്രവർത്തിച്ചു മുന്നേറാൻ കഴിയാതെ വന്നു.

ഈ സാഹചര്യത്തിലാണ് ജനകീയ ആസൂത്രണപരിപാടി ആവിഷ്കരിച്ച് നടപ്പാക്കാൻ കേരളസർക്കാർ തീരുമാനിച്ചത്. ഒൻപതാം പഞ്ചവത്സരപദ്ധതിയെ ജനകീയ പദ്ധതിയാക്കിമാറ്റാനും അതിനു മുന്നോടിയായി നടക്കേണ്ട ആസൂത്രണം ജനകീയ ആസൂത്രണമാക്കിമാറ്റാനും തീരുമാനിച്ചു. സംസ്ഥാനത്ത് വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന ആകെ തുകയുടെ 40% വരെ ത്രിതലപഞ്ചായത്തു രാജ് സ്ഥാപനങ്ങൾക്ക് വിഭജിച്ചു നല്കാൻ സർക്കാർ തീരുമാനിച്ചത് ഈ രംഗത്ത് സുപ്രധാനമായ കാൽവയ്പ്പാണ്. അധികാരം ജില്ല, ബ്ലോക്ക്, ഗ്രാമനിലവാരത്തിലേക്ക് പങ്കിടുന്നതിന്റെ ഭാഗമായി പുതിയ മന്ത്രിസഭയിൽ മന്ത്രിമാരുടെയും പെഴ്സണൽ സ്റ്റാഫിന്റെയും എണ്ണം വെട്ടിക്കുറച്ചു.

പഞ്ചായത്ത്‌രാജ് നിയമവും ചട്ടങ്ങളും ആവശ്യമായ മാറ്റങ്ങൾ വരുത്തി പരിഷ്കരിക്കാൻ വേണ്ടി പശ്ചിമബംഗാളിലെ ധനകാര്യവിദഗ്ധനായ SB സെൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. ഈ കമ്മിറ്റി വിശദമായ തെളിവെടുപ്പും പഠനവും നടത്തിയശേഷം ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്.

ഇതിലെ ശുപാർശ്ശകൾ ഉൾക്കൊണ്ടുകൊണ്ട് ചില ചട്ടങ്ങളിൽ മാറ്റം വരുത്താനും പുതിയ ചട്ടങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കാനും സർക്കാർ തയ്യാറായിട്ടുണ്ട്.

ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി വികസനപ്രവർത്തനങ്ങൾ നടത്താൻ ഗ്രാമപഞ്ചായത്തുകൾക്ക് ശരാശരി 10 ലക്ഷം രൂപാ വീതം ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ നടത്തിപ്പിനുള്ള ഫണ്ടും പഞ്ചായത്തുകൾക്ക് ലഭിച്ചു തുടങ്ങിയിട്ടുണ്ട്. എന്നാൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന ചെലവിലുള്ള ഭീമമായ വർദ്ധനവ് മൂലം വമ്പിച്ചതോതിൽ വിഭവശേഖരണം നടത്തേണ്ടിയിരിക്കുന്നു. കൂടുതൽ വിഭവശേഖരണം നടത്താനാവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്താൻ നമുക്ക് കഴിയണം.

ആസൂത്രണ പ്രസ്ഥാനം എത്രമാത്രം ജനകീയമാകുന്നുവോ അതിനനുസരിച്ച് അതിന്റെ വിജയ സാദ്ധ്യതവർദ്ധിക്കുകയാണ്. ആറുമാസം മുമ്പ് നടന്ന ആദ്യത്തെ ഗ്രാമസഭായോഗത്തിന്റെ ഇരട്ടിയും അതിലധികവും ആളുകൾ ഇത്തവണ വിശേഷാൽ ഗ്രാമസഭകളിൽ പങ്കെടുത്തത് ശ്രദ്ധേയമാണ്. ജനകീയ ആസൂത്രണ പ്രസ്ഥാനം സംസ്ഥാനത്തുടനീളം ജനങ്ങളിൽ പുതിയ ആവേശം ഉണർത്തിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇതിന്റെ പ്രവർത്തനം കണ്ട് പഠിക്കാൻ നിരീക്ഷകന്മാർ എത്തിക്കൊണ്ടിരിക്കയാണ്. കേന്ദ്രസർക്കാരും ഈ പരിപാടി ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നു. ഇതിന്റെ ഭാഗമായി നവംബർ ഒന്നിന് നടന്ന പുനരർപ്പണ ദിനാചരണവും സന്നദ്ധ പ്രവർത്തനവും ഉദ്ഘാടനം ചെയ്യാൻ ബഹുമാന്യനായ പ്രധാനമന്ത്രി തന്നെ എത്തിച്ചേർന്നു.

ഓമല്ലൂർ പഞ്ചായത്തിൽ ജനകീയ ആസൂത്രണ പ്രസ്ഥാനത്തെ നല്ല നിലയിൽ ജനങ്ങൾ സ്വാഗതം ചെയ്യാൻ തയ്യാറായിട്ടുണ്ട്. ഗ്രാമസഭായോഗങ്ങളിലും തുടർന്നുള്ള പ്രവർത്തനങ്ങളിലും ഇത് പ്രതിഫലിച്ചുകാണാം.

സംസ്ഥാന ആസൂത്രണബോർഡ് നിർദ്ദേശിച്ച രീതിയിലും ഗൗരവത്തിലും പരിപാടികൾ ഏറ്റെടുക്കാൻ ഈ പഞ്ചായത്തിലെ ഭരണസമിതി തയ്യാറായിട്ടുണ്ട്. ജില്ലാതലത്തിൽ പരിശീലന പരിപാടികൾ നടത്താൻ കാലതാമസമുണ്ടായത് ഗ്രാമപഞ്ചായത്തുകളെയും ബാധിച്ചു. എന്നാൽ അതിനുമുമ്പുതന്നെ ഈ പഞ്ചായത്തിൽ ഒന്നാംഘട്ടം പരിശീലനക്യാമ്പ് നടത്തുകയുണ്ടായി. പിന്നീട് രണ്ടാംഘട്ടം പരിശീലനവും ജില്ലാതല പരിശീലനത്തിനു മുമ്പുതന്നെ ഓമല്ലൂരിൽ നടത്താൻ കഴിഞ്ഞു. ഈ പരിശീലന പരിപാടികളെല്ലാം നടത്തിയത് സംസ്ഥാന റിസോഴ്സ് പെഴ്സൺസിന്റെ (KRP) നേതൃത്വത്തിലും അവരുടെ സഹകരണത്തോടും കൂടിയായിരുന്നു. രണ്ടാംഘട്ടം പ്രവർത്തനത്തിന്റെ തുടക്കത്തിൽ തന്നെ ഈ പഞ്ചായത്തിൽ താമസക്കാരായ 30 പേരെ ഉൾപ്പെടുത്തി ഒരു വിദഗ്ധസമിതി രൂപീകരിക്കാൻ പഞ്ചായത്ത് തീരുമാനിച്ചു. ഈ സമിതിയിലെ അംഗങ്ങൾ പിന്നീട് കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുണ്ട്.

ദ്വിതീയ വിവരശേഖരണവും പഠനപര്യടനവും വിജയകരമായി നടത്താൻ നമുക്ക് കഴിഞ്ഞു. ഇതെത്തുടർന്ന് ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണംനടത്തി. ഇവയുടെയെല്ലാം ആകെ തുകയായ വികസനറിപ്പോർട്ട് തയ്യാറാക്കുന്ന ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുക്കാൻ നിയോഗിക്കപ്പെട്ട വിവിധഗ്രൂപ്പുകൾ അത് ഭംഗിയായി നിർവ്വഹിച്ചു. പഞ്ചായത്തുപ്രദേശത്ത് പ്രവർത്തിക്കുന്ന വിവിധ

സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും സ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും ഒരു യോഗം ചേർന്നത് ഈ പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ സഹായകമായി. നവംബർ ഒന്നിന് പുനരർപ്പണദിനാചരണത്തിന്റെ ഭാഗമായി റീത്തുപള്ളിപ്പടി – മലങ്കാവ് റോഡിന്റെ നിർമ്മാണജോലികൾ വിജയിപ്പിക്കാൻ ധാരാളം നാട്ടുകാർ സന്നദ്ധപ്രവർത്തനത്തിന് രംഗത്തിറങ്ങി.

വിവിധ ഗ്രൂപ്പുകൾ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ച് വികസനരേഖ തയ്യാറാക്കാൻ വേണ്ടി ഒരു എഡിറ്റോറിയൽ ബോർഡിനെ തെരഞ്ഞെടുത്തിരുന്നു. ബോർഡിലെ അംഗങ്ങളുടെ നിസ്വാർത്ഥമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഈ വികസനരേഖ തയ്യാറാക്കാൻ നമുക്ക് കഴിഞ്ഞത്. പഞ്ചായത്തിന്റെ സാമൂഹ്യ ചരിത്രം തയ്യാറാക്കാൻ വേണ്ടി പഴമക്കാരായ പല മാന്യസുഹൃത്തുക്കളെയും ഞങ്ങൾ സമീപിച്ച് അഭിമുഖസംഭാഷണം നടത്തി. പൂർവ്വകാലസംഭവങ്ങൾ അറിയാൻവേണ്ടി പലരേഖകളും പരിശോധിച്ചു. ഈ റിപ്പോർട്ടിൽ ചേർത്തിരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ സെൻസസ്സ് റിപ്പോർട്ട്, സർക്കാരിന്റെ വിവിധ ആഫീസ്രേഖകൾ, പഞ്ചായത്തുരേഖകൾ എന്നിവ കൂടാതെ ആസൂത്രണപ്രവർത്തകർ നടത്തിയ ദ്വിതീയ വിവര ശേഖരണം തുടങ്ങിയവയിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്.

ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ കാലഘട്ടത്തിൽ ഈ പഞ്ചായത്തിലെ വികസന പ്രശ്നങ്ങൾ പലതും പരിഹരിക്കാൻ കഴിയുമെന്നാണ് ഞങ്ങൾ കരുതുന്നത്. ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള ആവലാതികൾ മുഴുവൻ പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞു എന്ന് വരില്ല. എന്നാൽ വിവിധ മേഖലകളിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തിത്തീർക്കാൻ നമുക്ക് സാധിക്കും. വികസനപ്രവർത്തനങ്ങളിൽ വൻതോതിൽ ബഹുജനപങ്കാളിത്തം ഉണ്ടായാൽ മാത്രമെ ഇത് സാദ്ധ്യമാവുകയുള്ളു. വരും നാളുകളിൽ ജനങ്ങളുടെ സന്നദ്ധപ്രവർത്തനത്തിന് പ്രസക്തി വർദ്ധിക്കാൻ പോവുകയാണ്.

പദ്ധതി രൂപീകരണം മൂന്നാംഘട്ടം പ്രവർത്തനങ്ങളുടെ ഭാഗമായി നടക്കും. ഇതിനുവേണ്ടി വികസന സെമിനാറിൽ വച്ചുതന്നെ വിവിധ കർമ്മസമിതികളെ നിശ്ചയിക്കുന്നതാണ്. ഒന്നുംരണ്ടും ഘട്ടങ്ങൾ വിജയകരമായി നടപ്പാക്കാൻ തയ്യാറായ ഈ പഞ്ചായത്തിലെ ആസൂത്രണ പ്രവർത്തകർ തുടർന്നു നടക്കുന്ന എല്ലാ പരിപാടികളും വിജയിപ്പിക്കാൻ രംഗത്തിറങ്ങുമെന്ന കാര്യത്തിൽ സംശയമില്ല.

ആസൂത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാ നാട്ടുകാരോടും ഞങ്ങൾക്കുള്ള സ്നേഹാദരങ്ങൾ അറിയിക്കുകയാണ്. മഹത്തായ ഈ ജനകീയ പ്രസ്ഥാനത്തിൽ ഭാഗഭാക്കായ ഓരോരുത്തരും സാമൂഹ്യനന്മയ്ക്കുവേണ്ടി തങ്ങളുടെ എളിയപങ്ക് നിർവ്വഹിച്ചതായി അഭിമാനിക്കാം. സ്വാർത്ഥതയും അഴിമതിയും നിറഞ്ഞ ഈ ലോകത്ത് പരസ്പര സഹായത്തിന്റെയും സേവനസന്നദ്ധതയുടെയും പുതിയ പന്ഥാവ് വെട്ടിത്തുറക്കാൻ ജനകീയ ആസൂത്രണപ്രസ്ഥാനത്തിന് കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല. നാളിതുവരെ ഉണ്ടായ ജനങ്ങളുടെ സഹകരണം മേലിലും ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുകയാണ്. ഒരു നല്ലനാളേയ്ക്കുവേണ്ടി എല്ലാം മറന്ന് നമുക്ക് ഒത്തൊരുമയോടെ പ്രവർത്തിക്കാം, പോരാടാം.

എല്ലാവിധ സഹായ സഹകരണങ്ങൾക്കും ഒരിക്കൽകൂടി നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം,

**അഡ്വ. ഓമല്ലൂർ ശങ്കരൻ**
പ്രസിഡന്റ്.



ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്
ആശംസകൾ...

# ഓമല്ലൂർ സർവ്വീസ് സഹകരണബാങ്ക്

ക്ലിപ്തം Q. 228

ഹെഡ്ഓഫീസ് – ഓമല്ലൂർ, ഫോൺ. 0473 – 350212
ബ്രാഞ്ച് – വാഴമുട്ടം, ഫോൺ. 0473 – 321167

| | | |
|---|---|---|
| അംഗങ്ങൾ | : | 6506 |
| ഓഹരി മൂലധനം | : | 21.5 ലക്ഷംരൂപാ |
| പ്രവർത്തന മൂലധനം | : | 6.5 കോടിരൂപാ |
| നിക്ഷേപം | : | 5.5 കോടിരൂപാ |
| വായ്പ ബാക്കിനില്പ് | : | 3.5 കോടിരൂപാ |

**നിക്ഷേപങ്ങൾക്ക് കൊമേഴ്സ്യൽ ബാങ്കുകളേക്കാൾ ഉയർന്ന പലിശനിരക്ക്**

| | | |
|---|---|---|
| സ്വയം വർദ്ധിനി | : | നാലേമുക്കാൽ വർഷം (57 മാസംകൊണ്ട് ഇരട്ടിയിൽ കൂടുതലാവുന്നു) |
| പ്രസിഡന്റ് | : | പി.ആർ. പ്രസന്നകുമാരൻ നായർ |
| സെക്രട്ടറി | : | പി.ഒ. കുര്യാക്കോസ് |

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

❑

ആസൂത്രണത്തിലും നിർവ്വഹണത്തിലും
ജനകീയ പങ്കാളിത്തം

❑

സമഗ്ര ഗ്രാമവികസനം നമ്മുടെ ലക്ഷ്യം
ഗ്രാമവികസനത്തിന് വിഭവം ആവശ്യം
വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല.

❑

ജനങ്ങൾ ഒത്തൊരുമയോടെ
കർമ്മരംഗത്തേക്ക്

❑

ജനകീയ ആസൂത്രണപ്രസ്ഥാനത്തിൽ
പങ്കാളികളാവുക